
പ്രഭാതം വാരിക



EDUCATIONAL SPECIAL

75 Np. * 1 9 8 7 ; 12 ലക്കം

വിഷയവിവരം

1) മുഖപ്രസംഗം.
2) ശിശുവിദ്യാഭ്യാസം —ജോസ്
3) വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം —പാപ്പച്ചൻ പുതുശ്ശേരി, ബി. എസ് സി.
4) പാടിടട്ടെ! (കവിത) —എൻ. കെ. ബാലകൃഷ്ണപ്പണിക്കർ
5) കലാശാലകളിലെ അദ്ധ്യയനഭാഷ —സുകുമാരൻ പൊറെക്കാട്ട്
6) ഗ്രാമകല വിദ്യാഭ്യാസം —പി. വി. കെ. നെടുങ്ങാടി.
7) അടിസ്ഥാന വിദ്യാഭ്യാസം —ജി.
8) കേരളത്തിലെ ചില കോളേജുകൾ
9) ശാസ്ത്രത്തെ ക്ഷണിക്കുന്നു (കവിത) —മാത്യു ഇടമറ്റം
10) ഭാഷാസാഹിത്യവും കേരള സംസ്കാരവും —ജെ. സി. പാലക്കി, എം. എ.
11) പൂമൊട്ടുകൾ (കവിത) ഏ. പി. വാസുദേവൻ, ബി. എ. ബി. റ്റി.
12) വിദ്യാഭ്യാസംഇതിഹാസങ്ങളിൽ —സി. പി. ശ്രീധരൻ
13) അഴകിനോട് (കവിത) —എം. സി. ഇരിങ്ങൂർ
14) വിദ്യാഭ്യാസത്തിന്റെ പുനഃസംവിധാനം —പ്രൊഫ: സി. പി. കെ. തരകൻ
15) മലയാളഭാഷയും സാഹിത്യവും ഒറ്റനോട്ടത്തിൽ — വിദ്വാൻ ടി. എം. ചുമ്മാർ.
16) ആരോഗ്യവിദ്യാഭ്യാസം —കെ. റ്റി. ശേഖർ ബി. എ , ഡി. പി. ഐ.
17) കേരളത്തിലെ ആദിമവിദ്യാഭ്യാസം —എ. മുല്ലൂർ
18) ബേസിക് വിദ്യാഭ്യാസം (കവിത) —എൻ. സി. മാത്യു, പൊൻകുന്നം
19) ലൈംഗികവിദ്യാഭ്യാസം —ശ്യാംകുമാർ
20) Education —Paradesi
21) Pre - university Course —L. D. Murphy S. J.
22) The High Range, Science Playground of India: — K. P. Padmanabhan Tampy B. A.
23) The Problem of Our Schools —Kumari M. Varughese M. A. (Lond) T. D.
24) Some Landmarks in the History of Education —Rev. Dr. Theodosius M. A., Ph. D.
25) ഇന്ത്യൻ വിദ്യാഭ്യാസ ചരിത്രം —എം. എൻ.
26) സിനിമ—വിദ്യാഭ്യാസരംഗത്തിൽ —സി. പി.
27) ഇന്ത്യൻ സർവ്വകലാശാലകളെ അഭിമുഖീകരിക്കുന്ന പുതിയ പ്രശ്നങ്ങൾ —ഡോക്ടർ ടി. ലക്ഷ്മണസ്വാമി മുതലിയാർ
28) മദിരാശി സർവ്വകലാശാലയുടെ മലയാള ഗവേഷണം —ഡോ: എസ്. കെ. നായർ
29) വിശ്വചിന്തകന്മാർ
30) നാളത്തെ സാഹിത്യം —രാമചന്ദ്രൻ വടക്കേടത്തു്.
31) വ്യക്തിസ്വാതന്ത്ര്യത്തേയും ജനാധിപത്യത്തേയും തകർക്കുന്ന മുണ്ടശ്ശേരി പദ്ധതി
32) സ്ത്രീകളുടെ സൗന്ദര്യ ബോധം —എം. പി. എച്ച്.
33) ശില്പകലയും ആത്മീയതയും —പി. എം. രവീന്ദ്രൻ ബി. എ.
34) കേരളസക്സ്സിന്റെ ആദിഗുരു —കെ. എസ്. മേനോൻ
35) ചുവന്ന പൂക്കൾ (ചെറുകഥ.) —മുരളീധരൻ ഇ. എൻ.
36) സാഹിത്യത്തിലെ വ്യക്തിപ്രാഭവ സിദ്ധാന്തം —സുകുമാർ അഴീക്കോട്
37) അടിസ്ഥാന വിദ്യാഭ്യാസമോ ? —തായാട്ട് ശങ്കരൻ ബി. എ.
38) ഏകാന്തതയിൽ —തോമസ് ചിറക്കടവു്
39) കവിതയുടെ രണ്ടു മൂലതത്വങ്ങൾ —ഡി. നമ്പൂതിരിപ്പാട് എം. എ.
40) കലകളെപ്പറ്റി—ടി. എൻ. വി. നമ്പൂതിരി
41) യൂറോപ്യൻ രാജ്യങ്ങളിലെ ശിശുവിദ്യാഭ്യാസ പ്രവർത്തനം —ജെ. ദാക്ഷായണിഅമ്മ ബി. എ. ബി റ്റി.
42) Sign of Chirst (Poetry) —Frances R. grant, Newyork.
43) സാഹിത്യം എന്തിനു്? —കെ. ആർ. ശേഖരപ്പിള്ള
44) തലമുറകൾ (കവിത) —എ. എം. ചന്ദ്രപാലൻ
45) വെടിയും പുകയും —മലയാളി.

DHARMARAM COLLEGE LIBRARY 14199 BANGALORE

Advertisement Really Pays.

PLEASE PATRONISE OUR ADVERTISERS.

			Page :
1.	The Calicut Wynad Motor Service Private Ltd.	Kozhikode	cover
2.	Gita Automobiles, Town Hall Road,	,, ...	7
3.	National Studio, S. M. Street,	,, ...	9
4.	Prabhat Watch Co., S. M. Street,	,, ...	12
5.	K. R. Brothers, S. M. Street,	,, ...	14
6.	Good Luck Funds, Chackorathukulam,	, ...	16
7.	Colombo Stores, M. P. Road,	,, ...	22
8.	Zuhara Foot Wear, Huzur Road,	,, ...	23
9.	Calicut Iron Stores, M. P. Road,	,, ...	36
10.	C. C. & K. P. Service, Cannanore Road,	,, ...	42
11.	Bonny & Co, Court Road,	,, ...	46
12.	Hajee P. Mamu, Big Bazar,	,, ...	52
13.	Andrews FurnitureWorks,	Trichur	53
14.	Beach Hotel, Beach Road.	Kozhikode	55
15.	The New India Ceramics Ltd.,	Feroke	56
16.	The French Stores Bakery,	Kozhikode	58
17.	K. P. Motors, Oyitty Road,	,, ...	59
18.	Kerala Provision Stores, Pavamani Road,	,, ...	75
19.	Chalissery Brothers, Post Office Road,	Trichur	77
20.	The Bombay Luxury Mart, S. M. Street,	Kozhikode	78
21.	Santha Bhavan, M. P. Road,	,, ...	79
22.	Coronation Hotel, Ry. Station Road,	,, ...	81
23.	The Standard Tile and Clay Works Private Ltd.,	Feroke, ...	82
24.	Paragon Baking Co.,	Kozhikode	83
25.	K. M. Parthasarathy & Sons,	,, ...	86
26.	Photo Process, S. M. Street,	,, ...	88
27.	Badsha Stores,	,, ...	94
28.	Keralabhumi Publications, Customs Road,	,, ...	66

വിദ്യാഭ്യാസം അന്നം ഇന്നം

അറിവുനേടുക എന്ന ശീലം മനുഷ്യനോടൊപ്പം തന്നെ സംജാതമായിട്ടുണ്ട്. കുറെക്കൂടി വിപുലമായിപ്പറഞ്ഞാൽ, വിദ്യാഭ്യാസത്തെ, ഈശ്വരോന്മുഖമായ അറിവു നേടൽ എന്ന മഹത്തായ കർമ്മമായിട്ടാണ് മനുഷ്യർ എന്നും ഗണിച്ചു പോന്നിട്ടുള്ളത് (എടുക്കാതെ എന്ന ലാറ്റിൻ പദവും വിദ് എന്ന സംസ്കൃത ധാതുവും ഏതാണ്ട് വിവക്ഷിക്കുന്നതുതന്നെയാണ്). പരിശുദ്ധമായ ഒരാത്മാവിനു് എന്നും ലോകം മഹത്തായ വില കല്പിച്ചിട്ടുണ്ട്; ആത്മീയ ശുദ്ധിയാണ് വിദ്യാഭ്യാസം കൊണ്ടു് എന്നും എവിടേയും ഉദ്ദേശിച്ചിട്ടുള്ളതും.

പണ്ടൊക്കെ പ്രജകളുടെ വിദ്യാഭ്യാസ കാര്യത്തിൽ രാജാക്കന്മാർ കാര്യമായി ശ്രദ്ധിച്ചിരുന്നു. രാജാവ് പ്രത്യക്ഷ ദൈവമായി കരുതപ്പെട്ടിരുന്ന ആ കാലഘട്ടങ്ങളിൽ ഗുരുകുല വിദ്യാഭ്യാസമാണ് പ്രചാരത്തിലുണ്ടായിരുന്നതു്. അതിലാകട്ടെ ഈശ്വരചിന്തയ്ക്ക് സമുന്നതസ്ഥാനം നൽകപ്പെട്ടിരുന്നു. അക്കാലത്തെ പ്രഖ്യാതമായ രാജസദസ്സുകൾ മതവും വിദ്യാഭ്യാസവും സംരക്ഷിക്കുന്നതിൽ വഹിച്ച പങ്ക് ചരിത്രത്തിൽ നിന്നും നമുക്കു മനസ്സിലാക്കാം. പക്ഷേ രാജാക്കന്മാർ തമ്മിൽ കലഹം തുടങ്ങിയപ്പോൾ, ഇവിടത്തെ സാംസ്കാരിക മണ്ഡലത്തിലും കരിനിഴൽ വീശിത്തുടങ്ങി. വിദേശീയർ പലരും കച്ചവടാവശ്യങ്ങൾക്കായി ഇന്ത്യൻ മണ്ണിൽ കാലുകുത്തി. രാജ്യം കൈയടക്കാൻ വേണ്ടിയുള്ള ശ്രമം അവരേയും തമ്മിൽത്തല്ലിച്ചു. അവസാനം ഇംഗ്ലീഷുകാർ മെല്ലെ മെല്ലെ ഇവിടെ അധികാരത്തിലേറി.

വ്യാപാരികളായി വന്ന അവർക്ക് അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ അവരുടെ ഭാഷയും ഇവിടെ പ്രചരിപ്പിക്കേണ്ടിവന്നു. ഭാഷയിലൂടെ സംജാതമാകുന്ന ഹൃദയൈക്യവും അവർ ഉന്നം വെച്ചിരിക്കാം. ഏതായാലും ആ കാലഘട്ടത്തിൽ ഇംഗ്ലീഷുകാരിവിടെ നടപ്പിലാക്കിയ വിദ്യാഭ്യാസരീതി, അന്നത്തെ രാജ്യഭരണം, നീതിന്യായ നിർവ്വഹണം, വ്യാപാരം തുടങ്ങിയ മണ്ഡലങ്ങൾക്കു തികച്ചും ആവശ്യമായ രീതിയിലുള്ളതായിരുന്നു. അന്നത്തെ വിദ്യാഭ്യാസ സമ്പ്രദായങ്ങളെ പഴിക്കുന്നവരാണിന്നധികവും. പക്ഷേ അതു് കേവലം അടിസ്ഥാനരഹിതമായ ഒരു കർമ്മമായേ ഞങ്ങൾക്കു് കാണാൻ കഴിയൂ. നമ്മുടെ സംസ്കാരവും വിദ്യാഭ്യാസ സമ്പ്രദായവും മറ്റും തരംതാണു തുടങ്ങിയതു് യൂറോപ്യൻ നാടകളിലെ സാഹിത്യവും ജീവിതസമ്പ്രദായങ്ങളും ആയി നാം ബന്ധപ്പെട്ടതോടെയാണ്. അവിടത്തെ സാഹിത്യങ്ങളിൽ സമൃദ്ധമായി കാണുന്ന ഭൗതിക സുഖേച്ഛയും അശ്ലീലപ്രവണതയും നമ്മുടെ ആളുകൾ അനുകരിച്ചു തുടങ്ങി. ആ പരിഷ്കാരഭ്രമത്തിന്നിടയിൽ ഈശ്വരചിന്ത അവരിൽ പലരും കൈവെടിയുകയും ചെയ്തു എന്നതാണ് ദയനീയമായ വാസ്തവം.

വിദ്യാഭ്യാസം ശരിക്കും നിർവ്വഹിക്കുക എന്നതിനർത്ഥം മതത്തിന്റെ സാരാംശങ്ങൾ മനസ്സി

ലാക്കി ഈശ്വരനെ അറിയുക എന്നതാണ്. ക്രിസ്തുവർഷം 52 മുതൽക്കാണ് ഇന്ത്യയിൽ ക്രിസ്തുമതം പ്രചരിച്ചു തുടങ്ങിയതു്. ഇവിടത്തെ വിദ്യാഭ്യാസ പ്രചരണത്തിലും പ്രസാധന കലയിലും സാഹിത്യപോഷണത്തിലും അതുല്യവും അമൂല്യവുമായ പങ്കുവഹിച്ചതു് ക്രിസ്തുമത പുരോഹിതന്മാരാണ്. അതെല്ലാം വിസ്മരിച്ചുകൊണ്ട്, ഇന്ന് കേരളത്തിൽ വിദ്യാഭ്യാസം തികച്ചും ചൂഷണോപാധിക്കാൻ വേണ്ട ശ്രമത്തിലേർപ്പെട്ടിരിക്കയാണ് കമ്യൂണിസ്റ്റ് ഗവർമ്മേണ്ട്. ഈശ്വരനില്ലെന്നു വിശ്വസിക്കുന്ന കമ്യൂണിസ്റ്റുകൾക്ക്, തങ്ങളുടെ ചൊല്പടിക്കു നിറുത്താൻ കുറെ വിദ്യാവിഹീനരെയാണാവശ്യം. ബുദ്ധിജീവികളുടെയിടയിൽ കമ്യൂണിസം പ്രചരിക്കുന്നില്ലെന്ന പരമാർത്ഥം അവർക്കനുഭവപ്പെട്ടതാണ്. അപ്പോൾ കമ്യൂണിസ്റ്റ് മുറയിലുള്ള വിദ്യാഭ്യാസം നടപ്പിലാക്കിയാലേ രക്ഷയുള്ളു എന്നവർ തീരുമാനിച്ചു.

ഈ അവസരത്തിൽ വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാക്കന്മാർക്കുള്ള പങ്കിനെപ്പറ്റി കുറഞ്ഞൊന്നു പറയാൻ ഞങ്ങളാഗ്രഹിക്കുന്നു.

കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം നല്കാൻ ആദ്യന്തം കടപ്പെട്ടവർ മാതാപിതാക്കളാണ്. ജീവിതത്തിലെ പലവിധ കെട്ടുപാടുകളാണ്, അവരെ സ്വന്തം കുഞ്ഞുങ്ങളെ വിദ്യാഭ്യാസത്തിന്നായി അദ്ധ്യാപകന്മാരെ ഏല്പിക്കുവാൻ പ്രേരിപ്പിക്കുന്നതു്. തങ്ങളുടെ കുഞ്ഞുങ്ങൾക്കു ഏതു തരത്തിലുള്ള വിദ്യാഭ്യാസമാണ് നൽകേണ്ടതെന്നു തീരുമാനിക്കേണ്ടതു് മാതാപിതാക്കളാണ്. ചൈനക്കാരന്നു് ഇന്ത്യൻ രീതിയിൽ ഭക്ഷണം കൊടുക്കണമെന്നു് ഒരു ഗവർമ്മേണ്ട് കല്പിക്കുകയാണെങ്കിൽ അതജ്ഞതകൊണ്ടോ, ദുരുദ്ദേശംകൊണ്ടോ മാത്രമായിരിക്കും: അതേ തരത്തിലുള്ളതാണ് കേരളാ ഗവർമ്മേണ്ടിന്റെ ഇപ്പോഴിടത്തെ വിദ്യാഭ്യാസനയം. കുട്ടികൾക്കു അവരുടെ രക്ഷിതാക്കന്മാരിഷ്ടപ്പെടുന്ന തരത്തിലുള്ള വിദ്യാഭ്യാസം നല്കുന്നതവർക്കിഷ്ടമില്ലാത്ത അവരുടെ 'പുരോഗമനം' ഇന്നാട്ടിനെ നാശഗർത്തത്തിലെത്തിക്കുമെന്നു ഞങ്ങൾ ഭയപ്പെടുന്നു.

ഗവർമ്മേണ്ട് ഒരോ പാഠശാലയുടെയും പ്രതിനിധിമാത്രമാണ്. ജനങ്ങൾക്കുപ്പുവക്കുടി ചേർന്നു് ഭരണം നിർവ്വഹിക്കുക സാദ്ധ്യമല്ലാത്തതിനാൽ വോട്ടെടുപ്പു വഴി ഏതാനും പ്രതിനിധികളെ തിരഞ്ഞെടുത്തു്, ഭരണഭാരം ഏല്പിക്കുന്നു. അപ്പോൾ ജനഹിതത്തെ മാനിക്കുവാൻ സർവ്വഥാ ബാദ്ധ്യസ്ഥരാണ് ഗവർമ്മേണ്ട് എന്നു വരുന്നു. കേരളത്തിലെ അനുഭവം നേരെ മറിച്ചാണ്. കല്ലുകളെപ്പോലെ ചലനമില്ലാത്തവരുടേയും, ചെടികളെപ്പോലെ നേരെ വളരുകയും പക്ഷിമൃഗാദികളെപ്പോലെ പാറിപ്പറന്നു് ജീവിക്കുകയും ചെയ്യുന്നവരുടേയും ഒരു സമുദായമല്ല മനുഷ്യനേറെയുള്ളതു്. മനഃശക്തിയുള്ളവനാണു് മനുഷ്യൻ. ത്യാജഗ്രഹണ ശക്തി അവനുണ്ട്. അതു് വികസിപ്പിക്കാൻ വിദ്യാഭ്യാസം കൂടിയേ കഴിയൂ. നിരീശ്വരവാദികളായ കുറെ ബുദ്ധിമാന്മാരെ സൃഷ്ടിക്കാൻ വേണ്ടിയാണു്, കേരളാ ഗവർമ്മേണ്ട് വിദ്യാഭ്യാസം കലക്കി മറിക്കുന്നതു്.

ഈ പിഴച്ച പോക്കിനെതിരെ താക്കീതു നല്കേണ്ടവരാണു് മതനേതാക്കന്മാർ. സമുദായ പ്രവർത്തകരുടെയും പത്രങ്ങളുടെയും മുമ്പാകെ ഇക്കാര്യത്തിൽ വമ്പിച്ച പ്രതീക്ഷയുണ്ട്. വിദ്യാഭ്യാസ സമ്പ്രദായത്തെ കടപുഴക്കിയെറിയുന്ന മുന്നൂറ്റിരുപത്തിയൊന്നാമതു ഭേദഗതിക്കെതിരെ ഇവിടത്തെ മതനേതാക്കന്മാരിൽ പലരും മൗനം ദീക്ഷിക്കുകയാണു്. 'മാതൃഭൂമി'യെപ്പോലുള്ള പത്രങ്ങൾ കമ്യൂണിസ്റ്റ് പരിഷ്കരണത്തിനു ചൂട്ടുപിടിക്കുകയാണു്. ഇതാണോ പത്രധർമ്മം? വർഗ്ഗീയതയുടെയും സ്വാർത്ഥതാല്പര്യത്തിന്റെയും പ്രേരണയാൽ ഒരു പത്രം സ്വധർമ്മം മറന്നു് ജനങ്ങളെ വഴി പിഴപ്പിക്കുന്നതു് ലജ്ജാകരവും ആത്മഹത്യാപരവുമത്രെ. 'മാതൃഭൂമി'യെപ്പോലുള്ള അവസരവാദി പത്രങ്ങളും നേതാക്കളും എത്ര തന്നെ ശ്രമിച്ചാലും, വിദ്യാഭ്യാസത്തെ കൂഴിച്ചു മൂടാനുള്ള കമ്യൂണിസ്റ്റ് ഗവർമ്മേണ്ടിന്റെ ശ്രമത്തിനെതിരെ കേരളത്തിലങ്ങോളമിങ്ങോളം ഇന്നലയടിക്കുന്ന പ്രതിഷേധം മറയ്ക്കാൻ സാധ്യമല്ലതന്നെ.

തങ്ങളുടെ പിഞ്ചു കിടാങ്ങൾക്ക് ഏതുതരം വിദ്യാഭ്യാസം നല്കണമെന്നു തീരുമാനിക്കേണ്ടതു് മാതാപിതാക്കളാണ്. ജനതതിയുടെ അഭിലാഷങ്ങൾക്കെതിരെ നില്ക്കാൻ ശ്രമിച്ച ഒരു ഗവർമ്മേണ്ടും നിലനിന്നുകണ്ടിട്ടില്ല. കേരളത്തിലും ജനാഭിലാഷം ജയിക്കുക തന്നെചെയ്യും എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

II

വിദ്യാഭ്യാസം ഞങ്ങളുടെ നോട്ടത്തിൽ

മനുഷ്യന്റെ സർവ്വവിധ കഴിവുകളേയും വികസിപ്പിക്കുവാൻ, പാകതയെത്തിയ വ്യക്തിയോ വ്യക്തികളോ തന്റെ അറിവും അനുഭവവും വെച്ചുകൊണ്ട് നടത്തുന്ന പ്രബോധനമാണ് വിദ്യാഭ്യാസം. 'എജ്യൂക്കേർ' എന്ന ലാററിൻ പദത്തിൽ നിന്നുമാണ് എജ്യൂക്കേഷൻ എന്ന ഇംഗ്ലീഷ് പദത്തിന്റെ ഉല്പത്തി. (എജ്യൂക്കേർ [Educare] എന്നാൽവലിച്ചെടുക്കുക എന്നാണർത്ഥം. അതായത് വിദ്യാർത്ഥികളിലന്തർലീനമായ കഴിവുകളെ കണ്ടെത്തി പുറത്തേക്കു കൊണ്ടുവരിക, വികസിപ്പിക്കുക എന്ന്) അദ്ധ്യാപകന്മാർ പ്രായം കൊണ്ടു മാത്രമല്ല, അനുഭവം കൊണ്ടും അറിവുകൊണ്ടും പാകത വന്നവരായിരിക്കണം. എന്നാലേ അവർക്കവരുടെ പങ്ക് നിർവ്വഹിക്കാനാവൂ.

അദ്ധ്യാപകന്റേയും അദ്ധ്യേതാവിന്റേയും പരസ്പരമുള്ള ഇടപഴകലിൽ നിന്നും വിദ്യാർത്ഥിയ്ക്ക് വിജ്ഞാനം നേടാൻ കഴിയുന്നു. വിദ്യാർത്ഥികളുമായി ബന്ധപ്പെടുന്ന അദ്ധ്യാപകന്മാർ എല്ലാ നിലയിലും എല്ലാ രംഗത്തും ശിഷ്യന്മാരിൽ അധികൃതവും സദാചാരനിരതവുമായ നിയന്ത്രണം ചെലുത്തണം. എങ്കിലേ എന്തു ചെയ്യണമെന്നും എങ്ങിനെ പ്രവർത്തിയ്ക്കണമെന്നും വിദ്യാർത്ഥിയ്ക്ക് ഗ്രഹിയ്ക്കാൻ സാധ്യമാകൂ. വിജ്ഞാന ദാഹത്താൽ പ്രേരിതരായി പുരോഗമിയ്ക്കുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിയ്ക്കേണ്ടതും അദ്ധ്യാപകരാണ്. അങ്ങിനെയായാൽ വിദ്യർത്ഥിയുടെ 'ശക്തി' കൾ ക്രമേണ വളർന്നു വികസിച്ചു കൊള്ളും.

അദ്ധ്യാപകരുടെ സ്വാധീന വലയത്തിൽ വെച്ച് കുട്ടികളുടെ സകലവിധ വാസനകളും ക്രമാത്മകമായി വളരുവാൻ സഹായിയ്ക്കുകയാണ് വേണ്ടതു്. എല്ലാ കഴിവുകളും തുല്യമായി വികസിയ്ക്കണമെന്നല്ല; കഴിവുകൾ, അവയുടെ ആവശ്യമായ വിധത്തിലും ആപേക്ഷികമായ പ്രാധാന്യത്തിലും മനുഷ്യോചിതമായി വളരണം, വികസിയ്ക്കണം എന്നാണ്.

താനെന്തായിരിയ്ക്കണമെന്നും ഏതു ലക്ഷ്യംനേടാൻ താൻ സൃഷ്ടിയ്ക്കപ്പെട്ടവനോ അതിന്നായി താനെന്തു ചെയ്യണം എന്നതിനുമുള്ള ഒരുക്കമാണ്,— തയ്യാറെടുപ്പാണ്, ശുദ്ധവും പൂർണ്ണവുമായ വിദ്യാഭ്യാസം. വിദ്യാഭ്യാസം സംബന്ധിച്ച ഈ ശരിയായ, സമഗ്രമായ വീക്ഷണവും ആദർശവുമാണ് എല്ലാവരും ഉൾക്കൊള്ളേണ്ടതു്.

വിദ്യാഭ്യാസത്തിന്റെ സാമൂഹ്യ ശാസ്ത്രം

ഈ ഇരുപതാം നൂററാണ്ടിൽവികാസംപ്രാപിച്ച ഒരു വിഷയമാണ് വിദ്യാഭ്യാസത്തിന്റെ സാമൂഹ്യശാസ്ത്രം. വിദ്യാഭ്യാസത്തെ ഒരു പ്രത്യേകവീക്ഷണകോണിലൂടെ നോക്കിക്കാണുകയാണ് ഇതു കൊണ്ടു സാധിയ്ക്കുന്നതു്. കോളേജുകളിൽ നിന്നും സ്കൂളുകളിൽ നിന്നും നേടുന്ന വിദ്യഭ്യാസം, ജീവിതത്തിൽ നിന്നും നേടുന്ന വിദ്യാഭ്യാസം എന്നിങ്ങനെ രണ്ടു വിധത്തിലുണ്ട് വിജ്ഞാനസമ്പാദനം. കുട്ടികൾ കൂട്ടുകാരുമായി കളിയ്ക്കുമ്പോൾമററുള്ളവരുമായെങ്ങിനെ പെരുമാറണമെന്നതിന്റെ ആദ്യപാഠങ്ങൾ മനസ്സിലാക്കുന്നു. മുതിർന്ന വ്യക്തികൾ മുനാട്ടകളിൽ പോയി തദ്ദേശീയരുമായി ഇടപഴകി പുതിയ പുതിയ അറിവുകൾ നേടുന്നു. അതും ഒരു തരത്തിലുള്ള വിദ്യാഭ്യാസമാണ്. ഹൃദയവിശാലത അങ്ങിനെയാണ് കൈവരിക.

രണ്ടാമതായി പ്രസ്താവിച്ച ജ്ഞാനസമ്പാദന മാർഗ്ഗത്തെയാണ് 'വിദ്യാഭ്യാസത്തിന്റെ സാമൂഹ്യ ശാസ്ത്രം' വിദ്യാഭ്യാസമെന്നതു കൊണ്ട് വിവക്ഷിയ്ക്കുന്നതു്. അതായതു്, തങ്ങൾ അംഗമായിട്ടുള്ള അഥവാ ഇടപഴകുന്ന സമുദായത്തിൽനിന്നും വ്യക്തികൾ അനുഭവങ്ങളിലൂടെ നേടുന്ന വിദ്യാഭ്യാസം. വ്യക്തികളും സമുദായവും തമ്മിലുള്ള ബന്ധത്തെ അതു് സുദൃഢമാക്കുന്നു.

വ്യക്തികളും സമുദായവും തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിയ്ക്കുന്നുവെന്നതു് വാസ്തവമാണെങ്കിലും പലപ്പോഴും ഈ രണ്ടു ഘടകങ്ങളും തമ്മിൽ സംഘട്ടനങ്ങളുണ്ടാകാറുണ്ട്. സമുദായം യാഥാസ്ഥിതികവും വ്യക്തികൾ ധീരരും ചലനാത്മാക്കളുമാണെന്നുള്ളതാണീ സംഘട്ടനങ്ങൾക്കു കാരണം. സമൂഹത്തിന്റെ വിദ്യാഭ്യാസം പലയിടങ്ങളിലും പല മട്ടിലാകാം. വ്യക്തി-സമൂഹ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസത്തെ പഠിയ്ക്കുകയാണ് 'വിദ്യാഭ്യാസത്തിന്റെ സാമൂഹ്യശാസ്ത്രം'. വ്യക്തികളുടെ വിദ്യാഭ്യാസത്തിൽ കുടുംബം അങ്ങേയറ്റം സ്വാധീനത ചെലുത്തുന്നുണ്ട്. കുട്ടികളിൽ രക്ഷാബോധവും സ്നേഹവും കുടുംബമാണ് വളർത്തിയെടുക്കുന്നതു്. കുട്ടികൾക്കു് തികച്ചും അവശ്യമായ ആ രണ്ടുഗുണവിശേഷങ്ങളും ലഭിച്ചില്ലെങ്കിൽ അവരുടെ ജീവിതംതന്നെ തകർന്നു പോകുന്നു.

കുട്ടികൾക്കു് ജോലി സമ്പാദിയ്ക്കാൻ പോരുന്ന അറിവു നല്കാൻവേണ്ടി മാത്രമാണ് ഇന്ത്യയിലെ രക്ഷിതാക്കൾ സർവ്വകലാശാലകളേയും വിദ്യാലയങ്ങളേയും അഭയം തേടുന്നതു്. തന്മൂലം വിദ്യാർത്ഥികൾ പരീക്ഷയിൽ ജയിയ്ക്കാൻ വേണ്ട വിജ്ഞാനം മാത്രം തേടുന്നു. ഈ നിലമാറണമെങ്കിൽ, ഇന്ത്യൻ സമുദായങ്ങൾ വിദ്യാഭ്യാസത്തെ കുറെക്കൂടി വിശാലമായ തോതിൽ നോക്കിക്കാണേണ്ടിയിരിയ്ക്കുന്നു. പൌരത്വം നേടാനുള്ള വിദ്യാഭ്യാസം ഇന്നു ഏറ്റിൽ മാത്രമായി ശേഷിച്ചിരിയ്ക്കുയാണ്. ആ നിലമാറിയേ മതിയാവൂ.

വിദ്യാഭ്യാസത്തിൽ മനഃശാസ്ത്രത്തിനുള്ള സ്ഥാനം

സമുദായവുമായി ഏറെറ വുമധികം ബന്ധപ്പെട്ട കൂട്ടായ ഒരു പദ്ധതിയാണല്ലോ വിദ്യാഭ്യാസം. അങ്ങിനെയുള്ള വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിദ്യാഭ്യാസത്തിന്റെ സാമൂഹ്യശാസ്ത്രത്തിലുൾപ്പെടുന്നു. അദ്ധ്യാപകനുമായി ബന്ധപ്പെടുന്ന ഒരുകൂട്ടി പരിഗണനയ്ക്കു വിധേയമാവുമ്പോൾ, വിദ്യാ

ഭ്യാസത്തിന്റെ മനഃശാസ്ത്രം പ്രവർത്തിക്കുന്നതെവിടെനിന്നാണെന്ന് മനസ്സിലാവുന്നു. കുട്ടികളുടെ പ്രതിഭയും അസാധാരണത്വവും മറ്റും ഗവേഷണവിഷയമായിട്ടുണ്ട്. അതേപോലെതന്നെ അദ്ധ്യാപകന്റെ ചുറുപാട്ടുകളെപ്പറ്റിയും പഠനം പലരും നടത്തിയിട്ടുണ്ട്.

വിദ്യാഭ്യാസം വ്യക്തിക്ക് ഒരു രണ്ടാം ജന്മം നല്കുന്നു. ആദ്യത്തെ ജന്മത്തിനു മാതാപിതാക്കളും ദൈവവും സഹകരിച്ചുകൊണ്ട് രൂപം നല്കുന്നു. രണ്ടാമത്തേതിന്ന് അദ്ധ്യാപകൻ തനിച്ചും. പ്രഥമജന്മം വെറും ശാരീരികമാണെങ്കിൽ ദ്വിതീയം ആത്മീയവും ബുദ്ധിപരവും സന്തോഷപൂർണ്ണവുമത്രെ. വീട്ടിൽ വെച്ചായാലും വിദ്യാലയത്തിൽ നിന്നായാലും അദ്ധ്യാപകനു കുറെ പ്രവർത്തിക്കാനുണ്ട്; പ്രസംഗിക്കാനും. പക്ഷെ അതിലെല്ലാം ഉപരി അദ്ധ്യാപകൻ ഒരു ആദർശയോഗ്യനായ വ്യക്തിയായി ജീവിക്കുകയാണ് വേണ്ടതു്. അദ്ധ്യാപകന്റെ നേരിയ ചലനംപോലും അദ്ധ്യേതാക്കളെ സ്വാധീനിക്കുമെന്നതു് മറന്നുകൂടാ.

അദ്ധ്യാപകൻ താനെന്തായാവണമോ, അതായില്ലെങ്കിൽ വിദ്യാർത്ഥികളുടെ താഴ്ന്ന ആദർശങ്ങൾക്കും അതിലും താഴ്ന്ന നേട്ടങ്ങൾക്കും ഉത്തരവാദിയാകേണ്ടിവരും. തനിക്ക് എത്തിച്ചേരാൻ കഴിയുന്നേടത്തോളം പുണ്ണതയെ സമീപിക്കുന്ന അദ്ധ്യാപകൻ, തന്റെ നാടിന്നു് ഏറ്റവും വലിയ ഉപകാരിയായിരിക്കും.

അദ്ധ്യാപകവൃത്തി വളരെയേറെ അപകടം നിറഞ്ഞതാണ്. ഉത്തരവാദിത്തങ്ങളും അപകടങ്ങളും മനസ്സിലാക്കുന്നവർക്ക് അതു് തീവ്രയായും ആകർഷണീയമായിതോന്നും. വിശേഷിച്ചും ആത്മബലിയർപ്പിക്കാൻ തയാറുള്ളവർക്കും, പ്രതിഫലേച്ഛകൂടാതെ പ്രവർത്തിക്കാൻ ഒരുക്കമുള്ളവർക്കും. വിവിധതരത്തിലുള്ള വിദ്യാർത്ഥികളുമായി അദ്ധ്യാപകൻ ഇടപഴകുക, മനശാസ്ത്രപരിജ്ഞാനത്തോടുകൂടിയായിരിക്കണം. സഹവാസമാണ് വാചാലമായ ഉപദേശങ്ങളെക്കാൾ, നല്ല വിദ്യാഭ്യാസമെന്ന അദ്ധ്യാപകൻ സദാ സ്മരിക്കേണ്ടതുണ്ട്.

മാനസിക വിദ്യാഭ്യാസം

വിജ്ഞാനം നമുക്ക് പ്രകൃതിയും സമുദായവുമാണ് സംഭാവന ചെയ്യുന്നതു്. അദ്ധ്യേതാവിനു തന്റെ കഴിവുകൾ കണ്ടെത്താനും തന്റെ മാനസിക വികാസത്തിനു വേണ്ട വ്യത്യസ്ത പടവുകൾ മനസ്സിലാക്കാനും കഴിയുന്ന വിധം വിദ്യാഭ്യാസം നല്ലപ്പെടണം. വായനയിൽ നിന്നെന്നതിനേക്കാൾ കേൾവിയിൽ നിന്നു അറിവു നേടുകയാണത്തമം. ജീവത്തായ ശബ്ദത്തിനു മനസ്സിനെ പ്രത്യേകമാകഷിക്കാൻ കഴിവുണ്ട്.

മനസ്സിനെ നിയന്ത്രിക്കുക, വികസിപ്പിക്കുക—ഇത്രയുമാണ് മാനസിക വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നതു്. എങ്ങിനെയാണ് വായിക്കേണ്ടതു്, എങ്ങിനെയാണ് നോക്കി കാണേണ്ടതു്, എങ്ങിനെയാണ് കേൾക്കേണ്ടതു് എന്നെല്ലാം മാനസിക വിദ്യാഭ്യാസം ഒരു വിദ്യാർത്ഥിയെ പരിചയിപ്പിക്കുന്നു. അന്ധമായി ആദർശങ്ങളെ പിന്തുടരുന്നതിനേയും മാനസിക വിദ്യാഭ്യാസം വിലക്കുന്നു. അങ്ങിനെയുള്ള പിന്തുടർച്ച മാനസികമായ അടിമത്തമാണ്. കാര്യങ്ങളെ ശരിക്കു ഗ്രഹിക്കേണ്ടതും, ശരിയായ തീരുമാനത്തിലെത്തേണ്ടതും എങ്ങിനെയെന്നു് മാനസിക വിദ്യാഭ്യാസം വഴി പരിശീലിയ്ക്കാം. ഓമ്മയെ നല്ലപോലെ വളർത്തിയെടുക്കുക എന്നതു് മാനസിക വിദ്യാഭാസത്തിന്റെ ഒരു പ്രധാന ഘടകമാണ്. ജന്മനായുള്ള കഴിവു കുറവുകൾ നികത്തിയെടുക്കാനും മാനസിക വിദ്യാഭ്യാസത്തിലൂടെ സാധിക്കും. മാനസികമായ എല്ലാ ശക്തികളേയും അവയർഹിക്കുന്ന പ്രാധാന്യക്രമത്തിൽ വളർത്തിയെടുക്കുക— എന്നാൽ മാനസിക വിദ്യാഭ്യാസം പൂർണ്ണമായി.

വിദ്യാഭ്യാസവും സ്വഭാവരൂപീകരണവും.

ചിട്ടപ്പെട്ടുത്തിയ സമ്പ്രദായങ്ങൾ, കരുത്തേറിയ ഇച്ഛാശക്തി, ദയാപൂരിതമായ ഹൃദയം, പൂർണ്ണമായ ബോധം എന്നിവയുള്ള ഒരു മനുഷ്യനെ നാം സൽസ്വഭാവിയായി കണക്കാക്കുന്നു. ഒരാൾക്കു് താനെന്തെല്ലാമാണു് ചെയ്യേണ്ടതെന്നും, എന്തെല്ലാം താൻ വർജ്ജിക്കണമെന്നുമുള്ള ബോധമുണ്ടായിരിക്കും, പക്ഷെ ഈ 'ബോധം'മാത്രം അയാളെ സൽസ്വഭാവിയാക്കുകയില്ല. ആ അറിവനുസരിച്ചു് പ്രവർത്തിക്കാൻകഴിഞ്ഞാലേ അയാൾ സൽസ്വഭാവിയാവൂ. ശീലങ്ങൾ രൂപീകരിക്കപ്പെട്ടുന്നതു് ഒരേതരത്തിലുള്ള പ്രവർത്തനങ്ങൾ ആവർത്തിക്കപ്പെടുമ്പോഴാണു്. തന്നിൽ ശരിയായ നിയന്ത്രണംചെലുത്താൻ കഴിയുമ്പോൾ—തന്റെ വികാരങ്ങളിലും വിചാരങ്ങളിലും ചിന്തകളിലും കടിഞ്ഞാണിടാൻ കഴിയുമ്പോൾ, ഒരു വ്യക്തിയുടെ സ്വഭാവം രൂപീകൃതമാകുന്നു.

ചുരുക്കിപ്പറഞ്ഞാൽ ഇച്ഛാശക്തിയെ വികസിപ്പിക്കുക, നല്ല ആദർശങ്ങൾ സ്വായത്തമാക്കുക, ശരിയായശീലങ്ങൾ പാലിക്കുക; വികാരങ്ങളെ നിയന്ത്രിക്കുക എന്നിവയാണു് സ്വഭാവരൂപീകരണത്തിന്നത്യാവശ്യമായിട്ടുള്ളതു്.

ബാലമനഃശാസ്ത്രത്തിലൂടെയുള്ള മതപഠനം

കുട്ടികളെ അവരുടെ ശരിയായ വ്യക്തിത്വത്തിലേക്കു് വളർത്തിയെടുക്കാനും വികസിപ്പിക്കാനും ഉപകരിക്കുന്ന തത്വങ്ങളും നിയമങ്ങളുമത്രേ ബാലമനഃശാസ്ത്രത്തിന്റെപ്രായോഗിക വശം. പ്രസ്തുത വികസനത്തിന്നു് മതത്തെ സംബന്ധിച്ച അറിവും പരിചയവും ആവശ്യമാണു്. ഈ അറിവു സമ്പാദിക്കാൻ കുട്ടികളെ സഹായിക്കുന്നതിന്നുള്ള സമീപനം തികച്ചും ഫലപ്രദമായിരിക്കണം. അതിന്നായി പലപദ്ധതികളും ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഫെനലൻസ് സൽപിഷ്യൻ, മൗണിച്ചു്, മോൺടി

സോറി (Fenelon's Method. Sulpician Method, Munich Method, Montessori Method.) തുടങ്ങിയ പദ്ധതികൾ അവയിൽ ചിലതു് മാത്രമാണു്.

കുട്ടികളെ അവർക്കറിയുന്ന വസ്തുതകൾ പറഞ്ഞു മനസ്സിലാക്കിയശേഷം തുടർന്നു് അറിയാത്ത കാര്യങ്ങളെ ഗ്രഹിപ്പിക്കണം. സ്ഥൂലത്തിൽ നിന്നും സൂക്ഷ്മത്തിലേക്കു് കുട്ടികളെ നയിക്കണം. അവർ കാണുന്നവയെപ്പറ്റി പഠിപ്പിച്ചു്, കാണാത്തവയെ സംബന്ധിച്ച ചിത്രങ്ങൾ ഹൃദയത്തിൽ ആവിഷ്കരിക്കാൻ ശീലിപ്പിക്കണം — എന്നീ കാര്യങ്ങൾ ബാലമനഃശാസ്ത്രത്തിന്റെ പ്രധാന വശമാണു്. സംഗതികൾ ഒരേ വീർപ്പിനു് മനസ്സിലാക്കാൻ ബാലഹൃദയങ്ങൾക്കു് കഴിവില്ല. സാവകാശം മാത്രമെ അവക്കെന്തും ഗ്രഹിക്കാൻ സാധിക്കൂ എന്ന കാര്യവും പ്രത്യേകം ശ്രദ്ധേയമാണു്.

മതകാര്യങ്ങൾ, ചിത്രങ്ങൾ, കഥകൾ, ഗാനങ്ങൾ എന്നിവവഴി പഠിപ്പിച്ചാൽ ബാലഹൃദയങ്ങളിൽ എളുപ്പം പതിയും. പുസ്തകങ്ങളെ മാത്രം ആശ്രയിച്ചു് കുട്ടികൾക്കു് മതപഠനം നൽകുക സുകരമല്ല. അന്നന്നു് പഠിക്കുന്ന കാര്യങ്ങളെക്കുറിച്ചു് ഓരോ വിദ്യാർത്ഥിയും സ്വന്തമായി നോട്ടെഴുതി സൂക്ഷിക്കണമെന്നു് നിർദ്ദേശിക്കുന്നതു് ഏറ്റവും പ്രയോജനകരമത്രെ.

പ്രാർത്ഥനയും മറ്റും നടത്തിക്കൊണ്ടിരിക്കുമ്പോൾ വിദ്യാർത്ഥികളോടൊപ്പം അദ്ധ്യാപകനും അതിൽ പങ്കെടുക്കണം. അല്ലാതെ, അദ്ധ്യാപകൻ വെറും മേൽനോട്ടം വഹിച്ചാൽ മാത്രംപോരാ. വിദ്യാർത്ഥികളിൽ മതപഠനത്തിനുള്ള ആസക്തി വളർത്താനേ അദ്ധ്യാപകൻ ശ്രമിക്കേണ്ടതുള്ളൂ. ആ ആസക്തിയെ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി പിൽക്കാലങ്ങളിൽ പരിപോഷിപ്പിക്കാനും അദ്ധ്യാപകനു സാധിക്കും.

പൊതുവെ അച്ചടക്കം കുറഞ്ഞുവരികയാണു് നമ്മുടെ വിദ്യാർത്ഥികളിലെന്ന ആക്ഷേപം, പലരിൽനിന്നും പലപ്പോഴും അധികൃത സ്വരത്തിൽ ഈയിടെ കേൾക്കാനിടയായിട്ടുണ്ടു്. വിദ്യാലയങ്ങളിൽ മതപഠനം നിഷേധിക്കുന്ന ഗവർമ്മേണ്ടിന്റെനയം ആപല്ക്കരമാണെന്നും വിദ്യാർത്ഥികൾക്കു് നിർബ്ബന്ധപൂർവ്വം മതപഠനം നൽകണമെന്നും രാജാജിയെപ്പോലുള്ള ഭരണപടുക്കൾ ആവർത്തിച്ചാവർത്തിച്ചു് പറഞ്ഞിട്ടുണ്ടു്. ഇന്നത്തെ വിദ്യാർത്ഥികളാണു് നാളത്തെ നമ്മുടെ നാടിന്റെ ഭാഗ്യവിധാതാക്കൾ. അവരെ അച്ചടക്കവും ഈശ്വരഭക്തിയും ദേശസ്നേഹമുള്ളവരായി വളർത്തിയെടുത്താലേ 'നാളെ' ശോഭനമാവൂ. അതിനു മതപഠനം കൂടിയേ തീരൂ. ബാലഹൃദയങ്ങളിൽ നല്ല ചിന്തകളും ശീലങ്ങളും നട്ടുവളർത്താൻ മറ്റൊന്നിനും സാധിക്കുന്നതിലേറെ മതപഠനത്തിനു കഴിയുമെന്ന പരമാർത്ഥം ഇത്തരുണത്തിൽ വ്യക്തമാക്കേണ്ടിയിരിക്കുന്നു.

Phone No. 562.

GITA AUTOMOBILES

TOWN HALL ROAD, KOZHIKODE.

Stockists of :-

Firestone, India, Dunlop, Goodyear Tyres and Tubes,
Spare Parts for Chevrolet, Ford and other Trucks and Cars,
Accessories, Oils, Batteries and Upholstery Materials.
Battery Charging.

Proprietor :
K. KOCHUKRISHNAN NAIR.

ശിശു വിദ്യാഭ്യാസം

★

—ജോസ്

ശിശുക്കളില്ലാത്ത വീടും നദികളില്ലാത്ത നാടും ശൂന്യമാണെന്നു് ഒരു ചൊല്ലുണ്ടു്. ജീവിത വ്യഗ്രതയിൽ പരാജയത്തിന്റെ വക്കിലേക്കു വഴുതിപ്പോകുന്ന മനുഷ്യൻ നിരാശകൊണ്ടു് വീർപ്പുമുട്ടുമ്പോൾ ഒരു പിഞ്ചിളം പൈതലിന്റെ കൊച്ചരിപ്പല്ലുകൾ അവനെ ഉന്മേഷഭരിതനാക്കാറുണ്ടു്. സർവ്വതും മറന്നു് അവനിൽ ലയിക്കാറുണ്ടു്. മറെറാന്നിലും കാണാൻ കഴിയാത്ത ഒരു മാസ്മരശക്തി പൈതങ്ങളിലുണ്ടെന്നു് ഏതൊരുവനും സശരീരകമ്പം സമ്മതിക്കും. മാതാപിതാക്കൾക്കു് തങ്ങളുടെ കുട്ടികൾ എത്ര വിരൂപരായിരുന്നാലും ഓമനകളാണു്. ആശാകേന്ദ്രമാണു്, ജീവിതത്തിന്റെ ആനന്ദമാണു്. അവർ തങ്ങളുടെ ജീവിതംതന്നെ അവരുടെ ഉല്ലക്ഷത്തിനു വേണ്ടി മാററിവെച്ചിരിക്കയാണു്.

ലോകത്തിന്റെ നിലനില്പിനും സർവ്വതോമുഖമായ അഭിവൃദ്ധിയ്ക്കും, പരിഷ്ക്കാരത്തിനും നിദാനമായി വർത്തിക്കുന്ന ഏററവും പ്രമുഖമായ ഒരു ഘടകമാണു് ശിശുവിദ്യാഭ്യാസം. കുടുംബത്തിന്റെ ജീവനും, ഓജസ്സും, ഐശ്വര്യവും കുട്ടികളായിരിക്കുന്ന സ്ഥിതിയ്ക്കു് സമുദായത്തിന്റേയും ജീവൻ അവർ തന്നെ. കുടുംബങ്ങളുടെ സമൂഹമാണു സമുദായം. സമുദായങ്ങളുടെ സമൂഹം രാഷ്ട്രവും; കുടുംബവും, സമുദായവും, രാഷ്ട്രവും ശിശുക്കളെ ആശ്രയിച്ചു പുരോഗമിക്കുന്നു എന്നുവേണമെങ്കിൽ പറയാം. ശിശുപരിപാലന വ്യവസ്ഥകളും, വിദ്യാഭ്യാസവും ഏതൊരു രാഷ്ട്രവും പ്രഥമകർത്തവ്യമായി പണ്ടുമുതല്ക്കേ പരിഗണിച്ചുപോരുന്നു.

ഇന്ദ്രിയപരിശീലനം

ശിശുവിദ്യാഭ്യാസത്തിൽ പ്രത്യേക പ്രാമുഖ്യമുള്ളതാണു് ഇന്ദ്രിയപരിശീലനം. പഞ്ചേന്ദ്രിയങ്ങളെ ഏററവും ഉപയോഗപ്രദമാക്കി വിനിയോഗിക്കുന്നതിനു് മനസ്സിനെ പരിശീലിപ്പിക്കുകയാകുന്നു ഇന്ദ്രിയ പരിശീലനം. നിവൃത്തിയുള്ളിടത്തോളം ദൃഷ്ടാന്തങ്ങളും സാധനരൂപങ്ങളും ഉപയോഗിച്ചു ശിശുവിദ്യാഭ്യാസം നടത്തുകയും, സ്പർശനം, ദർശനം, ശ്രവണം, എന്നീ പ്രധാന ഇന്ദ്രിയ ശക്തികളെ പരിപോഷിപ്പിക്കത്തക്കവണ്ണം പരിശീലനം നൽകുകയും ചെയ്യേണ്ടതാണു്. ശൈശവത്തിൽ കളിക്കോപ്പുകളായി ഉചിതമായ സാധനങ്ങൾ നൽകുന്നതും വിദ്യാലയത്തിൽ പാഠത്തിനു് അനുയോജ്യമായ സാമഗ്രികൾ ഉപയോഗിക്കുന്നതും ഇന്ദ്രിയപരിശീലനമാർഗ്ഗങ്ങളാണു്. മനോഹരമായ ചിത്രങ്ങളും കമനീയമായ സാധനങ്ങളും ആസ്വദനീയമായ സാഹിത്യവും ചേതോഹരമായ പ്രകൃതി രമണീയതയും ഇന്ദ്രിയങ്ങൾക്കു് ആസ്വാദ്യകരമാകുന്നു.

അദ്ധ്യാപകരുടെ ചുമതല

ശിശു വിദ്യാഭ്യാസത്തിന്റെ നിദാനം, മാതാക്കളും അദ്ധ്യാപകന്മാരുമാണു്, ഈ രണ്ടു കൂട്ടരും സഹകരിച്ചാലെ ശിശുക്കളുടെ ഭാവി ശോഭനമായിരിക്കയുള്ളു. മറുരണ്ടുകൂട്ടരിലെ അദ്ധ്യാപകന്മാരേക്കാൾ സമർത്ഥരായ അദ്ധ്യാപകന്മാർ വേണ്ടതു് ഏററവും താഴ്ന്ന ക്ലാസ്സുകളിലാണു്. കരുണ ഹൃദയങ്ങളാണു് അവരുടെ ചുററും തത്തിക്കളിക്കുന്നതു്. ഏതുവഴിക്കു തിരിച്ചു വിട്ടാലും ആ വഴി പോകുന്ന ഒരു കാലഘട്ടമാണതു്.

പരിചയവും, പ്രാപ്തിയും പക്വതയും മനഃശാസ്ത്രപരിജ്ഞാനവും സിദ്ധിച്ച അദ്ധ്യാപകരായിരിക്കണം ശിശുക്കൾക്കു വേണ്ടതു്. ബാലികാ ബാലന്മാരുടെ മാനസികമായ വ്യതിയാനങ്ങളും പരിവർത്തനങ്ങളും ശരിയായി ഗ്രഹിക്കാതെ വിജയകരമായ അദ്ധ്യയനമോ, പരിശീലനമോ എളുപ്പമല്ല. അവരുടെ മാനസിക പുരോഗതിയനുസരിച്ചു് താല്പര്യങ്ങളും അഭീഷ്ടങ്ങളും വ്യത്യാസപ്പെടുന്നതാണു്. കുട്ടികളിൽ മാനസികമായ അഭിവൃദ്ധിയും പരിവർത്തനങ്ങളും അധികമായി ഉണ്ടാകുന്നതു് സാധാരണയായി 6 വയസ്സിനു 9 വയസ്സിനും, മദ്ധ്യേയുള്ള പ്രായത്തിലാണു്.

ബാലന്മാരുടെ പ്രവൃത്തികൾക്കും താല്പര്യങ്ങൾക്കും അദ്ധ്യാപകന്മാർ പ്രത്യേകം വിലയിരുത്തണം. ബാലിശമെന്നു തോന്നുന്ന ബാലപ്രകൃതിയിൽ ഭാവിമാഹാത്മ്യത്തിന്റെ കണികകൾ ബീജഭാവത്തിൽ, അവികസിത രൂപത്തിൽ, സ്ഥിതിചെയ്യുന്നുണ്ടെന്നുള്ളതു് അദ്ധ്യാപകന്മാരും മാതാപിതാക്കളും ഒരിക്കലും വിസ്മരിച്ചുകൂടാ. കുട്ടികളുടെ ബാലിശമെന്നു തോന്നുന്ന പ്രകൃതങ്ങളെ ശരിയായി തേച്ചുമിനുക്കിസൽ പന്ഥാവിൽ നയിക്കുകയാണു് അദ്ധ്യാപകന്റെ മുഖ്യമതല.

ഒന്നിനെപ്പററിയും വ്യക്തമായ ഒരു അറിവു് സിദ്ധിച്ചിട്ടില്ലാത്ത പ്രായമായതിനാൽ തെററിദ്ധാരണകൾ ധാരാളം കടന്നുകൂടും. അവ അപ്പഴപ്പോൾ തിരുത്തേണ്ടതാണു്. സങ്കീർണ്ണങ്ങളായ വിഷയങ്ങളെ അപ്പോൾ പരമാർശിച്ചുകൂടാ. ലളിതമായ ഭാഷയിൽ നിസ്സാര സംഗതികൾ എടുത്തെടുത്തു് ക്രമത്തിൽ മുഴുവൻ മനസ്സിലാക്കണം. ഓരോന്നും പ്രത്യേകം മനസ്സിലാക്കുവാൻ ചിത്രങ്ങളോ മാറുപകരണങ്ങളോ ഉണ്ടെങ്കിൽ വളരെ സഹായകമാണു്.

കൗമാരദശ

കൗമാരപ്രായം ഒരു വ്യതിയാനത്തെക്കുറിക്കുന്നു. വളച്ചു പൊതുവെ കുറവാണെങ്കിലും ബുദ്ധിപരമായി വികാസം സിദ്ധിച്ചു് മാനസികമായ ഉണർവ്വു് നേടുന്ന കാലമിതാണു്. തനിക്കു കൂടുതൽ അറിയാനുണ്ടെന്നും, താൻ തന്നെയല്ല തന്നെപ്പോലെതന്നെയുള്ള വേറെ പലരുമുണ്ടെന്നുമുള്ള ഒരു ബോധമുണ്ടാകുന്നു. രക്ഷിതാക്കളുടെ സൂക്ഷ്മത്തിൽനിന്നും വിട്ടു് - സ്വതന്ത്രമായി നടക്കാൻ ആഗ്രഹം ജനിക്കുക, അന്നു

സരിക്കയെന്നതു് വിഷമമായിതോന്നുക, പല പുതിയ ആശയങ്ങളും മനസ്സിൽ രൂപംകൊള്ളുക ഇവയൊക്കെ ഈ ദശയുടെ പ്രത്യേകതകളാണു്. അദ്ധ്യാപകന്മാർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ട ഘട്ടമാണിതു്. എന്തും പഠിപ്പിക്കാൻ ഈ പ്രായത്തിൽ കഴിയുന്നു. സാമൂഹ്യമായ താല്പര്യങ്ങൾക്കു കൂടുതൽ പ്രസക്തിയുള്ളതിനാൽ നല്ല ആശയങ്ങൾ അവരിൽ ജനിപ്പിക്കുവാനും ശുചിത്വം, സത്യസന്ധത, കൃത്യനിഷ്ഠ എന്നിവ അഭ്യസിപ്പിക്കുവാനും പ്രത്യേകം ശ്രദ്ധിക്കണം. കൌമാരത്തിന്റെ അവസാനഘട്ടത്തിൽ വീപ്പുവകരമായ വ്യതിയാനങ്ങളും വന്നുഭവിക്കുന്നു. 13 മുതൽ 17 വരെയുള്ള കാലത്തിൽ സാമ്പത്തികാധഃപതനം നേരിട്ടേക്കാവുന്നതാണു്. മാനസികാഭിവൃദ്ധിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമായിട്ടാണു് മനശാസ്ത്രജ്ഞന്മാർ ഇതിനെ കരുതുന്നതു്. സാഹിത്യം, കല, ശാസ്ത്രം എന്നിവയിലേക്കു അവരുടെ ശ്രദ്ധ തിരിയുന്നു. പഴയ രീതിയിൽത്തന്നെ ഉടൻപോകുവാൻ അവർ ഇഷ്ടപ്പെടുകയില്ല. അദ്ധ്യാപകന്മാർ സന്ദർഭോചിതമായി മറ്റു കാര്യങ്ങളും പറഞ്ഞു മനസ്സിലാക്കേണ്ടതാണു്.

ശിശുവിദ്യാഭ്യാസത്തിൽ മാതാക്കൾക്കുള്ള പങ്കിനെപ്പറ്റി പ്രത്യേകം പറയേണ്ടതില്ല. ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം സ്വർഗ്ഗവും തന്റെ മാതാവാണു്. അവന്റെ ഭാവി ശുപപ്പെടുത്തുന്നതു് തലോടുന്ന ആ കൈകൾ കൊണ്ടാണു്. ഏതൊരുവന്റെയും ജീവിതത്തിന്റെ വിജയവും പരാജയവും ആശ്രയിച്ചിരിക്കുന്നതു് മാതൃഹസ്തങ്ങളെയാണു്. മാതാക്കൾ അതു മനസ്സിലാക്കി തങ്ങളുടെ ഏറ്റവും വലിയ ഉത്തരവാദിത്വം കരുതലോടെ കൈകാര്യം ചെയ്യേണ്ടതാണു്.

ബാല ലീലകൾ.

ബാല ലീലകൾക്കും മാതാപിതാക്കളും അദ്ധ്യാപകരും എല്ലാ സൌകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണു്. കുട്ടികൾ കളിക്കുന്നതു അനാവശ്യമായി കരുതുന്ന മാതാപിതാക്കൾ ഇന്നും കുറവല്ല. പക്ഷെ കളി അവരുടെ മാനസികവും ശാരീരികവുമായ വളർച്ചക്കു് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ഘടകമാണെന്നുള്ള കാര്യം അവർ തികച്ചും വിസ്മരിക്കുന്നു. ബാല ലീലകൾക്കും മറ്റിതര വ്യാപാരങ്ങൾക്കും അതർഹിക്കുന്ന പ്രാധാന്യം നൽകി ഒരു സ്വതന്ത്രമായ രീതിയിൽ മാതാപിതാക്കളുടെപ്രത്യേക സംരക്ഷണയിൽ ശിശുക്കളെ വളർത്താൻ ശ്രമിക്കേണ്ടതാണു്.

മിസ്സുവാറും നമ്മുടെ ഗാർഹിക ചുറ്റുപാടുകളിൽ ശിശുക്കൾക്കു് വേണ്ടത്ര പരിചരണം ലഭിയ്ക്കുന്നില്ല. രക്ഷിതാക്കളെത്ര ധനികരായിരുന്നാലും ചുറ്റുപാടുകളനുകൂലിച്ചില്ലെന്നും വരാം. ഈ ചുറ്റുപാടുകളിലേക്കു് ആവശ്യമായിട്ടുള്ളതു് നഴ്സറി സ്കൂളുകളാണു്. കുട്ടികൾക്കു് ഓടുവാനും, ചാടുവാനും, കളിയ്ക്കുവാനുമെന്ന പോലെ ശുദ്ധവായു ശ്വസിച്ചു് കൂട്ടുകാരുമൊത്തു് ഭാവനാലോകത്തിൽ വിഹരിക്കുവാനും കഴിയുന്ന ഒരു സ്കൂളിൽ കുട്ടികളെ ചേർക്കുന്നതു ഗുണകരമാണു്.

ഭാരതത്തിന്റെ ഭാവിയാശ്രയിച്ചിരിയ്ക്കുന്നതു് ഇന്നത്തെ കുട്ടികളിലാണല്ലൊ. അവരെ ആരോഗ്യത്തിലും അറിവിലും തികഞ്ഞവരായി വളർത്തിയെടുക്കാൻ ഏവരും ശ്രദ്ധിയ്ക്കേണ്ടതാണു്. നാം ശിശുക്കളെ സംബന്ധിച്ചിടത്തോളം പൊതുവേ അനാസ്ഥയുള്ളവരാണു്. ഇന്ത്യയിലാണു് ഏറ്റവുമധികം ശിശുമരണം സംഭവിയ്ക്കുന്നതു്. ആ നിലമാറേണ്ടിയിരിയ്ക്കുന്നു. നിസ്സഹായരായ അവരാണു് നമ്മുടെ ഏറ്റവുമധികം പരിചരണവും ശ്രദ്ധയുമർഹിയ്ക്കുന്നതെന്നും അവരിലാണു് നമ്മുടെ ഭാവിയെന്നും മനസ്സിലാക്കി ശിശുവിദ്യാഭ്യാസത്തിലും പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണു്.

[ശ്രീ. മാത്യു എം. കുഴിവേലിയുടെ 'ശിശുവിദ്യാഭ്യാസം' എന്ന ഗ്രന്ഥം ഈ ലേഖനമെഴുതാൻ സഹായകമായിട്ടുണ്ടു്. — ലേ]

ഫോട്ടൊ സംബന്ധമായ
നിങ്ങളുടെ എല്ലാ
ആവശ്യങ്ങൾക്കും

നേഷനൽ സ്റ്റുഡിയോ

ഹജൂർ റോഡു് : : കോഴിക്കോടു്

(ടെലഫോൺ: **601**)

സകലവിധ കണ്ണാടികൾക്കും
സമ്മാനങ്ങൾക്കു പറ്റിയ
ഒന്നാംതരം സാമാനങ്ങൾക്കും

നേഷനൽ മിറർ മാർട്ടു്

അഴകാന്നൊരു ചിത്രശാല — അതാണു് "നേഷനൽ"

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം

പാപ്പച്ചൻ, പുതുശ്ശേരി ബി. എസ്സ്സി.

മനുഷ്യക്കു് സമാധാനത്തിലും സംതൃപ്തിയിലും, സന്തോഷത്തിലും സമൃദ്ധിയിലും ജീവിക്കുവാൻ പര്യാപ്തമായ ഒരു സാമൂഹ്യസാമ്പത്തിക സ്ഥിതി സംവിധാനം ചെയ്യുക എന്നതായിരിക്കണം വിദ്യാഭ്യാസത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. സമുദായ ജീവിയായ മനുഷ്യനെ സേവിക്കുവാൻ ശേഷിയുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായമാണിന്നാവശ്യം. നിലവിലിരിക്കുന്ന വിദ്യാഭ്യാസരീതി മേൽവിവരിച്ച ലക്ഷ്യപ്രാപ്തിക്കു് തികച്ചും അപര്യാപ്തമാകയാൽ അതു് പാടെ പരിഷ്കരിക്കണമെന്നതിൽ ആക്ഷംതന്നെ അഭിപ്രായവൃത്യാസമുണ്ടാകുവാൻ ഇടയില്ല. ഒരവികസിതരാജ്യമായ ഇന്ത്യക്കു് പരിഷ്കാരത്തിന്റേയും പുരോഗതിയുടേയും സീമയിൽ എത്തിയിരിക്കുന്ന അമേരിക്കയുടേയോ റഷ്യയുടേയോ വിദ്യാഭ്യാസ സമ്പ്രദായം സ്വീകാര്യമല്ല. അനുദിനജീവിതത്തോടു യാതൊരു ബന്ധമില്ലാത്തതും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനു പര്യാപ്തമായതും ആയ ഇന്നത്തെ വിദ്യാഭ്യാസപദ്ധതി കേവലം കുറെ ക്ലാർക്കുകൾക്കു വേണ്ടി ഇംഗ്ലീഷുകാരാൽ സംവിധാനം ചെയ്യപ്പെട്ടതാണു്. തൊഴിലില്ലായ്മ പ്രശ്നം അതിരൂക്ഷമായി കരാളനൃത്തം നടത്തുന്ന ഇന്ത്യാരാജ്യത്തു് നിലവിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം തീർത്തും അപര്യാപ്തമാണന്നു് നമ്മുടെ നേതാക്കന്മാർതന്നെ തുറന്നു സമ്മതിച്ച ഒരു യാഥാർത്ഥ്യമാണു്. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസം എങ്ങിനെയാണു് സംവിധാനം ചെയ്യേണ്ടതെന്നു് വളരെ കുലങ്കഷമായി ആലോചിച്ചു തിരുമാനിക്കേണ്ട ഒരു സംഗതിയാണെന്നുള്ള പരമാർത്ഥം ഒരിക്കലും വിസ്മരിക്കുവാൻ പാടുള്ളതല്ല. നിലവിലിരിക്കുന്ന വിദ്യാഭ്യാസരീതി പരിശോധിച്ചു് വേണ്ട പരിഷ്കാരങ്ങൾ നിർദ്ദേശിക്കുവാൻ കേന്ദ്രഗവണ്മേൻറും പ്രാദേശിക ഗവണ്മേൻറുകളും കമ്മറിക്കളെ നിയോഗിച്ചു് പ്രവർത്തിക്കുന്നുണ്ടെന്നുള്ളതു് ആശ്വാസപ്രദമായ ഒരു സംഗതിയാണു്.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെ മുൻനിറുത്തിവേണം ഒരു നവീന വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കുവാൻ. ഇന്നു നമ്മുടെ അഭിമുഖീകരിക്കുന്ന അനേകം ജീവൽ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനു പര്യാപ്തമായ ഒരു നൂതന പദ്ധതിയാണാവശ്യം. ഭാരതീയരുടെ തൊഴിലില്ലായ്മ്മ ദൂരീകരിക്കുവാൻ കഴിവുള്ളതും തന്മൂലം എല്ലാവർക്കും ആവശ്യമായ ഉപജീവനമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുവാൻ കെല്പുള്ളതും ആയിരിക്കണം നമ്മൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം. ഇന്ത്യയുടെ സുസ്ഥിതിയെ ചോദ്യം ചെയ്യുന്ന വൻനാശങ്ങളിൽ വെച്ചു ഏറ്റവും ആപൽക്കരമാണു് തൊഴിലില്ലായ്മയും തന്മൂലം ഉളവാകുന്ന പട്ടിണിയും. ഈ വിപത്തു് ഉടൻതന്നെ പരിഹരിക്കുവാൻ സാധിച്ചില്ലെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസംകൊണ്ടു് ഒരു ഭീകര വിപ്ലവംതന്നെ ഭാരതത്തിൽ പൊട്ടിപ്പുറപ്പെട്ടുകയില്ലേ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. ജീവിക്കുവാൻ ആവശ്യമായ പണത്തിനുവേണ്ടി പണിയെടുക്കുവാൻ കമ്പനികൾതോറും കയറിയിറങ്ങി നിരാശരായി നടക്കുന്ന അഭ്യസ്തവിദ്യരായ യുവാക്കൾ നാട്ടിന്നൊരാപത്താണു്. നാടിന്റെ നട്ടെല്ലായ ചോരയും നീരും ഉള്ള, അക്ഷരാഭ്യാസമുള്ള യുവാക്കളുടെ തൊഴിലില്ലായ്മ നാടിന്റെ സാമ്പത്തിക ഭദ്രതയേയും സമാധാനാകാംക്ഷയേയും ഹനിക്കുമെന്നുള്ളതിൽ സംശയമില്ല. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മക്കു് കാരണം ബഹുമുഖമാണങ്കിലും അവയിൽ ചിലതിനെപറ്റി ചിന്തിക്കുന്നതു് ഇത്തരുണത്തിൽ ഉചിതമായിരിക്കും. അനുദിന ജീവിതത്തിൽ അഭിമുഖീകരിക്കേണ്ട അനേകം പ്രശ്നങ്ങളെ വിജയപൂർവ്വം കൈകാര്യം ചെയ്യുന്നതിനു് അനുയുക്തമല്ല ഇന്നത്തെ വിദ്യാഭ്യാസരീതി. മറ്റുള്ളവരെ ആശ്രയിക്കാതെ സ്വന്തമായി ഒരു തൊഴിൽ ചെയ്തു ജീവിക്കുവാനുള്ള മാർഗ്ഗങ്ങളെ സൃഷ്ടിക്കുവാൻ ഒരുവനെ പ്രാപ്തനാക്കുക എന്നുള്ളതാണു് ഇന്നു് വിദ്യാഭ്യാസംകൊണ്ടു് ആദ്യമായി സാധിക്കേണ്ടിയിരിക്കുന്നതു്. ആയുസ്സിന്റെ ഏറ്റവും നല്ലൊരുഭാഗം സ്കൂളുകളിലും കലാലയത്തിലും ചിലവാക്കി പ്രത്യാശയോടും പ്രതീക്ഷയോടും പുറത്തുവരുന്ന ഒരു യുവാവിനു് ജീവിതത്തിലെ പരുപരുത്ത യാഥാർത്ഥ്യങ്ങളെയാണു് നേരിടേണ്ടിവരുന്നതു്. പ്രകൃതിശാസ്ത്രം പഠിച്ചതുകൊണ്ടോ, ഭാഷകൾ പഠിച്ചതുകൊണ്ടോ ഒന്നുംതന്നെ ഒരു യുവാവിനു് അനുദിന ജീവിതത്തിലെ വിഷമപ്രശ്നങ്ങളെ നേരിടുവാൻ സാധിക്കുകയില്ല. ഉദാഹരണമായി ഒരാൾ കലാലയ ജീവിതം അവസാനിപ്പിച്ചു് ഒരു ഗ്രാജ്വേറ്റായി പുറത്തുവരണമെങ്കിൽ ചുരുങ്ങിയതു് പതിനഞ്ചു കൊല്ലമെങ്കിലും വേണം. അതായതു് അവന്റെ ജീവിതത്തിന്റെ ഏകദേശം $\frac{1}{3}$ ഭാഗം. അങ്ങിനെ ജീവിതത്തിന്റെ ഏറ്റവും സുന്ദരവും അഭികാമ്യവുമായ ഭാഗം പഠിക്കുവാൻ ചിലവാക്കി പുറത്തുവരുന്ന ഒരുവനു് ഉപജീവനമാർഗ്ഗത്തിന്നാവശ്യമായ ജോലിയില്ലെങ്കിലത്തെ സ്ഥിതിയോ? എത്രയോ ഗ്രാജ്വേറ്റുകളാണു് ഒരു ജോലിക്കുവേണ്ടി ഇന്നു കേരളത്തിൽ തെണ്ടിത്തിരിയുന്നതു്?. അയാൾക്കു് സ്വന്തമായ ഒരു ജോലിയും ചെയ്യുവാൻ അറിയുകയില്ല. കാരണം അവൻ പഠിക്കുന്ന വിഷയവും അവൻ ചെയ്യുവാൻ ആഗ്രഹിക്കുന്ന ജോലിയും തമ്മിൽ യാതൊരു പൊരുത്തവുമില്ല. ഇന്നു

കോളേജിൽനിന്നു സയൻസ് എടുത്ത് പാസ്സാവുന്ന ഒരാൾക്ക് വളരെ പണിപ്പെട്ടാൽ കിട്ടാവുന്ന ഒരു ജോലി അദ്ധ്യാപക വൃത്തിയോ അല്ലെങ്കിൽ കണക്കെഴുത്തോ ആയിരിക്കും. അയാൾ പഠിക്കുന്ന ഭൗതശാസ്ത്രമോ, രസതന്ത്രമോ ഊർജ്ജതന്ത്രമോ ഒന്നും തന്നെ അയാളുടെ ജോലിയുമായി ബന്ധപ്പെട്ടതല്ല. അതിനാൽ കാലക്രമത്തിൽഅയാൾ പഠിച്ചിരുന്ന വിഷയങ്ങൾ അതുപോലെതന്നെ വിസ്മരിക്കുന്നു. അപ്പോൾ അയാളുടെ ആയുസ്സിലെ നല്ലൊരു ഭാഗവും മാതാപിതാക്കൾ ഉണ്ടാക്കിയ പണവും നിഷ്പ്രയോജനമായി നശിപ്പിക്കുകയാണു15കൊല്ലത്തെ സ്കൂൾജീവിതം കൊണ്ട് അയാൾ ചെയ്യുന്നതു്. ഈ ദുസ്ഥിതി മാറേണ്ടിയിരിക്കുന്നു.

ഈ കുഴപ്പം പരിഹരിക്കുവാൻ നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങളിൽ പ്രധാനമായതു് സാങ്കേതിക വിദ്യാഭ്യാസമാണു്. എന്നാൽ തൊഴിലില്ലായ്മ കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഈ ഭാരതഭൂമിയിൽ സാങ്കേതിക വിദ്യാഭ്യാസം ഒരു പരാജയമായിരിക്കും എന്നതാണു് ചിലരുടെ അഭിപ്രായം. അതിനുള്ള കാരണമായി അവർ ചൂണ്ടിക്കാണിക്കുന്നതു് സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ഒരാൾക്ക് അയാൾ പഠിക്കുന്ന ആ പ്രത്യേക ജോലി മാത്രമെ ചെയ്യുവാൻ സാധിക്കയുള്ളു എന്നതാണു്. ഉദാഹരണമായി മോട്ടോർ ഡ്രൈവിങ്ങ് പഠിക്കുന്ന ഒരാൾക്കു് മോട്ടോർ ഡ്രൈവിങ്ങ് അല്ലാതെ വേറെ പണികൾ ഒന്നും തന്നെ ചെയ്യുവാൻ സാധിക്കയില്ല. കൊല്ലപ്പണി പഠിക്കുന്ന ഒരാൾക്കു് ആ പണിയൊഴിച്ചു് മറെറാന്നും ചെയ്യുവാൻ അറിയുകയില്ല. ഇന്ത്യയിലാകെയുള്ള ജന സംഖ്യയിൽ 85% ത്തോളം ഗ്രാമീണരാണു്. അവർക്കു് സ്വന്തം ഒരു വക്കു ഷോപ്പു് തുടങ്ങുന്നതിനും മറുമുള്ള സാമ്പത്തിക സ്ഥിതി ഉണ്ടായിരിക്കയില്ല. അതിനാൽ സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്നവർക്കു് അവർ പഠിക്കുന്ന പണിചെയ്യുവാനുള്ള സാമഗ്രികൾ കിട്ടിയില്ലെങ്കിൽ അലഞ്ഞു നടക്കേണ്ടിവരും. ഈ ന്യൂനത പരിഹരിക്കുവാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായ ശാലകളും തമ്മിൽ ഒരു പരസ്പര ധാരണയിൽ എത്തിച്ചേരേണ്ടിയിരിക്കുന്നു. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസത്തിനു് അത്തരത്തിലുള്ളൊരു ന്യൂനതയില്ല. അയാൾക്കു് ചരിത്രമോ, ഭൂമിശാസ്ത്രമോ, സയൻസോ ഏതു പഠിച്ചയാൾക്കും പോലീസുദ്യോഗമോ അദ്ധ്യാപകവൃത്തിയോ ക്ലാർക്കുദ്യോഗമോ ഉപജീവനമാർഗ്ഗമായി സ്വീകരിക്കാം.

വിദ്യാഭ്യാസം ഉപജീവനമാർഗ്ഗത്തിനുവേണ്ടി സംവിധാനം ചെയ്യുന്നതിനെ എതിർക്കുന്നവർ ധാരാളമുണ്ടായിരിക്കും. എന്നു തന്നെയല്ല വിദ്യാഭ്യാസം അറിവിനുംകല, സാഹിത്യം മുതലായവ ആസ്വദിക്കുന്നതിനും മാത്രമാണെന്നു വാദിക്കുന്നവരും വിരളമല്ല, എന്നാൽ ഭൂരിഭാഗം മാതാപിതാക്കന്മാരും തങ്ങളുടെ കുട്ടികളെ അദ്ധ്യാനിച്ചു പണിയെടുത്തു പഠിപ്പിക്കുന്നതു് അവനു് ഒരു ജോലി കിട്ടുവാൻ വേണ്ടിയാണു്.

പാടീടട്ടെ!

എൻ. കെ. ബാലകൃഷ്ണപ്പണിക്കർ

(കുറത്തി)

പുഞ്ചിരിക്കും പൂനിലാവിൽ, മുല്ലമലർ വീണ
പഞ്ചസാരപ്പൂഴിമണ്ണിൽ ഞാൻ തനിച്ചിരുന്നു.
ഭ്രാന്തനാക്കിത്തീർത്തിടുന്ന വേദനകളെന്റെ
താന്തമാകും മാനസത്തിൽ തീക്കനൽ ചൊരിഞ്ഞു.

താരകങ്ങൾ മങ്ങി മിന്നും ചക്രവാളത്തിന്റെ
മാറിൽ ഞാനെൻ ജീവിതം പ്രതിഫലിച്ചു കണ്ടു.
മൂകമാണെൻ ചുറ്റു, മൊരു ജീവിപോലുമില്ല
ആകുലമാമെൻ മനസ്സിൻ സ്പന്ദനങ്ങൾ കേൾക്കാൻ!

കാർമുകിൽ നിരകൾ തന്റെ പിന്നിൽനിന്നും [പോന്നു.
വെണ്മതീ പരത്തി പാരിൽ പൂനിലാവു നീളെ!
താരണിഞ്ഞ പാലമരക്കൊമ്പിൽനിന്നും പൊങ്ങി,
ആരെയോ ഹാ കാത്തിരിക്കും രാക്കിളിതൻ ഗാനം.
അല്ലലിങ്കൽ ചേർന്നലിഞ്ഞൊരാമധുര രാഗ__
പല്ലവിയെൻ കാതിൽ വന്നലച്ചു വീണ്ടും വീണ്ടും.

ചെറുവിട കഴിഞ്ഞു പൂനിലാവു കാറിലാണ്ടു;
അറു വീഴ്ച മാശകളിൽ വീഴുകയായ് ഞാനും!
പൊൻകിനാവിൻ ചോലയിൽ ഞാനാണ്ടു [പാടീടട്ടെ
എൻ കരളിൻ പൂങ്കുരളെ നിന്നെയോർത്തു വീണ്ടും!


സമുദായ സേവനമായിരിക്കണം വിദ്യാഭ്യാസത്തിന്റെ മറെറാരു ലക്ഷ്യം. വിദ്യാഭ്യാസത്തെ വെറും ഉദരപൂരണത്തിന്നായി മാത്രം ഉപയോഗപ്പെടുത്തിക്കൂടാ. ഇന്നു നാം ജീവിക്കുന്നതു് ശാസ്ത്ര യുഗത്തിലാണു്. പണ്ടത്തെ ലോകം ചെറുതായിരുന്നു.എന്നാൽഇന്നു നാം അതിവിപുലമായ ഒരു ലോകത്തിലാണു് ജീവിക്കുന്നതു്. സമുദായത്തിന്റെ നന്മക്കുവേണ്ടി പലതും നാം ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. അതിന്നാവശ്യമായ അറിവു് വിദ്യാഭ്യാസംവഴി ഉണ്ടാകണം. സമുദായത്തെ സേവിക്കുവാൻശാസ്ത്രംമുതലായവതിച്ചയായും പഠിച്ചേ മതിയാകൂ. രോഗങ്ങൾ മുതലായവക്കു് ഔഷധങ്ങളും മറും ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ശാസ്ത്രീയമായ ജ്ഞാനവും അത്യന്താപേക്ഷിതമാണു്. സ്വതന്ത്ര ഇന്ത്യയിലെ ഏതൊരു പൗരനും ഇന്ത്യൻ പ്രധാനമന്ത്രിയോ, പ്രസിഡണ്ടോ ആകുവാനുള്ള അവകാശമുണ്ടു്. അതിനാൽ ഓരോ പൗരന്റേയും ബാധ്യതകൾ വളരെ കൂടുതലാണു്. നമ്മൾക്കു് ആത്മാഭിമാനത്തോടെ ജീവിക്കണം. ഇതിനും പുറമെ നമ്മുടെ ആവശ്യങ്ങൾ നിരവധിയാണു്. അതിനാൽ പുതിയ പുതിയ ബാധ്യതകളെ നിറവേറുന്നതിനു് ഒരു പൗരനെ സഹായിക്കുവാൻ ഉതകുന്നതായിരിക്കണം വിദ്യാഭ്യാസം.

കലാമൂല്യങ്ങൾ, സാഹിത്യം മുതലായവ ആസ്വദിക്കുവാൻ ഒരുവനു വേണ്ട ജ്ഞാനം വിദ്യാഭ്യാസം വഴി ഉണ്ടാകണം. പുരാതന കലാസൃഷ്ടികളിൽ ഇന്ത്യക്കു് മാന്യമായ ഒരു സ്ഥാനമാണുള്ളതു്. അതിൽ നാമൽ അഭിമാനം കൊള്ളുന്നു.

സംഗീതം സാഹിത്യം കല മുതലായവയെ പോഷിപ്പിക്കുവാനും തന്മൂലം എല്ലാവരിലും സുകുമാരകലകൾ ആസ്വദിയ്ക്കുവാനുള്ള ഒരു അഭിരുചിയും വിദ്യാഭ്യാസം വഴി നിർമ്മിക്കേണ്ടിയിരിക്കുന്നു. സുകുമാരകലകൾ ഇനിയും വികസിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ഏകദേശം നാലുലക്ഷം ഗ്രാമങ്ങളുള്ള ഒരു കാഷ്കരാജ്യമാണിന്ത്യ. അതിൽ അധിവസിക്കുന്ന 40 കോടി ജനങ്ങളിൽ 85 ശതമാനം ഗ്രാമീണരാണു്. അതിനാൽ ഗ്രാമങ്ങളാണു് ഇന്ത്യയുടെ ജീവനാഡി. ഗ്രാമീണരുടെ ജീവൽപ്രശ്നങ്ങൾക്കു് പരിഹാരമുണ്ടാക്കുവാനുള്ള ഒരു നവീന സാമൂഹ്യരീതി കെട്ടിപ്പടുക്കുവാൻ പ്രേരകമായിരിയ്ക്കണം ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം.

വിദ്യാഭ്യാസംകൊണ്ടു് സാമ്പത്തിക സാംസ്ക്കാരിക പുരോഗതി മാത്രം ഉണ്ടായാൽ പോര; അതോടൊപ്പം തന്നെ ആദ്ധ്യാത്മിക നിലവാരം കൂടി ഉയരേണ്ടിയിരിക്കുന്നു. വ്യക്തികളാണു് രാഷ്ട്രത്തിന്റെ ഘടകങ്ങൾ. അതിനാൽ ഓരോ വ്യക്തിയുടെയും സ്വഭാവം കൂടി നന്നാക്കേണ്ടിയിരിക്കുന്നു. സ്വഭാവരൂപീകരണത്തിന്നാവശ്യമായ ആദ്ധ്യാത്മിക ചിന്തയും മറും മനുഷ്യനിൽ ഉദ്ദീപിപ്പിക്കുവാൻ ആവശ്യമായ സംഗതികൾ വിദ്യാഭ്യാസം കൊണ്ടുണ്ടായേതീരു. സത്യസന്ധത, കൃത്യനിഷ്ഠ, അച്ചടക്കബോധം, അഹിംസ, ദൈവഭയം, വിനയം എന്നിവ ഒരു വ്യക്തിയിൽ ഉണ്ടാകുവാൻ ഉപകരിക്കുന്ന വിധത്തിൽ വിദ്യാഭ്യാസം സംവിധാനം ചെയ്യണം. ആരോഗ്യരക്ഷ, കൃഷി, കൈത്തൊഴിൽ, ശുചീകരണം, സ്വഭാവരൂപീകരണം, എന്നിവക്കു് വിദ്യാഭ്യാസത്തിൽ പ്രമുഖസ്ഥാനം നൽകണം. അങ്ങനെ പ്രായോഗിക പരിജ്ഞാനവും, കർമ്മധീരതയും, സത്യസന്ധതയും ഉള്ള സംതൃപ്തരായ അനേകായിരം യുവജനങ്ങളിലാണു് ഇന്ത്യയുടെ ഭാവി നിലകൊള്ളുന്നതു്.



It times the Olympic Gagmes!

Seamaster

No other watch, today, brings with it such a record for precision. This is backed by a world-guarantee of satisfactory service.

Phone-718 Price Rs. 405/-

PRABHAT WATCH Co.

S. M. Street KOZHIKODE-1

Official **OMEGA** Dealer

കലാശാലകളിലെ അദ്ധ്യാപനഭാഷ

സുകുമാരൻ പൊറെറക്കാട്ട്

വിദ്യാഭ്യസത്തിന്റെറ പരമമായ ലക്ഷ്യം അതുൾക്കൊള്ളുന്ന സമുദായത്തിന്റെറ ആത്മീയവും ഭൌതികവുമായ പുരോഗതിയാണു്. ഏതു രാജ്യത്തിന്റെറ വിദ്യാഭ്യാസഘടന പരിശോധിച്ചാലും അതിന്റെറ പശ്ചാത്തലമായ സാമൂഹ്യസംവിധാനത്തിന്റെറ ആവശ്യങ്ങൾ നമുക്കു ബോധ്യപ്പെടാതിരിക്കില്ല. ഭരണാധികാരി വർഗ്ഗത്തിന്റെറ ആവശ്യങ്ങൾ മാത്രം പ്രമാണമാക്കി വിദ്യാഭ്യാസരീതിക്കു രൂപം കൊടുക്കുന്ന സമ്പ്രദായവുമുണ്ടു്. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടേയും ബ്രിട്ടീഷ് ഭരണത്തിന്റെറയും ആവശ്യത്തിന്നതകമാറു് ഗുമസ്തന്മാരെ വാത്തെടുക്കുവാൻ മെക്കോളെ അവതരിപ്പിച്ച വിദ്യാഭ്യാസരീതി ഇതിന്നുദാഹരണമാകുന്നു. ആവശ്യം സാമാന്യസമുദായത്തിന്റെറയോ ഭരണാധികാരിവർഗ്ഗത്തിന്റെറയോ ആരുടേതായാലും ശരി, പരിനിഷ്ഠിതമായ ചില ആവശ്യങ്ങളാണു് വിദ്യാഭ്യാസഘടനക്കും അതിന്റെറ കാലോചിതമായ പരിവർത്തനങ്ങൾക്കും ഉത്തരവാദപ്പെട്ടതെന്ന വസ്തുത അനിഷേധ്യമാകുന്നു.

ആവശ്യത്തെക്കുറിച്ചു ബോധമില്ലാതെ വെറും 'ഫാഷനു'വേണ്ടി വിദ്യാഭ്യാസപരിവർത്തനത്തിന്മേൽ കൈവെയ്ക്കുവാൻ തൽപരമുള്ള ഗവർമ്മേണ്ടുകൾ എവിടേയും മുതിന്നിട്ടില്ല. ചൈനയിൽ കമ്മ്യൂണിസ്റ്റുകാർക്കു് ഭരണം കിട്ടിയ ശേഷം ആദ്യം ചെയ്ത കൃത്യം 'ബൂഷ്വാ ജനാധിപത്യം' തച്ചുടയ്ക്കുകയോ 'നാട്ടുവാഴി ദുഷ്പ്രഭുത്വം' തകർത്തൊട്ടുക്കുകയോ ഒന്നുമല്ല. സോഷ്യലിസം സ്ഥാപിയ്ക്കുന്നതും അതിനു തക്ക വിധം രാജ്യത്തെ പാകപ്പെടുത്തുവാനും കുറച്ചുകാലം പിടിയ്ക്കും, 20 കൊല്ലമെങ്കിലും പിടിയ്ക്കാതെ നിവൃത്തിയില്ലെന്നു ചെയർമാൻ മാവോ സെ തുങ്ങ് തുറന്നുപറഞ്ഞു. പക്ഷെ പരോക്ഷമായെങ്കിലും കോമിൻടാങ്ങിനോടും ചൃാങ്കൈഷെയോടും ബഹുമാനം ജനിപ്പിക്കുന്ന പാഠപുസ്തകങ്ങൾ നീക്കി തൽസ്ഥാനത്തു് മാവോവിനേയും ജനകീയജനാധിപത്യത്തേയും വാഴ്ത്തുന്ന പാഠപുസ്തകങ്ങൾ പ്രചരിപ്പിക്കുവാൻ അദ്ദേഹം ഒട്ടും കാലതാമസം വരുത്തിയില്ല. തെററായാലും ശരിയായാലും വ്യക്തമായ ചില ആവശ്യങ്ങളാണു് മാവോവിന്റേയും മെക്കോളെയുടേയും വിദ്യാഭ്യാസപരിഷ്കാരങ്ങൾക്കു നിദാനം, പുതുമയെ പുതുമയ്ക്കുവേണ്ടി അവർ ആശ്ലേഷിച്ചതല്ല.

പക്ഷെ കേരളത്തിന്റെറ ദുരവ്യോഗമെന്നു പറയട്ടെ, ഒരു കക്ഷിയ്ക്കു പകരം മറെറാരു കക്ഷി ഭരണാധികാരമേറെറതോടെ എല്ലാം മാറണമെന്ന ഒരു വിടാവാശി കണ്ടു തുടങ്ങിയിട്ടുണ്ടു്. എല്ലാ രംഗങ്ങളിലും ഒരുപോലെ. വിദ്യാഭ്യാസരംഗത്തേയും ഇതിൽനിന്നൊഴിവാക്കിയിട്ടില്ല. ഈ പരിവർത്തനോത്സാഹം മതിയായ ആവശ്യത്തിന്റെറ പേരിലല്ലെന്നു തന്നെയല്ല, ആവശ്യങ്ങളെ അവഗണിച്ചുകൊണ്ടു കൂടിയാണെന്നത്രേ കട്ടത്തടയനീയത. കേരളത്തിന്റെറ ഏറെറവും വലിയ ആവശ്യമാണു് തന്മൂലം അവഗണിയ്ക്കപ്പെട്ടുന്നതെന്ന വസ്തുത പ്രശ്നത്തിന്റെറ ഗൌരവം വിഡ്ഢിപ്പിയ്ക്കുന്നു.

ഭാരതത്തിന്റേറയും കേരളത്തിന്റേയും ലോകത്തിന്റെറ ഇതര ഭാഗങ്ങളുടേയും ആവശ്യം ഒന്നാണോ? ആത്മീയമോ മൌലികമനുഷ്യത്വത്തിന്റേറതോ ആയ ആവശ്യങ്ങളല്ല, ഭൌതികമായ ആവശ്യങ്ങളാണു് എന്റെറ വിവക്ഷ. ഭാരതത്തിനും കേരളത്തിനുമിടയ്ക്കു് വലിയൊരു കിടക്കുണ്ടു്. ഈ ഉൾക്കിടലിന്റെറ വീതിയെക്കുറിച്ചു മാത്രമേ അഭിപ്രായഭേദമുള്ളൂ. ഉൾക്കടലല്ല, അതൊരു മഹാസമുദ്രം തന്നെയാണെന്നു വരുത്തി ഭരണാധികാരത്തിലേറിയകക്ഷിയാണു് കേരളത്തിലെ കമ്മ്യൂണിസ്റ്റ്പാർട്ടി. കേരളത്തിന്റേറയും ഭാരതത്തിന്റേറയും പ്രശ്നങ്ങൾ പാടെ ഭിന്നമാണെന്നു് ഊന്നിപ്പറയുവാൻ ഒരവസരത്തിലും അവർ മറന്നിട്ടില്ല. അഖിലേന്ത്യയുടെ കൈകാര്യകർത്തൃത്വത്തിനിടയ്ക്കു് കേരളത്തിന്റെറ കാര്യം കോൺഗ്രസ്സിന്റെറ ശ്രദ്ധയിൽനിന്നു വഴുതിപ്പോയിരിയ്ക്കുയാണെന്നു അവർ പ്രചരിപ്പിച്ചു. തിരഞ്ഞെടുപ്പുകാലത്തു മാത്രമല്ല, ഭരണമേറെറതിനു ശേഷവും ഈ മുദ്രാവാക്യം കമ്മ്യൂണിസ്റ്റ്പാർട്ടി വിട്ടിട്ടില്ല. 'യോജന'യുടെ പ്രതിനിധിയും മുഖ്യമന്ത്രി ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടും തമ്മിലുള്ള അഭിമുഖസംഭാഷണം നോക്കുക. (യോജന, മെയ് 19,1957) "കേരളത്തിന്റെറ പ്രശ്നങ്ങൾ മറുനാടുകളുടേതിൽനിന്നു വളരെയേറെ വ്യത്യസ്തമാണു്. അതുകൊണ്ടു് വ്യത്യസ്തമായ രീതിയിൽത്തന്നെ അവ കൈകാര്യം ചെയ്യേണ്ടതുമുണ്ടു്." ആവർത്തിച്ചാവർത്തിച്ചു 'യോജന'യുടെ പ്രതിനിധിയോടു് മുഖ്യമന്ത്രി പറഞ്ഞ വാക്കുകളാണിവ. കേരളത്തിന്റെറ ആവശ്യങ്ങൾ ഭിന്നമാണെന്ന ഒരു രാഷ്ട്രീയബോധം അദ്ദേഹത്തിനുണ്ടെന്നുവേണം ഇതിൽനിന്നനുമാനിക്കുക. പക്ഷേ ഹൃദയത്തിലുന്നിയ ഒരു ബോധമാണതെന്നു മുഖ്യമന്ത്രിയുടെ മറുപ്രസ്താവനകളിൽനിന്നു വെളിപ്പെടുന്നില്ല — വിദ്യാഭ്യാസനയപ്രസ്താവനയിൽനിന്നു വിശേഷിച്ചും.

കലാശാലകളിലെ അദ്ധ്യാപനഭാഷ മലയാളത്തിലേയ്ക്കു പരിവർത്തനം ചെയ്യണമെന്നു് കേരളത്തിലെ കമ്മ്യൂണിസ്റ്റ്ഗവർമ്മേണ്ടു് ആഗ്രഹിക്കുന്നു. തുടരിലെ അദ്ധ്യാപകർക്കൻവെൻഷനിൽ വെച്ചു് തങ്ങളുടെ ആ നയം മുഖ്യമന്ത്രി ഈയിടെ പ്രഖ്യാപിക്കുയുംചെയ്തിട്ടുണ്ടു്. ഇംഗ്ലീഷിന്റേറയും ഹിന്ദിയുടേയും സ്ഥാനത്തു് മാതൃഭാഷയായ മലയാളം അവരോധിയ്ക്കപ്പെടുക! അതൊരു നല്ല കാര്യമാണെന്നു് ദേശാഭിമാനപ്രചോദിതനായ ഏതു കേരളീയനും തോന്നിയേയ്ക്കും. ഒരു വിട്ടുവിചാരണയ്ക്കു മുതിരുമ്പോഴാണു് അതിലുൾക്കൊ

ള്ളുന്ന വൈഷമ്യങ്ങളുടെ വൈപുല്യം ബോധപ്പെട്ടുക.

സെക്കണ്ടറി വിദ്യാഭ്യാസ ഘട്ടത്തിലേയ്ക്കല്ല, കോളേജു വിദ്യാഭ്യാസത്തിനാണ് ഈ പരിഷ്ക്കാരം നിർദ്ദേശിക്കുന്നതെന്നു മറക്കാൻ പാടില്ല. ഇംഗ്ലീഷിലും ഹിന്ദിയിലും പിടിപാടുകുറഞ്ഞ, മലയാളത്തിൽ മാത്രം ഏറെക്കുറെ അവഗാഹം സിദ്ധിച്ച ബിരുദധാരികളെ സൃഷ്ടിക്കുകയെന്നതായിരിക്കും ഇതിന്റെ അനന്തരഫലം. കേരളത്തിന്റെ നാലു ചുമരുകൾക്കുള്ളിലൊതുങ്ങിനിന്നു പ്രവർത്തിയ്ക്കുയാണ് വേണ്ടതെന്നപക്ഷം ഇതിലുമധികം ഫലപ്രദമായ ഒരു വിദ്യാഭ്യാസമില്ല. ഇംഗ്ലീഷിലൂടെ ചിന്തിക്കാൻ പരിശീലിച്ച, നാട്ടു ഭാക്ഷകളോട് അവജ്ഞ പുലർത്തുന്ന ഉദ്യോഗസ്ഥവൃന്ദം കേരളഭരണത്തിന്റെ കാര്യക്ഷമതയ്ക്കു ഹാനികരമായിരിയ്ക്കും. ഒരു കാര്യം മാത്രമേ ചിന്തനീയമായുള്ളൂ. മുഴുവൻ പേർക്കുമില്ലെങ്കിലും കേരളത്തിൽ നിന്നു പഠിച്ചുവരുന്ന ഗണ്യമായ ഒരു ശതമാനം അഭ്യസ്തവിദ്യർക്കെങ്കിലും ഇവിടെ പറ്റിയ ജോലി നൽകാൻ സാഹചര്യമുണ്ടോ, സാഹചര്യം സൃഷ്ടിക്കുവാൻ സ്റ്റേറ്റു ഗവമേണ്ടിനു കഴിയുമോ?

കേരളീയരായ അഭ്യസ്തവിദ്യരുടെ ഒരു ചെറിയ ശതമാനം മാത്രമേ ഇന്നു പശ്ചിമഘട്ടത്തിന്നിപ്പുറം തങ്ങിനില്ക്കുന്നുള്ളൂ. വാളയാറിനും അലകടലിനുമപ്പുറത്താണ് ബഹു ഭൂരിഭാഗം അഭ്യസ്തവിദ്യരുടേയും വിഹാരം. അവരുടെ ബുദ്ധിവികാസത്തിനു തക്ക ജീവിത വൃത്തികൾ നൽകി ആകർഷിച്ചു നിർത്തുവാൻ കേരളത്തിനു കഴിവില്ല. കമ്മ്യൂണിസ്റ്റും പഞ്ചവൽത്സര പദ്ധതികൾ തന്നെ പലതും കയറി മറിഞ്ഞാലും ആ കഴിവ് കേരളത്തിന്നുണ്ടാവുകയുമില്ല.

ഏലവും കുരുമുളകും നാളികേരവും ചുക്കുമല്ല കേരളത്തിന്റെ ഏറ്റവും മികച്ച കേറ്റുമതി ദ്രവ്യം അഭ്യസ്തവിദ്യരാണ് കേരളത്തിൽ നിന്നു കേറ്റിയയക്കുന്നതിൽ ഒച്ചു വിലപ്പിടിപ്പുള്ള വസ്തു. ബുദ്ധിവികാസത്തിലും വിദ്യാഭ്യാസത്തിലും കേരളീയ ജനത ഭാരത ത്തിലെ ഇതര ജന വിഭാഗങ്ങളുടെ മുന്നണിയിൽ നിൽക്കുന്നു. സ്റ്റേറ്റു ഗവമേണ്ടുകളുടെ പ്രാദേശിക മനോഭാവം എന്തു തന്നെയായാലും കേരളീയനായ അഭ്യസ്തവിദ്യനു മറുനാട്ടിന്റെ വിശാലതയിൽ ഇന്നും സ്വാഗതം ലഭിച്ചുവരുന്നുണ്ട്. വ്യവസായ ശാലകളും വാണിജ്യ കേന്ദ്രങ്ങളും സക്കാരിതര സ്ഥാപനങ്ങളും അവരെ വിലമതിയോടെ ഇന്നും സ്വീകരിക്കുന്നു. ഹിന്ദിയുടേയും ഇംഗ്ലീഷിന്റേയും ചിറകുകളാണ് ആയ്വാവത്തിലും വിശ്വവിപുലതയിലും വിഹരിയ്ക്കുവാൻ മലയാളിയ്ക്കു കഴിവുനൽകുന്ന ശക്തി. പുതിയ വിദ്യാഭ്യാസ നയം മൂലം ആ ചിറകുകൾ ഗവമേണ്ടു അരുത്തെറിയുകയാണ്. കേരളത്തിന്റെ തിക്കുകളിലൂടെയും തിരക്കുകളിലൂടെയും അരിച്ചു നിങ്ങുവാൻ അഭ്യസ്തവിദ്യരെ നിർബന്ധിയ്ക്കുന്നുവെന്നല്ലേ ഇതിന്റെ പൊരുൾ? ആത്മഹത്യാപരമായ ഈ നയം വിശ്വസമ്പർക്കത്തിൽ നിന്നു മലയാളിയെ അകറ്റുകയും കേരളത്തിന്റെ വൈശ്വര്യത്തിനു കോടാലിവെക്കുകയും ചെയ്യും. 'ഐശ്വര്യപൂർണ്ണമായ ഒരു കേരളം പടുത്തുയർത്തുമെന്ന പ്രതിജ്ഞയോടെ ജനങ്ങളെ ആകർഷിച്ചു വോട്ടു നേടി അധികാരത്തിലേറിയ ഒരു കക്ഷിയും ആ കക്ഷിയുടെ ഗവമേണ്ടുമാണ് ഇതെല്ലാം ചെയ്യുന്നതെന്ന വസ്തുത രസാവഹമായിരിയ്ക്കുന്നു. ഒന്നുകിൽ, തിരഞ്ഞെടുപ്പു മാനിഫെസ്റ്റോവിനു അച്ചടിച്ച കടലാസ്സിന്റെ വിലപോലും അവർ കല്പിക്കുന്നില്ലാ അല്ലെങ്കിൽ, ശുദ്ധഗതി മൂലം അറിയാതെ പല ദുഷ്കൃത്യങ്ങളും ചെയ്യുപോകുന്നു.

കേരളത്തിലെ ഏറ്റവും മികച്ച വ്യവസായമാണ് വിദ്യാഭ്യാസം, ഏറ്റവും സുലഭമായ അസംസ്കൃതവിഭവം മനുഷ്യനും. അസംസ്കൃത വിഭവങ്ങൾ സംസ്കരിച്ചു പാകപ്പെടുത്തി വാണിജ്യോല്പന്നമായി രൂപാന്തരപ്പെടുത്തുമ്പോൾ ഏറ്റവും നിസ്സായകമായ വശം അതിന്റെ വില്പനയും വിപണിയുമാണ്. സാധാരണ വ്യവസായങ്ങളിലെന്നപോലെ വിദ്യാഭ്യാസവ്യവസായത്തിലും അടിസ്ഥാനപരമായ ഈ സത്യം വിസ്മൃതകോടിയിലേയ്ക്കു തള്ളപ്പെടേണ്ടതല്ല.

അംഗീകരണം ലഭിച്ച
നവീന പാഠ്യഗ്രന്ഥങ്ങൾ

1. ഭാരതീയ ശാസ്ത്രജ്ഞന്മാർ

ശാസ്ത്രീയ പുരോഗതിയ്ക്കായി ജീവിതസമർപ്പണംചെയ്ത ഭാരതീയ ശാസ്ത്രജ്ഞന്മാരുടെ അപദാനങ്ങളേയും നേട്ടങ്ങളേയും സമഗ്രമായി പ്രതിപാദിക്കുന്ന — മലയാള ഭാഷയിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത — ഒരു വിശിഷ്ടഗ്രന്ഥമാണിതു്. ഗ്രന്ഥകർത്താവൊ, മലയാണ്മയ്ക്കു പല പുത്തൻ കൃതികളും സംഭാവനചെയ്ത ശ്രീ. എസ്. കെ. ബാലകൃഷ്ണനാണ്. മലബാറിലെ ഹൈസ്കൂളുകളിൽ ഈ ഗ്രന്ഥം സാവ്രതികമായി ഉപയോഗിച്ചുവരുന്നു. വില 1 ക. മാത്രം.

2. ത്യാഗദേവത — തായാട്ടുശങ്കരൻ
(For High Schools)

3. കുട്ടികളുടെ കൃഷ്ണൻ — രാജൻ 0—12—0
(For High Schools)

കെ. ആർ. ബ്രദേഴ്സ്,

PHONE: 634 കോഴിക്കോട്

ഗുരുകുല വിദ്യാഭ്യാസം

പ്രാചീനഭാരതത്തിൽ അതിനുണ്ടായിരുന്ന സ്മാരപ്രതിഷ്ഠയും സമ്പ്രദായങ്ങളും

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഉപജീവനമാർഗ്ഗ സമ്പാദനം മാത്രമായിത്തീന്നിട്ടുള്ള ഇക്കാലത്തേയും, അതു് ജ്ഞാനസമ്പാദനത്തിനും, ലോകസേവനത്തിനും, ജീവിത ധർമ്മാനുഷ്ഠാനങ്ങളുടെ പരിശീലനത്തിനുമായി കരുതിയിരുന്ന പ്രാചീനകാലത്തേയും സ്ഥിതിഗതികൾ തമ്മിൽ ഒരു താരതമ്യപഠനത്തിനു് ആവശ്യവും ഔചിത്യവുമില്ല. ജനങ്ങൾ വളരെ കൂട്ടുകലാവുകയും, ജീവിതാവശ്യങ്ങൾ വർദ്ധിക്കുകയും, ലോകത്തിലെ വിവിധ ഭാഗങ്ങളുമായി ബന്ധപ്പെട്ട കൊണ്ടിരിക്കുകയും, യന്ത്ര സാമഗ്രികളും, സുഖഭോഗ വസ്തുക്കളും പ്രചുര പ്രചാരവുമായിട്ടുള്ള ഇക്കാലത്തു് ആയിരവും, രണ്ടായിരവും കൊല്ലങ്ങൾക്കപ്പുറമുള്ള ഗുരുകുല വിദ്യാഭ്യാസരീതിയെക്കുറിച്ചും, അന്നത്തെ പരിമിതമായ പഠന വിഷയങ്ങളേക്കുറിച്ചും ചിന്തിക്കുമ്പോൾ നമുക്കു് രണ്ടു വ്യത്യസ്ഥ ലോകങ്ങളുടെ പ്രതീതിയുണ്ടാവും. പലകാര്യങ്ങളിലും അവരേക്കാൾ നാം ഭാഗ്യവാന്മാരാണെന്നും, മുന്നണിയിലാണെന്നും, നാം അഭിമാനിക്കുന്നുണ്ടാവണം. ചിലസംഗതികളിൽ അതു് ന്യായമാണെന്നും സമ്മതിക്കാം. പക്ഷെ പലതും പ്രാചീന ഗുരുകുലസമ്പ്രദായത്തിൽ നമുക്കു് പകർത്താവുന്നതായിട്ടുണ്ടു്. ചിലതു നാം അറിഞ്ഞോ, അറിയാതെയോ പകർത്തിയിട്ടുമുണ്ടു്. ഉദാഹരണത്തിനു് 'ഹോസ്റ്റൽ' സമ്പ്രദായം കോളേജുകളോടനുബന്ധിച്ചു് ഹോസ്റ്റൽ ഏർപ്പെടുത്തുകയും അച്ചടക്കത്തിനു് വിധേയരായി വിദ്യാർത്ഥികൾ ആ ഹോസ്റ്റലുകളിൽ താമസിക്കുകയും ചെയ്യുന്നുണ്ടല്ലോ. അനേക നൂറ്റാണ്ടുകൾക്കു് മുമ്പുണ്ടായിരുന്ന തക്ഷശില, നളന്ദ എന്നീ പ്രാചീന സർവ്വകലാശാലകളിലെ ഗുരുകുല വിദ്യാഭ്യാസത്തിൽനിന്നു് വന്നതാണു് ഈ ഹോസ്റ്റൽസമ്പ്രദായമെന്നു് പറഞ്ഞാലതിലബദ്ധമില്ല. തക്ഷശിലയിലും, നളന്ദയിലും ഹോസ്റ്റൽ സമ്പ്രദായമുണ്ടായിരുന്നു. മറ്റൊരു വിധത്തിൽപറഞ്ഞാൽ ഗുരുകുല വിദ്യാഭ്യാസംതന്നെയും ഒരുവക ഹോസ്റ്റൽ ഏർപ്പാടുകളായിരുന്നു. വിദ്യാർത്ഥികളുടെ ജീവിതംതന്നെയും ഗുരുനാഥന്മാരുടെ നിയന്ത്രണത്തിലായിരുന്നു.

ഭാരതത്തിലെ ഗുരുകുലവിദ്യാഭ്യാസസമ്പ്രദായം എന്നാണാരംഭിച്ചതു്? അതിന്റെ ഘടനയും സ്വഭാവവും എന്തായിരുന്നു? അതിന്റെ പ്രാചീനതയെ തെളിയിക്കുന്നതിനു് ചരിത്രരേഖകൾ എന്തെല്ലാം ഇന്നു കിട്ടാവുന്നതായിട്ടുണ്ടു്. ഈവക പ്രശ്നങ്ങളെക്കുറിച്ചു് പരിശോധിച്ചാൽ അതിപുരാതനമായ ഋഗ്വേദം തന്നെയായിരിക്കും ഇതിനുള്ള ഒന്നാമത്തെ തെളിവു്. പ്രസിദ്ധഗ്രന്ഥകാരനും, ചരിത്രപണ്ഡിതനുമായിരുന്ന ശ്രീ. രമേശചന്ദ്രദത്തിന്റെ (ആർ. സി.ഡട്ട്) 'പ്രാചീനഭാരതീയസംസ്കാരചരിത്രം' എന്ന പ്രൌഢഗ്രന്ഥത്തിൽ അതിനെപ്പറ്റി ഇപ്രകാരം പറയുന്നു:—

'ഇന്നു് യൂറോപ്യൻ രാജ്യങ്ങളിലുള്ള യൂനിവേഴ്സിറ്റിയുടെ സ്ഥാനത്തു് അന്നു് ഭാരതത്തിൽ വിദ്യാപരിഷത്തുകളുണ്ടായിരുന്നു. യുവാക്കന്മാർ ഈ വിദ്യാപരിഷത്തുകളിൽ നിന്നാണു് വിദ്യാഭ്യാസം ചെയ്തിരുന്നതു്. ഇതിനു് ഋഗ്വേദത്തിൽതന്നെ പ്രമാണങ്ങളുണ്ടു്. ഈ പരിഷത്തുകൾ കൂടാതെ പണ്ഡിതന്മാരായ അദ്ധ്യാപകന്മാർ പ്രത്യേകം പാഠശാലകളേർപ്പെടുത്തി വിദ്യാർത്ഥികളെ ശേഖരിച്ചു് അദ്ധ്യയനം നടത്തിവന്നു. ഈ കൂട്ടികൾ ഗുരുവിനോടൊന്നിച്ചു് തന്നെ താമസിച്ചുയും ഗുരുവിന്റെ കുടുംബജോലികളുംചെയ്തുകൊടുത്തു് പത്തുപന്ത്രണ്ടുകൊല്ലം പഠനം നടത്തി കഴിവതു് ദക്ഷിണയും കൊടുത്തു് പഠിപ്പു് മതിയാക്കി പോവുകയും ചെയ്യും.

ഇതിൽനിന്നു് പ്രാചീനഭാരതീയർക്കു് ഉണ്ടായിരുന്ന വിദ്യാഭ്യാസതൃഷ്ണയും പഠിപ്പുനതിൽ നിലനിർത്തിയിരുന്ന ചിട്ടയും 5000 കൊല്ലങ്ങൾക്കുമുമ്പുതന്നെയും എത്രമാത്രമായിരുന്നെന്നു് വ്യക്തമാവും. സാക്ഷാൽ ശ്രീകൃഷ്ണൻപോലും ഗുരുകുലസമ്പ്രദായത്തിൽ വിദ്യാഭ്യാസം നടത്തിയതും ഗുരുവിന്നുവേണ്ടി വിറകിനുപോയതുമായ കഥയും ഈ അവസരത്തിൽ സ്മരണീയമാണു്.

ഗുരുകുലസമ്പ്രദായം അവരെങ്ങിനെ പാലിച്ചുവന്നു? എന്തുവ്യവസ്ഥകളുംഗീകരിപ്പിച്ചിട്ടു? ഗവർമ്മേണ്ടുഗ്രാന്റുകളോ; സഹായധനമോ, പരിശോധനാധികാരികളോ ഉണ്ടായിരുന്നോ? രാജാവിൻറേയോ, ഭരണാധികാരികളുടേയോ യാതൊരു നിയന്ത്രണവും ഗുരുകുലങ്ങൾക്കുണ്ടായിരുന്നില്ലെന്നും, എന്നാൽ പലപ്പോഴും അവരിൽനിന്നു് സഹായങ്ങൾ ലഭിച്ചിരുന്നുവെന്നും ബുദ്ധമതക്കാരുടെ 'ജാതകകഥകൾ' എന്ന ഗ്രന്ഥത്തിൽനിന്നു് മനസ്സിലാക്കാം. വിദ്യാർത്ഥികളിൽനിന്നു് ഫീസു് വാങ്ങിയിരുന്നു. പക്ഷെ ഫീസുകൊടുക്കാൻ മാർഗ്ഗമില്ലാത്തവർക്കും പഠിപ്പാൻ പ്രതിബന്ധമുണ്ടായിരുന്നില്ല. അങ്ങിനെയുള്ളവർ ഫീസിനുപകരം ഗുരുകുലത്തിനുവേണ്ടി ദേഹാദ്ധ്വാനം ചെയ്യണം. അതുകൊണ്ടു് പണക്കാരല്ലാത്തവർക്കും വിദ്യാഭ്യാസം സാദ്ധ്യമായിരുന്നു.

ഗുരുകുലവിദ്യാഭ്യാസം നാനാഭാഗങ്ങളിലും ഉണ്ടായിരുന്നു വെങ്കിലും അവ പൃത്തിയായ വിദ്യാഭ്യാസമായിരുന്നില്ല.

പി. വി. കെ. നെടുങ്ങാടി.

കേന്ദ്രീകൃതമായ അത്തരം ഉയന്ന പാണ്ഡിത്യം നേടുന്നതിന്നു് സർവ്വകലാശാലകളും അക്കാലത്തുണ്ടായിരുന്നു. അവയിൽ രണ്ടു സർവ്വകലാശാലകൾ–തക്ഷശിലയും നളന്ദയും–ലോകപ്രസിദ്ധമായിരുന്നുവല്ലോ. ഇന്ത്യയിൽനിന്നു മാത്രമല്ല ഗ്രീസ്സു്, ഈജിപ്തു്, ചൈന എന്നിവിടങ്ങളിൽനിന്നും വിദ്യാർത്ഥികൾ അവിടങ്ങളിൽ പഠിച്ചിരുന്നു. ഗുരുകുലവിദ്യാഭ്യാസം കഴിഞ്ഞാൽ കൂടുതൽ പാണ്ഡിത്യം നേടുന്നതിന്നു് ഈ സർവ്വകലാശാലകൾ ഉപയോഗപ്പെട്ടിരുന്നു. ഈ സർവ്വകലാശാലകളിലും ഗുരുകുല സമ്പ്രദായംതന്നെയാണംഗീകരിച്ചിരുന്നതു്.

പുരാണപ്രസിദ്ധമായ ഗാന്ധാരരാജ്യത്തിന്റെ തലസ്ഥാനമായിരുന്ന തക്ഷശില. പഞ്ചാബിലും,അതിർത്തിസംസ്ഥാനത്തിലുംകൂടി വ്യാപിച്ചുകിടന്നിരുന്ന ഗാന്ധാരരാജ്യത്തിന്റെ പേരിൽനിന്നാണു് ഇന്നത്തെ 'കാൻദഹാർ' എന്ന സ്ഥലപ്പേരുണ്ടായതെന്നു് പറയപ്പെടുന്നു.

ബുദ്ധമതഗ്രന്ഥങ്ങളിലൊന്നായ തിലമുഷ്ടിജാതകങ്ങൾ' തക്ഷശിലാ സർവ്വകലാശാലയെപ്പറ്റി ഏറ്റവുമധികം പ്രശംസിച്ചു പറഞ്ഞിട്ടുണ്ടു്. തക്ഷശിലയിൽ വിദ്യാഭ്യാസം ചെയ്യാത്ത ഒരാളെ അന്നു് പണ്ഡിതനായി കരുതിയിരുന്നില്ല. ഇന്ത്യയിലെ നാനാഭാഗങ്ങളിൽനിന്നും രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും മക്കൾപോലും വളരെ ബുദ്ധിമുട്ടുകൾ സഹിച്ചു് തക്ഷശിലയിൽ എത്തുകയും അവിടത്തെ അച്ചടക്കത്തിന്നു് വിധേയരായി പഠിയ്ക്കുകയും ചെയ്തിരുന്നു. അവിടത്തെ ഫീസായി വാങ്ങിയിരുന്നതു് 176 ഗ്രയിൻ തൂക്കമുള്ള ഒരു സ്വർണ്ണനാണയമായിരുന്നു. അതായതു് അതിന്നു് അന്നത്തെ ആയിരംകഷ്പണം വിലമതിയ്ക്കുമായിരുന്നു. സർവ്വകലാശാലയിലെ മുഴുവൻ ഫീസും, താമസച്ചിലവും ഇതിൽ ഉൾപ്പെട്ടതാം.

ആരംഭത്തിൽതന്നെ ഗുരുനാഥൻ ചോദിയ്ക്കും:—'നീ ഇപ്പോൾ ദക്ഷിണകൊണ്ടുവന്നിട്ടുണ്ടോ? അതോ നീ എനിയ്ക്കുവേണ്ടി ജോലിചെയ്യാൻ നിശ്ചയിക്കുന്നുവോ? ഫീസ്സു് ആദ്യമേ കൊടുത്തിരുന്നവരെ ഗൃഹങ്ങളിൽ താമസിപ്പിയ്ക്കും. അല്ലാത്തവർ ഗുരുവിന്നുവേണ്ടി പകൽ സമയം പലജോലിയും ചെയ്യണം. രാത്രിസമയത്തു് പഠനത്തിലേപ്പെടുകയും ചെയ്യും. ദേഹാദ്ധ്വാനം ചെയ്തുകൊണ്ടു് പഠിക്കുന്ന സമ്പ്രദായത്തിന്റെ ഒരു പരിണാമമാണു് ഇന്നത്തെ 'അടിസ്ഥാനവിദ്യാഭ്യാസ'മെന്ന പറയേണ്ടതില്ലല്ലോ. മാത്രമല്ല കോടീശ്വരന്മാരുടെ രാജ്യമായ അമേരിയ്ക്കയിൽ പോലും സർവ്വകലാശാലാവിദ്യാർത്ഥികൾ ദേഹാദ്ധ്വാനപരമായ ജോലികൾ ചെയ്തു് പണമുണ്ടാക്കിക്കൊണ്ടു് പഠനം നടത്തുന്നുണ്ടെന്നു് ഓർക്കുമ്പോൾ പ്രാചീനഭാരതീയസർവ്വകലാശാലകളിലെ ഈ സമ്പ്രദായം അപലപനീയമോ, ആക്ഷേപാർഹമോ ആയിരിക്കുന്നില്ല.

ഇങ്ങിനെ 'ദക്ഷിണ' മുൻകൂർ കൊടുത്തു് പഠിയ്ക്കുന്നവരും, 'ദേഹാദ്ധ്വാനം' ചെയ്തു പഠിയ്ക്കുന്നവരും തമ്മിൽ വ്യത്യാസമുണ്ടായിരുന്നില്ലെന്നുള്ളതാണു് ഗുരുകുലവിദ്യാഭ്യാസത്തിന്റെ പ്രത്യേകത കണിശമായ അച്ചടക്കത്തിന്നു് എല്ലാവരും ഒരുപോലെ പാത്രമായിരുന്നു. രാജകുമാരന്മാരും, സാധാരണക്കാരും അവിടെ വ്യത്യസ്ഥരായിരുന്നില്ല. കൊണ്ടുചെല്ലുന്ന സംഖ്യ–ദക്ഷിണ–ആദ്യമെ ഗുരുവിന്നുകൊടുക്കണം. സ്വന്തമായി പണം സൂക്ഷിച്ചുകൂടാ. ആഡംബരം അനുവദിയ്ക്കപ്പെട്ടിരുന്നില്ല. ബ്രഹ്മചര്യം നിർബ്ബന്ധമായിരുന്നു. ഇതു സംബന്ധിച്ചു് 'ജ്യാത്സനജാതകത്തിൽ' പറയുന്ന ഒരു സംഭവം ഇതിന്നുദാഹരണമാണു്. അന്നത്തെ കാശിരാജാവിന്റെ പുത്രനായ ജൂൻഹാ രാജകുമാരൻ തക്ഷശിലയിലെ വിദ്യാർത്ഥി ജീവിതകാലത്തു് ഒരു ബ്രാഹ്മണന്റെ ഭിക്ഷാപാത്രം അബദ്ധത്തിൽ തട്ടിയുടക്കുന്നതിന്നിടയായി. അപ്പോൾ വിഷണ്ണനായ ബ്രാഹ്മണൻ തനിയ്ക്കു് പകരം പാത്രം വാങ്ങിച്ചു തരണമെന്നാവശ്യപ്പെട്ടു. അതിന്നു് രാജകുമാരൻ പറഞ്ഞ മറുപടി ഇതായിരുന്നു:—

'ഇപ്പോൾ നിങ്ങളെ സഹായിയ്ക്കാൻ എന്റെ പക്കൽ യാതൊന്നുമില്ല. ഞാൻ ഇവിടെ ബ്രഹ്മചാരിയാണു്. (അതായതു് വിദ്യാർത്ഥി എന്നർത്ഥം) എന്നാൽ ഞാൻ കാശിരാജാവിന്റെ മകനാണു്. ഞാൻ എന്റെ രാജധാനിയിൽ തിരിച്ചുചെന്നശേഷം നിങ്ങൾക്കാവശ്യമായ പണം സന്തോഷത്തോടുകൂടി തരുന്നതായിരിക്കും.'

'തിലമുഷ്ടിജാതക'ത്തിൽ മറെറാരു കഥയുണ്ടു്. വിദ്യാർത്ഥികൾ ഗുരുവിനോടൊന്നിച്ചു് പുഴയിൽ സ്നാനത്തിന്നു്

നിങ്ങൾക്ക് ഭാവി സുരക്ഷിതമാക്കേണ്ടേ?

എങ്കിൽ ഉടൻ ഞങ്ങളെ സമീപിക്കുക! ചെറിയ തുകകളായി നിക്ഷേപിച്ചു, മെച്ചപ്പെട്ട തുകയായി വാങ്ങി ഭാവി സുരക്ഷിതമാക്കുക!

കൂടുതൽ വിവരങ്ങൾക്കു് അന്വേഷിക്കുക!

ഗുഡ്‌ലക്ക് ഫണ്ട്സ് ★ ചക്കോരത്തുകുളം,

ചെറോട്ട് ശ്രീധരൻ, കോഴിക്കോട്-6.

മാനേജിങ്ങ് പാർട്ടണർ.

പോയിരുന്നപ്പോൾ വഴിക്കുവെച്ചു ഒരു വിദ്യാർത്ഥി ഏതോ ഒരുവന്റെ പല ഹാരക്കടയിൽനിന്നു് ചിലതു് എടുത്തുതിന്നു. അതറിഞ്ഞ ഗുരുനാഥൻ മറ്റു രണ്ടു വിദ്യാർത്ഥികളേക്കൊണ്ടു് ആ വിദ്യാർത്ഥിയെ പിടിച്ചു് പുറത്തു കഠിനമായി വടികൊണ്ടടിച്ചു് പാകം വരുത്തി.

ഇതിൽനിന്നെല്ലാം അന്നത്തെ അച്ചടക്കവും, ശിക്ഷാരീതിയും ഏറെക്കുറെ മനസ്സിലാക്കാം. ഇന്നത്തെ മാതിരിതന്നെ അന്നും വിദ്യാർത്ഥികൾ അച്ചടക്കത്തിനെതിരായി പ്രവർത്തിച്ചിരുന്നുണ്ടെന്നും ഇതിൽ നിന്നതന്നെ തെളിയുന്നു. രണ്ടായിരം കൊല്ലം കഴിഞ്ഞിട്ടും മനുഷ്യസ്വഭാവത്തിൽ വലിയ മാറ്റമൊന്നും വന്നതായി പറഞ്ഞുകൂടാ.

ഗുരുകുല വിദ്യാഭ്യാസത്തിൽ, ഗൃഹസ്ഥാശ്രമംവിട്ടു് വാനപ്രസ്ഥാശ്രമം സ്വീകരിക്കുന്ന ബ്രാഹ്മണരും, മറ്റു മഹാന്മാരും വളരെ സഹായം ചെയ്തിട്ടുണ്ടു്. മോക്ഷേച്ഛക്കളായി അന്ത്യകാലം നയിക്കുന്ന അത്തരക്കാർ ആവശ്യമുള്ളവർക്കെല്ലാം വിദ്യാഭ്യാസം നല്കുന്നതിനു് സന്നദ്ധരായിരുന്നു. ഗാർഹിക വ്യാപാരങ്ങളിൽ നിന്നു് വേറിട്ടു് വാനപ്രസ്ഥത്തിലെത്തിയിട്ടുള്ള അവർക്കു് 'ദക്ഷിണയും' പ്രതിഫലവും ആവശ്യമായിരുന്നില്ല.

എന്തായിരുന്നു പ്രധാന പഠനവിഷയങ്ങൾ? ആരായിരുന്നു അദ്ധ്യാപകന്മാർ? എന്നീസംശയങ്ങളിലും നിഷ്കൃഷ്ടമായ ചരിത്ര വിവരണങ്ങളൊന്നും കിട്ടുന്നില്ല. എന്നാൽ വേദങ്ങളും, കലാവിദ്യകളും, തക്കമീമാംസ മുതലായവയും അവിടെ പഠിപ്പിച്ചിരുന്നു. പൊതുവായി പഠിപ്പിക്കുന്നതിനുപുറമെ ചില പ്രത്യേക വിഷയങ്ങളിൽ കൂടുതൽ വൈദഗ്ധ്യവും നേടുന്നതിനുവേണ്ടിയും സാധിച്ചിരുന്നു. ബ്രാഹ്മണരല്ലാത്തവരും അദ്ധ്യാപകന്മാരായിട്ടുണ്ടായിരുന്നു. ഉദാഹരണത്തിനു് 'ശരഭാഗജാതകത്തിൽ' ഒരു സംഭവം എടുത്തു് പറയുന്നുണ്ടു്. ജ്യോതിപാലരാജകുമാരൻ എന്ന വിദ്യാർത്ഥിയുടെ പഠനത്തിലുള്ള സാമർത്ഥ്യം കണ്ടു് സന്തുഷ്ടനായ ഗുരുനാഥൻ ആശിഷ്യനു് തന്റെ വില്ലും അമ്പും, ഖഡ്ഗവും പാരിതോഷികമായി നൽകിയെന്നാണു് ആ കഥ. ഏതായാലും ആ ഗുരു ബ്രാഹ്മണനല്ലായിരുന്നുവെന്നു് വ്യക്തമാണല്ലോ.

വേദങ്ങളും, കലാവിദ്യകളും അക്കാലത്തു് ബ്രാഹ്മണർക്കു് കുത്തകയായിരുന്നു എന്നു് കരുതുന്നതിനും മാർഗ്ഗമില്ല. അങ്ങിനെയാണെങ്കിൽ രാജകുമാരന്മാരും, മറ്റു സാധാരണക്കാരും ആ സർവ്വകലാശാലയിൽ ഇത്രയും താല്പര്യപൂർവ്വം പഠിയ്ക്കാനിടയില്ലല്ലോ. അതുപോലെ അബ്രാഹ്മണനായ ഗുരുനാഥനുണ്ടാവാനും വയ്യ. തക്ഷശിലാ സർവ്വകലാശാലയിൽ പ്രധാനഗുരുവിന്റെ കീഴിൽ നിരവധി മഹാപണ്ഡിതന്മാർ ഗുരുനാഥന്മാരായിട്ടുണ്ടായിരുന്നു. അവരിൽ ചിലരുടെ കീഴിൽ 500 വിദ്യാർത്ഥികളോളം പഠിച്ചിരുന്നുവെന്നു് ജാതകകഥകളിൽനിന്നു് മനസ്സിലാക്കാം.

തക്ഷശിലയിലോ, നളന്ദയിലോ വിദ്യാർത്ഥിനികൾ ഉണ്ടായിരുന്നതായി പ്രത്യേകം പറഞ്ഞുകാണുന്നില്ലെങ്കിലും ആ കാലങ്ങളിൽതന്നെ സ്ത്രീവിദ്യാഭ്യാസത്തിലും ഭാരതം മുന്നിട്ടുനിന്നിരുന്നു എന്നതിനു് വളരെയധികം തെളിവുകളുണ്ടു്. ആ സ്ത്രീപാണ്ഡിത്യത്തിന്നാകട്ടെ ബുദ്ധമതത്തോളംതന്നെ പഴക്കവുമുണ്ടു്. ബുദ്ധമതം 4-ാംമണ്ഡലത്തിൽ 18മത്തെസൂക്തം രചിച്ചിട്ടുള്ളതു് 'വിശ്വവാര' എന്ന മഹതിയായിരുന്നു. അവർ അത്രി മഹർഷിയുടെ പുത്രിയാണെന്നതു് പുരാണപ്രസിദ്ധമത്രെ. അനസൂയ, ഗാർഗ്ഗി മുതലായ പൌരാണിക മഹിളാമണികളും അക്കാലത്തു് സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ ഇന്ത്യയുടെ സമുന്നതനിലയെ ഉദാഹരിയ്ക്കുന്നു. ശ്രീബുദ്ധന്റെ കാലത്തുതന്നെ സ്ത്രീകൾ ബുദ്ധഭിക്ഷുണികളായി സന്യാസം സ്വീകരിയ്ക്കുകയുണ്ടായിട്ടുണ്ടു്. അത്രയും ഉയർന്ന നിലയക്കാലത്തും സ്ത്രീകൾ കുണ്ടായിരുന്നു. 'ബൽഹണന്റെ' 'സുഭാഷിതാവലി', 'ശാർങ്ഗധരന്റെ' 'ശാർങ്ഗധരപദ്ധതി' മുതലായ ചരിത്രവിവരണങ്ങളടങ്ങിയ പ്രാചീന ഗ്രന്ഥങ്ങളിൽ ശീലാഭട്ടികാരിക, വജ്ജുക, മാതല, ഭാവദേവി, വിജയാങ്ക, വികടനിതംബ, അവനിസുന്ദരി മുതലായ ഭാരതീയ കവയിത്രികളെപ്പറ്റിയുള്ള ലഘുവിവരങ്ങൾ ലഭിക്കുന്നതാണു്. ശ്രീശങ്കരാചാര്യരും മണ്ഡനമിശ്രനും തമ്മിലുള്ള വാദപ്രതിവാദത്തിൽ മദ്ധ്യസ്ഥത വഹിക്കത്തക്ക പാണ്ഡിത്യമുണ്ടായിരുന്ന മണ്ഡനമിശ്രന്റെ പത്നി, ശാരദ ചരിത്രപ്രസിദ്ധിയാർജ്ജിച്ച വിദുഷിയായിരുന്നു.

ഗുരുകുലവിദ്യാഭ്യാസക്രമം ഋഗ്വേദകാലം മുതൽതന്നെ ആരംഭിച്ചതാണെന്നു് ആദ്യമെ പറഞ്ഞുവല്ലോ. അതു് ഏതുകാലംവരെ നിലനിന്നു എന്നു കൃത്യമായി പറയാൻ വയ്യ. ഇന്ത്യയിലേക്കുണ്ടായ മുസ്ലീം ആക്രമണത്തോടുകൂടി അതു് ഏറെക്കുറെ താറുമാറായി എന്നു് കരുതുന്നതിനു് കാരണങ്ങളുണ്ടു്. ഏതായാലും ക്രിസ്ത്വബ്ദം 7-ാംനൂറ്റാണ്ടുവരെയും ഗുരുകുല വിദ്യാഭ്യാസരീതി ഇന്ത്യയിൽ ഏറ്റവും ഉയർന്രീതിയിൽതന്നെ ഉണ്ടായിരുന്നു. പ്രസിദ്ധപ്പെട്ട ഈ സർവ്വകലാശാലയിൽ അക്കാലത്തു് —7-ാം നൂറ്റാണ്ടിൽ—പതിനായിരത്തോളം വിദ്യാർത്ഥികളുണ്ടായിരുന്നു. അവിടെ ദീർഘകാലം വിദ്യാഭ്യാസം ചെയ്ത സെൻചാങ്ങ് എന്ന ചീനയാത്രക്കാരനായ പണ്ഡിതൻ നളന്ദ സർവ്വകലാശാലയിലെ കുലപതിയായിരുന്ന ആചാര്യശീലഭദ്രനെക്കുറിച്ചു് ഇപ്രകാരം എഴുതിയിരിക്കുന്നു:—

'കുറച്ചുമുമ്പു് ഇന്ത്യയിൽനിന്നു് ഒരു രാജദൂതൻ മടങ്ങിവന്നപ്പോൾ മഹാനായിരുന്ന ആചാര്യശീലഭദ്രൻ നിര്യാതനായ വാർത്ത കേൾക്കാനിടയായി. ആ വാർത്ത എന്നെ അത്യധികം വ്യസനിപ്പിച്ചു, ഞാൻ ദുഃഖഗർത്തത്തിലാണ്ടു. ദേവന്മാരുടേയും, മനുഷ്യന്മാരുടേയും കണ്ണുകൾ കാഴ്ച മങ്ങിയതായി. അദ്ദേഹത്തിന്റെ തിരോധാനത്തിലുണ്ടായ ദുഃഖം എങ്ങിനെ വർണ്ണിയ്ക്കേണ്ടു?'

ഇന്ത്യയിൽ നിന്നു് സെൻചാങ്ങു് ചീനയിലേയ്ക്കു് മടങ്ങിയതു് ക്രിസ്ത്വബ്ദം 645-ൽ ആയിരുന്നുവെന്നു് ഒരു പ്രസിദ്ധഗ്രന്ഥകർത്താവും ചരിത്രാന്വേഷകനുമായ രാഹുൽസാംകൃത്യായനൻ പ്രസ്താവിക്കുന്നു. അതിനുശേഷമാണു് നളന്ദയിലെ ഈ കുലപതി നിര്യാതനായതു് എന്നു് ഇതിൽ നിന്നനുമാനിക്കാം. 'തക്ഷശില'യുടെ പ്രശസ്തി മങ്ങിയതിനു

അടിസ്ഥാന വിദ്യാഭ്യാസം

ജി.

1937-ലെ വാർദ്ധാ പദ്ധതിയനുസരിച്ച് മഹാത്മജി ആവിഷ്കരിച്ച ഒരു നൂതന വിദ്യാഭ്യാസ സമ്പ്രദായമാണ് അടിസ്ഥാന വിദ്യാഭ്യാസം.

അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ സമുന്നതമായ ലക്ഷ്യങ്ങളെപ്പറ്റി ലോകം ഗ്രഹിച്ചുകഴിഞ്ഞിട്ട് നാളുകളേറെയായെങ്കിലും അതിനെ സ്വാഗതം ചെയ്യുവാനോ പ്രോത്സാഹിപ്പിയ്ക്കുവാനോ ഇന്നത്തെ വിദ്യാഭ്യാസ ധുരന്ധരന്മാർ ശ്രമിച്ചുകാണുന്നില്ല. അടിസ്ഥാന വിദ്യാഭ്യാസത്തെ ഒരു നിയമമായിട്ടല്ല പുതിയൊരു നയമായിട്ടാണ് ചിലർ കരുതുന്നത്. ജീവിതത്തിലെ പരിവർത്തനോന്മുഖമായ ഒരു മാർഗ്ഗഘടകമായിട്ടല്ല, പുതിയൊരു വിദ്യാഭ്യാസ രീതി മാത്രമായിട്ടാണ മറ്റുചിലർ ചിന്തിക്കുന്നത്. ജീവിത വിജയ പ്രാപ്തിക്കു വേണ്ടിയുള്ള വിപ്ലവാത്മകമായ ഒരു വഴിത്താരയായും, നൂതനമായ ഒരു വിദ്യാഭ്യാസ സമ്പ്രദായമായും അടിസ്ഥാന വിദ്യാഭ്യാസത്തെ വിചിന്തനം ചെയ്യുന്നവർ ചുരുക്കമാണ്. അബദ്ധജടിലമായ ഒരു വിശ്വാസം മാത്രമാണിതെന്ന് കരുതുന്നവരുമില്ലാതില്ല.

ഗാന്ധിജിയുടെ സംഭവബഹുലമായ ജീവിതത്തിൽനിന്നും അടർത്തിയെടുത്തിട്ടുള്ള—പരിക്ഷണങ്ങൾക്കു വിധേയമായ—പ്രായോഗിക തത്വ സംഹിതകളിൽനിന്നും ഉടലെടുത്തിട്ടുള്ളതാണ് അടിസ്ഥാന വിദ്യഭ്യാസത്തിലെയും തത്വങ്ങൾ. അതു കൊണ്ടാണ് ചിന്തകരായ ജനങ്ങളുടെ ഇടയിലും അദ്ദേഹം ഈ പദ്ധതി പ്രചരിപ്പിക്കുവാൻ ശ്രമിച്ചത്.

വളർന്നു വരുന്ന തലമുറയുടെ വിദ്യാഭ്യാസത്തിനു് ഒരടിത്തറപാകുകയാണ് ഈ നൂതന രീതി ചെയ്യുന്നത്. ഇന്ത്യയുടെ പുരോഗതിയ്ക്കുള്ള അടിക്കല്ലുകളായ ഗ്രാമങ്ങളിൽ നടപ്പിലാക്കാനുദ്ദേശിച്ചിരുന്നതു കൊണ്ടും ഒരുവന്റെ ദൈനംദിനാവശ്യങ്ങളെ സ്വയം തീർക്കുവാനുള്ള കഴിവു നല്കുവാൻ ഈ രീതിക്കു സാദ്ധ്യതയുള്ളതു കൊണ്ടുമാണ് ഇതിനെ അടിസ്ഥാന വിദ്യാഭ്യാസമെന്നു പറയുന്നത്. സർവ്വോപരി, ഇതു് ആദ്യമായിട്ടുള്ളതും പ്രാധാന്യമർഹിക്കുന്നതും ആയതിനാൽ ഇതിനെയടിസ്ഥാന വിദ്യാഭ്യാസമെന്നു വിളിക്കുന്നു.

രാഷ്ട്രത്തിന്റെ എല്ലാ ഭാഗങ്ങളിലും ഈ സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ ഇതു് 'ദേശീയ' വിദ്യാഭ്യാസംകൂടിയാണ്. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലുള്ള ഒരു ജനായത്ത ഭരണകൂടം കെട്ടിപ്പടുക്കുവാൻ ഇന്ത്യയുടേതുതന്നെയായ സംസ്കാര പാരമ്പര്യങ്ങളെ നിലനിർത്തിക്കൊണ്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതിയായതിനാൽ ഇതിനെ ദേശീയ വിദ്യാഭ്യാസമെന്നു പറയുന്നതിൽ തെറ്റില്ല.

അടിസ്ഥാനവിദ്യാഭ്യാസത്തിനു ജീവിതദർശകളുമായിസഹവർത്തിത്വനയമാണുള്ളതു്. അതു അഞ്ചു ഘട്ടങ്ങളിലാണ്. മുതിർന്നവരുടെയും രക്ഷാകർത്താക്കളുടെയും വിദ്യാഭ്യാസത്തിൽ. കാരണം അവരാണല്ലൊ ശിശുക്കളുടെ ചെറുപ്പകാല

ശേഷമാണ് നളന്ദ ഉയർന്നതെന്നും കരുതാവുന്നതാണ്. അക്കാലങ്ങളിൽ ഇന്ത്യയിൽ ധാരാളം യുദ്ധങ്ങൾ നടന്നിരുന്നുവെങ്കിലും സാധാരണക്കാരുടെ ജീവിതത്തെയും, കൃഷി, വ്യാപാരം മുതലായവയേയും, വിദ്യാഭ്യാസ സ്ഥാപനങ്ങളേയും, എല്ലാ രാജാക്കന്മാരും ആദരിക്കുകയും, സംരക്ഷിക്കുകയും ചെയ്തിരുന്നുവെന്നതിനു് എത്രയെങ്കിലും തെളിവുകളുണ്ട്. യുദ്ധത്തിലും ഒരുമാതിരി ധാർമ്മികബോധവും, മര്യാദയും, സംസ്കാരവും പ്രാചീന ഭാരതീയർ നിലനിർത്തിയിരുന്നുവെന്നതു് ഭാരതരാമായണ ഗ്രന്ഥങ്ങളിലെ യുദ്ധവർണ്ണനങ്ങളിൽപോലും പ്രകടമായിക്കാണാം.

ഭാരതീയ സംസ്കാരത്തിന്റെ അടിത്തറ പടുത്തുയർത്തിയതു് ഗുരുകുല വിദ്യാഭ്യാസം മുഖേനയായിരുന്നു. നിർബ്ബന്ധപൂർവ്വമായ അച്ചടക്കം, ധർമ്മശാസ്ത്രങ്ങളുടെ പാരായണം. ബ്രഹ്മചര്യനിഷ്ഠ, അനാഡംബരത്വം, അദ്ധ്വാന ശീലം, ക്ലേശസഹനം എന്നിവയിൽ ജീവിതത്തിന്റെ ബാഹ്യമായും; ആന്തരമായുമുള്ള അടിത്തറ പടുത്തുയർത്തപ്പെട്ടിരുന്നു. ആ ജീവിതചര്യ ഓരോരുത്തരേയും, ഒരു ഋഷിതുല്യം വിനയവാനും, വിദ്വാനുമാക്കാൻ സഹായിച്ചു. ആ വിദ്യാഭ്യാസരീതിയും, പഠന വിഷയങ്ങളും ഇന്നത്തെ പരിതഃസ്ഥിതിയിൽ അനുകരണീയമല്ലെങ്കിലും, അച്ചടക്കം, അനുസരണം, ബ്രഹ്മചര്യം, അനാഡംബരത്വം, ധാർമ്മികബോധം മുതലായ ഗുണങ്ങൾ സ്വായത്തമാക്കുന്നതിൽ ആധുനിക വിദ്യാർത്ഥികൾ തങ്ങളുടെ പ്രാചീന പിതാമഹന്മാരിൽനിന്നും, ആചാര്യന്മാരിൽനിന്നും, പ്രചോദനമുൾക്കൊള്ളേണ്ടതുണ്ട്. ഗാന്ധിജി, ഡോ. രാജേന്ദ്രപ്രസാദ്, ഡോ. രാധാകൃഷ്ണൻ മുതലായ ഭാരതീയനേതാക്കന്മാർ മറ്റൊരു ഭാഷയിലാണെങ്കിൽ പോലും നമ്മുടെ വിദ്യാർത്ഥികളോടുൽബോധിപ്പിക്കുന്നതു്—ആ സംസ്കാരസമ്പത്തു് കൈവിട്ടുകളയരുതെന്നാകുന്നു. അതവർ ചെവിക്കൊള്ളുമെന്നും കരുതട്ടെ!

—:o:—

ത്തെ അദ്ധ്യാപകർ. രണ്ടാമത്, ശിശുക്കൾക്ക് ഏഴു വയസ്സാകുന്നതിനു മുമ്പുള്ള പരിശീലനത്തിൽ. മൂന്നാമത് യഥാർത്ഥത്തിലുള്ള അടിസ്ഥാനവിദ്യാഭ്യാസത്തിൽ ഇത് ഏഴു വയസ്സു മുതൽ പതിനഞ്ചു വയസ്സുവരെയുള്ള ഘട്ടത്തിലാണ്. നാലാമത് അടിസ്ഥാനവിദ്യാഭ്യാസത്തിനു ശേഷമുള്ള രണ്ടു വർഷങ്ങളിലും അഞ്ചാമത് ലോകരംഗത്തുള്ള പ്രവർത്തനകാലങ്ങളിലുമാണ്.

അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ വിജ്ഞാന വിനിമയനം പുസ്തകത്തെ ആസ്പദമാക്കിയല്ല, പ്രവർത്തനത്തെ ആസ്പദമാക്കിയാണ്. വീട്ടിലും സ്കൂളിലും സമൂഹത്തിലും ഇന്ന് ശിശുക്കൾക്ക് അറിവു ലഭിയ്ക്കുന്നു. അടിസ്ഥാനവിദ്യാഭ്യാസം ശിശുക്കളെ കേന്ദ്രീകരിച്ചാണ്, സിലബസിനെ കേന്ദ്രീകരിച്ചല്ല നടക്കുന്നത്. കുട്ടികളുടെ പ്രവർത്തനങ്ങൾക്ക് കഴിവും മിഴിവും നൽകാൻ അദ്ധ്യാപകനു കഴിയുന്നതിനാൽ അവന്റെ പ്രവൃത്തികളിൽ സഹകരണ മനോഭാവവും ഉദ്ദേശശുദ്ധിയും സംജാതമാകുന്നു. ബേസിക് സ്കൂളുകളിൽ പഠിപ്പിക്കുന്നത് തൊഴിലുകൾ മുഖേനയാണ്. കുട്ടിയുടെ പരിസരത്തിനനുയോജ്യമായ തൊഴിലവനു നൽകും. ഒരു സ്കൂളിൽ ഒരു പ്രധാന തൊഴിലും അതോടനുബന്ധിച്ചുള്ള ഉപതൊഴിലുകളും ഉണ്ടായിരിക്കും. അവയെപ്പറ്റി ശാസ്ത്രീയമായ രീതിയിൽ അദ്ധ്യയനം നടത്തി ഓരോന്നിനെപ്പറ്റിയും കൂടുതൽ കൂടുതൽ അറിവ് വിദ്യാർത്ഥികളിൽ ഉളവാക്കുന്നതിനു പരിചയം സിദ്ധിച്ച അദ്ധ്യാപകരെയായിരിക്കും നിയമിക്കുക.

ആരോഗ്യപരമായ ദിനചര്യകൾ സ്വീകരിക്കുക, സ്വാശ്രയശീലമുണ്ടാകുക, കൈത്തൊഴിൽ മുതലായവ അഭ്യസിക്കുന്നതുകൊണ്ട് ധനസമ്പാദനശേഷിയുണ്ടാകുക, സമുദായ മധ്യത്തിൽ വ്യക്തിത്വം സ്ഥാപിക്കാനുള്ള കഴിവു നേടുക. സൃഷ്ടിപരവും സാംസ്കാരികവുമായ രംഗങ്ങളിൽ പ്രവൃത്തിക്കാനുള്ള പരിചയം സമ്പാദിക്കുക. എന്നീ കാര്യങ്ങൾക്കുപയുക്തമാകത്തക്കവിധത്തിലാണ് അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ സിലബസ്സ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ ഇതോടനുബന്ധിച്ചു ഗണിതം, സയൻസ് ചരിത്രം ഭൂമിശാസ്ത്രം, ധനതത്വശാസ്ത്രം, കാവികാവ്യാസം എന്നിവ പഠിക്കുന്നതിനും സാധിക്കുന്നതാണ്.

എന്തിനെയെങ്കിലും പറ്റിയുള്ള കുറെ അറിവു സമ്പാദിക്കുക മാത്രമല്ല, ജീവിതത്തിലെ സാമ്പത്തികമായ തുറകളിലും വിജയം കൈവരിക്കുവാൻ വേണ്ടത്ര ത്രാണി നേടുക എന്നതാണ് വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത്. ഒരുവനു സ്വയം പര്യാപ്തമായ വിധത്തിൽ ജീവിതം നയിക്കുവാനാവശ്യമായ ധനസമ്പാദനശേഷിയുണ്ടാവാൻ കൂടിയാണ് വിദ്യാഭ്യാസം. സമുദായത്തിനു ചിന്തിക്കുന്ന ജോലിക്കാരും ജോലിചെയ്യുന്ന ചിന്തകരും ആവശ്യമാണ്. ഇന്നു തൊഴിലാളി ജോലി ചെയ്യുക മാത്രമാണ് ചെയ്യുന്നത്,

അഭ്യസ്തവിദ്യൻ തന്റെ കായികശക്തി ദുരഭിമാനം നിമിത്തം ഉപയോഗിക്കാതെ ചിന്തകനായി മാത്രം കഴിയുകയാണ്. ഈ നില മാറി ഒരു പുതിയ സമുദായത്തിൽ ഓരോ പുതിയ വ്യക്തികളെ സൃഷ്ടിക്കുകയാണു വേണ്ടത്. കായികമായും മാനസികമായും ഒരുവനുള്ള കഴിവുകൾ മുഴുവൻ അവൻ ഉപയോഗിക്കേണ്ടിയിരിക്കുന്നു. അതാണ് അടിസ്ഥാന വിദ്യാഭ്യാസം കൊണ്ടുള്ള നേട്ടം. വിദ്യാഭ്യാസം കൊണ്ടു സഭാവശുദ്ധീകരണമുണ്ടാകുന്നു. ഈ സഭാവശുദ്ധീകരണത്തിനു ശിരസ്സും, ഹൃദയവും, കൈകളും അത്യാവശ്യമാണ്. ഗാന്ധിജി പറയുന്നു:

"നമ്മുടെ വിദ്യാഭ്യാസ രീതിയിൽ സമൂലപരിവർത്തനം ആവശ്യമാണ്. ബുദ്ധി പ്രവൃത്തിക്കുവാൻ കൈകൾ ആവശ്യമാണ്. ഞാനൊരു കവിയായിരുന്നെങ്കിൽ ഈ അഞ്ച് വിരലുകളെ പ്രകീർത്തിക്കുമായിരുന്നു. നിങ്ങൾ മനസ്സിനു മാത്രം പ്രാധാന്യം നൽകുന്നതും കൈകാലുകൾക്കു വില കല്പിക്കാത്തതും എന്തുകൊണ്ടാണ്? സ്വന്തം കൈകളെ പ്രവൃത്തിക്കുവാനനുവദിക്കാതെ മാനസികമായി ചിന്തിക്കുകമാത്രം ചെയ്യുന്ന അവനു ജീവിതത്തിൽ സുഖിക്കുവാൻ സാദ്ധ്യമല്ല"

ഈ അസാധാരണവാക്കുകളിൽ എത്ര മാത്രം അസാമാന്യമായ ആശയമാണ് ഗാന്ധിജിയുൾക്കൊള്ളിച്ചിരിക്കുന്നത്.

അടിസ്ഥാന വിദ്യാഭ്യാസം വിപ്ലവാത്മകമായ ഒരു വിദ്യാഭ്യാസ തത്വമാണ്. കാരണം അതു മനുഷ്യനിൽ പരിവർത്തനമുണ്ടാക്കുന്നു. അടിസ്ഥാന വിദ്യാഭ്യാസം കൊണ്ട് ഒരു പുതിയ വ്യക്തി ജനിക്കുകയാണ്. സ്വയം നിയന്ത്രണപ്രാപ്തിയുള്ള, സ്വാശ്രയ ശക്തിയുള്ള, സ്വയം പര്യാപ്തിയുള്ള ഒരു പുതിയ മനുഷ്യൻ.

മനുഷ്യൻ അവനായിരിക്കണമെങ്കിൽ അവൻ തന്റെ വികാരങ്ങളെയും ആഗ്രഹങ്ങളേയും നിയന്ത്രിക്കണം. അവനവന്റെ ആഗ്രഹങ്ങളുടെ സഫലീകരണത്തിനായുള്ള വടം വലികളാണ് സമൂഹമെന്ന് നാം ദർശിക്കുന്നത്. മനുഷ്യന്റെ മൌലികാവശ്യങ്ങൾ ആഹാരം, വസ്ത്രം, അഭയസ്ഥാനം എന്നിവയാണ്. അവയ്ക്കുവേണ്ടി സമരം ചെയ്യുമ്പോൾ സ്വയം നിയന്ത്രണം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. തനിക്കു നേടേണ്ട കാര്യം ആവശ്യമാണോ ആഗ്രഹമാണോ എന്നു തീരുമാനിച്ചു സ്വയംപരിശ്രമം കൊണ്ടു നേടുവാൻ അടിസ്ഥാനവിദ്യാഭ്യാസം സിദ്ധിച്ച ഒരുവനു് എളുപ്പമാണ്.

അടിസ്ഥാന വിദ്യാഭ്യാസം മൂലം സ്വാശ്രയ ശീലമുണ്ടാകുന്നു. അവനവന്റെ ശക്തിയിൽ ഉറച്ചുനിന്നു കാര്യങ്ങൾ നേടുവാൻ സാധിക്കുന്നതുകൊണ്ടു മുതലാളിയെന്നോ തൊഴിലാളിയെന്നോ, ജന്മിയെന്നോ കുടിയാനെന്നോ ഉള്ള വ്യത്യാസം സമുദായമദ്ധ്യത്തിൽ നിന്നു ക്രമേണ അകന്നു പോകുവാനും ഇതു സഹായിക്കും. സ്വയംപര്യാപ്തിയുണ്ടാകുന്നു എന്നതാണ് ഇതിന്റെ മറ്റൊരു ഗുണം. വളർന്നുവരുന്ന ഒരു ശിശുവിനു് അവന്റെ ചെറുപ്രായത്തിൽത്തന്നെ കൈത്തൊഴിലുകൾ മുഖേന ചെറിയ തോതിൽ ധനം ശേഖരിക്കുവാൻ കഴിയുന്നു. ഇങ്ങിനെ വിദ്യ അഭ്യസിക്കുന്നതോടൊപ്പം ധനവും സമ്പാദിക്കാൻ കഴിയുന്നതുകൊണ്ട് അവന്റെ

സ്വന്തം കാര്യങ്ങൾ സ്വയം സ്വയം ചെയ്യുന്നതിനുള്ള സാധിക്കുന്നു. അടിസ്ഥാന വിദ്യാഭ്യാസം കൊണ്ട് ഒരുവൻ സമൂഹത്തിൽ ലയിക്കുകയാണ് ചെയ്യുന്നത്. രവീന്ദ്ര നാഥ ടാഗോർ വ്യക്തിയെ ഒരു ബക്കറ്റും പ്ര പഞ്ചത്തെ ഒരു മഹാസമുദ്രവുമായിട്ടാ താരതമ്യപ്പെടുത്തുന്നു. ബക്കറ്റ് വെള്ള ത്തിനടിയിൽ താഴ്ത്തുമ്പോൾ സമുദ്രജലം മുഴുക്കെ അതിനുള്ളിലായിട്ടും അതിന് ഘനം വളരെ കുറവായിത്തോന്നുന്നു. എന്നാൽ ജലം നിറച്ചുകൊണ്ട് അത് വെളിയിലേക്കെടുത്തുമ്പോൾ വലിയ ഭാരം അനുഭവപ്പെടുന്നു. ഇതുപോലെ ഒരു വൻസമൂഹത്തിൽ നിന്നും വേർപെ ട്ടനില്ലെ വളരെ ഭാരം അവനു തോന്നു ന്നു. എന്നാൽ സമൂഹത്തിൽ വിലയം പ്രാപിക്കുമ്പോൾ ആ ഭാരം കുറയുന്നു.

എന്താണ് മനുഷ്യന്റെ ലക്ഷ്യം? സ്വാതന്ത്ര്യം. ബാഹ്യവും ആന്തരിക വുമായ അടിമത്തത്തിൽ നിന്നുമുള്ള മോചനം. ഗാന്ധിജി ഇന്ത്യയുടെ സ്വാ തന്ത്ര്യത്തിനുവേണ്ടി മാത്രമല്ല ആത്മാ വിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടിയും കൂടിയാണ് ശ്രമിച്ചിട്ടുള്ളതു്. അതി നാൽ അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പരമായ ആശയങ്ങളിലും ജീവിതത്തി ലെ ആ പ്രതിഫലന മുണ്ടായതിൽ അ തിശയിക്കാനില്ലല്ലോ.

സമാധാനപരമായ ഒരു സാമൂഹ്യ വിപ്ലവമെന്ന പേരിൽ നമുക്കതിനെ സ്വാഗതം ചെയ്യാം. വിനോബാജി പറയുന്നു:

"അടിസ്ഥാന വിദ്യാഭ്യാസം അത്ഥ മാക്കുന്നതു് പുതിയ രീതികൾ വി ല മതിക്കപ്പെടുന്നു എന്നാണ്. മോഷണം തെറ്റാണെന്നു് പഴയ രീതി നമ്മെ പഠിപ്പിച്ചു വെങ്കിൽ മോഷണം മാത്രമല്ല, നിരുപ യോഗമായി ധനം ശേഖരിച്ചുവെയ്ക്കു ന്നതും തെറ്റാണെന്നാണ് ഈ പുതിയ അഭ്യസനം നമ്മെ ഗ്രഹിപ്പിക്കുന്നതു്. കായികവും മാനസികവുമായ തൊഴിലു കളിൽ മുമ്പു് വൈജാത്യം കല്പിച്ചി രുന്നു. ഈ പുതിയരീതി അവതമ്മിലുള്ള അന്തരം മാറ്റിയെന്നു തന്നെയല്ല അവ ഒന്നിൽ മറ്റൊന്നു ലയിച്ചിരിക്കുകയാ ണെന്നു സമർത്ഥിക്കുന്നു. പഴയതു് അതിനു വേണ്ടി മാത്രം നിലകൊള്ളുമ്പോൾ പുതിയതു് സമത പാലിക്കുന്നു. പഴയ രീതി ലക്ഷ്യിക്കും, ശക്തിക്കും, സരസ്വ തിക്കും മാന്യത കല്പിക്കുമ്പോൾ, പുതി യതു് സേവനത്തിന്റെ ഉപകരണമായ മനുഷ്യത്വത്തിനു്—ധനം, അധികാരം, അറിവു്; എന്നിവക്കു്—മഹത്വം ഘോഷിക്കുകയാണ് ചെയ്യുന്നതു്."

ഇന്നു് ഇന്ത്യയിൽ വിവിധസ്റ്റേറ്റു കളിൽ അടിസ്ഥാന വിദ്യാഭ്യാസത്തി ന്റെ ആരംഭമിട്ടിട്ടുണ്ട്. അ.വി. ത്തിനു് ഏറ്റവും കൂടുതൽ അഭിവൃദ്ധിയുണ്ടായി ട്ടുള്ളതു് ബീഹാറിലാണ്. അ വി ടെ അഞ്ഞൂറിലുപ്പത്തഞ്ചു ബേസിക് സ്കൂള കൾ, പോസ്റ്റ് ബേസിക് ഹൈസ്കൂളു കൾ (Post Basic High Schools), പത്തൊൻപതു ടെയിനിംഗ് സ്കൂളുകൾ ഒരു ബേസിക് ടെയിനിംഗ് കോളേജ് എന്നിവയുണ്ട്. കേരളത്തിലും അടി സ്ഥാന വിദ്യാഭ്യാസം പുരോഗമിക്കു മെന്നു പ്രതീക്ഷിക്കാം.

വിമർശനങ്ങൾ.

അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ വിജയ സാദ്ധ്യതയെ ചോദ്യം ചെയ്തു കൊണ്ട് പല വിമർശനങ്ങളും ഉണ്ടായി ട്ടുണ്ട്.

അടിസ്ഥാന വിദ്യാഭ്യാസത്തിൽ കൈത്തൊഴിലുകൾക്കു പ്രാധാന്യം നൽ കുന്നുണ്ടല്ലോ. ഈ കൈത്തൊഴിലുകൾ മുതലായവ നടത്തേണ്ടതിന്നാവശ്യ മായ അസംസ്കൃത പദാർത്ഥങ്ങൾ വെളിയിൽ നിന്നും വിലകൊടുത്തു വാങ്ങേണ്ടിയിരിക്കുന്നു. എന്നാൽ ഇവ യുപയോഗിച്ചു് കുട്ടികൾ നിർമ്മിക്കുന്ന ഉപകരണങ്ങൾ താരതമ്യേന മോശമായിരിക്കാനേ വഴിയുള്ളു. അപ്പോൾ അവ വിറ്റഴിയുന്നതെങ്ങിനെയാണ്? വിറ്റില്ലെങ്കിൽ നഷ്ടം സംഭവിക്കും. ഇവ നിർമ്മിക്കുന്ന വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ ഒരുപക്ഷേ കൗതുകം നിമിത്തം അവ ആദ്യകാലത്തു് വാങ്ങാൻ താല്പര്യം കാണിക്കുമായിരിക്കാം. എന്നാൽ അടിക്കടി അതിനു സാധിക്കാ തെവരുമ്പോൾ വെറുപ്പുതോന്നി ബേ സിക് സ്കൂളിലേക്കയക്കുന്ന കുട്ടിയെതിരി ച്ചുവിളിക്കാനും മതി.

പരിശീലകർക്ക് ആവശ്യമായ അസംസ്കൃതസാധനങ്ങൾ ലഭിക്കാതെ വന്നാലെന്തുചെയ്യും? അടിസ്ഥാന വിദ്യാഭ്യാസ കേന്ദ്രം സ്തംഭിച്ചുപോകും.

ബേസിക് സ്കൂളുകളിൽ പഠിപ്പിക്കു വാൻ സമർത്ഥരായ അദ്ധ്യാപകരെ എപ്പോഴും കിട്ടിയെന്നു വരികയില്ല. അതുപോലെ തന്നെ, ആഴ്ചയിൽ പത്തര മണിക്കൂറോളം തൊഴിൽ പരിശീലന ത്തിനെടുക്കുന്നു. എന്നാൽ അതേസമയം മറ്റു വിഷയങ്ങൾ പഠിപ്പിക്കുന്നതായി രിക്കും ലാഭകരം. മാതൃമല്ല, തൊഴില ഭ്യസനത്തിലും മറ്റും പാഠ്യപുസ്തകങ്ങ ളില്ലാത്തതിനാൽ എല്ലാം നിക്ഷിപ്തമാ യിരിക്കുന്നതു് അദ്ധ്യാപകനിലാണ്. അയാൾ ഒരു നല്ല സ്വഭാവക്കാരൻ അല്ലാതിരുന്നാൽ വിദ്യാർത്ഥിയുടെ സ്ഥിതി യെന്തായിരിക്കും?


ഇന്ത്യ വ്യാവസായികമായി പുരോ ഗമിക്കുന്ന ഈ സന്ദർഭത്തിൽ അടി സ്ഥാന വിദ്യാഭ്യാസത്തെ ഗ്രാമീണ ജീവിതവുമായി കൂടുതൽ ബന്ധപ്പെട്ട ത്താമോയെന്നതു് ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. കൂടാതെ ഇതിലേക്കുവേ ശ്യമായ സ്വല്പ ചെലവുകളും സ്റ്റോറ് വഹിക്കേണ്ടിയിരിക്കുന്നതിനാൽ മറ്റു വിദ്യാഭ്യാസ പ്രവർത്തനങ്ങളെ സഹാ യിക്കാൻ സാദ്ധ്യമാകാതെ വരുന്നു.

മാതൃമല്ല, ഏതെങ്കിലുമൊരു വിഷയ ത്തിൽ താല്പര്യമുള്ള ഒരുവനു്-ഒരു കലാ കാരനോ, ശാസ്ത്രജ്ഞനോ ആയിത്തീരാ നാഗ്രഹിക്കുന്ന ഒരുവനു്—കൈത്തൊഴി ലഭ്യസനം കൊണ്ടു് മുമ്പോട്ടു പോകു വാൻ സാദ്ധ്യമാണോ? ആലോചിക്കേ ണ്ടൊരു കാര്യമാണിതു്.


അങ്ങിനെ അടിസ്ഥാന വിദ്യാഭ്യാസ ത്തെസംബന്ധിച്ചു് അനുകൂലവും പ്രതി കൂലവുമായ നിരവധി അഭിപ്രായങ്ങൾ ഉണ്ടു്. ഏതായാലും വിദ്യാഭ്യാസ വിചക്ഷണരുടെ അടിയന്തിര ശ്രദ്ധ ഇതിൽ പതിയേണ്ടിയിരിക്കുന്നു.

—:o:—


കേരളത്തിലെ ചില കലാലയങ്ങൾ




1. ആയുർവ്വേദ കോളേജ്




2. ടെയിനിംങ്ങ് കോളേജ്



3. ഇൻറർമീഡിയറ്റ് കോളേജ്




4. ഇഞ്ചിനീയറിംഗ് കോളേജ്




5. മാർ ഇവാനിയോസ് കോളേജ്


കേരളത്തിലെ ചില കലാലയങ്ങൾ
(തുടച്ച്)




6. ടെക്സ്റ്റൈൽ ഇൻസ്റ്റിറ്റ്യൂട്ട്




7. യൂനിവേഴ്സിറ്റി കോളേജ്




8. കാർഷികകോളേജ് (പരിസരം)



9. ദേവഗിരി കോളേജ്



10. മഹാത്മാഗാന്ധി കോളേജ്



11. വിമൻസ് കോളേജ്

കേരളത്തിലെ ചില കോളേജുകൾ

ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്.

വളരെ എളിയ നിലയിലായിരുന്ന ഇന്നത്തെ ഗുരുവായൂരപ്പൻ കോളജിന്റെ തുടക്കം. 1877-ൽ കോഴിക്കോട്ടെ സാമൂതിരി രാജാവ് സ്വന്തം കുട്ടികൾക്കു പഠിക്കാനായി തളിയിൽ ഒരിംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു. ഓക്സ്ഫോർഡിൽ നിന്നും ബിരുദം നേടിയ ഒരു യൂറോപ്യനായിരുന്ന ആദ്യത്തെ ഹെഡ്മാസ്റ്റർ. 1878-ൽ എല്ലാ ഹിന്ദു കുട്ടികൾക്കും പ്രസ്തുത സ്കൂളിൽ ചേർന്നു പഠിയ്ക്കാമെന്നായി. കേരള വിദ്യാശാലയെന്ന് സ്കൂളിനു നാമകരണവും ചെയ്തു.

1879-ൽ കേരളവിദ്യാശാല ഒരു സെക്കൻഡ് ഗ്രേഡ് കോളജായുയർത്തപ്പെട്ടു. പിന്നീട്, കേരള വിദ്യാശാലയെന്ന പേരു് സാമൂതിരി കോളേജ് എന്നാക്കി മാറ്റി. 1904 വരെ സാമൂതിരി, സ്വയം കോളജിന്റെ ഭരണം നിർവ്വഹിച്ചു. 1915-ൽ കോളജു ജാതിമതഭേദമെന്യേ എല്ലാവർക്കുമായി തുറക്കപ്പെട്ടു. ഇന്നു കോളജു ഭരണം നിർവ്വഹിയ്ക്കുന്നതു് ബോർഡ് ഓഫ് മേനേജുമെൻറാണു്.

കോളജിനെ ഒന്നാം ഗ്രേഡാക്കി ഉയർത്താൻ 1952-ൽ ഗുരുവായൂർ ദേവസ്വം 5. ലക്ഷം ഉറുപ്പിക നല്കി. അതേ വർഷത്തിൽ ജൂനിയർ ബി. ഏ ക്ലാസ്സ് ആരംഭിച്ചു. ഗുരുവായൂർ ദേവസ്വത്തിൽ നിന്നുണ്ടായ സഹായങ്ങൾ, കോളജിന്റെപേർ ഗുരുവായൂരപ്പൻ കോളേജ് എന്നാക്കിമാറ്റാൻ കാരണമായി. ശ്രീ. എൻ. ടി. മാധവൻ നമ്പ്യാർ എം. ഏ. യാണിപ്പോൾ കോളേജു പ്രിൻസിപ്പാൾ.

ഗവൺമെണ്ട് വിക്ടോറിയാ കോളേജ്, പാലക്കാട്.

1866-ൽ സ്ഥാപിയ്ക്കപ്പെട്ട ഒരു ചെറുകിട സ്കൂൾ, 1877 ആയപ്പോഴേയ്ക്കും ഒരു ഗവ: ഹൈസ്കൂളായി മാറി. പാലക്കാട്ടെ ഗവൺമെണ്ടു വിക്ടോറിയാ കോളജിന്റെ തുടക്കമിങ്ങിനെയാണു്. 1884-ൽ ഗവ: പ്രസ്തുത ഹൈസ്കൂളിന്റെ ഭരണം മുൻസിപ്പൽ കൌൺസിലിനു വിട്ടു കൊടുത്തു.

1888-ൽ ഹൈസ്കൂൾ ഒരു സെക്കൻഡ് ഗ്രേഡു് കോളേജാക്കി ഉയർത്തപ്പെട്ടു. 1919-ൽ ആണു് ഗവൺമെണ്ടു് വീണ്ടും കോളജേറ്റെടുത്തതു്. 1925 ജൂലൈ 1-ാംനു മുതൽ കോളജ് 1-ാം ഗ്രേഡായി.

ഗവ: ബ്രണ്ണൻ കോളേജ്, തലശ്ശേരി.

ജാതിമതഭേദമെന്യേ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷു് വിദ്യാഭ്യാസം നല്കുന്ന ഒരു സ്കൂൾ സ്ഥാപിയ്ക്കാനും നടത്തുവാനുമായി എഡേർഡ് ബ്രണ്ണൻ തന്റെ വില്പത്രം വഴി നിക്ഷിപ്തമാക്കിവെച്ച 8,900 ക. കൊണ്ടാണു് 1862 സെപ്തംബർ 1-ാംനു ബ്രണ്ണൻ സ്കൂൾ സ്ഥാപിയ്ക്കപ്പെട്ടതു്.

1868-ൽ പ്രസ്തുത സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1882-ൽ ഗവ: സ്കൂളേറ്റെടുത്തു. 1884-ൽ സ്കൂൾഭരണം തലശ്ശേരി മുൻസിപ്പൽ കൌൺസിലിന്റെ കൈമതലയിലേയ്ക്കു മാറ്റപ്പെട്ടു. 1890-ൽ മുൻസിപ്പാലിറ്റി ഹൈസ്കൂളിനെ 2-ാം ഗ്രേഡ് കോളജാക്കി. 1919 വരെ മുൻസിപ്പൽ കൌൺസിൽ കോളേജു നടത്തി. അതിൽപ്പിന്നെ ഇന്നു വരെ ഗവൺമെണ്ടു തന്നെയാണു് കോളേജു നടത്തിവരുന്നതു്. 1947-ൽ കോളേജ് ഒന്നാം ഗ്രേഡാക്കപ്പെട്ടു.

ശ്രീ. സി. പി. കെ. തരകൻ എം. ഏ ആണു് ഇപ്പോഴത്തെ കോളേജു പ്രിൻസിപ്പാൾ.

മലബാർ ക്രസ്ത്യൻ കോളേജ്, കോഴിക്കോട്.

ബാസൽ എവാഞ്ചലിക്കൽ മിഷ്യൻ 1848 ൽ കല്ലായിലാരംഭിച്ച ഒരു പ്രൈമറി സ്കൂൾ ആണു് പില്ലാലത്തു് മലബാർ ക്രസ്ത്യൻ കോളേജായിത്തീർന്നതു്. 1872 ലെ പ്രൈമറിസ്കൂൾ മിഡിൽ സ്കൂളായി. 1878 ഹൈസ്കൂളായി. 1906 ലാണു് കല്ലായിൽ നിന്നും സ്കൂൾ ഇന്നു് കോളേജ് നിലക്കൊള്ളുന്ന സ്ഥലത്തേക്കു് മാറ്റപ്പെട്ടതു്. ഹൈസ്കൂളിനെ കോളേജാക്കി ഉയർത്തുകയായിരുന്ന ആ മാറ്റം കൊണ്ടുദ്ദേശിച്ചിരുന്നതു്. 1909 ൽ ഹൈസ്കൂൾ ഒരു രണ്ടാം ഗ്രേഡ് കോളേജായി. അന്നു് കോളേജ് അറിയപ്പെട്ടിരുന്നതു് ബാസൽ മിഷ്യൻ കോളേജ് എന്നപേരിലായിരുന്നു. 1956 ൽ കോളേജ് ഒന്നാം ഗ്രേഡായി.

മി. വി. ജെ. പാവമണി എം. ഏ. പി. എച്ച്. ഡിയാണു് ഇപ്പോഴത്തെ പ്രിൻസിപ്പാൾ.

ഫാറൂക്ക് കോളേജ്, ഫറോക്ക്.

ഫാറൂക്ക് കോളേജ്, വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന മുസ്ലീം സമുദായത്തെ ഉദ്ദേശിച്ചാണു് തുടങ്ങിയതു്. എങ്കിലും പ്രവർത്തിച്ചു തുടങ്ങിയതു് ജാതിമത ഭേദമെന്യേ എല്ലാവർക്കും ഉപയോഗിക്കാവുന്ന ഒരു സ്ഥാപനമായാണു്. 1948 ൽ റൌസത്തുൽ ഉലൂം അസോസിയേഷൻ കോളേജ് സ്ഥാപിച്ചു.

റൌസത്തുൽ ഉലൂം അസോസിയേഷനാൽ തിരഞ്ഞെടുക്കപ്പെട്ട ഏഴു പേരും സർവ്വകലാശാലയുടെ ഒരു പ്രതിനിധിയും കോളേജു പ്രൻസിപ്പാളുമടങ്ങിയ ഒരു സമിതിയാണു് കോളേജു ഭരണം നിർവ്വഹിക്കുന്നതു്.

ഗവൺമെണ്ട് ട്രെയിനിംഗ് കോളേജ്, കോഴിക്കോട്.

പ്രസ്തുത കോളേജ് 1950 ഗവ: വിക്ടോറിയാകോളേജിനോടനുബന്ധിച്ചാണു് സ്ഥാപിക്കപ്പെട്ടതു്. 1951 മെയ് മാസത്തിൽ കോളേജ് പാലക്കാട്ടു നിന്നും കോഴിക്കോട്ടേക്കു മാറ്റി. ഇപ്പോൾ കോളേജിനോടനുബന്ധിച്ചു് ഒരു മോഡൽ സ്കൂളും പ്രവർത്തിക്കുന്നുണ്ടു്.

പ്രൊവിഡൻസ് വിമൻസ് കോളേജ്, കോഴിക്കോട്.

1952ൽ സ്ഥാപിതം. 'അപ്പോസ്തലിക് കാർമൽ' ആണ് ഭരണം നിർവ്വഹിക്കുന്നത്. 1952ൽ ഒരു രണ്ടാം ഗ്രെയ്ഡ് കോളേജ് എന്ന നിലയ്ക്കാണ് ആരംഭിച്ചത്. 1955ൽ ഒന്നാം ഗ്രെയ്ഡായി ഉയർത്തപ്പെട്ടു.

മദർ എം. ഗബ്രിയേൽ എ. സി, ബി. എ. എൽ. ടിയാണ് പ്രിൻസിപ്പാൾ.

സെൻറ് തെരേസ്യാസ് കോളേജ്, എറണാകുളം.

കൊച്ചിയിലെ ആദ്യത്തെ വനിതാ കോളേജാണിത്. കർമ്മലീത്താ സഭയാണ് പ്രസ്തുത കോളേജ് സ്ഥാപിച്ചത്. 1925-ൽ ഒരു രണ്ടാം ഗ്രേഡ് കോളേജ് എന്ന നിലയ്ക്കാരംഭിച്ചു; 1927-ൽ ഒന്നാം ഗ്രെയ്ഡായി ഉയർത്തപ്പെട്ടു. കർമ്മലീത്താ സഭയുടെ മദർ ജനറാൾ ആണ് കോളേജിൻറെ ഭരണം നിയന്ത്രിക്കുന്നത്.

സിസ്റ്റർ എം. സിഗ്ന എം. ഏ യാണ് ഇപ്പോൾ പ്രിൻസിപ്പാൾ.

സേക്രഡ് ഹാർട്ട് കോളേജ്, തേവര.

സിറിയൻ കർമ്മലീത്താ സഭ 1944 ൽ ഈ കോളേജ് സ്ഥാപിച്ചു–എറണാകുളം പട്ടണത്തിൽനിന്നും മൂന്നു നാഴിക തെക്ക് നിലക്കൊള്ളുന്ന തേവരയിൽ. രണ്ടാം ആഗോളയുദ്ധം നടന്നുകൊണ്ടിരിക്കുന്ന കാലത്താണ് കേരളത്തിനനുഭവമായ മഹത്തായ നേട്ടങ്ങളിലൊന്നാണ് പ്രസ്തുത കോളേജ്.

1942 മുതൽക്കേ കോളേജ് സ്ഥാപനത്തിനു ശ്രമമാരംഭിച്ചിരുന്നു. ഭരണം നിർവ്വഹിക്കുന്നത് ഏഴംഗങ്ങളടങ്ങിയ ഒരു സമിതിയാണ്.

റവ:ഫാദർ ഫ്രാൻസിസ് സെയ്ൽ സി. ഡി, എം. എ, ആണ് ഇപ്പോഴത്തെ പ്രിൻസിപ്പാൾ.

സെൻറ് ആൽബർട്ട്സ് കോളേജ്, എറണാകുളം

സെൻറ് ആൽബർട്ട്സ് ഹൈസ്കൂളാണ് പിൽക്കാലത്ത് പ്രസ്തുത കോളേജായുയർന്നത്.

1946 ജൂലായ് 15-ാംനു-യാണ് ഒരു സെക്കൻഡ് ഗ്രെയ്ഡ് കോളേജ് എന്ന നിലയിൽ സെൻറ് ആൽബർട്ട്സ് പ്രവർത്തനം തുടങ്ങിയത്. 1951ൽ ഒന്നാം ഗ്രെയ്ഡ് കോളേജായുയർത്തപ്പെട്ടു.

ഇപ്പോഴത്തെ പ്രിൻസിപ്പാൾ റവ: ഫാദർ സേവിയർ കണിയാമ്പറമ്പിൽ ആകുന്നു.

സെൻറ് മേരീസ് കോളേജ്, തൃശ്ശൂർ.

കർമ്മലീത്താ സഭ പൊതുജനങ്ങളുടെ സഹകരണത്തോടെ 1946-ൽ സെൻറ് മേരീസ് കോളേജ് സ്ഥാപിച്ചു. എട്ടംഗങ്ങളടങ്ങിയ ഒരു ഭരണസമിതിയാണ് കോളേജ് ഭരണം നിർവ്വഹിക്കുന്നത്.

റവ: സിസ്റ്റർ എം. അനൺഷ്യ B. sc. ആണ് ഇപ്പോൾ പ്രിൻസിപ്പാൾ

സെൻറ് ജോസഫ് കോളേജ്, ദേവഗിരി, കോഴിക്കോട്.

130 വർഷങ്ങൾക്കുമുമ്പ് മാന്നാനം കേന്ദ്രമാക്കി വന്ദ്യ ദിവ്യശ്രീ ചാവറ കുര്യാക്കോസച്ചൻ ഏലിയാസച്ചനാൽ സ്ഥാപിക്കപ്പെട്ട് ഇന്ത്യയിലെ പ്രഥമ ഏതദ്ദേശീയ സുറിയാനി കർമ്മലീത്താ സഭയുടെ മലബാർ വിഭാഗമാണ് ദേവഗിരികോളേജിൻറെ പ്രവർത്തനമാരംഭിച്ചത്. വിദ്യാഭ്യാസ പ്രചരണവും, പ്രസിദ്ധീകരണ പ്രസാധനവും ഈ സന്യാസസഭയുടെ പ്രവർത്തനലക്ഷ്യങ്ങളാണ്. കോളേജിൻറെ സ്ഥാപനത്തിനും മേലനുഷ്ഠാനത്തിനും നിയുക്തനായ റവ. ഫാദർ ഫോർമ്മീസ്, സി.ഡി യാണ് 1956 ജനുവരിയിൽ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചത്. ജൂലായിൽ ഒന്നാം ഗ്രേഡായി കോളേജ് പ്രവർത്തനമാരംഭിച്ചു. ഇത്ര ചുരുങ്ങിയ കാലയളവിൽ കോളേജ് കെട്ടിടം പണിതീർത്തു പഠനയോഗ്യമാക്കിയതിൻറെ ഉത്തരവാദിത്വം വഹിച്ചതും ഫാദർ ഫോർമ്മീസ് സി. ഡി. യാണ്. മദിരാശിയൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോക്ടർ എ. ലക്ഷ്മണസ്വാമിമുതലിയാർ, ലയോളാ കോളേജ് പ്രഫസർ റവ. ഫാ. എൽ. ഡി. മർഫി, എസ്. ജെ. എന്നിവർ കോളേജ് സ്ഥാപിക്കുന്ന കാര്യത്തിൽ പ്രകടിപ്പിച്ച ഔദാര്യമനോഭാവവും, സേവനതല്പരതയും സ്മരണീയമാണ്. മദിരാശി ഗവർണ്ണർ ശ്രീപ്രകാശയാണ് കോളേജിൻറെ ഔദ്യോഗികോൽഘാടനം നിർവ്വഹിച്ചത്.

വെരിറവ. ഫാ: ഡാനിയേൽ, സി. ഡി. (പ്രൊവിൻഷ്യൽ, പ്രസിഡണ്ട്) റവ. ഫാ: ഷാബോർ, സി. ഡി. (സുപ്പീരിയർ, വൈസ് പ്രസിഡണ്ട്) റവ. ഫാ. ഫോർമ്മീസ്, സി. ഡി. [ജനറൽ മാനേജർ] റവ. ഫാ. തിയഡോഷ്യസ്, സി. ഡി. (പ്രിൻസിപ്പാൾ) റവ. ഫാ. റോമയോതോമസ്, സി. ഡി; റവ ഫാ. എൽ. ഡി. മർഫി എസ്. ജെ, റവ. ഫാ. അരുൾസ്വാമി എസ്. ജെ. (അംഗങ്ങൾ) എന്നിവരാണ് കോളേജ് മാനേജിങ്ങ് കമ്മിറ്റി. മദിരാശി സർവ്വകലാശാലയിൽ അഫിലയിറ്റ് ചെയ്യപ്പെട്ട മലബാറിലെ ഏക കോളേജാണിത്.

—:o:—

ഗുണം തികഞ്ഞതും വില കുറഞ്ഞതും.

വില കുറഞ്ഞതും, ഈട്ടു കൂടിയതും ഭംഗിയുള്ളതുമായ തുണികൾ യഥേഷ്ടം തിരഞ്ഞെടുക്കാൻ പറ്റിയ മലബാറിലെ ഏക സ്ഥാപനമാണ് **കൊളമ്പോ സ്റ്റോർസ്**. ഏതുതരം തുണികൾ വേണമെങ്കിലും ഞങ്ങളെ സമീപിച്ചാൽ മതി. ഭാരതസ്ത്രീകളുടെ അലങ്കാരപ്രിയത്തിനനുസരിച്ച തുണികൾ വിതരണം ചെയ്യുകയെന്നതാണ്, ലാഭത്തെക്കാൾ കൂടുതലായി ഞങ്ങൾ ആഗ്രഹിക്കുന്നത്. ഒരിക്കൽ സന്ദർശിക്കുക:

പോസ്റ്റ് ബോക്സ് : 103
ഫോൺ നമ്പർ : 298
കമ്പി SHABANDRI

കൊളമ്പോ സ്റ്റോർസ്
എം. പി. റോഡ്,
കോഴിക്കോട് —1.

മദിരാശിയിലെ ചില പ്രധാന കോളേജുകൾ

വിമൻസ് ക്രസ്ത്യൻ കോളേജ്, മദിരാശി.

1915 ൽ ഒരു ഒന്നാം ഗ്രേഡ് കോളേജായി പ്രവർത്തനമാരംഭിച്ചു. അമേരിക്കയിലേയും ബ്രിട്ടനിലേയും ഇൻറർ ഡിനോമിനേഷനൽ മിഷനുകളുടെ പിന്തുണ, കോളേജ് സ്ഥാപിക്കാനുണ്ടായിരുന്നു. 1951ൽ കോളേജ് ഭരണ ഘടനയിൽ ചില ഭേദഗതികൾ വരുത്തുകയും, കോളേജ് ഭരണം ഇന്ത്യയിലുള്ള മിഷ്യൻ കൗൺസിലിൽ അർപ്പിക്കപ്പെടുകയുമുണ്ടായി. മിസ്സ്. ആർ മുക്കർജി എം. ഏ. യാണ് പ്രിൻസിപ്പാൾ.

ഗവൺമേണ്ട് ആർട്ട്സ് കോളേജ്, മദിരാശി.

19-ാം നൂറാണ്ടിൻറെ മദ്ധ്യത്തിൽ ഒരു കണ്ണാടക രാജാവിനാൽ സ്ഥാപിക്കപ്പെട്ട ചെറിയ ഒരു സ്കൂളിൽ നിന്നുമാണ് ആർട്സ് കോളേജ് പ്രവർത്തനമാരംഭിച്ചതു്. 1920 വരെ രണ്ടാം ഗ്രേഡായി പ്രവർത്തിച്ചു. തദനന്തരം ഒന്നാം ഗ്രേഡായി ഉയർത്തപ്പെട്ട. ഇപ്പോൾ മി. സൈയ്ദ് യാക്കൂബ് എം. ഏ. യാണ് പ്രിൻസിപ്പാൾ

സെൻറ് ആഗ്നസ് കോളേജ്, മംഗലാപുരം.

അപ്പസ്തോലിക് കാമ്മൽ ഇൻസ്റ്റിട്ട്യൂട്ട് 1921 ൽ പ്രസ്തുത കോളേജ് സ്ഥാപിച്ചു. സെൻറ് ആൻസ് ഹൈസ്കൂൾ ഒരു രണ്ടാം ഗ്രേഡ് കോളേജായി ഉയർത്തപ്പെടുകയാണ് യഥാർത്ഥത്തിലുണ്ടായതു്. 1924 ൽ കോളേജ് ഒന്നാം ഗ്രേഡാക്കപ്പെട്ട. റവ. മദർ എം. സ്റ്റെല്ലാ ഏ. സി., എം. ഏ. ആണിപ്പോൾ കോളേജ് പ്രിൻസിപ്പാൾ.

എത്തിരാജ് (വനിതാ) കോളേജ്, മദിരാശി.

1948 ലാണ് കോളേജ് ആരംഭിച്ചതു്. 1951-ൽ എഗ്മൂറിലേക്ക് കോളേജ് സ്ഥലം മാറ്റപ്പെട്ട. ശ്രീ: പി. എൽ. എത്തിരാജാണ് കോളേജിൻറെ സ്ഥാപകൻ. മോണ. ഫെൻസ്മേൻ ബി. എ. (ഓണേഴ്സ്) (ലണ്ടൻ) ജെ. പി. ആണ് ഇപ്പോൾ കോളേജ് പ്രിൻസിപ്പാൾ.

സർ ത്യാഗരായ കോളേജ്, മദിരാശി.

1847 ത്യാഗരായച്ചെട്ടി സഹോദരന്മാർ സ്ഥാപിച്ച ഒരു സെക്കണ്ടറി സ്കൂളാണ് 1950 ജൂൺ 26ന്നു ഒരു രണ്ടാം ഗ്രേഡ് കോളേജായുയർത്തപ്പെട്ടതു്. ശ്രീ എം. കെ. ഷൺമുഖം എം. ഏ. എൽ: റ്റി. യാണ് ഇപ്പോൾ കോളേജ് പ്രിൻസിപ്പാൾ.

ഏ. എം. ജൈൻ കോളേജ്, മദിരാശി.

അതുൽചന്ദ് മൻമുൽ ജൈൻ കോളേജ് (ഏ. എം. കോളേജ്) 1952-ൽ സ്ഥാപിതമായി. 1938 മുതല്ലേ കോളേജ് സ്ഥാപനാർത്ഥം ഒരു സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിരുന്നു. 1954ൽ കോളേജ് ഒന്നാം ഗ്രേഡായി ഉയർത്തപ്പെട്ട. ശ്രീ. എസ്. നരസിംഹ അയ്യങ്കാർ ബി. ഏ. (ഓണേഴ്സ്) എൽ. ടി. യാണ് ഇപ്പോൾ പ്രിൻസിപ്പാൾ.

ന്യൂ കോളേജ്, മദിരാശി.

1951 ജൂലായി 2-ാംന-യാണ് പ്രസ്തുത കോളേജ് ഉൽഘാടനം ചെയ്യപ്പെട്ടതു്. മുസ്ലീം എജ്യൂക്കേഷനൽ അസോസ്യേഷൻറെ പ്രവർത്തന ഫലമാണ് ഈ കോളേജ്. രണ്ടാം ഗ്രേഡ് കോളേജായി പ്രവർത്തനമാരംഭിച്ചു. അടുത്തതന ഒന്നാം ഗ്രേഡാക്കി ഉയർത്തപ്പെട്ടമെന്നറിയുന്നു. ശ്രീ: എസ്. തിരുവെങ്കിടാചാരിയാർ എം. ഏ. എൽ. ടി. യാണ് ഇപ്പോൾ പ്രിൻസിപ്പാൾ.

(ശേഷം 70-ാം പേജിൽ)

ZUHARA

Stocks Footware latest in design
Leads in Assortments and cheapness
The House for sports goods for School & Clubs
Specialised in Bat gutting & binding
Welcomes & serves you with a smile

ZUHARA FOOT WEAR

HUZUR Road

KOZHIKODE-1.

ശാസ്ത്രത്തെ ക്ഷണിക്കുന്നു.

(മാത്യു ഇടമറ്റം)

താരകാലിപികളാൽ
വാനിന്റെ നീലത്താളി-
ലാരചിക്കുമപ്രേമ
ഗാനമാരുടെതാവാം ?

പ്രാതഃകാലത്തും സായം
സന്ധ്യയ്ക്കും - ഉലകിന്റെ
വാതിലിൽ വിചിത്രമാം
പട്ടാട തൂക്കുന്നതാർ ?

മാരിവിൽ വാനിൽത്തുന്നി -
യാരുമേ കാണാതങ്ങു
ദൂരത്തിലൊളിക്കുമ
ത്തയ്യൽക്കാരനതാരാം ?

പുഞ്ചിരി തൂകിക്കൊണ്ടു
പൂവനിതോറും വന്നു
കൊഞ്ചി നിന്നീടും പൂക്കൾ
ക്കാരിദം നിറം നൽകി ?

വിണ്ണിലെ വർണ്ണങ്ങളെ
യൊക്കെയും ക്രമമായി-
ട്ടിങ്ങിനെ ശലഭത്തിൻ
ചിറകിൽ വരച്ചതാർ ?

കാകളി ഗീതം പാടാൻ,
വാനിലേക്കുയരുവാൻ
കോകിലങ്ങളെയാരു
പഠിപ്പിച്ചിതു വിധം ?

മനനം ചെയ്തീടുവാ
നൊത്തിടാത്തതു മട്ടിൽ
ജനിയും മൃതിയുമീ
മന്നിലാർ നടത്തുന്നു ?

അങ്ങിനെ എണ്ണാൻ പോയാൽ
തീരില്ല, ഉലകിതി-
ലെങ്ങുമേ കാണാനൊക്കും
മായിക പ്രഭാവങ്ങൾ.

ഞാനിതാ വിമൂകനായ്
നിൽക്കയാണെനിക്കെന്റെ
ജ്ഞാനത്തിൻ ഭാണ്ഡം കൊണ്ടി-
ന്നില്ലൊരു പ്രയോജനം.

ഇത്തരം ചോദ്യങ്ങൾക്കു
മുന്നിൽ ഞാൻ, തലകുനി-
ച്ചുത്തരം കൊടുക്കുവാൻ
ശാസ്ത്രത്തെ ക്ഷണിക്കുന്നു.

ഭാഷാസാഹിത്യവും കേരളസംസ്ക്കാരവും

ജെ. സി. പാലക്കി എം. എ.

സ്വതന്ത്രയായ ഭാരതമാതാവിന്റെ അരുമസന്താനങ്ങൾ എന്നു നാം അഭിമാനിക്കേണ്ട ഈ കാലഘട്ടത്തിൽ പ്രാദേശിക മനോഭാവം വെച്ചുപുലർത്തുന്നതും കേരള സംസ്കാരത്തെപ്പറ്റി ചിന്തിക്കുന്നതും വിശാലമായ ഭാരത സംസ്കാരത്തിനു പ്രതിബന്ധമുണ്ടാക്കുകയല്ലയോ ചെയ്യുന്നതെന്നു് സംശയം ജനിച്ചേക്കാം. ഭാരതത്തിന്റെ ഭൗതികവും സംസ്കാരികവുമായ പുരോഗതിക്കു പ്രതിബന്ധമായി നില്ക്കാതിരിക്കുന്നിടത്തോളംകാലം പ്രാദേശിക താല്പര്യങ്ങളും ചിന്തകളും അസ്ഥാനത്താവുകയില്ലെന്നു തീർത്തു പറയാവുന്നതാണു് മാത്രവുമല്ല, ദേശീയ സംസ്കാരത്തിൽ അഭിമാനം കൊള്ളേണ്ടതും അതിന്റെ പ്രത്യേകതകളെ പരിരക്ഷിക്കേണ്ടതും ഭാരതത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിക്കും ആവശ്യമാകുന്നു. അതിനാൽ ചിരകാലപ്രതീക്ഷിതമായ ഐക്യകേരളത്തിന്റെ പിറവിയിൽ ആഹ്ലാദിക്കുന്ന ഓരോ കേരളീയനും അപ്രകാശിതങ്ങളും ഇരുളടഞ്ഞു കിടക്കുന്നവയുമായ കേരളസംസ്കാരത്തിന്റെ ചില ഭാവങ്ങൾ ഭാഷാസാഹിത്യത്തിൽ പ്രതിഫലിച്ചു കാണുന്നതു് ചിന്തിക്കുന്നതും പഠിക്കുന്നതും സമീചീനവും സന്തോഷപ്രദവുമാകുവാനേ തരമുള്ളൂ.

ജീവിതത്തിന്റെ പ്രതിഫലനമാണു് സാഹിത്യം.

ഒരു ജനതയുടെ സ്വന്തമായ സംസ്കാരം യഥാർത്ഥമായി അറിയണമെങ്കിൽ ആ ജനതയുടെ സാഹിത്യത്തെ മുറുകെപ്പിടിക്കാതെ നിവൃത്തിയില്ല. ആദിമകാലത്തെ ജനസമുദായത്തിന്റെ ജീവിതരീതികൾ ഏതുവിധമായിരുന്നുവെന്നും, അതിന്റെ ആശയങ്ങളും ചിന്തകളും പ്രവൃത്തികളും എപ്രകാരമായിരുന്നുവെന്നും ആ ജനസമുദായത്തിന്റെ സാഹിത്യം വെളിപ്പെടുത്തുന്നതാണു്. ഏറെക്കുറവുകൾ വന്നുവെന്നുവരാം; ഇതര സംസ്കാരങ്ങളുടെ പ്രതിഫലനങ്ങൾ ഒരു ജനതയുടെ സാഹിത്യത്തിൽ കടന്നുകൂടിയിരിക്കാം; അവ സമുദായത്തിന്റെ പുരാതനവും സ്വന്തവുമായ സംസ്കാരത്തെ ചലിപ്പിച്ചുവെന്നും അതിനു് ഒരു പുതിയ രൂപം കൊടുത്തുവെന്നും വരാം. ഇടക്കാലത്തു അലിഞ്ഞുചേർന്ന സംസ്കാരങ്ങൾ സാഹിത്യത്തിൽ ചിരപ്രതിഷ്ഠ സമ്പാദിച്ചുവെന്നും വരാവുന്നതാണു്. ഇങ്ങനെ നോക്കുമ്പോൾ ഒരു ജനസമുദായത്തിനു് വിവിധ കാരണങ്ങളാൽ എന്തെല്ലാം വികാരഭേദങ്ങളും പ്രകാരവ്യത്യാസങ്ങളും ഉണ്ടാകുന്നുവോ തദനുസരണം ആ ജനമണ്ഡലത്തിന്റെ സാഹിത്യവും പരിവർത്തനങ്ങൾക്കു വിധേയമാകുന്നതാണു്.

സാഹിത്യം സമുദായജീവിതത്തിന്റെ ദർപ്പണമാണു്.

മേൽപ്പറഞ്ഞതു് ഒരു സാമാന്യതത്വമാണു്. ലോകത്തുള്ള ഏതേതു ജനമണ്ഡലത്തെ എടുത്തു പരിശോധിച്ചാലും ഈ സംഗതി സ്പഷ്ടമാകും. സാഹിത്യം എന്നു വ്യവഹരിക്കുന്നതുതന്നെയും മനുഷ്യസമുദായത്തിന്റെ വികാരവിചാരങ്ങളുടെ ഹൃദയാകർഷകമായ ഒരു ചേരുവയും പ്രകാശനവുമാകുന്നു. ഭിന്നരുചികളുള്ള വ്യക്തികളുടെ ചിന്താഫലമായി സാഹിത്യം ഉണ്ടായിരിക്കുന്നതിനാൽ അതിന്റെ സ്വരൂപവും മിശ്രതരമായിരിക്കും. ആകൃതിയിലാകട്ടെ മാനസികശക്തികളിലാകട്ടെ യാതൊരു വ്യത്യാസവുമില്ലാത്ത രണ്ടുവ്യക്തികളെ കാണുക സാദ്ധ്യമല്ലല്ലോ. ഇക്കാരണത്താൽ ഒരു ജനതയുടെ അമൂല്യസമ്പത്തായ, അതിന്റെ പരിഷ്കാരത്തിനേറെയും സംസ്കാരത്തിനേറെയും മാനദണ്ഡമായി വിരാജിക്കുന്ന സാഹിത്യവും ഭിന്നരുചികളുടെ സമുച്ചയമായിരിക്കും. മതം, ഭാഷ, ഭരണക്രമം, ഐതിഹ്യപരമ്പരകൾ എന്നിവയുടെ പ്രേരണയാൽ ഒരു ജനതയുടെ സാഹിത്യം ഒരുപ്രത്യേക സ്വഭാവം കൈക്കൊള്ളുന്നതാണു്. വ്യക്തിഗതമായ സ്വഭാവവിശേഷതകളും സാഹിത്യത്തിൽ പ്രതിഫലിക്കാറുണ്ടു്. ഇങ്ങനെ നോക്കുമ്പോൾ ജനസമുദായജീവിതത്തിന്റെ ഒരു ദർപ്പണമാണു് സാഹിത്യം എന്നു കാണാവുന്നതാണു്. ചരിത്രകാരൻ ജനസമുദായത്തിന്റെ ബാഹ്യവ്യാപാരങ്ങളെ വിവരിക്കുമ്പോൾ, സാഹിത്യകാരൻ ജീവിതത്തിന്റെ ആന്തരിക ഭാവങ്ങളെയാണു് പ്രകാശിപ്പിക്കുന്നതു്.

കേരളീയരുടെ സ്വാഭാവികമായ അനാസ്ഥ.

ഒരു വ്യക്തിയുടെ ജീവിതത്തിലെന്നതുപോലെത്തന്നെ ഒരു ജനതയുടെ ജീവിതത്തിലും ഉന്മേഷപൂർണ്ണങ്ങളും ഉന്മേഷരഹിതങ്ങളുമായ കാലഘട്ടങ്ങൾ ഉണ്ടാകാറുണ്ടു്. അതി പുരാതന കാലത്തു് കേരളീയർ ഏതു വിധമായ ജീവിതമാണു് നയിച്ചിരുന്നതെന്നു് അറിയണമെങ്കിൽ കേരളഭാഷാസാഹിത്യത്തിന്റെ പ്രഥമഘട്ടമായ ഗാനസാഹിത്യത്തിലേക്കു നാം കടക്കേണ്ടിയിരിക്കുന്നു. ചരിത്രകാരന്മാരിൽ നിന്നും പുരാതന കേരളസംസ്കാരത്തെപ്പറ്റി അധികമൊന്നും മനസ്സിലാക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. അല്പം വസ്തുതയറിയുവാൻ സാധിച്ചിട്ടുണ്ടെ

കിൽ അതു് കേരളത്തെപ്പറ്റി വിദേശിയരായ സഞ്ചാരികളും മറ്റും സന്ദർഭവശാൽ രേഖപ്പെടുത്തിയിട്ടുള്ള ചില പ്രമാണങ്ങളിൽനിന്നുമാണു്. കേരളഭാഷാ സാഹിത്യത്തിൽ പ്രതിഫലിതമായിട്ടുള്ള പുരാതന കേരള സംസ്ക്കാരത്തെപ്പറ്റി പഠിക്കുവാൻ നമ്മുടെ ചരിത്ര കർത്താക്കൾ അധികമൊന്നും ശ്ലേശിച്ചിട്ടുള്ളതായും [illegible] ഇരുണ്ടുകിടക്കുന്ന [illegible] സംസ്ക്കാര സൌധത്തിലെ [illegible] കളിൽ ദീപവുമായി പ്രവേശിച്ചു് പരിശോധിക്കുവാൻ കഴിവുള്ള ഗവേഷകന്മാർ ഇവരുടെ ഇല്ലായ്മതന്നെകൊണ്ടോ [illegible] ദ്ധതിയിൽ നാം കഴിഞ്ഞു [illegible] പറയുക സാധ്യമല്ല. ഗവർമ്മേൻറിന്റെയും സർവ്വകലാശാലയുടേയും സഹായ സഹകരണങ്ങൾ അല്പമായിട്ടെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ ഈ വിഷയത്തിൽ പ്രവൃത്തിക്കുവാൻ പലരും സന്നദ്ധരായി മുന്നോട്ടു വരുമായിരുന്നു. തികഞ്ഞ അനാസ്ഥ എന്നല്ലാതെ മറ്റൊന്നും ഇതെപ്പറ്റി പറയുവാനില്ല. ഐക്യകേരളത്തിന്റെ ആവിർഭാവത്തിനു ശേഷമെങ്കിലും ഈ വിഷയത്തിൽ ചരിത്ര പണ്ഡിതന്മാരുടേയും ഗവേഷണ പട്ടുക്കാരുടേയും ശ്രദ്ധ പതിയുമെന്നാശിക്കാം; കേരള ഗവർമ്മേൻറും, അനതി വിദൂര ഭാവിയിൽ ഇവിടെ സ്ഥാപിതമാകുവാൻ ഇടയുള്ള കേരളസർവകലാശാലയും വേണ്ട സഹായ സഹകരണങ്ങൾ നല്കുമെന്നു് പ്രതീക്ഷിക്കുകയും ചെയ്യാം.

പുരാതന കേരള സംസ്കാരം

നേരത്തെ പറഞ്ഞു കഴിഞ്ഞതുപോലെ അസങ്കലിതമായ പുരാതന കേരള സംസ്ക്കാരം അറിയുവാൻ ആഗ്രഹിക്കുന്നവർ കേരളഭാഷാ സാഹിത്യത്തിന്റെ ആദിമഘട്ടത്തിലേക്കു്, അതായതു് ദ്രാവിഡ പ്രാഭവ കാലത്തേക്കു് തിരിഞ്ഞു നോക്കുകയാണു് ചെയ്യേണ്ടതു്. എന്നാൽ അക്കാലത്തുണ്ടായ സാഹിത്യകൃതികളിൽ ഒന്നുംതന്നെ നമുക്കു് കരഗതമായിട്ടില്ല. നമുക്കു് ലഭിച്ചിട്ടുള്ള ഏറ്റവും പുരാതന കൃതികളിൽ പോലും ഇതര സംസ്ക്കാരങ്ങളുടെ സങ്കലനം ദൃശ്യമാണു്. എങ്കിലും ചില നാടോടിപ്പാട്ടുകൾ, വിനോദപരവും വൃത്തിപരവുമായ ചില ഗാനങ്ങൾ എന്നിവയിൽനിന്നും ചില വസ്തുതകൾ നമുക്കു ഗ്രഹിക്കുവാൻ കഴിയും. ആര്യന്മാർ ദക്ഷിണേന്ത്യയിൽ പ്രവേശിക്കുന്നതിനും മുമ്പായി കേരളത്തിലും, ഭാരതത്തിന്റെ പലേ ഭാഗങ്ങളിലും ജീവിച്ചിരുന്ന ദ്രാവിഡ ജനസമുദായത്തിനു് അഭിമാനിക്കത്തക്ക വിധമുള്ള ഒരു സംസ്ക്കാരം ഉണ്ടായിരുന്നതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്.

കേരളത്തിനു് പ്രത്യേകമായ ഒരു ചരിത്രമുണ്ടു്.

ഭാരതമഹാ ഭൂഖണ്ഡത്തിന്റെ തെക്കു പടിഞ്ഞാറെ മൂലയിലായി, വിസ്താരമേറിയ അറബിക്കടലിനും ഉന്നതമായ സഹ്യാദ്രിക്കും മദ്ധ്യത്തിലായി, പ്രകൃതി രമണീയതയുടെ കലവറയായി സ്ഥിതി ചെയ്യുന്ന നമ്മുടെ കേരളം അതിവിശിഷ്ടമായ ഒരു ഭൂതകാല ചരിത്രത്തോടു കൂടിയതാണു്. ഇന്നും പൂർണ്ണമായി അസ്തമിച്ചു പോയിട്ടില്ലാത്ത ഒരു സംസ്ക്കാരത്തിന്റെ - ദ്രാവിഡ സംസ്ക്കാരത്തിന്റെ -സങ്കേത സ്ഥാനമായ കേരളത്തിനു് ഭാരത ചരിത്രത്തിൽ നിന്നും വ്യത്യസ്തമായ ഒരു ചരിത്രമാണുള്ളതു്. അതി പുരാതന കാലം തുടങ്ങി കേരളത്തിൽ നാമമാത്രമായ രാജാധികാരത്തോടുകൂടിയ പ്രജായത്ത ഭരണമാണു് നിലനിന്നിരുന്നതു്. പെരുമാക്കന്മാരുടെ രാജ്യാഭിഷേകാലത്തെയും, അക്കാലത്തു നിലവിലിരുന്ന പഞ്ചസഭകളേയും, അവയുടെ ഊർജ്ജസ്വലമായ പ്രവർത്തന വിധങ്ങളേയും, അവസാനം ഗംഗാധര തിരുകോവിൽപ്പാടിന്റെ അവരോധനത്തിന്നിടയാക്കിയ സംഭവങ്ങളേയും ശരിയായി പഠിക്കുന്നവർക്കു പ്രാചീന കേരളത്തിന്റെ സ്ഥിതി ബോധ്യമാകും. ആ ഗംഗാധര തിരുകോവിൽപ്പാടിന്റെ അനന്തരഗാമികളെന്നു ചരിത്രം തെളിയിക്കുന്ന കേരളരാജാക്കന്മാരുടെ പൊതു ജനാഭിപ്രായത്തിനു വിധേയമായ ഭരണക്രമം മനസ്സിലാക്കുന്നവരോടു കേരളത്തിന്റെ വ്യത്യസ്തമായ ചരിത്രവിശേഷത്തെപ്പറ്റി എടുത്തുപറയേണ്ട ആവശ്യമില്ല. കേരളത്തെ വിട്ടു്, വിസ്താരമേറിയ ഭാരതത്തിലേക്കു് കണ്ണോടിക്കുന്നവർക്കു് ഒരു കാര്യം ഗ്രഹിക്കുവാൻ കഴിയും. പ്രജായത്ത ഭരണത്തിനു ഭാരതത്തിൽ എന്നെങ്കിലും വലിയ പ്രാധാന്യം ഉണ്ടായിരുന്നതായി കാണുന്നില്ല. ഏകാധിപത്യത്തിനാണു് മിക്കവാറും ഭാരതം തലകുനിച്ചു കൊടുത്തിട്ടുള്ളതു്. എന്നാൽ പാശ്ചാത്യ രാജ്യങ്ങളെ ഉഗ്രശാസനത്തിൽ വച്ചു കൊണ്ടിരുന്ന രാജാക്കന്മാരോടു് ഭാരത ഭരണാധിപന്മാരെ സാദൃശ്യപ്പെടുത്തുന്നതു് ശരിയായിരിക്കുകയില്ല. പ്രജായത്ത ഭരണത്തിനു വലിയ പ്രാധാന്യം കല്പിച്ചിരുന്നില്ലെങ്കിലും അന്നത്തെ രാജാക്കന്മാർ പ്രജകളുടെ ഹിതം അനുസരിച്ചാണു് ഭരണം നിർവ്വഹിച്ചിരുന്നതു്. തന്നിമിത്തം ഏകാധിപത്യത്തിന്റെയും പ്രജായത്ത ഭരണത്തിന്റെയും ഗുണദോഷങ്ങൾ ഭാരതത്തിനു അനുഭവിപ്പാൻ അവസരം ലഭിച്ചു. സമാധാന തല്പരരും സുഖലോലുപരുമായി ജീവിതം നയിച്ചിരുന്ന ഭാരതീയർക്കു സാഹിത്യ സംഗീതാദി സുകുമാര കലകളെ പോഷിപ്പിക്കുവാൻ കഴിഞ്ഞു. ഭാരത ചക്രവർത്തികളും കേരളരാജാക്കന്മാരും സാഹിത്യസംഗീതാദി സുകുമാരകലകളിൽ തല്പരരും, അവയുടെ പരിപോഷണത്തിനു വേണ്ട പ്രോത്സാഹനം നൽകിയിരുന്നവരുമാണു്. വിശാലമാനസരും വിശിഷ്ടചിത്തരുമായിരുന്ന ഭാരത ചക്രവർത്തികൾ സാഹിത്യ പോഷണ വിഷയത്തിൽ തല്പരരായിരുന്നുവെന്നതിനു് അശോകൻ, വിക്രമാദിത്യൻ തുടങ്ങിയവർ സാക്ഷ്യം വഹിക്കുന്നു. അതുപോലെ തന്നെ കേരളം സമാധാനത്തിലും സംതൃപ്തിയിലും ഭരിച്ചുകൊണ്ടിരുന്ന പെരുമാക്കന്മാരും സാഹിത്യാഭിവൃദ്ധിക്കായി വളരെയേറെ പരിശ്രമിച്ചിരുന്നതായി നമുക്കു് അറിവാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ സാഹിത്യം രാഷ്ട്രത്തിന്റെ അപരിത്യാജ്യഘടകമായി കരുതിയിരുന്നതു കൊണ്ടല്ല അവർ അപ്രകാരം ചെയ്തിരുന്നതു്. മാനസികാനന്ദത്തിനു വേണ്ടിയാണു് അവർ അപ്രകാരം ചെയ്തതു്. അറിയാതെയാണെങ്കിലും സാഹിത്യത്തിന്റെയും രാഷ്ട്രത്തിന്റെയും പരസ്പരബന്ധം ക്രമേണ ശക്തി പ്രാപിച്ചു കൊണ്ടിരുന്നു.

സാഹിത്യവും രാഷ്ട്ര ശക്തിയും

രാജ്യകാംക്ഷികൾക്കായി സാഹിത്യത്തെ ആദ്യമായി കൂട്ടുപിടിച്ചതു് ആംഗല ജനതയാണു്. ഇംഗ്ലണ്ടിൽ 16-ാം നൂറ്റാണ്ടിലുണ്ടായ അഭ്യന്തര കലഹത്തോടു കൂടിയാണു് സാഹിത്യത്തിനു് രാഷ്ട്രത്തിന്റെ മേലുള്ള പ്രേരണാശക്തി വ്യക്തമായി ലോകത്തിനു ഗ്രഹിക്കുവാൻ സാധിച്ചതു്. അന്നു തുടങ്ങി സാഹിത്യം രാജ്യതന്ത്രത്തിന്റെ സൃഷ്ടിയായിട്ടും ചിലപ്പോൾ അതിന്റെ അടിമയായിട്ടും വളരുവാൻ ആരംഭിച്ചു. കക്ഷിവഴക്കുകളിൽ വിജയം സമ്പാദിക്കാനതക്കുന്ന ഒരായുധമായി സാഹിത്യത്തെ ആദ്യമായുപയോഗിച്ചതു് തോമസ് ഹോബ്സനാകുന്നു. അതിനു ശേഷം ഹെഡ്വർഡ് ഫൈഡും മിൽട്ടനും രാഷ്ട്രീയ വിജയത്തിനുവേണ്ടി സാഹിത്യം കൈകായ്യം ചെയ്കയുണ്ടായി. ഇംഗ്ലണ്ടിൽ പാർലിമെന്ററി ഭരണം സ്ഥാപിതമായതോടുകൂടി സാഹിത്യകാരന്മാരുടെ സഹായം ഓരോ കക്ഷിക്കും ആവശ്യമായിത്തീർന്നു. ഏകാധിപത്യത്തിൽ നിന്നു പ്രജാധിപത്യത്തിലേക്കു് ജനസമുദായം പ്രവേശിച്ചുകഴിഞ്ഞപ്പോൾ അന്നുവരെ അടിമയും അസ്വതന്ത്രയുമായി കഴിഞ്ഞുകൂടിയ സാഹിത്യം രാഷ്ട്രത്തിന്റെ ഭാവിനയങ്ങളെ നിശ്ചയിക്കുവാൻ തന്റേടമുള്ളതായിത്തീർന്നു. അങ്ങിനെ സാഹിത്യവും രാഷ്ട്രവും സുദൃഢബന്ധത്തിൽ അമർന്നു. സാഹിത്യത്തിന്റെ അപരിമേയവും അത്ഭുതാവഹവുമായ ശക്തി രാഷ്ട്രശക്തി പ്രവഹിക്കുവാനുള്ള ചാലുകൾ വെട്ടിത്തുറന്നു. ഭരണാധികാരികൾക്കു സാഹിത്യത്തെയും സാഹിത്യകാരന്മാരേയും അവഗണിക്കുക സാദ്ധ്യമല്ലെന്നുമായി. ഉത്തമ സാഹിത്യകാരന്മാർക്കു നിതി അനീതിയായും, ഉത്തമം അധമമായും, സത്യം അസത്യമായും ലോകദൃഷ്ടിക്കു വിഷയമാക്കുവാൻ കഴിവുണ്ടായിരുന്നു. ധീരപരാക്രമങ്ങൾക്കു ഉത്തരംഗമായും, സൌഭാഗ്യസമാധാനങ്ങൾക്കു കലവറയായും വിരാജിച്ചിരുന്ന ഇംഗ്ലണ്ടിനെ, അരാജകത്വത്തിനും, ആഭ്യന്തരകലഹങ്ങൾക്കും ഉത്തമണ്ഡപമായി രൂപാന്തരപ്പെടുത്തുവാൻ വാസനാസമ്പന്നരും പണ്ഡിതോത്തംസങ്ങളുമായ രണ്ടു മൂന്നു സാഹിത്യനായകന്മാർക്കു കഴിഞ്ഞു എന്ന പരമാർത്ഥം ഗ്രഹിക്കുമ്പോൾ, അക്കാലത്തു സാഹിത്യകർത്താക്കൾക്കു രാഷ്ട്രാധിപന്മാരിൽ ചെലുത്തുവാൻ കഴിഞ്ഞിരുന്ന പ്രേരണാശക്തിയെപ്പറ്റി ഊഹിക്കാവുന്നതാണല്ലൊ. വാളിന്റെ ശക്തി പേനയുടെ ശക്തിക്കു കീഴടങ്ങേണ്ടി വന്നു.

ഭാരതത്തിലും കേരളത്തിലും ഉണ്ടായ അലയടികൾ.

ഇംഗ്ലണ്ടിലും മറ്റു പാശ്ചാത്യ രാജ്യങ്ങളിലും 16-ാം നൂറ്റാണ്ടിൽ സുദൃഢമായിത്തീർന്ന സാഹിത്യരാഷ്ട്രങ്ങളുടെ പരസ്പരബന്ധത്തിൽ നിന്നുദിച്ചുയർന്ന അലയടികൾ ഏഷ്യയിലും ഭാരതത്തിലും / നമ്മുടെ കേരളത്തിലും വന്നു ചേരാതിരുന്നില്ല. എന്നാൽ അതു ശക്തി പ്രാപിക്കുന്നതിനു് പിന്നെയും വളരെ വർഷക്കാലം വേണ്ടിവന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആരംഭത്തോടുകൂടിയാണു് സാഹിത്യത്തിനു രാഷ്ട്രവുമായുള്ള ബന്ധം വർദ്ധിപ്പിച്ചുതുടങ്ങിയതു്. മോഹൻ ഘോഷ് ഡോക്ടർ രാഷ്ബിഹാരി ഘോഷ്, സർ സുരേന്ദ്രനാഥ ബാനർജി, മോട്ടിലാൽനെഹ്രു, മഹാത്മാഗാന്ധി, പണ്ഡിതജവഹർലാൽ നെഹ്രു, രാജഗോപാലാചാരി എന്നിവരുടെ ലേഖനങ്ങളും പ്രസംഗങ്ങളും ഒന്നാംതരം സാഹിത്യത്തിൽ ഉൾപ്പെടുന്നവയാണു്. രാഷ്ട്രസംഭവങ്ങളെ ക്രോഡീകരിച്ചുള്ള പത്രലേഖനങ്ങളും ചർച്ചകളും ഉത്തമ രാഷ്ട്രീയസാഹിത്യത്തിന്റെ ഉദാഹരണങ്ങളാണു്. പത്രപ്രവർത്തനം സാഹിത്യത്തിന്റെ ഒരു ഭാഗമായിട്ടു വേണം കരുതുവാൻ. നല്ല നിലയിൽ നടത്തുന്ന പത്രങ്ങൾക്കു് രാഷ്ട്രീയകക്ഷികളേയും രാജ്യത്തേയും പുരോഗമന പഥത്തിലേക്കു് നയിക്കുവാൻ കഴിയും.

ഭാരതത്തിന്റെ രാഷ്ട്രീയ സാഹിത്യചരിത്രത്തിൽ മഹാകവി രവീന്ദ്രനാഥ ടാഗോറിനുള്ള സ്ഥാനം അദ്വിതീയമാണു്. അദ്ദേഹത്തിന്റെ 'ഭാരതഗാനം' രാഷ്ട്രീയസാഹിത്യത്തിനു് അനന്യലഭ്യവും അസുലഭവുമായ ഒരുനേട്ടമാണു്. രാഷ്ട്രീയ പാരതന്ത്ര്യത്തിൽ കഴിയുന്ന ജനങ്ങളുടെ സ്വാതന്ത്ര്യമോക്ഷലബ്ധിക്കായുള്ള പ്രക്ഷോഭണങ്ങൾ വികാരപരവശമായ കവിഹൃദയത്തിൽ ചെന്നുതട്ടി പുളകം കൊള്ളിക്കുന്ന മനോഹര സംഗീതമായി പുറത്തുവരുമ്പോൾ വിശിഷ്ടമായ സാഹിത്യമായി പരിണമിക്കുന്നു. അത്തരത്തിലുള്ള വിശിഷ്ടസാഹിത്യമാണു് ടാഗോറിന്റെ ഭാരതഗാനവും ചാറ്റർജിയുടെ 'വന്ദേമാതരവും'.

കേരളത്തിലെ രാഷ്ട്രീയ സാഹിത്യം.

അതിപുരാതന കാലം തുടങ്ങി കേരളത്തിൽ സാഹിത്യത്തിനും രാഷ്ട്രത്തിനും തമ്മിൽ ബന്ധം ഉണ്ടായിരുന്നു. എന്നാൽ അതിന്റെ ഫലമായി രാഷ്ട്രസാഹിത്യം ഉണ്ടായിട്ടുണ്ടോ എന്നു ചോദിച്ചാൽ അനുകൂലമറുപടി പറയുക സാദ്ധ്യമല്ല. അടുത്ത കാലത്തു് ഈ വിഷയത്തിൽ കേരളവും പുരോഗതി പ്രാപിച്ചിട്ടുണ്ടു്. വള്ളത്തോളിന്റെ 'വന്ദിപ്പിൻ മാതാവിനെ' എന്ന ഗാനവും, 'ഭാരതഭൂമിയോടു്' 'നിങ്ങൾതൻ പോക്കു വിപരീതമാകൊലാ' തുടങ്ങിയ ഖണ്ഡകൃതികളും രാഷ്ട്രീയസാഹിത്യത്തിനു് ഉദാഹരണമായി ഉദ്ധരിക്കപ്പെടാവുന്നവയാണു്. ഗാഥയിലും, ചമ്പുക്കളിലും, മഹാകാവ്യങ്ങളിലും, നാടകങ്ങളിലും, സന്ദേശകാവ്യങ്ങളിലും, വഞ്ചിപ്പാട്ടിലും, കിളിപ്പാട്ടിലും മുങ്ങിയും പൊങ്ങിയും ജീവിതം നയിക്കുന്ന ജനങ്ങൾ അവരവരുടെ ജീവിതം ആനന്ദമാക്കിത്തീർക്കുന്നുവെന്നല്ലാതെ ഗംഭീരമായ ജീവിതപ്രശ്നങ്ങൾക്കു് യുക്തിപൂർവ്വമായ സമാധാനം കണ്ടുപിടിച്ചു എന്നു കരുതുക സാദ്ധ്യമല്ല. സാമുദായികങ്ങളും, സാമ്പത്തികങ്ങളും രാഷ്ട്രീയങ്ങളുമായ പ്രൌഢപ്രശ്നങ്ങളിലേക്കു കടക്കുമ്പോഴാണു് ഒരു ജനസമുദായം അതിന്റെ ശൈശവദശവിട്ടു് ഗൌരവയുക്തമായ യഥാർത്ഥജീവിതത്തെ അറിയുന്നതു്.

ഭാഷയിലെ ഗദ്യ സാഹിത്യം.

സത്യം തുറന്നു പറയുകയാണെങ്കിൽ മലയാളഭാഷാ സാഹിത്യത്തിൽ അഭിമാനിക്കത്തക്ക പ്രൌഢകൃതികൾ അധികമൊന്നുമില്ല. ചരിത്രാതീത കാലം തുടങ്ങി കേരളം പാശ്ചാത്യരാജ്യങ്ങളുമായി സമ്പർക്കത്തിലാണ് കഴിഞ്ഞിട്ടുള്ളത്. പോർത്തുഗീസുകാരും, ഫ്രഞ്ചുകാരും, ഇംഗ്ലീഷുകാരും സാമ്രാജ്യസ്ഥാപനത്തിനു ശ്രമം തുടങ്ങിയതോടുകൂടി പാശ്ചാത്യജനസമ്പർക്കം ഇവിടെ ശക്തിപ്രാപിച്ചു. ഈജിപ്തുകാർ, അസീറിയക്കാർ, ഗ്രീക്കുകാർ എന്നീ ജനങ്ങളുടെ പ്രാചീന സംസ്കാരങ്ങളുമായി കേരളീയർക്ക് ഇടപഴകുവാൻ അവസരം ലഭിച്ചിട്ടുണ്ടെന്നുള്ളതും സ്മരണീയമാണ്. കേരളത്തിൽ പ്രവേശിച്ച ആര്യന്മാരിൽ നിന്നും ദ്രാവിഡ സംസ്കാരത്തിനു സിദ്ധിച്ച നേട്ടങ്ങളിൽ ഒട്ടും കുറയാത്തതോതിലുള്ള സംഭാവനകൾ പാശ്ചാത്യജനസമ്പർക്കത്തിൽ നിന്നും സിദ്ധിച്ചിട്ടുണ്ട്. ഭാവാസമ്പന്നരും അനുഗ്രഹീതകവികളുമായ തുഞ്ചനും കുഞ്ചനും, ചെറുശ്ശേരിയും പുനവും, ഉണ്ണായിവാര്യരും രാമപുരത്തു വാര്യരും, ചമ്പൂകാരന്മാരും ആട്ടക്കഥാകർത്താക്കളും പ്രചാരത്തിലിരുന്ന പുരാണകഥകളെയും ഇതിഹാസങ്ങളെയും വിവിധരൂപത്തിലും ഭാവത്തിലും വൈചിത്ര്യഭംഗികളോടും ഹൃദയാകർഷകമായി കൈകാര്യം ചെയ്കയും ഭാഷയേയും സാഹിത്യത്തേയും പരിപോഷിപ്പിക്കയും ചെയ്തിട്ടുണ്ടെന്നുള്ളത് സത്യമാണ്; അവരെല്ലാം കേരളീയരുടെ ആരാധനാപാത്രങ്ങളുമാകുന്നു. എന്നാൽ സാമുദായികവും സാമ്പത്തികവും, രാഷ്ട്രീയവുമായ ഗൗരവപ്രശ്നങ്ങളെ അവർ ഗാഢമായ പഠനത്തിനു വിഷയമാക്കിയിരുന്നതായി കാണുന്നില്ല. മനുഷ്യന്റെ ജീവൽപ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാൻ അന്നത്തെ സാഹചര്യങ്ങൾ അവർക്കു പ്രേരണ നൽകിയിരുന്നില്ലായെന്നു സമാധാനം പറയാനുണ്ടാവാം. ഏതായാലും അവരുടെയെല്ലാവരുടേയും ശ്രദ്ധ പുരാണേതിഹാസങ്ങളിലും പദ്യസാഹിത്യത്തിലും മാത്രമാണു പതിഞ്ഞിരുന്നതു്. സാമാന്യജനങ്ങളുടെ ഉന്നമനത്തിനു് അത്യന്താപേക്ഷിതമെന്നു തെളിഞ്ഞിരിക്കുന്ന ഗദ്യസാഹിത്യം പാശ്ചാത്യമിഷ്യനറിമാരുടെ ആഗമനം വരെ അഗണ്യകോടിയിൽ തള്ളിയിരിക്കുകയുമായിരുന്നു. ഗദ്യസാഹിത്യപരിപോഷണത്തിൽ താല്പര്യം പ്രദർശിപ്പിച്ചതും ആരംഭകാലത്തു പ്രവർത്തിച്ചതും വേദപ്രചരണാർത്ഥം കേരളത്തിൽ വന്ന ചേന്ന മിഷനറിമാരാകുന്നു. സംസ്കൃതഗദ്യശൈലിയെ അനുകരിച്ചു് എഴുതിയിരുന്ന 'ഭാഗവതം' ഗദ്യം തുടങ്ങിയ ചിലകൃതികൾ നിലവിലുണ്ടായിരുന്നുവെങ്കിലും അവയൊന്നും ശരിയായ ഗദ്യരീതിയനുസരിച്ചുള്ളതോ ആധുനികഗദ്യത്തിന്റെ വളർച്ചയ്ക്കു സഹായിക്കുന്നതോ ആയിരുന്നില്ല.

ഭാഷാസാഹിത്യത്തിന്റെ പിതൃത്വം

എഴുത്തച്ഛനെ ആധുനികമലയാളഭാഷയുടെ പിതാവായിട്ടാണല്ലൊ നാം വ്യവഹരിച്ചു വരുന്നതു്. ആധുനികമലയാളഭാഷയിലെ പദ്യസാഹിത്യത്തിന്റെ പിതാവെന്നു് അദ്ദേഹത്തെ വിളിക്കുകയായിരിക്കും കൂടുതൽ ശരിയായിട്ടുള്ളതു്. ആധുനികഗദ്യസാഹിത്യത്തിന്റെ പിതൃത്വം അവകാശപ്പെടാൻ അർഹനായ മറ്റൊരു മഹാൻ കേരളത്തിലുണ്ടായിരുന്നു. എന്നാൽ ആ പുണ്യപുരുഷൻ, ഭാഷാപണ്ഡിതൻ, കേരളീയർക്കു അജ്ഞാതനായി കഴിയുകയാണു്. കേരളത്തിൽ നിന്നും, പോരാ, ഭാരതത്തിൽ നിന്നും ഇദംപ്രഥമമായി പാശ്ചാത്യപര്യടനത്തിനു പുറപ്പെടുകയും, ആ യാത്രാവിവരണങ്ങളെ മധുരകോമളമായ ഭാഷാരീതിയിലും ഗാംഭീര്യത്തിനു യാതൊരു കോട്ടവും വരാത്തവണ്ണപ്പകിട്ടുകളോടുകൂടിയും ഗദ്യരൂപത്തിലെഴുതിവയ്ക്കുകയുംചെയ്ത ആപണ്ഡിതാഗ്രേസരൻ, ഭാഷാസ്നേഹി, മീനച്ചിൽ സ്വദേശിയായ പാറേമ്മാക്കൽ തോമ്മാക്കത്തനാരാകുന്നു. അഗാധപണ്ഡിതനും, ഭാവനാസമ്പന്നനും, സഹൃദയശിരോമണിയുമായിരുന്ന തോമ്മാക്കത്തനാരാണു് ആധുനികമലയാളഗദ്യസാഹിത്യത്തിന്റെ ജനയിതാവും പ്രചാരകനും എന്നു സന്ദേഹലേശം കൂടാതെ പറയാവുന്നതാണു്. അദ്ദേഹം എഴുതിയിട്ടുള്ള 'വർത്തമാനപ്പുസ്തകം' ഭാഷാസാഹിത്യ പഠിതാക്കൾക്കു് അമൂല്യമായ ഒരു നിധിയുമാണു്. എഴുത്തച്ഛനു തുല്യം കേരളസംസ്കാരത്തിന്റെ പൂർണ്ണാവതാരമായി വിരാജിച്ചിരുന്ന തോമ്മാക്കത്തനാർ ശ്രദ്ധയും നൂതനവുമായ ഒരു സാഹിത്യസരണി വെട്ടിത്തെളിക്കുന്ന വിഷയത്തിൽ സഹിച്ച ക്ലേശങ്ങളും പ്രദർശിപ്പിച്ച ത്യാഗങ്ങളും ഭാഷാസ്നേഹികളുടെ ഗാഢമായ ശ്രദ്ധയ്ക്കു് വിഷയമാക്കേണ്ടതു് വളരെ ആവശ്യമാകുന്നു. അതുപോലെതന്നെ ഇന്നും ഭാഷാചരിത്രപണ്ഡിതന്മാർക്കുപോലും കേട്ടറിവില്ലാതെ കണ്ടറിവില്ലാത്ത 'വർത്തമാനപ്പുസ്തക'ത്തിനു് അതർഹിക്കുന്ന പ്രാധാന്യവും പ്രാമാണ്യവും സമ്മതിച്ചു കൊടുക്കേണ്ടതും വെറും നീതിമാത്രമാകുന്നു.

ശാസ്ത്രഗ്രന്ഥങ്ങളും ശബ്ദകോശങ്ങളും

മലയാളഭാഷയും സാഹിത്യവും അഭിവൃദ്ധിപ്രാപിച്ച കൊണ്ടാണിരുന്നതെങ്കിലും ഏതൊരു ഭാഷയുടേയും പുരോഗതിയിൽ അവശ്യം ഉണ്ടാവേണ്ട ശാസ്ത്രഗ്രന്ഥങ്ങളും ശബ്ദകോശങ്ങളും ഉണ്ടാക്കുന്നതിൽ കോളിയ സാഹിത്യകാരന്മാരും പണ്ഡിതന്മാരും വളരെ പിന്നോക്കം നിൽക്കുകയായിരുന്നു. ഈ കുറവു പരിഹരിക്കാൻ കൂടുതലായുദ്യമിച്ചതും ക്രിസ്ത്യൻ മിഷ്യനറിമാരാണു്. ഇന്നു കാണുന്നവിധത്തിൽ മലയാളഭാഷ വികസിക്കുന്നതിനും മറ്റേതൊരു ഭാഷയേയുംപോലെ തലയുയർത്തിപ്പിടിച്ചു നില്ക്കുവാനുമിടയായിട്ടുള്ളതു് ശാസ്ത്രഗ്രന്ഥങ്ങൾ, ഗദ്യസാഹിത്യപ്രസ്ഥാനം, അച്ചുകൂടങ്ങൾ, പത്രമാസികകൾ എന്നിവയുടെ സഹായത്താലാണു്. ഇവയെല്ലാം കേരളത്തിൽ കൊണ്ടുവന്നതും പ്രചരിപ്പിച്ചതും വിദേശമിഷ്യനറിമാരും അവരോടു് അടുത്തുവർത്തിച്ചിരുന്ന നാട്ടുകാരായ ക്രിസ്ത്യനി പണ്ഡിതന്മാരുമാണു്. കേരളഭാഷാസാഹിത്യചരിത്രകർത്താക്കന്മാരിൽ മഹാകവി ഉള്ളൂർ ഒഴികെയുള്ളവർ, അവരുടെ ഈ വിഷയത്തിലുള്ള അജ്ഞതകൊണ്ടോ അശ്രദ്ധകൊണ്ടോ ക്രിസ്ത്യാനികളുടെ സാഹിത്യപരിശ്രമങ്ങളേയും

ഭാഷാപരമായ സേവനങ്ങളേയും സ്മരിക്കുകയോ ബഹുമാനിക്കുകയോ ചെയ്യുകാണുന്നില്ല. ഭാവി ഭാഷാചരിത്രകാരന്മാരെങ്കിലും ശ്രദ്ധിക്കേണ്ട ഒരു വിഷയമാണിത്. മലയാളഭാഷയ്ക്ക് ഒരു വ്യാകരണ ഗ്രന്ഥം ആദ്യമായി നിർമ്മിച്ചത് ഇന്നേക്ക് മൂന്നൂറാണ്ടുകൾക്കു മുമ്പു ജീവിച്ചിരുന്ന ആഞ്ചലോസ് ഫ്രാൻസിസ് എന്ന മിഷ്യനറിയും, ആദ്യ ശബ്ദകോശം നിർമ്മിച്ചത് അദ്ദേഹത്തിന്റെ സമകാലീനനായിരുന്ന അർണ്ണോസ് പാതിരിയുമാണെന്നുള്ളകാര്യം നമ്മുടെ ഭാഷാപണ്ഡിതന്മാരിൽ പലരും അറിഞ്ഞിരിക്കുകയില്ല. മൂന്നൂറാണ്ടുകൾ കഴിഞ്ഞിട്ടും കേരള ഭാഷയ്ക്ക് അനുയോജ്യമായ ഒരു ശബ്ദകോശം നിർമ്മിക്കുവാൻ കഴിവുള്ള പണ്ഡിതന്മാർ ഉണ്ടായില്ലല്ലോ എന്നു സ്മരിക്കുമ്പോഴാണ് ഈ വിദേശ മിഷ്യനറിമാർക്കു മലയാളഭാഷാ ചരിത്രത്തിലുള്ള സ്ഥാനം നമുക്കു ഗ്രഹിക്കുവാൻ സാധിക്കുന്നത്.

ഒരു കേരള സർവ്വകലാശാലയുടെ ആവശ്യം.

കേരള സംസ്കാരത്തിന്റേയും ഭാഷാ സാഹിത്യത്തിന്റേയും ഇരുളടഞ്ഞു കിടക്കുന്ന ചില വശങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഈ ലേഖനത്തിൽ മറ്റൊരു കാര്യംകൂടി പറയാതെ തരമില്ല. തിരുവിതാംകൂറിൽ ഒരു സർവ്വകലാശാല സ്ഥാപിതമായിട്ട് ഇപ്പോൾ രണ്ടു ദശവത്സരമായിരിക്കുന്നുവല്ലോ. കേരള സംസ്കാരത്തേയും കേരള കലകളേയും, ഭാഷയേയും സാഹിത്യത്തേയും പരിപോഷിപ്പിക്കുക എന്നതാണ് സർവ്വകലാശാലയുടെ സ്ഥാപനോദ്ദേശങ്ങളിൽ സർവ്വപ്രധാനമെന്ന് അന്ന് ഉൽഘോഷിച്ചിരുന്നതാണ്. എന്നാൽ സർവ്വകലാശാലയുടെ നാളതുവരെയുള്ള ചരിത്രം ആ ഉദ്ദേശത്തെ വിസ്മരിച്ചുകൊണ്ടാണെന്നു പറയാതെ തരമില്ല. ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഒരു ചെറുവിരൽ പോലും അനക്കിയിട്ടില്ല. അതുകൊണ്ട് കേരള സംസ്കാരത്തേയും കേരള കലകളേയും ഭാഷാസാഹിത്യത്തേയും പരിപുഷ്ടമാക്കുവാൻ സഹായകമാകത്തക്കവിധം ഒരു കേരള സർവ്വകലാശാല ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനു പ്രബുദ്ധരായ കേരളീയരുടേയും ജനകീയ ഗവർമ്മേന്റിന്റേയും സത്വര ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

പൂമൊട്ടുകൾ

(എ. പി. വാസുദേവൻ, ബി. ഏ. ബി. ടി,
അവിടനല്ലൂർ)

ഞാനൊരദ്ധ്യാപകനെന്നുന്നിൽ നിൽക്കയാം
ആയിരം മൊട്ടുകളൊന്നായ്.
പൊട്ടിവിടർന്നു വിലസുവാൻ വെമ്പുന്ന
മൊട്ടുകളൊട്ടേറെയൊന്നായ്.
നിഷ്ക്കളങ്കതമൊളിവളർത്തീടുമാ
ക്കുഡ്മളമോരോന്നിലെന്നും
പുഞ്ചിരി പൊട്ടിവിടരുന്നു കാണുമ്പോൾ
എന്മനം കോരിത്തരിക്കും.
നാളെപ്പുലരിയിൽ പൂവായ് വിടരുമ്പോൾ
നീളെ പ്പൂതിയ സൌരഭ്യം
പൊങ്ങിപ്പരത്താൻ കഴിയാമിവക്കിന്നീ
പ്പൊന്മുഖം വാടാതെ നോക്കാൻ,
ശ്രദ്ധാലുവാണഞാനെന്നാലുമെൻകരൾ
അദ്ധ്വാനബോധം ത്യജിക്കും,
പൊട്ടിവിടരേണ്ട മൊട്ടുകൾ തന്നെത്താൻ
പൊട്ടിത്തകരുവാൻ പോകെ.
മൊട്ടുകൾ, മൊട്ടുകളെന്നുന്നിലെന്നെന്നും
മൊട്ടുകൾ വാടാതെ നിൽക്കാൻ
ഇഷ്ടപ്പെട്ടുന്ന ഞാനെൻ പരിലാളനം
മൊട്ടുകൾ പൂവായ് വിടരാൻ
പുത്തനാം പുഞ്ചിരി തൂകുവാൻ നല്ലൊരു
പുത്തൻ പരിമളം ചിന്നാൻ
പറ്റുമെന്നാകിൽ കൃതാർത്ഥനായ് ഞാനെന്റെ
യദ്ധ്യാപനവൃത്തി സാർത്ഥം!

വിദ്യാഭ്യാസം ഇതിഹാസങ്ങളിൽ—

— സി. പി. ശ്രീധരൻ —

ഇന്ത്യയുടെ വിദ്യാഭ്യാസ കാലഘട്ടത്തെ നാലായി തരം തിരിച്ചുകൊണ്ടാണ് "പുരാതന ഭാരതീയ വിദ്യാഭ്യാസ"മെന്ന തന്റെ ഗ്രന്ഥം (റെവ:കീയ്. വിരചിച്ചതു്. ആയ്യവർഗ്ഗം ഇന്ത്യയിലേക്കാഗമിച്ചതോടെ ഇതൽ വിട്ടത്തി വേദോപനിഷൽ പുരാണേതിഹാസങ്ങളിലായി പടന്ന പന്തലിച്ചു കിടക്കുന്ന കാലഘട്ടത്തെയാണു അദ്ദേഹം പ്രഥമ ദശയായി കണക്കാക്കിയതു്. [1] ബൌദ്ധ കാല ഘട്ടവും, മുഹമ്മദീയ കാലഘട്ടവും ബ്രിട്ടീഷു കാല ഘട്ടവുമാണു മറു മൂന്നു ദശകൾ. ഇതിൽ പുരാതന ഭാരതീയ വിദ്യാഭ്യസത്തിന്റെ-ഐന്ദവ വിദ്യാഭ്യാസത്തിന്റെ-വൈകസിതവും ശാഖോപ ശാഖയുമായ വിദ്യാവിതരണ പദ്ധതിയാണു് ഇതിഹാസങ്ങളിൽ കാണുന്നതു്.

ഇന്ത്യയിൽ നിരന്തര സമരം നടത്തിക്കൊണ്ടു മുന്നേറിയ ആയ്യന്മാരുടെ യുദ്ധ വിദ്യാ പരിചയത്തിന്റെ പ്രാരംഭ പാഠങ്ങളും, പ്രകൃതി പ്രതിഭാസങ്ങളിലൂടെ പ്രത്യക്ഷീഭവിക്കുന്ന പ്രപഞ്ചസത്യങ്ങളുടെ സാക്ഷാൽക്കരണ വിദ്യകളുമാണു് ഋഗ്വേദത്തിൽ അന്തർഭവിച്ചിട്ടുള്ളതു്. സമുദായം തൊഴിലടിസ്ഥാനത്തിൽ ചതുർവർണ്ണ വിഭാഗമായിപ്പിരിയുകയും, വർണ്ണ ധർമ്മ വ്യത്യാസമനുസരിച്ചു വൈവിധ്യമാന്ന ഒരു വിദ്യാവിതരണ സമ്പ്രദായം സ്വീകരിക്കുകയും ചെയ്തതായി ഇതിഹാസങ്ങളിൽ നിന്നു ധരിക്കാൻ കഴിയും.

—വർണ്ണധർമ്മങ്ങൾ—

"ഇതിഹാസ ജനതയുടെ ചരിത്രത്തിൽ സർവ്വപ്രധാനമായ സ്ഥാനം പട്ടാള രാജകീയ വർഗ്ഗമാണു് കൈക്കലാക്കിയിരുന്നതെന്നും, ബുദ്ധിപരമായ ജീവിതം ബ്രാഹ്മണാശ്രമങ്ങളിലും ഋഷികുടങ്ങളിലുമാണു് കേന്ദ്രീകൃതമായിരുന്ന"തെന്നും പ്രസിദ്ധ ചരിത്രകാരനും വിദ്യാഭ്യാസ ചിന്തകനുമായ ഡോ. രാധാകുമുദ് മുക്കർജി പറയുന്നു. [2] വൈദിക കാല ഘട്ടങ്ങളിലെപ്പോലെത്തന്നെ ബുദ്ധിയുടെയും വിജ്ഞാനത്തിന്റെയും വിതരണാവകാശം ബ്രാഹ്മണ ഹസ്തങ്ങളിൽ തന്നെ നിക്ഷിപ്തമായിരുന്നുവെങ്കിലും രാഷ്ട്രീയ സാമൂഹ്യ ജീവിതത്തിൽ പ്രാമാണ്യവും ശക്തിയും കരസ്ഥമാക്കിയതു ക്ഷത്രിയ വിഭാഗമായിരുന്നു. ചാതുർവർണ്ണ്യമനുസരിച്ചു ജീവിത വൃത്തിയിലുണ്ടായ അന്തരങ്ങൾ വിദ്യാഭ്യാസ ഘടനയിലും വൈവിധ്യമുണ്ടാക്കിയിട്ടുണ്ടു്. അതിനാൽ വർണ്ണ

> ഇതിഹാസങ്ങളിൽ കൂടി ചരിത്ര വിദ്യാർത്ഥികൾക്കു കണ്ടെത്താൻ കഴിയുന്ന പുരാതന ഭാരതീയ വിദ്യാഭ്യാസ ക്രമത്തിലേക്കു ഒരെത്തി നോട്ടം—

ധർമ്മങ്ങൾ ഗ്രഹിക്കാതെ ഇതിഹാസ വിദ്യാഭ്യാസ പഠനം സുകരമാവില്ല. വേദാദ്ധ്യയനം മാത്രമുണ്ടായാലും യഥാർത്ഥ ബ്രാഹ്മണനാകാമെങ്കിലും (മഹാഭാരതം XVI-60) ആത്മനിയന്ത്രണം, വ്രതാചരണം, വിവാഹാനന്തരം യാഗകർമ്മ നിർവ്വഹണം, സമ്പത്തു പങ്കിടൽ എന്നിവയും ബ്രാഹ്മണ ധർമ്മമാണെന്നു മഹാഭാരതം പ്രസ്താവിക്കുന്നു.

ക്ഷത്രിയനു യാഗം ചെയ്യാനും ദാനം ചെയ്യാനും പാടുണ്ടെങ്കിലും യാചിക്കാനോ യാഗ പൌരോഹിത്യം വഹിക്കാനോ പാടില്ല. വേദം പഠിപ്പിച്ചുകൂടെങ്കിലും ബ്രാഹ്മണനിൽ നിന്നു പഠിക്കാം. എന്നാൽ സർവ്വ പ്രധാനമായ ക്ഷാത്രധർമ്മം കുലഗുരുക്കന്മാരിൽ നിന്നും കൊള്ളക്കാരിൽ നിന്നും അക്രമികളിൽ നിന്നും രാജ്യത്തെയും ജനങ്ങളെയും രക്ഷിച്ചു സമാധാനം സ്ഥാപിക്കുകയാണു്; യുദ്ധ വീര്യം പ്രകടിപ്പിക്കുക, വൈദിക ജ്ഞാനമാർജ്ജിക്കുക, യാഗ കർമ്മങ്ങൾ നടത്തുക എന്നിവയാണു് രാജാക്കന്മാരുടെ മുഖ്യ യോഗ്യതകളായി പറയപ്പെട്ടുന്നതു്.

ദാനം ചെയ്യുക, വേദം പഠിക്കുക ന്യായ മാർഗ്ഗങ്ങളിലൂടെ ധന സമ്പാദനം ചെയ്യുക എന്നിവയാണു് വൈശ്യ ധർമ്മങ്ങൾ. ഐതിഹാസിക ദശയിൽ ഈ മൂന്നു ദ്വിജവർഗ്ഗത്തിനു മാത്രമേ വിദ്യാഭ്യാസ സ്വാതന്ത്ര്യവും അവകാശവുമുണ്ടായിരുന്നുള്ളുവെന്ന ചിലരുടെ അഭിപ്രായം അടിസ്ഥാന രഹിതമാണു്. വിദ്യാഭ്യാസമൂല്യ മുൾക്കൊള്ളുന്ന യാഗവേദികളെ കേന്ദ്രീകരിച്ചാണു് ക്ഷത്രാദികളുടെ ബുദ്ധിപരവും സാംസ്കാരികവുമായ ജീവിതം പുരോഗമിച്ചതെന്നു മി. രാധാകുമുദ് മുക്കർജി ചൂണ്ടിക്കാട്ടുന്നു. ക്ഷത്രിയൻ യാഗം നടത്തുന്നതിനോ, യാഗ വേദിയിൽ സന്നിഹിതരാകുന്നതിനോ അനുമതി നിഷേധിക്കപ്പെട്ടിരുന്നില്ല. എന്നാൽ അവ ശരിയായ വൈദികയജ്ഞങ്ങളായിരുന്നില്ലെന്നും "പാകയജ്ഞ"ങ്ങളായിരുന്നുവെന്നും പ്രസ്താവിക്കപ്പെടുന്നു. അത്യുൽക്കൃഷ്ടമായ ശ്രൌതയജ്ഞം (മനുഷ്യയജ്ഞം) ക്ഷത്രിയർക്കും സകല വർഗ്ഗത്തിനും പ്രവേശന മുള്ളതായിരുന്നു. സുപ്രധാനമായൊരു രഹസ്യം ഇവിടെ മനസ്സിലാക്കാനുണ്ടു്. വർണ്ണവിവേചനം കേവലം വംശപാരമ്പര്യത്തേയോ, ജന്മ സ്ഥിതിയേയോ ആശ്രയിച്ചായിരു

[1] Ancient Indian Education by Rev. F. E. Keay.

[2] Ancient India in Education by Radha Kumud Mukerje, P. 326

ന്നില്ല നടത്തിയിരുന്നതെന്ന് മഹാഭാരതം അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. "ഹേ യക്ഷ, വംശ പാരമ്പര്യമല്ല, കർമ്മവും, പുണ്യഗ്രന്ഥങ്ങളും വൈദിക ജ്ഞാനവുമാണ് ബ്രാഹ്മണ്യം നിർണ്ണയിക്കുന്ന" തെന്നു മഹാഭാരതം വനപർവ്വത്തിലും, (അദ്ധ്യായം 312 ശ്ലോകം 103) "ഒരു ശൂദ്രനായി ജനിച്ചതുകൊണ്ടു മാത്രം ഒരാൾ ശൂദ്രനായിക്കൊള്ളണമെന്നോ, ബ്രാഹ്മണനായി പിറന്നതുകൊണ്ടു ബ്രാഹ്മണനാകണമെന്നോയില്ല; ബ്രാഹ്മണ ഗുണങ്ങളും കർമ്മങ്ങളും കാണുന്നതാരിലോ അവർമാത്രമേതൽ നാമാർഹരാവു; അതില്ലാത്തവരെ ശൂദ്രരെന്നു വിളിക്കണം" എന്നു വനപർവ്വം 180ാം അദ്ധ്യായത്തിലും പ്രഖ്യാപിച്ചിട്ടുണ്ട്. ശ്രീമദ് ഭാഗവതകാണ്ഡം പതിനൊന്നാമദ്ധ്യായത്തിൽ ഒരു വ്യക്തി സ്വവർഗ്ഗ സ്വഭാവത്തിൽനിന്നു വ്യത്യസ്തമായ അന്യ വർണ്ണസ്വഭാവമാണ് പ്രകടിപ്പിക്കുന്നതെങ്കിൽ അദ്ദേഹത്തെ ആവർണ്ണ വിഭാഗക്കാരനായികണക്കാക്കണമെന്നു വ്യവസ്ഥപ്പെട്ടുത്തിയിട്ടുണ്ട്. ജോഖേന്ദ്ര നാഥമസുംദാർ പറയുകയാണ്. "ഒരു കീഴ്ജാതിയിൽപ്പെട്ട കുട്ടി ഉപരിവർണ്ണത്തിന്റെ സ്വഭാവഗുണങ്ങൾ പ്രദർശിപ്പിച്ചാൽ ആ കുട്ടിയെ ആ വർഗ്ഗത്തിൽ പ്രവേശിപ്പിച്ചിരുന്നു. [3]ഐതിഹാസികദശയിൽ വംശപരമായ ഉച്ചനീചത്വങ്ങൾ നിമിത്തം ആർക്കും വിദ്യാഭ്യാസ സന്ദാദനാവകാശം നിഷേധിക്കപ്പെട്ടിരുന്നില്ലെന്നു മാത്രമല്ല, വിദ്യാഭ്യാസത്തിൽസ്വഭാവഗുണത്തിനു അപ്രതിമമായ പ്രാധാന്യമാണ് കല്പിച്ചിരുന്നതെന്നുകൂടിസിദ്ധിക്കുന്നു.

ബ്രാഹ്മണവിദ്യാഭ്യാസം

ഋഗ്വേദകാലത്തിലെ ബ്രാഹ്മണ വിദ്യാഭ്യാസസമ്പ്രദായത്തിൽനിന്നു ഗണ്യമായ യാതൊരു മാറ്റവും ഐതിഹാസികദശയിൽ സംഭവിച്ചില്ല. പക്ഷേ വിജ്ഞാനമണ്ഡലത്തിന്റെ വിസ്തൃതി കൂടുകയും, വിവിധ വിജ്ഞാനരംഗങ്ങളിൽ ബ്രാഹ്മണർക്കധിനായകത്വം ലഭിക്കുകയുംചെയ്തു. ഋഗ്വേദയുദ്ധമുറകൾ ഇതിഹാസ ഘട്ടത്തിൽ ശാഖോപശാഖയായ ഒരു സമര തന്ത്രമായി (ധനുർവ്വേദം) വികാസം പ്രാപിച്ചു. കുരു പാണ്ഡവാദികളെ ധനുർവ്വേദം പഠിപ്പിച്ചു ശസ്ത്രാസ്ത്ര വിശാരദന്മാരാക്കിയതു ബ്രാഹ്മണനായ ദ്രോണാചാര്യരാണ്. ദ്രോണർ ആയുധവിദ്യ യഭ്യസിച്ചതു് അഗ്നിവേശനെന്ന ബ്രാഹ്മണനിൽനിന്നത്രെ. ദ്രോണർ ശസ്ത്രവിദ്യയിൽ ഉപരിജ്ഞാനവും അത്ഭുതസിദ്ധികളും സമ്പാദിച്ചതു് പരശുരാമനിൽ നിന്നായിരുന്നു. കണ്ണൻ ബ്രാഹ്മണവേഷത്തിൽചെന്നു ബ്രഹ്മാസ്ത്രപ്രയോഗം പരിശീലിച്ചതും പരശുരാമനിൽനിന്നാണ്. ആ കാലത്തു ആയുധവിദ്യയിൽ അതുല്യവൈഭവം നേടിയ അത്ഭുതവിക്രമശാലിയായിട്ടാണന്നു് പരശുരാമനെക്കാണുന്നതു്. അതുപോലെത്തന്നെ ദേവവ്രതൻ വേദവേദാന്തങ്ങൾ പഠിച്ചതു ബ്രഹ്മർഷിയായ വസിഷ്ഠനിൽനിന്നാണ്: ശുക്രാചാര്യക്കറിവുള്ള കലകളിലും ദേവവ്രതൻ കൃതഹസ്തനായിത്തീർന്നുവെന്നൊരു ശ്ലോകത്തിൽ പറയുന്നു. മരിച്ചവരെ ജീവിപ്പിക്കുന്ന മൃതസഞ്ജീവിനിയെന്ന ഔഷധം പ്രയോഗിക്കുന്നതു പഠിക്കുവാനാണ് കചൻ ശുക്രാചാര്യരുടെ കീഴിൽപഠിച്ചതു്. സ്വവർണ്ണധർമ്മത്തിൽപ്പെടുന്ന വേദാദ്ധ്യയനത്തിനു പുറമെ യുദ്ധതന്ത്രം, ആയുധവിദ്യ, കലകൾ, ശാസ്ത്രങ്ങൾ, വൈദ്യം മുതലായവിജ്ഞാനത്തിന്റെ നാനാമണ്ഡലങ്ങളിലും ബ്രാഹ്മണർ പയറ്റിത്തെളിഞ്ഞിരുന്നുവെന്നതിനു ഏതൽ ഭാഗങ്ങൾ നിസ്തർക്കമായ ദൃഷ്ടാന്തങ്ങളാണ്. ക്ഷത്രിയധർമ്മത്തിൽപ്പെട്ട യുദ്ധവിദ്യാഭ്യാസത്തിനു പോലും ബ്രാഹ്മണരെ ആശ്രയിക്കേണ്ടിവന്നുവെന്ന മഹാഭാരത പ്രസ്താവന ബ്രാഹ്മണപ്രാമാണ്യത്തെയും അന്തസ്സിനെയും പൊക്കിക്കാട്ടാനുള്ള സംരംഭമായിരിക്കാമെന്നു വെവ: കീ അഭ്യൂഹിക്കുന്നു. [4] അതെന്തായിരുന്നാലും ബ്രാഹ്മണർ സർവ്വവിജ്ഞാനത്തിന്റെയും വിതരണാധികാരികളായിരുന്നുവെന്ന യാഥാർത്ഥ്യം അവശേഷിക്കുന്നു.

ഗുരു അത്യാവശ്യം.

ഗുരുവിന്റെ കീഴിൽ നിന്നേ വേദം പഠിക്കാവൂ എന്ന നിഷ്കൃഷ്ടമായ നിബന്ധനയുണ്ടായിരുന്നതായിയവക്രീഡകഥ സുവ്യക്തമാക്കുന്നു. ഗുരുകുലജീവിതം കൊണ്ടും വേദം പഠിക്കുന്നതു കാലതാമസമാകുമെന്ന ധാരണയാൽ, യവക്രീസൻ കഠിനമായ തപസ്സാധനകളാൽ ഇന്ദ്രനെ പ്രസാദിപ്പിക്കാൻ ശ്രമിക്കുകയും, ഇന്ദ്രൻ പ്രത്യക്ഷമായി ഒരു ബ്രാഹ്മണ ഗുരുവിന്റെ കീഴിൽ ചെന്നു വേദം പഠിക്കുകയല്ലാതെ ഗത്യന്തരമില്ലെന്നും, നിരന്തരപഠനമല്ലാതെ വേദജ്ഞാനസമ്പാദനത്തിനു കുറുക്കുവഴികളില്ലെന്നു മുപദേശിക്കുകയും ചെയ്തു. പക്ഷേ ദുഷ്ചിന്തനായ യവക്രീസൻ വീണ്ടും വീണ്ടും ഉഗ്രതപം ചെയ്തു ഇന്ദ്രനിൽ നിന്നു വരം വാങ്ങുകതന്നെ ചെയ്തെങ്കിലും ഋഷി കോപത്താൽ യവക്രീസൻ ദുരന്തമൃത്യു വരിക്കേണ്ടി വന്നു. ഗുരുമുഖത്തിൽ നിന്നേ വേദം പഠിക്കാവൂവെന്ന സാധനപാഠം നല്ലാനാണിക്കഥയുദ്ധരിച്ചതു്.

ആചാര്യന്മാരാകട്ടെ അവഗാഢമായി പരീക്ഷിച്ചറിഞ്ഞ ശിഷ്യന്മാരെ സ്വീകരിച്ചുള്ളൂ. സവർണ്ണശുദ്ധി പരിശോധിക്കാൻ കാച്ചിപ്പഴുപ്പിച്ചുടിച്ചു നോക്കുമ്പോൾ, ജനനം സ്വഭാവം എന്നിവ പരീക്ഷിച്ചേ വിദ്യാർത്ഥികളെ സ്വീകരിക്കാവൂ എന്നു് മഹാഭാരതം (XII 327) നിഷ്കർഷിച്ചിരിക്കുന്നു. കർണ്ണൻ അതുകൊണ്ടാണു് ബ്രാഹ്മണരൂപം ചമഞ്ഞു പരശുരാമ ശിഷ്യത്വം സ്വീകരിച്ചതു്. ഏതു ഭയങ്കരാസ്വാസ്ഥ്യമുണ്ടായാലും ശരി വേദാചാര്യൻ തരിശുമണ്ണിൽ സ്വവിദ്യയുടെ വിത്തിറക്കുന്നതിലുത്തമം മരിക്കുകയാണെന്നു മനുസ്മൃതി (ii – 113) വിധിക്കുന്നു. മുറപ്രകാരം ശിഷ്യരാകാത്തവരെ വേദം പഠിപ്പിക്കരുതെന്നും, മുൻകൂട്ടി ജനനം സ്വഭാവം മുതലായവയറിയിക്കാത്തവർക്കു ജ്ഞാനം നൽകരുതെന്നും മാത്രമല്ല, വിദ്യാർത്ഥികളുടെ ധാരണാശക്തിയും ശ്രേഷ്ഠിപ്രകൃഷ്ടവും നോക്കി അതനുസരിച്ചാവണം വിദ്യാഭ്യാസമെന്നും കൂടി നിശ്ചയിക്കപ്പെട്ടിരുന്നു.

---

[3] A History of Education in Ancient India By Jogendra natha Mazhumdar.

[4] Ancient Indian Education page 61

വ്രതചര്യകൾ.

എന്നാൽ ഗുരുകുലത്തിൽ ജീവിച്ചു കൊണ്ടുമാത്രം വിദ്യാഗ്രഹണം സുസാദ്ധ്യമാവില്ലെന്നു ആപ്തോസേനകഥയുദാഹരിക്കുന്നു. ഗുരു നിർദ്ദേശാനുസാരം ഗുരുകുലജീവിതം നയിച്ചിട്ടും വേദാദ്ധ്യയനം സാധ്യമാവാതെ പോയതു് വ്രതചര്യാനുഷ്ഠാനം തെറ്റിച്ചതു് കൊണ്ടാണു്. വൈദികാചരണം, ഉഷസ്സന്ധ്യാ ദീപാച്ചനകൾ, ദൈവാരാധന, ഗുരുവന്ദനം, നിത്യേന ഭിക്ഷാടനം ചെയ്തു കിട്ടിയതു് ഗുരുവിനു് സമർപ്പിക്കൽ എന്നിത്യാദി ദിനകൃത്യങ്ങൾ കൊണ്ടു് ആത്മശുദ്ധിയും, സ്വഭാവശുദ്ധിയും വരുത്തുക; (XII—242) ഗുരുകടന്നശേഷം കിടക്കുകയും, എഴുനേൽക്കും മുമ്പു് എഴുനേൽക്കുകയും, ഭൃത്യനെപ്പോലെ വേലചെയ്തു വിനയശീലനായി തീരുകയും ഇരിക്കുംമുമ്പെ ഇരിക്കാതിരിക്കുകയും ചെയ്യുക; ഇവ ഗുരുകുലജീവിതത്തിലെ വിട്ടുവീഴ്ചയില്ലാത്ത ദിനചര്യകളാണു്. ഇതു ഭഞ്ജിക്കുന്നവക്കിടെ സ്ഥാനമില്ല.

വിദ്യാർത്ഥി ധർമ്മങ്ങൾ.

കചൻ ശുക്രാചാര്യരെ മാതാവായും പിതാവായും കണക്കാക്കിയതായും അതേ കാരണത്താൽ സ്വപുത്രിയെ വിവാഹം കഴിക്കുന്നതു നീതി രഹിതമാണെന്നു ശുക്രാചാര്യർ പറഞ്ഞതായും മഹാഭാരതത്തിൽ പ്രസ്താവിക്കുന്നു: മാതാപിതാക്കൾ ശരീരസൃഷ്ടി മാത്രമേ നടത്തുന്നുള്ളുവെന്നും രണ്ടാമത്തെ ജന്മം നൽകുന്ന ഗുരുഭൂതന്മാർ പിതൃതുല്യരായി പരിഗണിക്കപ്പെടേണ്ടതാണെന്നുമുള്ള സംശയാതീതമായനിർദ്ദേശങ്ങൾ ഇതിഹാസത്തിൽ പലേടത്തുമുണ്ടു്. അതുകൊണ്ടു് ഒരു വിദ്യാർത്ഥി നാലു ധർമ്മങ്ങൾ നിർവ്വഹിക്കേണ്ടതുണ്ടായിരുന്നു. അനിർവ്വാച്യമായ ഗുരുഭക്തിയോടൊപ്പം കഠിനമായ ഗൃഹജോലികൾ കൂടി ചെയ്തു ഗുരുകോപം കൂടാതെ കഴിക്കുക; ഗുരുപത്നിയേയും പുത്രന്മാരേയും ഭക്ത്യാദരപുരസ്സരം സേവിക്കുകയും ധനവും, ശരീരവും, മനസ്സും ജീവിതമാകെയും സമർപ്പിച്ചും ഗുരുവിച്ഛിക്കുന്ന കർമ്മങ്ങൾ ചെയ്യണം; ദുഃഖമകറ്റി ജ്ഞാനസമ്പത്തരുളിയ ഗുരുവിനെ കൃതജ്ഞതാപൂരസ്സരമെന്നും സ്മരിക്കണം; ജ്ഞാനസമ്പാദനത്തിന്നു ചിതമായ പാരിതോഷികം-ദക്ഷിണ-നൽകി കടപ്പാടു തീർക്കാതെ വിട്ടുപോകരുതു്: ഈ ചതുർ ധർമ്മങ്ങൾ മാനസിക വികാസത്തിൽനിന്നും, ഗുരുസമ്പർക്കത്തിൽനിന്നും, സതീർത്ഥ്യരിൽനിന്നു. നേടുന്ന ബോധം കൊണ്ടുമാണു് നിർവ്വഹിക്കേണ്ടതു്. ഉപമന്യു, ആരുണി, വേദൻ, ഉദങ്കൻ മുതലായ ധാരാളം വിദ്യാർത്ഥികളിലൂടെ ഒരു വിദ്യാർത്ഥിയെങ്ങിനെ ജീവിക്കണമെന്നു മഹാഭാരതം ചൂണ്ടിക്കാട്ടുന്നുണ്ടു്.

ആശ്രമ കലാലയങ്ങൾ

ജ്ഞാനികളായ സുപ്രസിദ്ധ ഋഷിപുംഗവന്മാരുടെ ആശ്രമങ്ങളിലേക്കു നാട്ടിൻറെ നാനാഭാഗത്തു നിന്നും ജിജ്ഞാസുക്കളായ വിദ്യാർത്ഥികൾ തീർത്ഥാടനം ചെയ്തു വന്നു. വിജ്ഞാന സങ്കേതങ്ങളായ ഈ താപസാശ്രമങ്ങൾ കലാശാലകളുടെ കൃത്യമാണു് ഐതിഹാസികകാലത്തു നിവ്വഹിച്ചതു്. ശൌനകൻ കുലപതിയായി—അദ്ധ്യക്ഷനായി—നടത്തിവന്ന നൈമിശാരണ്യത്തിലെ ആരണ്യസർവ്വകലാശാല, മതം, ശാസ്ത്രം, തത്വജ്ഞാനം മുതലായ വിഷയ പഠനങ്ങൾക്കു വിഖ്യാതമായിരുന്നു. 10000-ത്തിൽ പരം വിദ്യാർത്ഥികളുണ്ടായിരുന്ന ഈ സർവ്വകലാലയിൽ പണ്ഡിതന്മാരുടെ തർക്കവിതർക്കങ്ങളും, 12 വർഷം നീണ്ടുനിന്ന യജ്ഞവുമുണ്ടായിരുന്നു. നൈമിശികാരണ്യത്തിലെ വ്രതാചാരികൾ 12 വർഷത്തെ യജ്ഞവിധികൾ പൂർത്തിയാക്കി നാട്ടിലെ വിശുദ്ധ ക്ഷേത്രങ്ങളിൽ തീർത്ഥാടനംചെയ്തു പാഞ്ചാലരാജ്യത്തു് ചെന്നു രാജാവിനോടു കന്നുകുട്ടികളേയും മറ്റും ദക്ഷിണകൊടുക്കാനാവശ്യപ്പെട്ടതായി ഇതിഹാസങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടു്.

കണ്വാശ്രമം

സരയൂനദിയുടെ പോഷക നദിയായ മാലിനി തീരത്തിലുണ്ടായിരുന്ന കണ്വാശ്രമം പരിശുദ്ധാഗ്നിയുടെയും, മന്ത്രോച്ചാരണങ്ങളുടേയും ശബ്ദം കൊണ്ടു് മുഖരിതമായിരുന്നു; അതൊരേകാന്താശ്രമമായിരുന്നില്ലെന്നും പരിസരപ്രദേശങ്ങളിലുള്ള ഋഷികളുടെ കേന്ദ്രമായിരുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ടു്. ചതുർവേദ, പുണ്യഗ്രന്ഥങ്ങൾ സാഹിത്യം, കല, കല്പസൂത്രം സംഹിതകൾ, ശിക്ഷ, ഛന്ദസ്സു. വ്യാകരണം, നിരുക്തം, ആത്മവിജ്ഞാനം ബ്രഹ്മോപാസന, മോക്ഷധർമ്മം, ലോകായത മതം, ന്യായം, തർക്കം, ഭൌതികശാസ്ത്രം, വസ്തുശില്പം, ദ്രവ്യഗുണവിജ്ഞാനീയം, മൃഗപക്ഷിശാസ്ത്രം, എന്നീ വിവിധ വിഷയങ്ങളിലും സവിശേഷ വൈദഗ്ദ്ധ്യം നേടിയ ഒട്ടേറെ പേർ ഈ സർവ്വകലാശാലയിലുണ്ടായിരുന്നവത്രേ. സുമന്തൻ, വൈശമ്പായനൻ, ജൈമിനി, വൈലൻ, ശുകൻ, മുതലായവർപഠിച്ച വ്യാസാശ്രമം, (XII-328) വസിഷ്ഠാശ്രമം, വിശ്വാമിത്രാശ്രമം എന്നിവയും പ്രസിദ്ധ കലാശാലകളായിരുന്നു. ഈ ആശ്രമ കലാലയങ്ങളെയൂറോപ്പിലെ റസിഡൻഷ്യൽ യൂണിവേഴ്സിറ്റികളുടെ കുറേമാറ മാതൃകാസ്ഥാപനങ്ങളായിട്ടാണു് മി. മസുംദാർ പരിഗണിക്കുന്നതു്.

വിവിധ വിദ്യാപീഠങ്ങൾ

വിവിധ വിജ്ഞാന വകുപ്പുകൾ തുടങ്ങുന്ന കലാശാലകളായിരുന്നു ഈ ആശ്രമങ്ങളെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. അഗ്ന്യാരാധനയുടേയും പ്രാർത്ഥനയുടേയും വകുപ്പായ അഗ്നിസ്ഥാനം, വേദവിഭാഗമായ ബ്രഹ്മസ്ഥാനം, രാജനീതി, അർത്ഥനീതി 'സാങ്കേതിക വിദ്യ (Polity economics and Technology) എന്നിവയുടെ വകുപ്പായ വിഷ്ണുസ്ഥാനം, സൈനികവിഭാഗമായ മഹേന്ദ്രസ്ഥാനം, ഗണിതശാസ്ത്രവകുപ്പായ വിവസ്വതസ്ഥാനം, ഗതാഗതവാഹന വിഭാഗമടങ്ങിയ ഗരുഡസ്ഥാനം, പട്ടാള സംഘടന, ബറ്റാലിയൻ, കാലാൾപട, തുടങ്ങിയവയുടെ വകുപ്പായ കാർത്തികേയസ്ഥാനം എന്നിവയേപ്പറ്റി ഇതിഹാസങ്ങളിൽനിന്നു് വിവരം ലഭിക്കുന്നുണ്ടു്.

പണ്ഡിത സദസ്സുകൾ

ഈ ബ്രാഹ്മണാശ്രമങ്ങളിലെ യാഗവേദികളോടനുബന്ധിച്ചു നടക്കാറുള്ള പണ്ഡിത സദസ്സുകൾ വിദ്യാവിതരണ കേന്ദ്രങ്ങളായിരുന്നു. ഋഗ്വേദത്തിലും ഏതാദൃശ ബ്രാഹ്മണസംഘങ്ങളെപ്പറ്റി

പരാമർശിച്ചിട്ടുണ്ട്. കൃഷ്ണദ്വൈപായന വിരചിതമായ മഹാഭാരതം ആയിരക്കണക്കിനാളുകൾ പങ്കെടുത്ത ജനമേജയയാഗവേളയിൽ വൈശമ്പായനൻ പാടിയതും, നൈമിശാരണ്യത്തിലെ ഔനകയാഗത്തിൽ അതു ഉഗ്രശ്രാവ കണ്ഡൗതി പാടിയതും ഇത്തരം പണ്ഡിതപരിഷത്തുകൾ ദേശീയ പ്രധാനമായ കവിതകളെ ജനകീയവല്ലരിക്കാനുള്ള സുശക്തമായ പ്രചരണോപാധികളായിരുന്നുവെന്നതിനു തെളിവുകളാണെന്നു രാധാകുമുദ് മുഖർജി ചൂണ്ടിക്കാട്ടിയിരിക്കുന്നു.

ക്ഷത്രിയ വിദ്യാഭ്യാസം

പാണ്ഡവന്മാർ എല്ലാ വേദവും, വിവിധശാസ്ത്രവും, പഠിച്ചവരാണെന്നും ധനുർവേദം, വേദം, നീതിശാസ്ത്രം, ഇതിഹാസം, പുരാണം, വേദാംഗങ്ങൾ എന്നിവ പാണ്ഡു പഠിച്ചിട്ടുണ്ടെന്നും, പാണ്ഡു ധനുർവ്വേദത്തിലും, ധൃതരാഷ്ട്രർ കായികശക്തിയിലും അധ്വിതീയരായിരുന്നുവെന്നും മഹാഭാരത ശ്ലോകങ്ങൾ പ്രസ്താവിക്കുന്നു. ദ്രോണാചാര്യർ "എല്ലാ ശാഖകളോടുംകൂടി ധനുർവ്വേദം പഠിപ്പിച്ചു" വെന്നും എല്ലാവർക്കും തുല്യോപദേശങ്ങളാണു ലഭിച്ചതെങ്കിലും അർജ്ജുനൻ "മികച്ച സാമർത്ഥ്യവും, ഗുരുവിലും വിദ്യയിലും മഹത്തായ ഭക്തിയും പ്രകടിപ്പിച്ചു" ദ്രോണാചാര്യരുടെ ഇഷ്ടഭാജനമായെന്നും, പിന്നീടു് ദ്രോണർ രാത്രിയിലും അജ്ഞനന്നു 'ശരപ്രയോഗം' പരിശീലിപ്പിച്ചുവെന്നും മഹാഭാരത്തിൽ കാണ്മാൻ കഴിയും. അശ്വയുദ്ധം, ആന, വാഹന (രഥ), കാലാൾപട യുദ്ധങ്ങൾ എന്നിവയും അർജ്ജുനൻ പരിശീലിച്ചിട്ടുണ്ടായിരുന്നു. ദുര്യോധനനും, ഭീമനും ഗദായുദ്ധത്തിലും, നകുലനും, സഹദേവനും ഖഡ്ഗയുദ്ധത്തിലും, അശ്വത്ഥാമാവു് സർവ്വായുധപ്രയോഗങ്ങളിലും, യുധിഷ്ഠിരൻ രഥയുദ്ധത്തിലും മികച്ച വൈഭവം നേടിയിരുന്നതായി മഹാഭാരത ശ്ലോകങ്ങളിൽ നിന്നും മനസ്സിലാക്കാം. അർജ്ജുനപുത്രനായ അഭിമന്യു നാലു ശാഖകളോടും പത്തു വിഭാഗങ്ങളോടും കൂടി പിതാവിൽ നിന്നുതന്നെ ആയുധശാസ്ത്രം പഠിച്ചു പിതൃതുല്യനായും വേദപണ്ഡിതനായും തീർന്നു. ധനുർവ്വേദം, വേദം, നീതിശാസ്ത്രം, ഗജശിക്ഷ, രഥശിക്ഷ, ആലേഖ്യകല, ലേഖനവിദ്യ, ലംഘനവിദ്യ, പ്ലവനവിദ്യ, സംഖ്യവിദ്യ, ഗന്ധർവ്വവിദ്യ, തക്കം, രാജനീതി എന്നിവയാണു രാജവിഷയങ്ങളെന്നു് രാമായണത്തിൽ (i. 80; 27, 4; ii 2. 6) പ്രസ്താവിക്കുന്നുണ്ടു്. രാമായണത്തിൽത്തന്നെ അസ്ത്രശിക്ഷ, രഥശിക്ഷ മുതലായവയെക്കുറിച്ചു് പലേടത്തും ആവർത്തിച്ചാവർത്തിച്ചു് പറയുന്നുണ്ടു്. ശബ്ദശാസ്ത്രം 64 കലകൾ, യുക്തിശാസ്ത്രം; അഷ്ടാംഗായുർവ്വേദം, ഋഗ്വേദം, സാമവേദം, യജുർവേദം, അഥർവ്വവേദം, ഇതിഹാസങ്ങൾ, ഉപവേദങ്ങൾ വേദാംഗങ്ങൾ സംപ്രവാണികൾ, സാമങ്ങൾ, സ്മൃതികൾ ശാസ്ത്രങ്ങൾ, ഗാഥാസാഹിത്യങ്ങൾ, ഭാഷ്യങ്ങൾ, കഥാഖ്യായികൾ എന്നീവിഷയങ്ങളാണു് ഇതിഹാസകാലഘട്ടത്തിൽ പഠനവിഷയങ്ങളായിരുന്നതെന്നു കാണുന്നു. പട്ടാള പരിശീലനത്തിലാകട്ടെ കുതിര, കാലാൾ, ഗജരഥ, സേനകൾ എന്നിവയെപ്പറ്റിയും രഥാരോഹണം, പര്യവസ്കന്ദനം, സരണം, പ്ലുതം, സമ്യക് പ്രഹരണം (ഒന്നിച്ചമ്പയയ്ക്കൽ) യാനം, വ്യായാനം മുതലായവയെക്കുറിച്ചു പഠിക്കേണ്ടതുണ്ടായിരുന്നു. വേദങ്ങൾ പഠിപ്പിച്ചിരുന്നുവെങ്കിലും ക്ഷത്രിയന്മാരെ സംബന്ധിച്ചു സർവ്വപ്രധാനമായിരുന്നതു് യുദ്ധശാസ്ത്രമായിരുന്നുവെന്നു പറയാം.

വിദ്യാഭ്യാസകാലം.

ബീജാധാനത്തോടൊപ്പം തന്നെ വേദപ്രചാരം ചെയ്യുന്നതു സംബന്ധിച്ചു് ഋഗ്വേദത്തിൽ പരാമർശിച്ചിട്ടുണ്ടു്. അഷ്ടാവക്രൻ ഗർഭപാത്രത്തിൽ നിന്നു് വേദജ്ഞാനം നേടിയതായും, 12-ാം വയസ്സിൽ വേദവേദാന്ത പണ്ഡിതനായി ജനകയാഗസദസ്സിൽവെച്ചു രാജകീയ പണ്ഡിതനായ വന്ദിയെ നിഗ്രഹിച്ചു പരാജയപ്പെടുത്തുകയും ചെയ്ത കഥ മഹാഭാരതത്തിലുണ്ടു്. മഹാഭാരതത്തിൽത്തന്നെ 12-ാമത്തെ വയസ്സിലുള്ള ഈ പാണ്ഡിത്യപ്രകടനം ഒരസാധാരണ അത്ഭുതമായിട്ടാണു് കാണുന്നതു്. "16 വയസ്സായ, വിവാഹിതനായ അഭിമന്യു" വിനെ പുരസ്കരിച്ചു മഹാഭാരതം സൂചിപ്പിക്കുന്നുണ്ടു്. 85 വയസ്സു് പ്രായമായ വൃദ്ധനായ ദ്രോണൻ 16 വയസുകാരനെപ്പോലെ യുദ്ധവീര്യം പ്രകടിപ്പിച്ചതായി കാണുന്നു. രാമായണത്തിൽ ദശരഥൻ വിശ്വാമിത്രനോടു "രാമൻ ഇപ്പോഴും ബാലനാണെന്നും, 16 വയസ്സായിട്ടില്ലെന്നും, ആയുധപ്രയോഗമറിഞ്ഞുകൂടെന്നും പറഞ്ഞുകാണുന്നു. ഈ പ്രസ്താവനകളുടെ വെളിച്ചത്തിൽ ക്ഷത്രിയ വിദ്യാഭ്യാസപൂർത്തി 16-ാം വയസ്സിലായിരുന്നുവെന്നു ബ്രഹ്മക്ഷത്രിയ വൈശ്യാദികളുടെ ഉപനയനപ്രായം യഥാക്രമം 8, 11, 12. എന്നിങ്ങനെയാണെന്നു മനുസ്മൃതി (11-36-ൽ) നിർദ്ദേശിച്ചിട്ടുണ്ടു്.

സ്ത്രീ വിദ്യാഭ്യാസം.

രാമായണത്തിലും ഭിക്ഷുണികളെക്കുറിച്ചും യോഗിനികളെക്കുറിച്ചും പ്രസ്താവങ്ങൾ കാണാം. സരസ്വതീതീരത്തുള്ള കാമര്യകവനത്തിലെ കലാശാലയിൽ (ഭാരതം IX — 54) രണ്ടു പ്രശസ്തരായ ബ്രാഹ്മണ സ്ത്രീകൾ ബ്രഹ്മചര്യവും യോഗവിദ്യയും കൊണ്ടു തപസ്സിദ്ധികളാർജ്ജിച്ചതായും, ക്ഷത്രിയ രാജകുമാരിയായ ശാന്തിലു വ്രതാചാരാനുഷ്ഠാനത്തിന്റെ ചേന്തായും പ്രസ്താവിച്ചിട്ടുണ്ടു്. പമ്പാതീരത്തിലെ മതംഗ ശിഷ്യയായ ശബരിയും, ശ്രമണി, ജടില, സ്വയംപ്രഭ, അനസൂയ തുടങ്ങിയ മറനേകം പേരും പ്രശസ്തരായിരുന്നു. മഹാഭാരതത്തിൽ അഷ്ടവക്രൻ പണ്ഡിതയായ സ്ത്രീയുമായി വാദപ്രതിവാദം നടത്തിയതായി കാണാം. സ്ത്രീ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്നില്ലെന്നു ഇതിൽ നിന്നു സിദ്ധിക്കുന്നു.

ചില പ്രത്യേകതകൾ കൂടി

അന്നത്തെ വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനമായ അയോദ്ധ്യയിൽ ഉണ്ടായിരുന്ന ബ്രഹ്മചാരിസംഘങ്ങൾ ഇന്നത്തെ വിദ്യാർത്ഥി ഫെഡറേഷനുകളെപ്പോലെയായിരുന്നുവത്രെ. പൊതുവായ അഭിപ്രായത്തെ രാജസമക്ഷം സമർപ്പിക്കുവാൻ ഇവ തെയ്യാറായിരുന്നു, ലോഡ്ജുകളും വധൂസംഘങ്ങളും (ലേഡീസ് ക്ലബ്ബുകൾ) നാടക സംഘങ്ങളും, ഉത്സവങ്ങളും, സമാജങ്ങളും മറനാധുനികരീതിയിൽ കാണുന്ന മിക്ക സജ്ജീകരണങ്ങളുമന്നുണ്ടായിരുന്നു. പ്രയാഗാതീരത്തെ ഭരദ്വാജാശ്രമം ഇവയ്ക്കു മാതൃകയായി ശോഭിക്കുന്നു. ഭരതനും രാജകീയസ്ത്രീകളേയും പഠിപ്പിച്ച ഈ ആശ്രമത്തിൽ ചതുശ്ശാലകളുണ്ടായിരുന്നുവത്രെ. രാജാശങ്കളേയും ഗജങ്ങളേയും പാർപ്പിക്കാനുള്ള ആലയങ്ങളും ഹർമ്മ്യങ്ങളും, രാജതാമസത്തിനുള്ള പ്രാസാദങ്ങൾ, തോരണങ്ങളും കമാനങ്ങളും കൊണ്ടലംകൃതമായ രാജവേശ്മം, കിടക്ക പരവതാനി, ഇരിപ്പിടമെന്നിവയുള്ള അതിഥിമന്ദിരം എന്നിവ ഇവിടെയുണ്ടായിരുന്നു. നർത്തകികളുടേയും, ഗായകികളുടേയും കലാപ്രദർശനവും നടത്തിയിരുന്നു. ഭൌതികമായ ജീവിത പ്രശ്നങ്ങളെ അഭിമുഖീകരിച്ചു ആനന്ദസന്തായകമായ സമുജ്ജീവിതം കെട്ടിപ്പടുക്കാനും ആദ്ധ്യാത്മികമായ പരമലക്ഷ്യം പ്രാപിക്കാനും സഹായകവും ലളിതവും, ശാസ്ത്രീയവും സർവ്വാകർഷകവുമായ ഒരു വിദ്യാവിതരണപദ്ധതിയുടെ നിഴൽ ചിത്രങ്ങളാണു് നാമിതിഹാസത്തിൽ കാണുന്നതു്.

ആഴകിനോട്

★

എം. സി. ഇരിക്കൂർ

ചെമ്പനീർ പൂവിന്നു മാറു കുറുക്കുന്ന
ചെഞ്ചുണ്ടിലൂറി ക്കളിച്ചിട്ടും പുഞ്ചിരി
സഞ്ചിത സൗഹൃദ സന്ദേശ മോരോന്നു—
മഞ്ചാതെ യെന്നിലേക്കേകുന്നതെന്തു നീ ?

ആയിരമായിരം മുഗ്ധ വികാരങ്ങ—
ളാത്മാവിലേറ്റി നടക്കുന്ന പെണ്മണി,
കല്യാണ രാവിന്റെ മാദക സ്വപ്നങ്ങ—
ളെല്ലാം നിശ്ശുദ്ധമായ് കാണുകയല്ലി നീ.

ആലോല വായുവിലാടിക്കളിയ്ക്കുന്ന
നീലാഭയാന്ന നിൻ ചേലാഞ്ചലത്തിനെ,
മെല്ലെ ത്തലോടി നീ, നീൾമിഴി ക്കോണിനാ—
ലെല്ലാ ജനത്തെയും വീക്ഷിച്ചു പോകവെ,
എല്ലാം മറന്നു ഞാ,നെന്നഭിലാഷങ്ങ—
ളെല്ലാം നിനക്കയേ കാഴ്ച വെക്കുന്നിതാ!

കാലത്തു മുച്ചയ്ക്കു മന്തിക്കു മോരോരോ
ചേലകൾ മാറ്റി നീ യാവഴിപോകവേ,
നീണ്ടിടം പെട്ടൊരക്കണ്കളിൽ പ്രേമത്തിൻ
നീണ്ടതാം യാചന മുറ്റി വിടരവേ,
താരും തളിരുമായ് തീർന്നിൻ മേനിയി—
ന്നാരും കൊതിപ്പതിലെന്താണു വിസ്മയം. ?

വിദ്യാഭ്യാസത്തിന്റെ പുനഃസംവിധാനം*

പ്രൊ: സി. പി. കെ. തരകൻ, എം. എ., എൽ. ടി.

മനുഷ്യന്നു് തന്റെ ചുറ്റുപാടുകളെ പറ്റി ആരുന്നതു സൂക്ഷ്മവും വിശാലവുമായ പരിജ്ഞാനം ഉളവാക്കുക: ചുറ്റുപാടുകളോടു് വേണ്ടവിധത്തിൽ ഇണങ്ങി ഉപജീവനം കഴിക്കുവാനുള്ള സന്നദ്ധതയും സാമർത്ഥ്യവും സമ്പാദിച്ചു കൊടുക്കുക: ഇവയെല്ലാമാണല്ലൊ വിദ്യാഭ്യാസത്തിന്റെ സാമാന്യലക്ഷ്യങ്ങൾ. മനുഷ്യന്റെ ചുറ്റുപാടുകളിൽ തന്നെ ശാശ്വതവും അചഞ്ചലവുമായ ഒരു സ്ഥാനമുണ്ടു്; നിരന്തരം മറിഞ്ഞു കൊണ്ടിരിക്കുന്ന ചലനാത്മകമായ മറ്റൊരു വശവും: വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിന്നും ഇങ്ങിനെ രണ്ടു വശങ്ങളുണ്ടെന്നു പറയാം. അതിന്റെ ശാശ്വതമൂല്യങ്ങളുടെ വ്യാപ്തി സുസ്ഥിരവും സനാതനവുമാണു്. എന്നാൽ മനുഷ്യനെ കാലത്തിനൊത്ത കോലം കെട്ടുവാൻ പരിശീലിപ്പിക്കുന്നതും വിദ്യാഭ്യാസമാണു്. കാലത്തിന്റെ പോക്കനുസരിച്ചു് മാറിക്കൊണ്ടിരിക്കുന്ന ലോകത്തെ ശരിയായി പ്രതിഫലിപ്പിച്ചു കാട്ടി അങ്ങിനെയുള്ള ലോകത്തിൽ സമർത്ഥമായി ജീവിക്കുവാൻ വിദ്യാഭ്യാസത്തിന്റെ സഹായം വേണം. അതാണു് വിദ്യാഭ്യാസത്തിന്റെ ഭൌതികവും സാമുദായികവുമായ കർത്തവ്യം.

ലോകചരിത്രത്തിലെ ഭൂതം, വർത്തമാനം, ഭാവി എന്നീ മൂന്നു ഘടകങ്ങളെയും യഥായോഗ്യം കൂട്ടിയിണക്കുന്ന ഒരു ശൃംഖലയായിട്ടാണു്, ഒരമേരിക്കൻ ചിന്തകൻ വിദ്യാഭ്യാസത്തെ വിഭാവനം ചെയ്യുന്നതു്. കഴിഞ്ഞ കാലങ്ങളിൽ മാനവസംസ്കാരം നേടിയ പുരോഗതിയുടെ ദീപശിഖ ഓരോ പുതിയ തലമുറയിലേയും വിദ്യാർത്ഥികൾക്കു് എടുത്തുകൊടുക്കുകയും അവരെ അതുംകൊണ്ടു് ശോഭനമായ ഒരു ഭാവിയിലേക്കു നീങ്ങുവാൻ സഹായിക്കുകയുമാണു് വിദ്യാഭ്യാസത്തിന്റെ നിരന്തരമായ പ്രവർത്തനലക്ഷ്യം.

പുരാതന ഭാരതീയ വിദ്യാഭ്യാസം ഇതു് നല്ലതുപോലെ നിർവ്വഹിച്ചുപോന്നിരുന്നു. അതുകൊണ്ടാണു് ഭാരതീയ സംസ്കാരം ഇന്നും ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ നിലനിൽക്കുന്നതു്. പിന്നീടു് ഭാരതം വിദേശാധിപത്യത്തിന്നിരയായി. മറ്റു രംഗങ്ങളിലെന്നപോലെ വിദ്യാഭ്യാസരംഗത്തിലും നമ്മുടെ സ്വതന്ത്രമായ വളർച്ചക്കു് ഹാനി സംഭവിച്ചു. ഭാരതീയവിദ്യാഭ്യാസം ഭാരതീയമല്ലാതായി. നമ്മുടെ സംസ്കാരത്തിന്റെയും ഭാഗധേയത്തിന്റെയും ഉത്തമതാല്പര്യങ്ങൾക്കു് വേണ്ടത്ര പരിഗണന അന്നു് സിദ്ധിച്ചില്ല.

എന്നാൽ വിദേശാധിപത്യത്തിന്റെ കീഴിൽ കഴിഞ്ഞ മൂന്നൂറ്റാണ്ടു കാലത്തോളം വളർന്നുവന്നിട്ടുള്ള ആധുനിക ഭാരതീയവിദ്യാഭ്യാസത്തിൽ ദോഷവശങ്ങളെയുള്ളുവെന്നോ, ദോഷവശങ്ങളാണധികമുള്ളതെന്നോ പറയുന്നതു ഒരിക്കലും സാധുവാകുന്നതല്ല. പുരാതനഭാരതീയവിദ്യാഭ്യാസം എത്ര മേന്മയേറിയതായാലും അതു് നമ്മെരാഷ്ട്രീയവും സാമുദായികവുംസാമ്പത്തികവുമായ അധഃപതനങ്ങളിൽനിന്നു് രക്ഷിക്കുവാൻ പര്യാപ്തമായില്ല. അതു് വിദേശാധിപത്യമാകുന്ന വിപത്തിനെ നേരിടാൻ സഹായിച്ചില്ല. എന്നാൽ വിദേശാധിപത്യത്തിൻകീഴിൽ വളർന്നുവന്ന നവീന ഭാരതീയവിദ്യാഭ്യാസമാകട്ടെ നമ്മെ വിദേശാധിപത്യത്തൽനിന്നുകരകയറുവാനും ഒട്ടേറെ സഹായിച്ചിട്ടുണ്ടു്. ഈ വിദ്യാഭ്യാസത്തിന്റെ പ്രായോഗിക വശത്തെയാണു് ചിലർ എതിർക്കുന്നതു്: മറ്റു ചിലർ അതിന്റെ ആദ്ധ്യാത്മികവും, ധാർമ്മികവുമായ അനാസ്ഥയെ അപലപിക്കുന്നു. ന്യൂനതകൾ പലതും അതിനുണ്ടു്. ഏറ്റവും പ്രധാനമായ കുഴപ്പം ഇന്നത്തെ കാലസ്ഥിതിക്കനുസരിച്ചു് വിദ്യാഭ്യാസരംഗത്തിൽ സർവ്വത്ര ഒരു ഉടച്ചുവാർക്കൽ അടിയന്തരാവശ്യമായി തീർന്നിരിക്കുന്നുവെന്നതാണു്.

നാം അതിപ്രധാനമായ ഒരു കാലഘട്ടത്തിലാണു് എത്തിയിട്ടുള്ളതു്. സ്വാതന്ത്ര്യലബ്ധിയോടു കൂടി ഭാരതീയർക്കു് വിദ്യാഭ്യാസരംഗത്തിൽ ഒരു പുനഃസംവിധാനത്തിന്നു് അവസരം ലഭിച്ചിരിക്കുന്നു. പുനഃസംവിധാനത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ സുപ്രധാനമായവ രണ്ടാണു്. ഭാരതീയസംസ്കാരത്തിന്റെ ശാശ്വതമൂല്യങ്ങളെ നമ്മുടെ വിദ്യാഭ്യാസം ഉൾക്കൊള്ളണം: ആധുനികലോകത്തിലെ പരിഷ്കൃതരാഷ്ട്രങ്ങളോടൊത്തു് മുന്നോട്ടുപോകുവാൻ ഭാരതീയജനതയെ സന്നദ്ധമാക്കുകയും വേണം. മറ്റു മിക്ക രാജ്യങ്ങളിലെന്നപോലെ ഇവിടെയും പ്രൈമറി, സെക്കണ്ടറി, യൂനിവേർസിറ്റി എന്നിങ്ങിനെ മൂന്നു പ്രധാനഘട്ടങ്ങളായിട്ടാണു് വിദ്യാഭ്യാസത്തെ തരം തിരിച്ചിട്ടുള്ളതു്, ഇതിൽ പ്രൈമറിഘട്ടത്തെ സംബന്ധിച്ചേടത്തോളം ഗാന്ധിജി ആവിഷ്കരിച്ച അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയാണു് പുനഃസംവിധാനത്തിലേക്കുള്ള ആദ്യത്തെ ചുവടുവെപ്പെന്നു പറയാം. പ്രൈമറി വിദ്യാലയത്തെ ആധുനിക സാമുദായികജീവിതത്തോടും രാഷ്ട്രത്തിന്റെ പുരാതന സംസ്കാരത്തോടും ഒരു പോലെ സജീവമായി ഘടിപ്പിച്ചു് ആദർശവാന്മാരും ഉത്സാഹശാലികളും സൽസ്വഭാവികളുമായ മാതൃകാപൌരന്മാരായി തീരുവാൻ അടിസ്ഥാനവിദ്യാഭ്യാസം പ്രൈമറി വിദ്യാർത്ഥികൾക്കു പരിശീലനവും പ്രചോദനവും നൽകുന്നു.

സെക്കണ്ടറി വിദ്യാഭ്യാസത്തിലും നമുക്കു് ഒട്ടേറെ പരിഷ്കാരങ്ങൾ ആവ

---

* A. I. R. Kozhikode 19—3—'57 സംഘടിപ്പിച്ച ചർച്ചായോഗത്തിൽ പ്രക്ഷോപണംചെയ്ത ഒരു ലഘുപ്രസംഗമാണിതു്; A. I. R. അധികൃതന്മാരുടെ ദയാപുരസ്സരമായ അനുവാദത്തോടുകൂടി പ്രസിദ്ധീകരിക്കുന്നു.

ര്യമായിട്ടുണ്ട്. സെക്കണ്ടറി സ്കൂളിനെ കേവലം യൂനിവേർസിറ്റിയിലേക്കുള്ള ഒരു പ്രവേശനദ്വാരം മാത്രമായി കരുതിവരുന്ന വീക്ഷണഗതി ഉപേക്ഷണം. സെക്കണ്ടറി വിദ്യാഭ്യാസം സാവ്രതികമാക്കണം. സെക്കണ്ടറി സ്കൂൾ വിട്ടിറങ്ങുന്നതോടുകൂടി വിദ്യാർത്ഥിയുടെ വിദ്യാഭ്യാസത്തിന്ന് ഒരു സാമാന്യ പരിപൂർണ്ണത സിദ്ധിക്കുമാറാകണം. നാലോ അഞ്ചോ കൊല്ലത്തെ പ്രൈമറി അഥവാ ജൂനിയർ ബേസിക്ക് പഠനത്തിന്നുശേഷം 3 കൊല്ലത്തെ ജൂനിയർസെക്കണ്ടറിയും പിന്നീട് 4കൊല്ലത്തെ സീനിയർ സെക്കണ്ടറിയും ഇങ്ങിനെ ചുരുങ്ങിയത് 11കൊല്ലത്തെ വിദ്യാഭ്യാസമെങ്കിലും ഓരോ പൌരന്നും സിദ്ധിക്കണം. സെക്കണ്ടറി സ്കൂളുകൾ വിവിധ തൊഴിലുകൾക്ക് വേണ്ടുന്ന പരിശീലനവും വിജ്ഞാനവും നല്കുന്ന വിവിധോദ്ദേശ വിദ്യാലയങ്ങളായി രൂപാന്തരപ്പെടണം. കാർഷിക വിദ്യാഭ്യാസത്തിന്ന് ഗ്രാമീണ വിദ്യാലയങ്ങളിൽ പ്രത്യേക പ്രാധാന്യം നല്കേണ്ടതാണ്. പൂന്തോട്ടപ്പണി, മൃഗസംരക്ഷണം, ഗൃഹഭരണം കൂടിൽ വ്യവസായങ്ങൾ എന്നീ പ്രായോഗിക ശാസ്ത്രങ്ങളെ പാഠ്യ വിഷയങ്ങളായി അംഗീകരിക്കേണ്ടതാണ്. തൊഴിൽ പരിശീലനത്തിന്ന് സെക്കണ്ടറി സ്കൂളുകൾക്കു പുറമെ മറ്റു സ്ഥാപനങ്ങളിലും വിപുലമായ തോതിൽ സജ്ജീകരണങ്ങൾ വേണം.

സെക്കണ്ടറി പഠനത്തിന്ന് മാതൃഭാഷയോ തദ്ദേശ ഭാഷയോ ആയിരിക്കണം. എന്നാൽ ജൂനിയർ സെക്കണ്ടറി ഘട്ടത്തിൽ ഹിന്ദിയും ഇംഗ്ലീഷും ഒന്നിനുശേഷം ഒന്നായി പഠിപ്പിക്കാൻ തുടങ്ങേണ്ടതാണ്. ഹിന്ദി നമ്മെ ദേശീയ പൌരത്വത്തിന്നും ഇംഗ്ലീഷ് ലോക പൌരത്വത്തിന്നും അർഹന്മാരാക്കുന്നു. ഇതിനെല്ലാം പുറമെ വിദ്യാർത്ഥികളുടെ സ്വഭാവനിയന്ത്രണം, ശിക്ഷണബോധം, സ്വാശ്രയശക്തി, സ്വാഭിമാനം ഇവയെ മുൻനിർത്തി പഠനവിഷയങ്ങളേയും രീതികളേയും സശ്രദ്ധം പരിഷ്കരിക്കുകയും പുനരാവിഷ്കരിക്കുകയും വേണം.

വിദ്യാഭ്യാസരംഗത്തിലെ ഒരു സുപ്രധാന ഘടകമാണ് സെക്കണ്ടറിസ്കൂൾ. സെക്കണ്ടറി സ്കൂളുകളിൽ നിന്നാണ് ഭാവി ഇന്ത്യൻപൌരന്മാരുടെ ഭൂരിഭാഗവും ജീവിതായോധനത്തിന്റെ കച്ചകെട്ടി പുറത്തിറങ്ങാൻ പോകുന്നത്. സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ പുനഃസംവിധാനം വിജയിച്ചാൽ രാഷ്ട്രത്തിന്റെയും വിദ്യാഭ്യാസത്തിന്റെ പുരോഗതി സുരക്ഷിതമാകുന്നതാണ്.

സെക്കണ്ടറി വിദ്യാഭ്യാസം ലഭിക്കുന്ന അനേക സഹസ്രം വിദ്യാർത്ഥികളിൽ എത്രയോ ചെറിയ ഒരു ശതമാനം മാത്രമേ യഥാർത്ഥത്തിൽ യൂനിവേർസിറ്റി വിദ്യാഭ്യാസം അർഹിക്കുന്നുള്ളൂ; ആഗ്രഹിക്കുന്നുള്ളൂ. സർവ്വകലാശാലകൾ ഉയർന്ന ഉദ്യോഗത്തിന്നുള്ള പാസ്സ്പോർട്ട് വിതരണശാലകളായിരിക്കുന്നേടത്തോളം കാലം സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ അധഃപതനത്തിന്ന് നിവാരണമില്ല. സർവ്വകലാശാലകൾ ജ്ഞാനത്തേയും വിജ്ഞാനത്തേയും നിഷ്കാമമായി ആരാഞ്ഞ് ആരാധിക്കുന്ന സരസ്വതീക്ഷേത്രങ്ങളായിരിക്കണം. കേവലം ഉദരംഭരികൾക്കവിടെ സ്ഥാനമുണ്ടായിരിക്കരുത്; പ്രവേശനമുണ്ടായിരിക്കരുത്; പ്രവേശനത്തിന്ന് ഒരു തരത്തിലും അവരെ പ്രോത്സാഹിപ്പിക്കരുത്. പാശ്ചാത്യ രാജ്യങ്ങളിലെ യൂനിവേർസിറ്റികളിൽ മദ്ധ്യവയസ്കന്മാരും വിവിധ തൊഴിലുകളിലും ഏർപ്പെട്ട കഴിഞ്ഞവരും രണ്ടോ മൂന്നോ കൊല്ലത്തെ അവധിയെടുത്ത് ഉപരിപഠനത്തിന്നുള്ള പരിശുദ്ധമായ അഭിലാഷം നിമിത്തം അതിന്നു മുതിർന്നവരുമായ ഒട്ടധികം വിദ്യാർത്ഥികളെ കാണാം. മേലിൽ നമ്മുടെ സർവ്വകലാശാലകളിലും അത്തരം വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം; പ്രതീക്ഷിക്കാം. ലോകത്തിലെ ഏറ്റവും പുരോഗമനോന്മുഖരായ അന്യ രാജ്യങ്ങളുടെ പുരോഗതിയിൽ പങ്കെടുക്കുവാൻ നമ്മുടെ സർവ്വകലാശാലകൾക്ക് സാധിക്കണം. ലോക പുരോഗതിക്ക് നാം യഥാശക്തി സംഭാവന ചെയ്യണം. ഇന്ത്യൻ സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്ന് അതിന്റെതും വ്യക്തവുമായ രൂപവും ചൈതന്യവും ഉണ്ടായിരിക്കണം. ഏറ്റവും ഉയർന്ന നിലവാരത്തെയാണ് ഈ രംഗത്തിൽ നില നിർത്തേണ്ടത് ഇതിൽ ധനപരമായോ സാങ്കേതികപരമായോ തടസ്സങ്ങളൊന്നും ഉണ്ടാവാൻ പാടില്ല. എന്തെന്നാൽ ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ഭാവിയും ഇന്ത്യൻ ജനതയുടെയും ഭാവിയും രണ്ടല്ല, ഒന്നാണ്.

———

PHONE: 671 TELE: IRONSTORE

CALICUT IRON STORES,

MOIDEEN PALLI ROAD,

KOZHIKODE-1

Controlled Stockist of iron and Steel Scrap and cutting

Dealer in:-

G. I. PIPE & FITTING

A. C. GOODS AND SANITARY WARES.

Stockist:-

BARBED WIRE,

PAINTS OF ALL VARIETIES

& METAL SHEETS OF ALL ITEMS.

മലയാളഭാഷയും സാഹിത്യവും ഒറ നോട്ടത്തിൽ—

—വിദ്വാൻ ടി. എം. ചുമ്മാർ —

ഭാഷയുടെ ഉൽപ്പത്തി

മലയാളഭാഷയുടെ ഉല്പത്തി തമിഴിൽ നിന്നാണെന്നും, അതല്ല, സംസ്കൃത ത്തിൽ നിന്നാണെന്നും, ഇതുരണ്ടുമല്ല, മൂലദ്രാവഡത്തിൽ നിന്നാണെന്നും പ്രബലമായ മൂന്നു പക്ഷാന്തരങ്ങളുണ്ട്. സഹസ്രാബ്ദങ്ങൾക്കു മുമ്പ് ദക്ഷിണേ ന്ത്യയിൽ വ്യാപിച്ചിരുന്ന ഒരു ഭാഷ യാണ് ദ്രാവിഡം. അതു ക്രമേണ ദേശ കാലാദിഭേദങ്ങളാൽ തമിഴ്, തെലുങ്ക്, കണ്ണാടകം, തുള, മലയാളം എന്നു് അഞ്ചു വിഭിന്നഭാഷകളായി പരിണ മിച്ചു. ഒരു കാലത്തു പാണ്ടിത്തമിൽ, മലയാളത്തെ വല്ലാതെ സ്വാധീനിച്ചി രുന്നു. പെരുമാൽ ഭരണകാലത്തു് ചെന്തമിഴിന്റെ ശക്തിയും കേരള ത്തിൽ വർധിച്ചു. അക്കാലത്തെ പല മലയാള കൃതികളും തമിൾ പ്രാഭവത്തെ വിളിച്ചു പറയുന്നവയാണു്. ഈ കാഴ്ച കണ്ട ഭ്രമിച്ച ചിലരാണു് മലയാളം തമിഴിൽ നിന്നുൽഭൂതമായ ഒരു ഭാഷയാ ണെന്നു തെറ്റിദ്ധരിച്ചു വശായതു്. തമിഴ്പ്രാഭവകാലത്തിനു മുമ്പുതൽ ആര്യന്മാരായ നമ്പൂതിരിമാരും കേരള ത്തിൽ പ്രവേശിച്ചു തുടങ്ങി. അന്നു തൊട്ട സംസ്കൃതവും മലയാളവും തമ്മിൽ അല്പാല്പം ബന്ധപ്പെടുവാൻ തുടങ്ങി. ആ ബന്ധം ഒടുവിൽ സാക്ഷൽ സംബന്ധം തന്നെയായിത്തീർന്നു. അതി ൽനിന്നു മണിപ്രവാള സാഹിത്യമെ ന്നൊരു സന്താനവും സവിശേഷം സംജാതമായി. ആ സന്താനത്തിന്റെ ആകൃതി കണ്ടു് ഗോത്രം നിർണ്ണയിച്ച കോവുണ്ണി നെടുങ്ങാടി പ്രഭൃതികൾ, മല യാളം സംസ്കൃതത്തിന്റെ സന്താനമെന്ന വിധിയെഴുതുകയും ചെയ്തു. യഥാർത്ഥ ത്തിൽ, കൈരളി അന്നുമിന്നും മൂലദ്രാവി ഡത്തിന്റെ പുത്രിയും, തമിഴ് തുടങ്ങിയ ദ്രാവിഡഭാഷകളുടെ സഹോദരിയുമത്രേ എന്നാൽ ഈ ഭാഷ എന്നു മുതൽ മൂല ദ്രാവിഡത്തിൽനിന്നു വേർപെട്ട പ്രത്യേ കവ്യക്തിത്വത്തെ പ്രാപിച്ചു എന്നു പറയുവാൻ പ്രയാസമുണ്ട്.

മലയാള സാഹിത്യം

മലയാളസാഹിത്യത്തിന്റെ ഏറ്റവും പ്രാചീനമായ രൂപം ഇതേവരെ കണ്ടു കിട്ടിയിട്ടില്ല. തമിഴിന്റെയും സംസ്കൃ ത്തിന്റെയും പ്രാഭവ കാലങ്ങളിലെ കൃതികളാണു നമുക്കിന്നു പ്രദർശിപ്പിക്ക വാനുള്ള പ്രാചീന മലയാള സാഹിത്യ മാതൃകകൾ: രാമചരിതം, ഉണ്ണുനീലി സന്ദേശം, എന്നീ കൃതികൾ മേല്പറഞ്ഞ ഓരോയിനത്തിനും ഉദാഹരണമായെടു ത്തുകാണിക്കാവുന്നവയാണു്. മണി പ്രവാള സാഹിത്യത്തിന്റെ കാലത്തു ഉണ്ണുനീലി സന്ദേശം പോലെയുള്ള അനവധി കൃതികൾ മലയാളത്തിലുണ്ടാ യിട്ടുണ്ടു്. ലീലാതിലകത്തിൽ ഉദാഹര ണങ്ങൾക്കു് ഉദ്ധരിച്ചിട്ടുള്ള പല ശ്ലോക ങ്ങളുടേയും മൂലകൃതികൾ അതിനു തെളി വുകളാണു്. കണ്ണശ്ശപ്പണിക്കന്മാർ, ചെറുശ്ശേരി എന്നിവരുടെ കൃതികളി ലാണു് മണിപ്രവാള രൂപം പൂണ്ട ദ്രാവിഡഗാനങ്ങൾ നാം കാണുന്നതു്. വിശേഷിച്ചും ചെറുശ്ശേരിയുടെ കൃഷ്ണ ഗാഥയിൽ മലയാള പദങ്ങളുടെ മാറ്റും മനോഹരതയും കണ്ടാനന്ദിക്കേണമെ ങ്കിൽ മലയാളത്തിലെ ആദ്യത്തെ മഹാ കാവ്യമെന്നു കൂടി പറയാവുന്ന കൃഷ്ണ ഗാഥയെത്തന്നെ ദർശിക്കണം.

ചന്ദ്രോത്സവം, പുനം, മുഴമംഗലം തുടങ്ങിയവരുടെ ചമ്പുക്കൾ സംസ്കൃ തപ്രഭാവ കാലത്തെ മുഖ്യ കൃതിക ളാണു്. മണിപ്രവാളകാവ്യങ്ങളുടെ സുവർണ്ണദശയെ പ്രസ്തുത കൃതികൾ വിളം ബരം ചെയ്യുന്നു.

ഇപ്പറഞ്ഞ മണിപ്രവാള കാവ്യങ്ങ ളുടെ സൌവർണ്ണദശയോടടുത്തു തന്നെ യാണു് കിളിപ്പാട്ടുകളുടെ ഉല്പത്തിയും. മലയാളഭാഷയാകുന്ന മണിയും, സംസ്കൃതഭാഷയാകുന്ന പ്രവാളവും, ചേരുമ്പോൾ വർണ്ണശബളത കൊണ്ടുണ്ടാകുന്ന ആകർഷകത്വമാണു് 'ഭാഷാ സംസ്കൃത യോഗോ മണിപ്രവാള' മെന്ന വാക്യം കൊണ്ടു ലീലാതിലകകാരനുദ്ദേശിക്കുന്ന തെങ്കിൽ, സംസ്കൃത വൃത്തങ്ങളിൽ മാത്രം നിബന്ധിച്ചു വന്ന ആ മണി പ്രവാളരീതി, പാട്ടുകളിലേയ്ക്കു പകർത്തി ഭാഷയുടെ പുരോഗതിയിൽ സാരമായ ഒരു വ്യതിയാനം വരുത്തിയതു് എഴു ത്തച്ഛനാണു്. ഭക്തിയും വിഭക്തിയും, സംഗീതാത്മകമായി മേളിക്കുന്ന കിളി പ്പാട്ടുകളിൽ.

എഴുത്തച്ഛന്റെ കാലത്തോടടുത്തു ജീവിച്ചിരുന്ന പൂന്താനത്തെയും വിസ്മ രിച്ചുകൂടാ. എഴുത്തച്ഛനെപ്പോലെ തന്നെ സാക്ഷാൽ ഭക്തകവിയായിരുന്ന അദ്ദേഹവും. സന്താന ഗോപാലം ജ്ഞാനപ്പാന തുടങ്ങിയവ ഉല്ലേഖനം ചെയ്ത ആ പുംസ്കോകിലമാണു സുല ളിത പദങ്ങളെ കോർത്തിണക്കി ഒരു ഉത്തമ മണിപ്രവാളരീതി ആധുനികർക്കു് മാതൃകയായി സമർപ്പിച്ചതു് എന്നുകൂടി പറയേണ്ടതുണ്ടു്.

എഴുത്തച്ഛന്റെയും പൂന്താനത്തിന്റെയും കാലശേഷം ഒരു നൂറാണ്ടു കഴിഞ്ഞു സർവ്വതന്ത്ര സ്വതന്ത്രനായ കുഞ്ചൻ നമ്പ്യാരെ നാം കണ്ടുമുട്ടുന്നു. സാഹിതാ ലക്ഷ്മിയെ പൊട്ടിച്ചിരിപ്പിച്ച കുഞ്ച

നാണ് തുള്ളൽപ്പാട്ടുകൾ മൂലം ഭാഷയേറി വരുന്ന നല്ല മണിപ്രവാളം കേരളമൊട്ടുക്കു പ്രചരിപ്പിച്ചതു്.
എന്തൊക്കെ കൂവെ, പഴങ്കഞ്ഞിയെക്കാളുമെന്തു വിശേഷമുണ്ടെന്നു ചൊല്ലുന്നോ?

എന്നിങ്ങനെ ഭാഷയും വിഷയവും ജനകീയമാക്കി പ്രദർശിപ്പിക്കുവാൻ ഒന്നര രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ആ മഹാകവിക്കു കഴിഞ്ഞു. പുരാണകഥാവ്യാജേന കേരളീയ പരിതസ്ഥിതികളെ ചിത്രീകരിച്ചു സാമൂഹ്യപരിവർത്തനം വരുത്തുന്നതിനിന്നത്തെ പുരോഗമനക്കാരുടെ ഗുരുവായ്നാകാൻ പോലും നമ്പ്യാർക്കു സാധിച്ചിട്ടുണ്ട്.

നമ്പ്യാരുടെ കാലത്തോടടുത്തുതന്നെയാണ് ചില ആട്ടക്കഥാകർത്താക്കളും ജീവിച്ചിരുന്നതു്. കോട്ടയത്തു തമ്പുരാൻ, ഉണ്ണായിവാരിയർ, ഇരയിമ്മൻതമ്പി തുടങ്ങിയവർ അവരിൽ പ്രമാണികളാണ്. ചമ്പുകാരന്മാരെയും പിന്നിലാക്കുന്ന സംസ്കൃത പദപ്രചുരിമ ഇവരുടെ കൃതികളിലാണ് കളിയാട്ടക്കാരുടെ കേരളീയരിൽ സംഗീതാഭിരുചിയും അഭിനയചാതുരിയും, രസികതയും വർദ്ധിപ്പിക്കുവാൻ ആട്ടക്കഥകൾ വളരെയധികം ഉപകരിച്ചിട്ടുണ്ട്.

ഇവിടം വിട്ടാൽ ചേലപ്പറമ്പൻ പൂന്തോട്ടംതുടങ്ങി ഇടയ്ക്കുള്ള ചിലരെ പുഞ്ചിരിതൂകി സ്മരിച്ചുകൊണ്ട് കൊല്ലം 11-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ അടുക്കലേക്കാണ് നാമെത്തിച്ചേരുന്നതു്. അഭിജ്ഞാനശാകുന്തളത്തിന്റെ വിവർത്തനംവഴി സംസ്കൃതാനഭിജ്ഞരായ കേരളീയരിൽ കാളിദാസാദികളെ പകരുവാൻ കഴിഞ്ഞു എന്നുള്ളതാണ് കേരളവർമ്മ മലയാളസാഹിത്യത്തിനു ചെയ്തിട്ടുള്ള ഒരു സംഭാവന. ആ കാലഘട്ടംമുതൽ സംസ്കൃതകവികളുടെ മറ്റു പല കാവ്യനാടകങ്ങളും മലയാളത്തിലേക്കു പകർന്നുതുടങ്ങി. മലയാളത്തിൽ മഹാകാവ്യപ്രസ്ഥാനം ഉടലെടുത്തതും ആവഴിക്കുതന്നെ. മയൂരസന്ദേശത്തിന്റെ പുറപ്പാടോടുകൂടി സന്ദേശകാവ്യങ്ങളുടെ ബാഹുല്യവും വർദ്ധിച്ചു. പ്രാസപക്ഷപാതിയായിരുന്ന കേരളവർമ്മയെ പിൻതുടർന്ന് അന്നത്തെ പല കവികളും അപഥത്തിൽ ചരിക്കുവാൻ തുടങ്ങി. അതിനെ തടയുവാൻ ഭാഗിനേയനായ എ. ആർ. രാജരാജവർമ്മ മുന്നോട്ടുവരികയും അങ്ങിനെ ഒരു പ്രാസയുദ്ധം കേരളപരമേശ്വരന്മാരുടെ നായകത്വത്തിൽ സമാരംഭിക്കയും ചെയ്ത കഥ പ്രസിദ്ധമാണ്. അതിന്റെ പരിണിതഫലമായി ശബ്ദകോലാഹലമല്ല, അർത്ഥചാരുതയാണ് കവിതയിൽ ഏറ്റവും കാമ്യമായിട്ടുള്ളതെന്ന അഭിപ്രായത്തിനു ശക്തിവർദ്ധിക്കയും ചെയ്തു. ആധുനിക മലയാളകവിതയുടെ പരിവർത്തനത്തിന്റെ അരുണോദയംതന്നെയായിരുന്ന പ്രാസവാദം എന്നുപറയാം. ഇവിടം നങ്ങിനെ നില്ക്കട്ടെ.

II

സാഹിത്യത്തിന്റെ രണ്ടു രൂപങ്ങളാണല്ലൊ ഗദ്യവും പദ്യവും. അവയിൽ പദ്യഭാഗത്തെയാണ് ഇതേവരെ സ്മരിച്ചതു്. ഇനി ഗദ്യവിഭാഗത്തിലും കടന്നു നോക്കാം. മലയാളത്തിൽ ഗദ്യകൃതികൾ എന്നു മുതൽ എഴുതിത്തുടങ്ങി എന്നു നമുക്കു നല്ല രൂപമില്ല. ചമ്പുപടയങ്ങളുടെ ഉല്പത്തിക്കു മുമ്പു മുതൽ ഗദ്യം എഴുതിത്തുടങ്ങിയിട്ടുണ്ടെന്നുള്ളതു നിർവ്വിവാദമാണ്. എന്നാൽ സാഹിത്യഗുണം അല്പമെങ്കിലുമുള്ള കൃതികൾ ഉത്ഭവിക്കാൻ തുടങ്ങിയിട്ട കാലം ഏറെയായിട്ടില്ല. എ. ഡി. 14-ാം നൂറ്റാണ്ടിൽ ഉണ്ടായിട്ടുള്ള തൊഴിക്കുന്ന ഭാഷാ കൗടലീയമാണ് ഈ വിഷയത്തിൽ നമുക്കു ലഭിച്ചിട്ടുള്ള അതി പ്രാചീനമായ ഗദ്യ കൃതി. ബ്രഹ്മാണ്ഡപുരാണം ഗദ്യമാണ് മറ്റൊന്ന്. ഭാഗവതം, ഭഗവദ്ഗീത, ഉത്തരരാമായണം തുടങ്ങിയവയും പ്രാചീന ഗദ്യകൃതികൾ തന്നെ. മേൽ പ്രസ്താവിച്ചവയിൽ ആദ്യത്തേതു രണ്ടും തമിഴിന്റെയും, മറ്റുള്ളവ സംസ്കൃതത്തിന്റെയും ചുവടു പിടിച്ചു രചിച്ചിട്ടുള്ളവയത്രെ.

എ. ഡി. 17-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലുണ്ടായ "ഉദയം പേരൂർ സുനഹദോസി"ന്റെ വിവർത്തനം മലയാളഗദ്യത്തിന്റെ ഒരു വഴിത്തിരിവിനെ കുറിക്കുന്നു. അവശ്യം അകൃത്രിമത മുതലായ ഗുണങ്ങളെ പ്രകാശിപ്പിക്കുന്ന ഒന്നാണ് പ്രസ്തുതകൃതി. അതുപോലെ ഒരു ഗദ്യരീതി അതിനുമുമ്പുള്ള ഒരു ഗദ്യകൃതിയിലും സ്പഷ്ടമല്ല. ആദ്യത്തെ മലയാളം അച്ചടിഗ്രന്ഥമായ "സംക്ഷേപവേദാർത്ഥം" എന്ന കൃതിയും ഇവിടെ പ്രസ്താവയോഗ്യമാണ്. ലാറിൻ, പോർത്തുഗീസ് മുതലായ പാശ്ചാത്യ ഭാഷകളിലെ ഗദ്യരീതിയെയാണ് മേല്പറഞ്ഞ കൃതികൾ അനുകരിച്ചിട്ടുള്ളതു്. കരിയാറിൽ ജോസഫ് മല്പാന്റെ "വേദതർക്കം" പാറമാക്കൽ തോമക്കത്തനാരുടെ "വർത്തമാനപുസ്തകം" തുടങ്ങിയ ഗദ്യകൃതികളും ഇവിടെ ശ്രദ്ധേയമാണ്. വിഷയവൈശദ്യം, ഓജസ്സു തുടങ്ങിയ ഗുണങ്ങൾ ഇവയിൽ ഉള്ളതുപോലെ അക്കാലത്തെ മറ്റൊരു ഗദ്യകൃതിയിലും പ്രശംസാർഹമായി കാണപ്പെടുന്നില്ല.

എന്നാൽ നവീന ഗദ്യത്തിന്റെ ഉൽപത്തിക്കു് ഇവയും മാതൃകകളാണെന്നു പറഞ്ഞുകൂടാ. കൊല്ലം ആയിരമാണ്ടോടടുത്തു കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസവും ആരംഭിച്ചു. ആധുനിക ഗദ്യത്തിന്റെ ഉൽപ്പത്തിയും വളർച്ചയും ആ വഴിക്കാണ് ആരംഭിച്ചിട്ടുള്ളതു്. ആംഗ്ലേയവിദ്യാഭ്യാസത്തിന്റെ പരിണതഫലമായി ഗീവറുഗീസുകത്തനാർ (റവ: ജോർജ് മറ്റത്തൻ) 1030-ാം മാണ്ടോടടുത്തു ചില ഗദ്യകൃതികൾ നിർമ്മിച്ചു. പ്രസ്തുത ഗദ്യകൃതികളിലാണ് ആധുനികഗദ്യത്തിന്റെ ഉത്തമമാതൃക നാം കാണുന്നതു്.

ഗീവറു ഗീസുകത്തനാരുടെ സമകാലികനായിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ. അദ്ദേഹത്തിന്റെ സാഹിത്യജീവിതത്തോടുകൂടിയാണ് ആധുനിക ഗദ്യത്തിന്റെ പ്രചാരം സാവൃത്തികമായി ആരംഭിച്ചതു്. കൊല്ലം 1043-ൽ അദ്ദേഹം തിരുവിതാംകൂർ പാഠ്യപുസ്തക കമ്മറ്റിയുടെ അദ്ധ്യക്ഷനായി തീർന്നതോടുകൂടെ അതിനുള്ള സൗകര്യങ്ങൾ വളരെ വർദ്ധിച്ചു. ഇംഗ്ലീഷിൽനിന്നു തർജ്ജമകളും സംഗ്രഹങ്ങളായും പലരൂപത്തിൽ ഗദ്യകൃതികൾ അക്കാലംമുതൽ ഉൽഭവിക്കുവാൻ തുടങ്ങി.

മലയാള ഗദ്യസാഹിത്യത്തിന്റെ നാനാമുഖമായ അഭിവൃദ്ധിയും ഇക്കാലം മുതൽക്കുതന്നെയാണ് ഉണ്ടായിട്ടുള്ളതു്. ഗീവറു ഗീസുകത്തനാർ ആധുനിക ഗദ്യത്തിന്റെ മാതൃകാപ്രദർശകനായിരുന്നെങ്കിൽ, കേരളവർമ്മ അതിന്റെ പ്രചാരകനും, അദ്ദേഹത്തിന്റെ ഭാഗിനേയനായ എ. ആർ. രാജരാജവർമ്മ സാഹിത്യ സാഹ്യാദി കൃതികളെക്കൊണ്ട് അതിന്റെ വ്യവസ്ഥാപകനുമായിരുന്നു: കേരളത്തിൽ ഇന്നു്, ബഹുമുഖമായി പ്രചരിച്ചുകൊണ്ടിരിക്കുന്ന ഗദ്യരീതികളുടെ മാർഗ്ഗദർശികളും നായകന്മാരും മേൽപ്പറഞ്ഞ ത്രിമൂർത്തികളായിരുന്നു എന്നതത്രെ പറയാം.

നോവലുകൾ എന്ന സാഹിത്യവിഭാഗമാണ് ആധുനിക കാലത്തു നമ്മുടെ ഗദ്യസാഹിത്യത്തെ കാര്യമായി പോഷിപ്പിച്ചിട്ടുള്ള ഒരിനം. കേരളവർമ്മയുടെ അൽബർത്തജ്മയെത്തുടർന്ന അപ്പുനെടുങ്ങാടിയുടെ കുന്ദലത 1062-ൽ ഉടലെടുത്തു. ചന്തുമേനവന്റെ ഇന്ദുലേഖ, ശാരദ എന്നീ കൃതികൾ മലയാളസാഹിത്യത്തിലെ സമുദായ പരിഷ്കരണ പ്രകാശകങ്ങളായ ആദ്യത്തെ കൃതികളായിരുന്നു. ഈ ഘട്ടത്തിൽ തന്നെയാണ് തിരുവനന്തപുരത്തുനിന്നു സി. വി. രാമൻ പിള്ളയും തുടർന്നുവന്നു് അപ്പൻ തമ്പുരാനും കേരളചരിത്ര വിഷയങ്ങളായ ചില ആഖ്യായികകൾ നിർമ്മിച്ചതു്. അപ്പൻതമ്പുരാൻ പെരുമാൾ കേരളത്തെ ആഖ്യായികയ്ക്കു വിഷയമാക്കിയപ്പോൾ സി. വി. രാമൻപിള്ള തിരുവിതാംകൂർ ചരിത്രശകലങ്ങളിൽ ചിലതു സചേതനകളുടെ അസ്ഥിവാരമായി കല്പിച്ചു. ഇരുവരുടേയും കൃതികൾ കേരളസമുദായത്തിന്റെ പ്രശസ്തിധ്വജങ്ങളായി ഇന്നും വിലസുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വളർച്ചയോടുകൂടി ഭാരതമൊട്ടുക്കുണ്ടായ പ്രബുദ്ധത കേരളീയരിലും പ്രതിഫലിക്കുകയുണ്ടായി. അതേഘട്ടത്തിൽതന്നെ വിക്ടർ ഹ്യൂഗോ മുതലായ വിശ്വസാഹിത്യകാരന്മാരുടെ കൃതികളുമായുള്ള പരിചയവും കേരളീയരിൽ വളർന്നു തുടങ്ങി. ഈ സാഹചര്യങ്ങളുടെ ഒക്കെ ഫലമായി കേരളീയരുടെ ജീവിതവീക്ഷണത്തിൽ വലിയൊരു പരിവർത്തനം സംഭവിച്ചു. ആ പരിവർത്തനം അവരുടെ കൃതികളിലും പ്രതിബിംബിച്ചു പ്രകാശിക്കുകയായി. വിവാഹകഥകളും വീരാരാധനകളും കൊണ്ടുമാത്രം നിറഞ്ഞിരുന്ന നോവലുകളും ചെറുകഥകളും ഈ പുതിയ വീക്ഷണമാർഗ്ഗത്തിൽ കൂടി സഞ്ചരിക്കുവാൻ തുടങ്ങി. ഭൂരിപക്ഷം ജനതയുടെ ഉയിർത്തെഴുന്നേല്പിന്നുതകുന്ന—അഥവാ അജ്ഞതയിലും പട്ടിണിയിലും കഴിഞ്ഞുകൂടുന്ന ബഹുഭൂരിപക്ഷം പാവങ്ങളുടെ ഉദ്ധാരണത്തിന്നുതകുന്ന—താഴത്തെ നിലയിലുള്ളവരുടെ ജീവിതരീതിയെ മിശ്രീകരിക്കുന്ന—നോവലുകളും ചെറുകഥകളും ഉണ്ടാവിക്കാൻ തുടങ്ങിയതിങ്ങിനെയാണ്. സാമൂഹ്യവിമർശനപരങ്ങളും പുരോഗമനോന്മുഖങ്ങളുമായ പല കൃതികളും ഉണ്ടായിത്തുടങ്ങിയതു് ഈ കാലഘട്ടം മുതല്ലുതന്നെ.

ആധുനികഗദ്യത്തിന്റെ വളർച്ചയിൽ പ്രബന്ധങ്ങൾക്കുള്ള സ്ഥാനം അനന്യസാധാരണമാണ്. അവ നാനാമുഖങ്ങളായ വിഷയങ്ങളെ അധികരിച്ചു പല രൂപത്തിൽ പുറപ്പെട്ടിട്ടുണ്ട്. ഉപന്യാസപ്രസ്ഥാനം പോലെ ഭാഷയിൽ വ്യാപ്തി വർദ്ധിച്ച ഒരു ഗദ്യപ്രസ്ഥാനം മറ്റൊന്നില്ല തന്നെ. വേങ്ങയിൽ കുഞ്ഞിരാമൻ നായർ, മൂർക്കോത്തു് കുമാരൻ, സി. വി. കുഞ്ഞിരാമൻ, ആർ. ഈശ്വരപ്പിള്ള, കെ. ആർ. കൃഷ്ണപ്പിള്ള ഒ. എം. ചെറിയാൻ, സി. അന്തപ്പായി കെ. സുകുമാരൻ എന്നു തുടങ്ങിയശ്രീരിന്മാരായ പലരും ഈയവസരത്തിൽ നമ്മുടെ ഓമ്മയിൽ വന്നു ചേരുന്നു. ആധുനിക കാലത്തു പ്രസ്തുത പ്രസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുടെ സംഖ്യ നിരവധിയാണ്. അതു വഴി ഗദ്യസാഹിത്യത്തിനുണ്ടായിട്ടുള്ള നേട്ടം അതുല്യവുമാണ്.

അഭിജ്ഞാനശാകുന്തളത്തിന്റെ വിവർത്തനത്തോടുകൂടി മലയാളത്തിൽ നാടകപ്രസ്ഥാനം ആരംഭിച്ചു. എന്നാൽ അത്തരം നാടകങ്ങളിലെ ഗദ്യം മലയാളഗദ്യപോഷണത്തിൽ കാര്യമായ പങ്കു വഹിച്ചിട്ടുണ്ടെന്നു് പറയുവാൻ നിവൃത്തിയില്ല. ആധുനിക ഗദ്യനാടകങ്ങളുടെ പുറപ്പാടോടുകൂടിയാണ് ആ ശാഖ വഴിയുള്ള ഉൽക്കർഷം മലയാള ഗദ്യത്തിന്നു ലഭിച്ചിട്ടുള്ളതു്. സാമാന്യജനത നിത്യം കൈകാര്യം ചെയ്യുന്ന സംഭാഷണശൈലി തന്നെയാണ് പ്രസ്തുത നാടകങ്ങളിൽ കൂടി പ്രകാശിപ്പിക്കുന്നതെന്നുള്ളതാണ് ഉൽക്കർഷത്തിന്നും വിജയത്തിന്നും അടിസ്ഥാനം.

മലയാളത്തിൽ നിരൂപണങ്ങളുടെ മാതൃക നമുക്കു കാണിച്ചു തന്നിട്ടുള്ളതു് എ. ആർ. രാജരാജവർമ്മയാണ്. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമികളിൽ പലരും നിഷ്പക്ഷമായ നിരൂപണങ്ങളിൽ നിന്നു വ്യതിചലിച്ചുവരായിട്ടാണ കണ്ടുവരുന്നതു്. ഇന്നു് ഏതെങ്കിലും ഒരു കൃതിയെപ്പറ്റി മലയാളത്തിലെ നാല പത്രമാസികകളിൽ പ്രത്യക്ഷപ്പെടുന്ന വിമർശനം പരിശോധിക്കുന്നവർക്ക ഈ വസ്തുത കരതലാമലകംപോലെ പ്രത്യക്ഷമാകുന്നതാണ്. ഓരോന്നിന്റെയും വീക്ഷണഗതിയൊ സ്ഥാപിത താല്പര്യമോ മറ്റേതെങ്കിലും സ്ഥിതി വിശേഷമോ അനുസരിച്ച് നാലും നാലു വിധത്തിൽ വരുന്നതു കാണാം. അത്രതന്നെയുമല്ല ജ്ഞാനലവദുർവിദഗ്ധന്മാരായ പലരും ഇന്നു നിരൂപക കേസരികളായി തീർന്നിരിക്കയാണ്. ചില പത്രമാസികകൾ അങ്ങനെ അനർഹന്മാരായ പലരേയും അസ്ഥാനത്തേയ്ക്കുയർത്തി അഭിഷേകം ചെയ്യാറുമുണ്ട്. ഈ ദുസ്ഥിതി നിങ്ങി നിഷ്പക്ഷവും നിപുണവുമായ നിരൂപണരീതി മലയാളത്തിൽ ഉണ്ടായേ മതിയാവൂ. പഴയ കൃതികളെ സംബന്ധിച്ചേടത്തോളം വിമർശനത്തിൽ ഈ പക്ഷപാതം അധികം വന്നുകൂടാറില്ല. പുതിയകൃതികളെ സംബന്ധിച്ച നിരൂപണങ്ങളിലാണ് ഈ വക വൈകല്യങ്ങൾ കലരലായി കാണുന്നതു്. എങ്കിലും ആ വഴിക്കും സാഹിത്യത്തിനുണ്ടായിട്ടുള്ള നേട്ടം വിസ്മരിക്കത്തക്കതല്ല. പി. കെ. നാരായണപിള്ള, എം. പി. പോൾ, മുണ്ടശ്ശേരി, കുട്ടികൃഷ്ണമാരാർ തുടങ്ങിയ ചിലരെ നാമിയവസരത്തിൽ അനുസ്മരിച്ചുപോകും. നിരൂപണം പോലെത്തന്നെ ഗവേഷണവും നമ്മുടെ ശ്രദ്ധയിൽ പെടുന്നു. അതുവഴിയും കുറെയൊക്കെ സമ്പത്തുകൾ

നമ്മുടെ ഗദ്യസാഹിത്യത്തിനു ലഭിച്ചിട്ടുണ്ട്. മഹാകവി ഉള്ളൂർ, വടക്കുംകൂർ, ഏ. ബാലകൃഷ്ണ പിള്ള, പി. ജെ. തോമസ്സ്, ഇളങ്കുളം കുഞ്ഞൻ പിള്ള മുതലായവരേ നമീയവസരത്തിൽ സ്മരിക്കാതിരിക്കയില്ല.

"സാഹിത്യ ഭണ്ഡാഗാരത്തിലുള്ള സമ്പത്തുകൾ ഏതെല്ലാമെന്നും എത്രത്തോളമെന്നും ആരുടേതെല്ലാമെന്നും തിട്ടപ്പെടുത്തുകയും അവ ഓരോന്നിന്റെയും ഏകദേശമായ ഒരു മൂല്യം നിണ്ണയിക്കുകയും ചെയ്ത് ഭാഷയുടേയും സാഹിത്യത്തിന്റെയും ശരിയായ നില ചൂണ്ടിക്കാണിക്കുന്ന വിധത്തിലുള്ള കൃതികൾക്കാണ് സാഹിത്യ ചരിത്രങ്ങൾ എന്നു പറയുന്നതു്." ഇത്തരം കൃതികൾ നിർമ്മിക്കുക, ഇതര കൃതികൾ പോലെ അത്ര സുകരമോ ക്ഷിപ്രസാദ്ധ്യമോ അല്ല തന്നെ. എന്നു വരികിലും പ്രസ്തുത പ്രസ്ഥാനത്തിലും ചില കൃതികൾ ഉണ്ടാകാതിരുന്നിട്ടില്ല. പി. ഗോവിന്ദപ്പിള്ളയുടെ "മലയാള ഭാഷാ ഗ്രന്ഥ ചരിത്ര" മാണ് അവയിൽ ആദ്യത്തേതു്. ഗോവിന്ദപ്പിള്ളയ്ക്കു ശേഷം ഈ വിഷയത്തിൽ ആറൂർ, പി. ശങ്കരൻ നമ്പ്യാർ, ആർ. നാരായണപ്പണിക്കർ, പി. കെ. പരമേശ്വരൻനായർ, വടക്കുംകൂർ, ഉള്ളൂർ എന്നിവരും പ്രശംസാർഹമായ പരിശ്രമം ചെയ്തിട്ടുള്ളവരാണ്. വിശേഷിച്ചും "കേരള സാഹിത്യ ചരിത്രം" നിർമ്മിച്ച മഹാകവി ഉള്ളൂരിന്റെയും "കേരളീയ സംസ്കൃത സാഹിത്യ ചരിത്രം" വിരചിച്ച കവിതിലകൻ വടക്കുംകൂറിന്റെയും ഗവേഷണ പരിശ്രമങ്ങളെ കേരളീയർ മുക്തകണ്ഠം പ്രശംസിക്കുന്നതാണ്. ഈ ലേഖകന്റെ "ഭാഷാകവിത അഥവാ പദ്യ സാഹിത്യ ചരിത്രം" "ഭാഷാ ഗദ്യ സാഹിത്യ ചരിത്രം" എന്നീ കൃതികളും ഈ പ്രസ്ഥാനത്തിൽ ഉൾപ്പെടുന്നവയാണെന്നു വിനയപൂർവ്വം ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ. കുറവുകളും കുറവുകളും പലതുമുണ്ടായിരിക്കാമെങ്കിലും ഭാഷയിൽ പ്രസ്ഥാനരൂപത്തിലുണ്ടായിട്ടുള്ള ആദ്യത്തെ രണ്ടു സാഹിത്യ ചരിത്രങ്ങളാണവയെന്നുകൂടി ഈയുള്ളവൻ പറയുന്നതിലുള്ള അവിവേകം ക്ഷമിക്കുമാറാകണം.

ജീവചരിത്രങ്ങളാണ് കൈരളി ഗദ്യ പ്രസ്ഥാനത്തിലെ മറ്റൊരിനം. ഈ ശാഖ ഇനിയും വളർന്നു വരുന്നതേയുള്ളൂ. ഏ. ഡി. ഹരിശർമ്മ, പി. കെ. പരമേശ്വരൻ നായർ, എന്നിവരാണ് ഈ ശാഖയിൽ കുറെയൊക്കെ വിജയം വരിച്ചിട്ടുള്ളവർ. ആത്മകഥ മറ്റൊരിനമാണ്. ബി. കല്യാണിയമ്മയുടെ വ്യാഴവട്ട സ്മരണകളാണ് ഇതിലാദ്യത്തേതു്. ഈ. വി. കൃഷ്ണ പിള്ള, ഐ. സി. ചാക്കോ, മാമ്മൻ മാപ്പിള, കെ. പി. കേശവ മേനോൻ, കെ. എം. പണിക്കർ തുടങ്ങിയ ചിലരെല്ലാം ഈ പ്രസ്ഥാനത്തിൽ കൈവച്ചിട്ടുണ്ട്. സി. കേശവന്റെ ജീവിതസമരം എട്ടുപ്രസ്താവിക്കത്തക്ക ഒന്നാണ്. ഗാന്ധിജി, നെഹ്രുജി മുതലായവരുടെ ആത്മകഥാ വിവർത്തനങ്ങളും ഇവിടെ സ്മരിച്ചേ മതിയാവൂ.

ഭാഷാശാസ്ത്ര ശാഖയിലും പുരോഗതി കുറെയൊക്കെ വന്നു കഴിഞ്ഞിട്ടുണ്ട്. പാശ്ചാത്യരാണ് ഈ വിഷയത്തിൽ ആദ്യം വഴി തെളിച്ചതു്. പില്ലാലുള്ള കേരളപാണിനി, എം. ശേഷഗിരി പ്രഭു എന്നിവർ ആ മാർഗ്ഗത്തെ കുറെയേറെ വിസ്തൃതവും സുഗമവുമാക്കിത്തീർത്തു. ആധുനിക ശാസ്ത്രശാഖയിലും ചില തെല്ലാം നമുക്കു ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഇങ്ങനെ സർവ്വതോമുഖമായി കൈരളി ഗദ്യപ്രസ്ഥാനം വളർന്നു കൊണ്ടിരിക്കയാണ്.

കവിതാ മണ്ഡലത്തിലും ഇതിനകം പരിവർത്തനം വളരെയധികം വന്നു കഴിഞ്ഞിട്ടുണ്ട്. വലിയ കോയിത്തമ്പുരാന്റെ കാലംവരെ. അഥവാ ദ്വിതീയാക്ഷരപ്രാസകാലംവരെ. വളർന്നുവന്ന ക്ലാസ്സിക്പ്രസ്ഥാനം, കുമാരനാശാന്റെ കാലമായപ്പോഴേയ്ക്കും റൊമാൻറിക് പ്രസ്ഥാനമായി മാറി. എന്തെങ്കിലും വർണ്ണിച്ചു് ആളുകളെ രസിപ്പിക്കുക എന്ന നിലവിട്ട ചിന്തിക്കുന്നതിനും ജീവിതത്തെക്കുറിച്ചു വിമർശിക്കുന്നതിനും പ്രേരണനൽകുന്ന കൃതികൾ അക്കാലം മുതൽക്കു മലയാളത്തിൽ ഉണ്ടാകുവാൻ തുടങ്ങി. ആശാൻ തന്നെയായിരുന്ന ആധുനിക ഖണ്ഡകാവ്യ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും മാർഗ്ഗദർശിയും. കേരളത്തിൽ ദേശാഭിമാനത്തിന്റെ കോളിളക്കം സൃഷ്ടിച്ചതു മഹാകവി വള്ളത്തോളാണ്. അദ്ദേഹത്തിന്റെ റൊമാൻറിക്ക് കാവ്യങ്ങളും ശ്രദ്ധേയങ്ങൾ തന്നെ. ആഷ്ഭാരതത്തെ ഉജ്ജീവിപ്പിക്കുവാനാണ് മഹാകവി ഉള്ളൂർ കൃതൽ യത്നിച്ചിട്ടുള്ളതു്. ജി. ശങ്കരക്കുറുപ്പ് കവിതയുടെ അന്തസ്സത്തയെ കുറെയൊക്കെ വളർത്താൻ സഹായിച്ചിട്ടുണ്ട്. മലയാളത്തിലെ മിസ്റ്റിസിസം, സിംബോളിസം തുടങ്ങിയ ചില നൂതന പ്രസ്ഥാനങ്ങളുടെ നായകത്വം അദ്ദേഹമാണ് വഹിച്ചിട്ടുള്ളതു്. വൈലോപ്പിള്ളി ആധുനിക യുഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു കവികോകിലമാണ്.

ഒരു ജനകീയ കവിയായുയരുവാൻ തുടങ്ങിയ ചങ്ങമ്പുഴയാണ് ഈ കാലഘട്ടത്തിലെ ശ്രദ്ധേയനായ മറ്റൊരു കവി. ജീവിതത്തിലെ പലവിധ വേദനകളിൽ നിന്ന് ഉടലെടുത്തിട്ടുള്ളവയാണ് അദ്ദേഹത്തിന്റെ ആദ്യ കാലഘട്ടത്തിലെ കവിതയിലധികവും. സാമൂഹ്യ വിപ്ലവത്തിനു സംപ്രേരണ നൽകുന്ന ആറാംശക്തി തന്നെ, അദ്ദേഹത്തിന്റെ ആത്മാവിൽ നിന്നുയർന്ന അന്നത്തെ കവിതകളിലടങ്ങിയിട്ടുണ്ട്. സംഗീത സാന്ദ്രപദാവലിയായ, ആ കവിരുന്റെ കവിതാകാമിനി കുടിലിലും കൊട്ടാരത്തിലും ഇന്ന് ഒരു പോലെ നൃത്തം ചെയ്യുകൊണ്ടിരിക്കയാണ്. വയലാർ രാമവർമ്മ, പി. ഭാസ്കരൻ, ഓ. എൻ. വി. കുറുപ്പ്, പാലാ തുടങ്ങിയ യുവകവികൾ ചങ്ങമ്പുഴയുടെ സംഗീതസാന്ദ്രമായ മാർഗ്ഗത്തിൽക്കൂടി ഇന്ന് പുരോഗമിക്കുന്നവരാണ്.

മലയാളഭാഷയും സാഹിത്യവും നൂതന പ്രവണതകളോടുകൂടി വളരാവുന്ന ഒരു പരിതസ്ഥിതിയിലാണ് ഇന്നു നില കൊള്ളുന്നതു്, തിരുവിതാംകൂറെന്നും കൊച്ചിയെന്നും മലബാറെന്നുമുള്ള വകഭേദങ്ങളൊക്കെയിന്നു തകർന്നിരിക്കുകയാണ്. ഭരണപരമായി വിശാലമായ ഒരു കേരളത്തിലാണ് നാമിന്നു ജീവിക്കുന്നതു്. രാഷ്ട്രീയമായ ഈ ഐക്യം പോലെതന്നെ, മാനസികമായും, വൈകാരികമായും ഉള്ള ഏകീകരണവും ജനതയ്ക്ക് ആവശ്യമാണ്. സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ എല്ലാ ശ്രേയസ്സുകളും അതിലാണ് അധിഷ്ഠിതമായിട്ടുള്ളതു്. സാഹിത്യാദികലകൾ അത്തരം ഐക്യത്തിന്റെ ഉറവിടമാണ്. മനുഷ്യന്റെ പ്രത്യേക സ്വഭാവത്തെ- വർഗ്ഗപരമോ, മതപരമോ, പ്രാദേശികമോ ആയ ഭിന്ന മനോഭാവങ്ങളെ- നിയന്ത്രിച്ചു മനുഷ്യത്വത്തിന്റെ മഹത്വത്തിലേക്കുയർത്തുവാനുള്ളതാണ് കലകൾ; വിശേഷിച്ചും കോമള കലകൾ. ഈ പരമാർത്ഥത്തെ വിസ്മരിക്കാതെ നമ്മുടെ കലാകാരന്മാർ കേരളീയരുടെ ഹൃദയ പരിവർത്തനത്തിന്റെ ഗതിയെ ത്വരിതപ്പെടുത്തുവാൻ പ്രയോജനപ്പെടുന്ന ഉത്തമ കൃതികൾ നിർമ്മിച്ചു സാഹിത്യത്തിനും സമുദായത്തിനും ഒന്നു പോലെ പ്രകാശമരുളുമാറാകട്ടെ.

—oooOooo—

ആരോഗ്യ വിദ്യാഭ്യാസം

കെ. ടി. ശേഖർ, ബി. എ., ഡി. പി. ഐ.

പുരോഗതി പ്രാപിച്ച ലോകത്തിലെ മറ്റു രാഷ്ട്രങ്ങളോട് തുലനം ചെയ്യുമ്പോൾ ഇന്ത്യാക്കാരുടെ കുറഞ്ഞ ആയുസ്സ് ആരേയും സംഭ്രമിപ്പിക്കും. മരണത്തോതിന്റെ വർദ്ധനവിനുള്ള കാരണമോ അതിലേറെ ഭയാനകവുമാണ്. അക്ഷരാഭ്യാസമില്ലായ്മ, അജ്ഞത, താണ ജീവിതത്തോട്, അന്ധവിശ്വാസ ജഡിലമായ സമ്പ്രദായങ്ങളും ശീലങ്ങളും, ആരോഗ്യ പരിപാലനമുറകളെക്കുറിച്ചുള്ള അറിവില്ലായ്മ, പോഷകാഹാരമില്ലായ്മ, പൌര തപബോധരാഹിത്യം എന്നിവയാണ് ആയുസ്സു കുറയുവാനുള്ള ചില പ്രധാന ഹേതുക്കൾ. ആരോഗ്യത്തെ സംബന്ധിച്ചും ശാരീരികയോഗ്യത (Physical fitness) എന്നീ കാര്യങ്ങളിലും ഇന്ത്യ ഒരു മൂന്നാംകിട രാജ്യം മാത്രമാണ്.

ആരോഗ്യ വിദ്യാഭ്യാസം, ഒരു രാഷ്ട്രനിർമ്മാണ പരിപാടിയാണ്. ഗൌരവതരമായി കൈകാര്യം ചെയ്യപ്പെട്ടാൽ പക്ഷം അതു രാഷ്ട്രത്തെ ആരോഗ്യസമ്പന്നമാക്കി മാറ്റും. സാമ്പത്തിക വിദഗ്ധരും, വിദ്യാഭ്യാസ ധുരന്ധരന്മാരും, വൈദ്യ ശാസ്ത്രവിശാരദന്മാരുമെല്ലാം ധനമാണ് ഒരു രാഷ്ട്രത്തെ ആരോഗ്യത്തോടെ സംരക്ഷിക്കുന്നതെന്ന കാര്യത്തിൽ യോജിക്കുന്നു. പക്ഷെ ഈ പ്രശ്നം അതർഹിക്കുന്ന ഗൌരവത്തോടെ കൈകാര്യം ചെയ്യാത്ത സ്റ്റേറ്റ്-കേന്ദ്ര ഗവൺമെണ്ടുകൾ ആ പരമാർത്ഥത്തെ ഇതേവരേയ്ക്കും കണ്ടറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. ആരോഗ്യ വിദ്യാഭ്യാസത്തിനു ഗുണവും ധനവുമായ രണ്ടു വശങ്ങളുണ്ട്. ശാരീരികാരോഗ്യത്തെ വർദ്ധിപ്പിച്ചും പരിസരത്തെ നല്ല നിലയിലെത്തിച്ചും മറ്റും രോഗങ്ങൾ വരാതെ സൂക്ഷിക്കുകയെന്നതു് ഗുണഭാഗവും, രോഗത്തെ മരുന്നിനേറെയും ആസ്ത്രിയുടേയും ഡോക്ടർമാരുടേയും സഹായത്തോടെ ചികിത്സിച്ചു മാറ്റുകയെന്നതു് ധനഭാഗവുമാകുന്നു.

കോളേജുകളിലും സ്കൂളുകളിലും ആരോഗ്യ വിദ്യാഭ്യാസത്തിന്റെ ആവശ്യകത എത്രമാത്രമുണ്ടെന്നു് ഇന്നു് സുവിദിതമാണ്. വിവിധ സ്റ്റേറുകളിലെ വിദ്യാർത്ഥികളിൽ 35 മുതൽ 80 ശതമാനം വരെ ആരോഗ്യപരമായ ദൌർബ്ബല്യങ്ങളുള്ളവരാണ്. യഥാർത്ഥത്തിലർഹിക്കുന്നതു നേട്ടങ്ങളെ അവർക്കു പ്രതീക്ഷിക്കാനോ, നേടാനോ സാദ്ധ്യമല്ലെന്നതു സുഷ്ടവുമാണല്ലൊ. നമ്മുടെ ഭാവി തലമുറയുടെ അഭിവൃദ്ധിയെ ബാധിക്കുന്ന ഈ പ്രശ്നത്തിനു് അതർഹിക്കുന്ന പരിഗണന നൽകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

എന്താണ് ആരോഗ്യം? സാധാരണഗതിയിൽ രോഗത്തിൽ നിന്നുമുള്ള വിമുക്തിയാണതു്. ചിലർക്കു് ആരോഗ്യമാണു് സമ്പത്തു്. മറ്റുചിലർക്കാകട്ടെ അതു് സുഖവും സ്വർഗ്ഗീയനിർവ്വാണവുമാണ്. കൂടുതൽ ജീവിക്കാനും കൂടുതൽ പ്രവർത്തിക്കാനും ഒരാളെ പ്രാപ്തനാക്കുന്ന ജീവിതത്തിന്റെ അംശത്തെ ആരോഗ്യമെന്നു് നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. കുറഞ്ഞും ആരോഗ്യവും നിറഞ്ഞ ഒരു ശരീരം ജീവിതാസ്വാദനത്തിനു് കൂടിയേ തീരൂ എന്നു് എല്ലാവരും സമ്മതിക്കുന്നു. ആരോഗ്യവാനല്ലാത്ത ഒരാൾക്കു് എപ്പോഴും ദുരിതമാണനുഭവപ്പെടുക.

ഈ കുട്ടികളുടേയെല്ലാം തകർന്ന ആരോഗ്യത്തിനെന്താണു് കാരണം? ശരിയായ ശ്രദ്ധക്ഷണമില്ലായ്മ, ശുചികരണക്കുറവു്, ശുദ്ധജല രാഹിത്യം, വേണ്ടമട്ടിൽ വൈദ്യപരിശോധന ലഭിക്കായ്ക എന്നിവയെല്ലാമാണ് നമ്മുടെ കുഞ്ഞുങ്ങളുടെ ശോചനീയമായ ആരോഗ്യനിലയ്ക്കു പ്രധാന കാരണങ്ങൾ. മേല്പറഞ്ഞ ഹേതുക്കളുടെ ഗുണദോഷവശങ്ങൾ കൂട്ടികൾക്കറിയില്ല. പക്ഷെ അനുഭവത്തിലൂടെ അവരെ ശരിയും തെറ്റും മനസ്സിലാക്കുകയാണ് വേണ്ടതു്. ആരോഗ്യപരമായ ശീലങ്ങൾ കുട്ടികളിൽ കുഞ്ഞുന്നാൾതൊട്ടേ വളർത്തിയെടുക്കണം. വീട്ടും രക്ഷിതാക്കളും ഇക്കാര്യത്തിൽ അതിപ്രധാനമായ പങ്കുവഹിക്കുന്നു. അദ്ധ്യാപകന്മാർക്കും കുട്ടികളുടെ ആരോഗ്യശീലങ്ങളെ വളർത്തിയെടുക്കുന്നതിൽ വമ്പിച്ച ഉത്തരവാദിത്തമുണ്ട്.

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമായറിയപ്പെടുന്ന ഏഴു തത്വങ്ങളിൽ പ്രഥമസ്ഥാനം ആരോഗ്യത്തിനാണെന്നു് ഏതദ്ധ്യാപകനും അറിയാം. മാനസികവും, ശാരീരികവും, വൈകാരികവുമായ സംഭാവനയേകാൻ ആരോഗ്യവിദ്യാഭ്യാസത്തിനു് ചിട്ടപ്പെടുത്തിയ ചില പരിപാടികൾ അത്യാവശ്യമാണ്. എങ്ങിനെയാണു് ആരോഗ്യത്തെ സംരക്ഷിക്കേണ്ടതെന്നും അഭിവൃദ്ധിപ്പെടുത്തേണ്ടതെന്നും ചെറുപ്പകാരെ മനസ്സിലാക്കാൻ ആ പരിപാടിക്കു കഴിയണം. ആരോഗ്യവിദ്യാഭ്യാസത്തിൽ അവഗാഢപൂർവ്വം ആസൂത്രണം ചെയ്ത ആരോഗ്യമുറകളും മറ്റും അടങ്ങിയിരിക്കണം. മനുഷ്യാത്മാക്കുന്ന ആരോഗ്യപാഠങ്ങളിൽ നിന്നെന്നതിനേക്കാൾ, ജീവിതത്തിന്റെ പരിസരത്തിൽനിന്നുമാണ് ആരോഗ്യ ശീലങ്ങൾ രൂപം കൊള്ളുന്നതു്. 'സ്വഭാവങ്ങൾ' ശീലിക്കുക എന്നതിലേറെ പിടിപ്പുകെടുകയാണ് എന്നൊരു ചൊല്ലുണ്ട്. ആരോഗ്യത്തെ സംബന്ധിച്ചും അതുതന്നെയും ശരിയാണ്,

വിനോദം, നിദ്ര, വിശ്രമം, വൃത്തി തുടങ്ങിയ ശീലങ്ങൾ ഉണ്ടാക്കുക, ആരോഗ്യത്തെ സംബന്ധിച്ച ശരിയായ ഒരു വീക്ഷണം സൃഷ്ടിക്കുക, ആരോഗ്യ

പൂർണ്ണമായ ജീവിതസമ്പ്രദായത്തെപ്പറ്റി [illegible] വിദ്യാഭ്യാസംകൊണ്ടുദ്ദേശിക്കുന്ന മുഖ്യലക്ഷ്യങ്ങൾ. പഠനരീതി അദ്ധ്യാപകന്റെ വളർച്ചയ്ക്കനുസരിച്ച് തിരഞ്ഞെടുക്കാവുന്നതാണ്. രക്ഷിതാക്കളുടെ ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ഇക്കാര്യത്തിലുണ്ടായേ തീരൂ. വിദ്യാലയങ്ങളിലും വീടുകളിലുമായുള്ള വിദ്യാർത്ഥികളുടെ വിലയിരുത്തലിനും ഗുപകുമം നല്ലവാൻ എന്നാലേ കഴിയൂ. നല്ലൊരു വിദ്യാലയം നല്ലൊരു ഗൃഹത്തിന്റെ തുടർച്ചയായിരിക്കണമെന്നു പറയുന്നതിന്റെ അർത്ഥവും മറ്റൊന്നല്ല.

പാരമ്പര്യവും പരിസരവും കുട്ടികളുടെ ആരോഗ്യവിഷയത്തിൽ അതിപ്രധാനമായ പങ്കുവഹിക്കുന്നു. ഒരു വിദ്യാർത്ഥിയുടെ പിതാവിന്റെ പാരമ്പര്യത്തിൽ നമുക്ക് നിയന്ത്രണമോ സ്വാധീനതയോ ചെലുത്താൻ സാധ്യമല്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. പക്ഷെ വിദ്യാർത്ഥിയുടെ പാരമ്പര്യത്തെ ഒരുതിത്തിവരെ സ്വാധീനിയ്ക്കുവാനും നിയന്ത്രിയ്ക്കുവാനും തീർച്ചയായും നമുക്കു സാധിക്കും. അവക്ക് നല്ലതും ആരോഗ്യപരവുമായ ചുറുപാടുകളുണ്ടാക്കികൊടുക്കാൻ നമുക്ക് സാധിക്കും. നല്ല പരിസരത്തിനും, ചിട്ടയായ പാരമ്പര്യത്തെ സ്വാധീനിച്ച് നന്നാക്കിത്തീർക്കാൻ കഴിയുമെന്നു വിദഗ്ദ്ധരായ ഡോക്ടർമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കുട്ടികൾക്ക് ശിശുക്ലാസുതൊട്ടേ വേണം ആരോഗ്യസംബന്ധിയായ വിദ്യാഭ്യാസം നല്കുക; ആരോഗ്യവിദ്യാഭ്യാസം നല്കുക എന്നതിനർത്ഥം, അവക്ക് ആരോഗ്യപൂർണ്ണമായ ജീവിതമുറകളെ സംബന്ധിച്ച അവബോധം നൽകുക എന്നാണ്.

കൂടുതൽ ആരോഗ്യപരിശീലനമുറകളെപ്പറ്റി അറിവുനേടാനുതകുന്ന രീതിയിൽ, വിദ്യാർത്ഥികൾക്ക് ആരോഗ്യവിദ്യാഭ്യാസം നൽകുകയും അങ്ങിനെ ആരോഗ്യബോധത്തിന്റെ അടിത്തറ ബാലഹൃദയങ്ങളിൽ പാകുകയും ചെയ്യുക ഒരദ്ധ്യാപകന്റെ മുഖ്യമായ കർത്തവ്യമാണ്; അവകാശമാണ്.

ആധുനികവിദ്യാലയങ്ങളിൽ ആരോഗ്യവിദ്യാഭ്യാസം നാലുവിധപദ്ധതികളിലൂടെയാണ് നല്കിവരുന്നതു്. അതു് വിശദീകരിക്കുന്നതിനായി താഴെ ചിത്രീകരിക്കുന്നു.

ആരോഗ്യസംരക്ഷണമുറകൾ എന്ന ഇനത്തിൽ, ദേഹപരിശോധന, മെഡിക്കൽ ടെസ്റ്റ്, രോഗങ്ങൾക്കും, കുറവുകൾക്കുമുള്ള ചികിത്സ, ചികിത്സയ്ക്കുശേഷമുള്ള പരിശോധനകൾ എന്നിവ ഉൾപ്പെടുന്നു. ഓരോ വിദ്യാർത്ഥികളുടേയും നീളം, തൂക്കം, കാഴ്ചശക്തി, നെഞ്ഞിന്റെ ചുറ്റളവു്, തുടങ്ങിയ വിവരങ്ങൾ കാണിക്കുന്ന ഒരോപട്ടിക ഉണ്ടായിരിക്കേണ്ടതാണ്. കൊല്ലത്തിൽ രണ്ടുതവണയെങ്കിലും ആരോഗ്യസംബന്ധിയായ പരിശോധനകൾ നടത്തപ്പെടേണ്ടതാണ്. ആരോഗ്യസംരക്ഷണമുറയിൽ, വസൂരി കീറിവെപ്പ്, കുത്തിവെപ്പ് തുടങ്ങിയ പകച്ചുവ്യാധിപ്രതിരോധനസമ്പ്രദായങ്ങളും ഉൾപ്പെടുന്നു.

ശരീരശാസ്ത്രം, ജീവപ്രകൃതിശാസ്ത്രം, പ്രഥമശുശ്രൂഷാമുറകൾ തുടങ്ങിയ പലതും ആരോഗ്യവിദ്യാഭ്യാസത്തിൽപ്പെടുന്നുണ്ട്; ഈ വിഷയങ്ങളെ സംബന്ധിച്ച് വിദഗ്ധന്മാരുടെ പ്രസംഗങ്ങളും ഉൾപ്പെടുത്തിയാലേ ആരോഗ്യവിദ്യാഭ്യാസം പൂർണ്ണമാവൂ.

ആരോഗ്യവിദ്യാഭ്യാസം

ഹെൽത്ത് സർവ്വീസ്	ആരോഗ്യപഠനം	ആരോഗ്യമേൽനോട്ടം	ആരോഗ്യമാർഗ്ഗനിർദ്ദേശം
ശാരീരിക പരിശോധന വൈദ്യപരിശോധന ഹെൽത്ത് റിക്കാർഡ് ചികിത്സ പുനഃപരിശോധന പ്രതിരോധമുറകൾ കീറിവെപ്പ് കുത്തിവെപ്പ്	പ്രഥമശുശ്രൂഷ ശരീരശാസ്ത്രം പോഷകപദാർത്ഥങ്ങൾ രക്ഷാബോധനം രക്ഷ, ആരോഗ്യം എന്നിവയെ സംബന്ധിച്ച പ്രത്യേകപ്രസംഗങ്ങൾ, ദൃശ്യപഠനങ്ങൾ.	സ്കൂൾ കെട്ടിടം കളിസ്ഥലം ക്ലാസുമുറികൾ കാന്റീൻ ഭക്ഷണം വെള്ളം വിസർജ്ജനസ്ഥലങ്ങൾ വിനോദോപാധികൾ നീന്തൽകുളങ്ങൾ	ദുഃഖങ്ങൾ, മാനസികവിഷമതകൾ തുടങ്ങിയവ സംബന്ധിച്ച വിവരണം മാനസികാരോഗ്യത്തിനായുള്ള മനഃശാസ്ത്രവിശാരദന്മാരുടെ ഉപദേശങ്ങൾ.

C. C. & K. P. SERVICE

6/421 CANNANORE ROAD,

KOZHIKODE-1

TELEPHONE: 767

TELEGRAM: "UTILITY"

കേരളത്തിലെ ആദിമവിദ്യാഭ്യാസം

ആഷ്സംസ്ക്കാരം എന്ന അറിയപ്പെട്ടിരുന്ന ഭാരതത്തിന്റെ സാംസ്ക്കാരികത പുരാതന ദ്രാവിഡ സംസ്ക്കാരത്തിൽനിന്റെ ഭാഗമാണ്. ആര്യന്മാരുടെ പ്രാബല്യവും സംസ്ക്കാരവും ഇന്ത്യയിലുടനീളം വ്യാപിച്ചിരുന്നുവെങ്കിലും ദ്രാവിഡ സംസ്ക്കാരത്തെ കെടുത്തുന്നതിനോ ഉന്മൂലനാശം വരുത്തുവാനോ സാധിച്ചിട്ടില്ല. ദക്ഷിണേന്ത്യയിൽ അതു പ്രബലപ്പെടുകയാണുണ്ടായതു്. തമിഴ്, മലയാളം, കന്നഡം, തെലുങ്കു തുടങ്ങിയ ഭാഷകളുടെ ഉത്ഭവം തന്നെ ദ്രാവിഡ ഭാഷയിൽ നിന്നാണ്. തന്മൂലം മലയാള ഭാഷയ്ക്കു ഒരു നീണ്ട ചരിത്ര പാരമ്പര്യമുണ്ടെന്നനുമാനിക്കുന്നതിൽ തെറ്റില്ല തന്നെ.

കേരളം പണ്ടുതന്നെ വ്യവസായത്തിലും ഉല്പാദനത്തിലും വിദേശ വ്യാപാരത്തിലും കേൾവി കേട്ടിരുന്നു. അനിനെല്ലാം പ്രേരകമായിരുന്നതു കേരളത്തിന്റെ മഹത്തായ സംസ്ക്കാര സവിശേഷതയായിരുന്നു. ഇവിടത്തെ മുൻഗാമികളും പാശ്ചാത്യരുടെ പൂർവ്വീകരും തമ്മിൽ ഭാഷാപരമായി വളരെ അടുപ്പമുണ്ടെന്നു ചരിത്രകാരന്മാർ പറയുന്നു. ആ അടുപ്പത്തിൽ നിന്നായിരിക്കണം ആധുനിക കേരളം ലോകത്തിന്റെ ദൃഷ്ടിയിൽ ഉയർന്നുനില്ക്കുന്നതു്. കേരളത്തിന്റെ ഭൂപ്രകൃതി, ചരിത്രമാഹാത്മ്യം, ജീവിതരീതി, കുടുംബപദ്ധതി എന്നിവയെല്ലാം ഒരുൽകൃഷ്ട സംസ്ക്കാരത്തെ ദ്യോതിപ്പിക്കുന്ന വിധമാണ്. ആദിദ്രാവിഡ സംസ്ക്കാരവും, ആര്യസംസ്ക്കാരവും കൂടിക്കലർന്ന ഒരു പുതിയ പരിഷ്ക്കാരം പില്ക്കാലത്തു് ബുദ്ധന്റേയും ശ്രീയേശുവിന്റേയും അനുയായികളുടെ ആഗമനത്തോടുകൂടി ആവിർഭവിച്ചു. ആ പരിഷ്ക്കാരമാവട്ടെ ലോകോത്തരവുമാണ്.

ഭാരതത്തിലെ വിദ്യാഭ്യാസ ശാഖയ്ക്കുണ്ടായ വളർച്ച ബുദ്ധമതപ്രചരണാരംഭം മുതല്ക്കാണ്. അതുവരെ സവർണ്ണമേധാവിത്വത്തിന്റെ കുത്തകയാക്കി, ആധ്യാത്മ ബ്രാഹ്മണ വർഗ്ഗത്തിന്റെ ആധിപത്യം പുലർത്തിയിരുന്ന വിജ്ഞാനം കാലാന്തരത്തിൽ ചിതറിപ്പോയി. അതോടൊപ്പം ബ്രിട്ടീഷ് ഭരണവും ഇന്ത്യയിൽ വന്നതിനാൽ സാംസ്കാരികമായ ഒരു മുന്നേറ്റം തന്നെ സംഭവിച്ചു. രാഷ്ട്രീയമായ മുതലെടുപ്പിനാണ് ബ്രിട്ടീഷുകാർ കാര്യമായി പ്രവർത്തിച്ചിരുന്നതെങ്കിലും, സാംസ്ക്കാരികമായി ഈ നാടിനെ ഉയർത്തുന്നതിനും അവർ ആത്മാർത്ഥമായി ശ്രമിച്ചു. വിജ്ഞാന പട്ടിണിക്കാരായിരുന്ന മിഷനറിമാർ നാട്ടിലുടനീളം വിദ്യാമന്ദിരങ്ങൾ സ്ഥാപിച്ചും അതിനു പ്രോത്സാഹനങ്ങൾ നൽകിയും വിദ്യാഭ്യാസത്തെ പ്രചരിപ്പിച്ചു. തിക്കും ഭാരതീയ സംസ്ക്കാരത്തിനനുയോജ്യമായ വിധത്തിലായിരുന്ന ആംഗ്ലേയ സംസ്ക്കാരമിവിടെ പ്രചരിപ്പിച്ചതെന്നു പറയാതെ തരമില്ല.

പ്രാചീനകാലങ്ങളിലെ വിദ്യാഭ്യാസരീതി, വിദ്യാർത്ഥികളുടെ ജീവിതം, ഗുരുശിഷ്യ ബന്ധം എന്നിവയൊക്കെ ഇന്നത്തെക്കാൾ ഉലോം വ്യത്യസ്ഥമായിരുന്നു. സവർണ്ണമേധാവിത്വം അന്നു നിലനിന്നിരുന്നതിനാലും, ആധ്യാത്മത്തിന്റെ ബലിഷ്ഠസ്തംഭം അദ്ധ്യേതാക്കളുടെമേൽ പതിച്ചിരുന്നതിനാലും അദ്ധ്യേതാക്കളൊക്കെ ബ്രഹ്മചര്യം പാലിച്ചിരുന്നു. "ഗുരു നിന്ദ മഹാപാപം" എന്ന തത്വം അന്നു ബലത്തിലുണ്ടായിരുന്നു. അതിനാൽ മനസാ വാചാ കർമ്മണാ ഗുരുക്കന്മാരെ നിന്ദിക്കുന്ന പ്രവർത്തിയിൽ അദ്ധ്യേതാക്കൾ ഏർപ്പെട്ടിരുന്നില്ല. വിദ്യാഭ്യാസം സ്വന്തം കാര്യമെന്ന ഒരു ബോധം എല്ലാവരിലുമുളവായിരുന്നു.

ഇന്നു നിലവിലുള്ള വിദ്യാഭ്യാസപദ്ധതികളും പണ്ടുള്ളതും തമ്മിൽ തുലനം ചെയ്യുമ്പോൾ വളരെയന്തരം നമുക്കനുഭവപ്പെടാതിരുന്നിട്ടില്ല. ഗുരുസ്മരണയും, മുറുക്കും ചില വിവിധ തൊഴിലുകളിൽ ശാസ്ത്രീയ വിദഗ്ധന്മാരെയും സൃഷ്ടിക്കാനുപകരിക്കുന്ന വിദ്യാഭ്യാസമാണ് ഇന്നു സ്കൂളുകളിൽനിന്നു നമുക്കുലഭിക്കുന്നതു്. പണ്ടാകട്ടെ, ഒരുദ്യോഗത്തെയെന്നതിനേക്കാൾ, മനുഷ്യ സംസ്ക്കാരത്തെയും, സ്വഭാവ വൈശിഷ്ട്യത്തേയും രൂപപ്പെടുത്താനുള്ള വിദ്യയായിട്ടായിരുന്നു പ്രാചീനർ പ്രചരിപ്പിച്ചിരുന്നതു്. തന്മൂലം ബോധന പദ്ധതികളേക്കാൾ സ്വഭാവ സംസ്ക്കരണ പദ്ധതികൾക്കായിരുന്നു മുൻഗണന. വിദ്യാർത്ഥി ജീവിതം തന്നെ കർശനമായ നിയന്ത്രണത്തിന്നും, ചട്ടങ്ങൾക്കും വിധേയമായിരുന്നു. ഇന്നത്തെ മാതിരി "ലക്ഷം ലഗാനമില്ലാതെ" അദ്ധ്യയനം നടത്തിയിരുന്നില്ല.

ആധുനിക വിദ്യാഭ്യാസപദ്ധതിയിൽ പൌരാണിക ഗുരുകുല വിദ്യാഭ്യാസപദ്ധതികൂടിയിൽപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണ് അടിസ്ഥാന വിദ്യാഭ്യാസം രൂപപ്പെടുത്തിയിരിക്കുന്നതു്. നാം രാഷ്ട്രീയമായി മുമ്പോട്ടു കുതിക്കുന്നുണ്ടെങ്കിലും സാംസ്ക്കാരികവും അദ്ധ്യാത്മികവുമായി ഉയരേണമെങ്കിൽ വളരെയധികം പുറകോട്ടു തന്നെ പോകേണ്ടിയിരിക്കുന്നു. അങ്ങിനെ പോകുമ്പോൾ പൂർവ്വീകർ അനുഷ്ഠിച്ചിരുന്നതു് മാതൃകയായി നാം സ്വീകരിക്കേണ്ടതായ് വരും. പുരോഗമനത്തിന്റെ പേരിൽ എല്ലാം തള്ളുകയും പുതുമയുടെ വെളിച്ചത്തിൽ എന്തും സ്വീകരിക്കുകയും ചെയ്യുന്ന ഇന്നത്തെ തലമുറയ്ക്കു് അതല്പം അസഹിഷ്ണുതയും തലവേദനയുളവാക്കുന്നതുമായിരിക്കാം. എന്നാലും യാഥാർത്ഥ്യങ്ങളുടേയും അനുഭവങ്ങളുടേയും വെളിച്ചത്തിൽ പറയുന്നവയെ നമുക്കു് തിരസ്കരിച്ചു കൂടല്ലൊ.

കേരളീയരുടെ ജ്ഞാനതൃഷ്ണയുടെ ഒരുത്തമ ഉദാഹരണമാണ് നാട്ടുപള്ളിക്കൂടങ്ങൾ അഥവാ കുടിപ്പള്ളിക്കൂടങ്ങൾ. അടുത്ത കാലം വരെ കേരളത്തിന്റെ വിശിഷ്യ, തിരുക്കൊച്ചിയുടെ [illegible] ഭാഗങ്ങളിലും കണ്ടിരുന്ന [illegible]

എ. മുല്ലർ

കളരികൾ വിദ്യാഭ്യാസ വിഷയത്തിൽ അസൂയാവഹമായ ഫലം ചെയ്തിട്ടുണ്ട്. ഇന്നത്തെ മാതിരി കുത്തക മുതലാളിമാരുടെയോ, രാഷ്ട്രീയപ്രതിയോഗികളുടേയോ, പാഷണ്ഡന്മാരുടെയോ ആധിപത്യവും, നിയന്ത്രണവുമില്ലാതെ സ്വതന്ത്രവും, പരിശുദ്ധവുമായ ഒരന്തരീക്ഷത്തിൽ നാട്ടാശാന്മാരുടെ ശിക്ഷണത്തിൽ തദ്ദേശങ്ങളിലെ കുഞ്ഞുങ്ങൾ സാമാന്യ വിദ്യഭ്യാസം ഈ കളരികളിൽനിന്നു നടത്തിപ്പോന്നിരുന്നു. അമിതമായ ഫീസു പിരിവുകളൊന്നും കൂടാതെ കുഞ്ഞുങ്ങളുടേയും അവരുടെ രക്ഷിതാക്കളുടേയും ഉദാരമായ സംഭാവനകൾ കൊണ്ടു മാത്രമാണ് ആശാന്മാർ ജീവിച്ചിരുന്നതു്. ഇത്തരം ആശാന്മാക്ക് ഉള്ളഴിഞ്ഞു, കൈ നിറയെ കൊടുക്കുന്നതിനു സന്മനസ്സും അന്നു കേരളീയർക്കുണ്ടായിരുന്നു. സർക്കാർ വക വിദ്യാലയങ്ങളും, അദ്ധ്യാപകരും ചോക്കും, മഷിയും പെന്നും, ചൂരലും രംഗത്തു വന്നതോടുകൂടി പരിഷ്കാരഭ്രമികളായ കുട്ടികൾ അങ്ങോട്ടു തിരിഞ്ഞു. ആശാന്മാരിന്നും അർദ്ധപ്പട്ടിണിക്കാരായി ഗ്രാമങ്ങളിൽ പഴയ ഓർമ്മകളെ പുതിയ വെളിച്ചത്തിൽ അയവിറക്കിക്കൊണ്ടു നടക്കുന്നതു കാണാം.

സാംസ്കാരികമായ വളർച്ചയ്ക്കു പുറമേ കായികമായും, ആദ്ധ്യാത്മികമായും കുട്ടികളെ പ്രബുദ്ധരാക്കുന്നതിനു കൂടിപ്പുള്ളിപ്പടങ്ങളിൽ സാഹചര്യമുണ്ടായിരുന്നു. മുഷ്ടിയുദ്ധം, കോൽക്കളി, ദണ്ഡയുദ്ധം, വാൾപ്പയറ്റു തുടങ്ങിയവ അതിനുദാഹരണങ്ങളാണ്. ശരീരത്തിൽ മെഴുക്കു പുരട്ടി മയം വരുത്തി ആയുധങ്ങളുപയോഗിച്ചു പയറ്റി ശരീരത്തെ നല്ല നിലയിൽ സൂക്ഷിച്ചിരുന്നു. ഈ പരിശീലനം ശാരീരിക രക്ഷയ്ക്കു വേണ്ടി മാത്രമല്ല, ശത്രുക്കളുടെ ആക്രമണങ്ങൾക്കെതിരായും പ്രയോജനപ്പെട്ടിരുന്നു. പാശ്ചാത്യരുടെ ശക്തി കേരളത്തിൽ പ്രബലപ്പെട്ടതോടുകൂടി ഈ കളരിപ്പയറ്റു വിദ്യ അസ്തമിച്ചു തുടങ്ങി. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു ശേഷം അതു അങ്ങിങ്ങായി വീണ്ടും തുടങ്ങി വരുന്നതുആശ്വാസകരം തന്നെ. ഈ അഭ്യാസമുറകളെല്ലാം ആദി ദ്രാവിഡ സംസ്കാരത്തിന്റേയോ ആര്യസംസ്കാരത്തിന്റേയോ സംഭാവനകളാണെന്നു ചരിത്രകാരന്മാർ വാദിക്കുന്നുണ്ട്. എന്നാൽ പുതിയ പുതിയ ചരിത്രപഠിതാക്കളുടെ നിഗമനത്തിൽ ഇവയൊക്കെ ഗ്രീസ് സംസ്കാരത്തിന്റെ സംഭാവനകളാണ്. കേരളത്തിൽ നാം കണ്ടുവരുന്നതുപോലെ ഗ്രീസ്സിലും കായികമായ അഭ്യാസമുറകൾ നല്ല നിലയിൽ നടന്നുവന്നിരുന്നുവെന്നു പുരാതന ഗ്രീസിലെ 'ഒളിമ്പിക്സ് ഗെയിംസ്'' വ്യക്തമാക്കുന്നുണ്ട്.

മെക്കാളയെ ഇതിനുപ്രേരിപ്പിക്കുവാൻ സഹായിച്ചതു് അന്നത്തെ പ്രസിദ്ധ പണ്ഡിതനും പാശ്ചാത്യ വിദ്യാവിചക്ഷണനുമായ രാജാറാം മോഹനറായ് തുടങ്ങിയവരാണു്. അന്നു് ആശയവിനിമയം ചെയ്തിരുന്നതു് ഇംഗ്ലീഷ് ഭാഷയിലായിരുന്നു. ഇതു പ്രചാരത്തിൽ വരാൻ പല കാരണങ്ങളുമുണ്ടായിരുന്നു. സംസ്കൃതം, അറബി, എന്നീ ഭാഷകൾ ഇംഗ്ലീഷു് പഠിക്കുന്നതിനേക്കാൾ തുലോം വിഷമമായിരുന്നു, മാതൃമല്ല ഇംഗ്ലീഷ്ഭാഷകൊണ്ടുള്ള ഗുണം അവക്കൊട്ടു സിദ്ധിച്ചിട്ടുമില്ല താനും. അതിനാൽ വിദ്യാർത്ഥികൾ സംസ്കൃതവും അറബിയുമുപേക്ഷിച്ചു ഇംഗ്ലീഷ് അഭ്യസനത്തിൽ ജാഗരൂകരായി.

ഇതു തടയുവാൻ പല സ്റ്റേറുകളും സ്തുത്യർഹമാംവിധം പ്രയത്നിച്ചിട്ടുണ്ടു്. അതിന്റെ ഫലമായി ഇംഗ്ലീഷ് സ്കൂളുകളും നാട്ടുഭാഷാഭ്യസന സ്കൂളുകളും ഒരേ വിധത്തിൽ അഭിവൃദ്ധിപ്പെടാൻ തുടങ്ങി. 1844-ലെ ഹേസ്റ്റിംഗ്സിന്റെ തീരുമാന മനുസരിച്ചു് ഇംഗ്ലീഷിനു മുൻഗണന നൽകുകയും ഇംഗ്ലീഷറിയാവുന്നവരെ ഉദ്യോഗങ്ങളിൽ കൂട്ടതലായി നിയമിക്കുകയും ചെയ്തു. അതിനാലിഘട്ടത്തിൽ വളരെ ആളുകൾ തങ്ങളുടെ പരമ്പരാഗതമായ തൊഴിലുകളുപേക്ഷിച്ചു ഇംഗ്ലീഷ് പഠിക്കുവാൻ ശ്രദ്ധ ചെലുത്തി.

ഈ സമയത്തു് ഓരോ പ്രവിശ്യകളിലും വ്യത്യസ്ഥരീതികളാണവലംബിച്ചിരുന്നതു്. ചുരുക്കത്തിൽ ഇവയ്ക്കൊരു കൃത്യവുമില്ലായിരുന്നു. ലഫ്ടനൻറ് ഗവണ്ണരായ ജയിംസ് തോംസൺ പശ്ചിമോത്തര പ്രവിശ്യകളിൽ ചില പ്രാദേശിക ഭാഷാഭ്യസന സ്കൂളുകൾ സ്ഥാപിച്ചു അഞ്ചു ഗ്രാമങ്ങളെ ഒരു ബ്ലോക്കാക്കിക്കൊണ്ടു് അതേപോലുള്ള അനേകം ബ്ലോക്കുകളിൽ നിരവധി സ്കൂളുകൾ സ്ഥാപിച്ചു. അതതു ഗ്രാമങ്ങളിലെ പൊതുജനാഭിപ്രായമനുസരിച്ചു് അദ്ധ്യാപകർ നിയമിതരായി. ക്രമേണ ഈ പദ്ധതി അത്യുത്കരമാംവിധം പുരോഗതി പ്രാപിച്ചു. പക്ഷേ കൊല്ലത്തിനകം 23658 വിദ്യാർത്ഥികളുള്ള 897 സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. ഇതേസമയത്തുതന്നെ ബോംബേയിലും മറ്റും എൽഫിസ്റ്റൺ പ്രാദേശിക ഭാഷാഭ്യസന സ്കൂളുകൾ സ്ഥാപിച്ചു. പ്രൈവറ്റു് സ്ഥാപനങ്ങൾ നടത്തുന്ന സ്കൂളുകളെ അദ്ദേഹം പലവിധത്തിൽ പ്രോത്സാഹിപ്പിച്ചു. 19-ാംനൂറാണ്ടിന്റെ ആരംഭത്തിൽ ജൂനായിൽ ഒരു ഹിന്ദു കോളേജ് തുറന്നു. മദ്രാസ്ഗവണ്ണരായ സർ തോമസ് മൺറോ ഹിന്ദുക്കൾക്കും മുസ്ലീമുകൾക്കും പ്രത്യേകം സ്കൂളുകൾ തുറന്നു. കൂടാതെ ഇക്കാലത്തു പ്രാദേശികഭാഷകൾ പോഷിപ്പിക്കുന്നതിൽ ക്രിസ്ത്യൻ മിഷനറിമാർ വളരേയേറെ പങ്കുവഹിച്ചിട്ടുണ്ടു്.

ബ്രിട്ടീഷ് വിദ്യാഭ്യാസനയം

1854 വരെ പ്രവിശ്യകളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു ഗവണ്മേണ്ടു സഹായങ്ങൾ വളരെയൊന്നും ചെയ്തിരുന്നില്ല. എന്നാൽ 1854-ൽ രണ്ടു വ്യതിയാനങ്ങൾ ഉണ്ടായി. എലിമെൻററിസ്കൂളുകളുടെ സ്ഥാപനവും പ്രൈവറ്റു് സ്ഥാപനങ്ങൾക്കു ഗ്രാൻറ് നൽകലും.

1885-ൽ വിദ്യാഭ്യാസ ഡയറക്ടറായ ടി. വുഡ്റോ, ഗ്രാമങ്ങളിലെ സ്കൂളുകളെ സംയോജിപ്പിച്ചു ഒരു ഇൻസ്പെക്ടറുടെ കീഴിലാക്കി. എല്ലാ സ്കൂളുകൾക്കും ഗ്രാൻറു് നൽകപ്പെട്ടു.

എന്നാൽ സ്റ്റാൻലി പ്രഭുവിന്റെ കാലത്തെ ഒരു നിയമപ്രകാരം 1859 -ൽ ഈ ഗ്രാൻറ്വ്യവസ്ഥ റദ്ദുചെയ്യപ്പെട്ടു. പകരം 1860-ൽ സർ പീറർ ഗ്രാൻറ് ഗ്രാങ്ങളിലെ അദ്ധ്യാപകർക്കു ടെയിനിംഗ് നൽകുവാൻ സൗകര്യമുണ്ടാക്കി. ഇതനുസരിച്ചു് 1872നകം 2500 ടെയിനിംഗ് സ്കൂളുകൾ സ്ഥാപിതമായി. എന്നാൽ പ്രൈവറ്റ് സ്ഥാപനങ്ങൾക്കു് മുൻഗണന നൽകപ്പെട്ടില്ല. അതിനാലവർ, പ്രത്യേകിച്ചും മിഷനറിമാർ പരാതിപ്പെട്ടു.

1882-ലെ കമ്മീഷൻ ശുപാർശയനുസരിച്ചു് എലിമെൻററി വിദ്യാഭ്യാസം അഭിവൃദ്ധിപ്പെട്ടുത്തണമെന്നു നിർദ്ദേശമുണ്ടായി. മറെറാന്നു് പ്രൈവറ്റ്സ്ഥാപനങ്ങൾക്കു ഗ്രാന്റു കൊടുക്കണമെന്നുള്ളതായിരുന്നു. അതേ വർഷം 160ലക്ഷംക. പ്രൈമറി വിദ്യാഭ്യാസ പ്രോത്സാഹനാർത്ഥം ചെലവഴിക്കപ്പെട്ടു. അന്നു് പ്രാധാന്യമേറിയ പലതും ശുപാർശ ചെയ്യപ്പെട്ടിരുന്നുവെങ്കിലും അധികവും നടപ്പിൽ വരുകയുണ്ടായില്ല.

സർവ്വകലാശാലാ വിദ്യാഭ്യാസം

(1857 മുതൽ 1956 വരെ)

1857- വരെ ഇന്നത്തെപ്പോലൊരു സർവ്വകലാശാല ഇന്ത്യയിലുണ്ടായിരുന്നില്ല. ആ കൊല്ലത്തിൽ ബോംബെ, കൽക്കത്ത, മദ്രാസു് എന്നീ നഗരങ്ങളിൽ ഓരോ സർവ്വകലാശാലകൾ തുറക്കപ്പെട്ടു. അതിന്റെ മേൽനോട്ടത്തിനു ചാൻസലർ, വൈസ് ചാൻസലർ, പ്രവിശ്യാഗവണ്ണർ എന്നിവരടങ്ങിയ ഒരു സെനററിനെ അധികാരപ്പെട്ടുത്തി. ഇവകൂടാതെ പുരോഗതി പ്രാപിച്ചു വന്ന പ്രൈവറ്റു കോളേജുകളേയും വേണ്ടവിധം പ്രോത്സാഹിപ്പിച്ചു.

1856-ൽ ആകെ രണ്ടു് എൻജിനിയറിംഗു കോളേജുകളും ഒരു മെഡിക്കൽ കോളേജും മാത്രമേ ഇന്ത്യയിലുണ്ടായിരുന്നുള്ളു. ലാ കോളേജുണ്ടായിരുന്നില്ല.

1882-ൽ വെറും 75 കോളേജുകൾ മാത്രമായിരുന്നതു് 1902-ആയപ്പോഴേയ്ക്കും 179 ആയി വർദ്ധിച്ചു. അതിൽ 126-ം ബ്രിട്ടീഷ് ഇന്ത്യയിലായിരുന്നു. 1878-ൽ പഞ്ചാബിലും 1887-ൽ അലഹബാദിലും സർവ്വകലാശാലകൾ രൂപമെടുത്തു. ഈ വിദ്യാഭ്യാസ പുരോഗതിയെപ്പറ്റി അന്വേഷണം നടത്താൻ 1902-ൽ എൻ കെയറി കമ്മീഷനേപ്പെട്ടത്തി. 1904-ലെ യൂണിവേഴ്സിറ്റി ആക്ടനുസരിച്ചു് ഒരോ സ്റ്റേറ്റിലും ഒരോ സർവ്വകലാശാലയെന്ന വ്യവസ്ഥയുണ്ടാക്കി.

ഇതിനുശേഷം 1917-ൽ സാഡ്ലർ യൂണി: കമ്മീഷൻ (Sadler Uni: Commission) ചില സ്രുപാർശകൾ നടത്തി. ഇവയൊന്നും നടപ്പിൽ വരുകയുണ്ടായില്ലെങ്കിലും പിന്നീടുണ്ടായിട്ടുള്ള യൂനിവേഴ്സിറ്റി ആക്ടുകളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. ഇവയെല്ലാം കോളേജുകളുടെ വർദ്ധനവിനു പ്രയോജനം നൽകുകയാണുണ്ടായതു്. 1917-ൽ അഞ്ചു സർവ്വകലാശാലകളേ ഉണ്ടായിരുന്നുള്ളു. 1922-ൽ അവയുടെ എണ്ണം 14 ആയി. ഇവയിൽ ബനാറസ്, അലിഗർ എന്നിവ യഥാക്രമം ഹിന്ദു-മുസ്ലീം സംസ്കാരത്തിന്റെ പുരോഗതിയുടെ നാഴികക്കല്ലുകളായിരുന്നു. ഒസ്മാനിയാ യൂണിവേഴ്സിറ്റി ഉറുദു ഭാഷാദ്ധ്യയനം നടത്തിയിരുന്ന ഏക സർവ്വകലാശാലയായിരുന്നു.

1917-ൽ യൂണിവേഴ്സിറ്റി ടെയിനിംഗ് കോർപ്സ് രൂപീകരിയ്ക്കപ്പെട്ടു. അന്നതു സൈനികപരിശീലനത്തിനുമാത്രമാണെന്നുള്ള ഒരുധാരണയുണ്ടായിരുന്നു. പിന്നീടവയ്ക്കു കൂടുതൽ പ്രാധാന്യം നല്കുകയും കായിക പരിശീലനമെന്ന നിലയിൽ അംഗീകരിയ്ക്കപ്പെടുകയും ചെയ്തു. 1924-ൽ ഇന്ത്യയിലെ യൂണിവേഴ്സിറ്റികളുടെ നയങ്ങളിൽ ഐകരൂപ്യം വരുത്തുവാൻ ഒരു ഇന്റർ യൂനിവേഴ്സിറ്റി ബോർഡു നിയമിച്ചു. അതു അഞ്ചു കൊല്ലത്തിലൊരിക്കൽ യൂണിവേഴ്സിറ്റി വിദ്യാഭ്യാസ നിലയെപ്പറ്റിച്ചു് റിപ്പോർട്ട് സമർപ്പിയ്ക്കണമെന്നു വ്യവസ്ഥ ചെയ്തു. 1923-ൽ വന്ന സൈമൺ കമ്മീഷൻ ഇന്ത്യൻ വിദ്യാഭ്യാസ പുരോഗതിയിൽ സംതൃപ്തി പ്രകടിപ്പിച്ചിട്ടുണ്ടു്.

ഈ കാലഘട്ടങ്ങളിൽ പല സർവ്വകലാശാലകളും കോമേഴ്സ്, ടെക്നോളജി, പൗരസ്ത്യ ഭാഷാഭ്യസനം തുടങ്ങിയവ പ്രത്യേകം പഠിപ്പിക്കുന്ന പദ്ധതികളാവിഷ്കരിച്ചു.

സ്വതന്ത്ര ഇന്ത്യയിൽ

1948-ൽ ഡോ: രാധാകൃഷ്ണൻ പ്രസിഡണ്ടായുള്ള ഒരു സർവ്വകലാശാലാ കമ്മീഷൻ രൂപീകൃതമായി. പൊതുവേ യൂണിവേഴ്സിറ്റികളുടെ അസാമാന്യ വളർച്ചയിൽ പ്രയോജനമില്ലെന്നായിരുന്നു അവരുടെ റിപ്പോർട്ട്. ഗ്രാമീണ വായനശാലകൾ സ്ഥാപിക്കുക, ഒരു യൂണിവേഴ്സിറ്റി കമ്മീഷനെ നിയമിക്കുക, മതപഠനം, പ്രാദേശിക ഭാഷകളെ ആശയവിനിമയോപാധിയായംഗീകരിക്കുക എന്നിവയും അവരുടെ സ്രുപാർശകളിലുൾപ്പെട്ടിരുന്നു. കൂടാതെ കോളേജു പ്രഫസർമാരുടെ ശമ്പളം, വിദ്യാർത്ഥികളുടെ കായികാഭ്യസനം മുതലായവയെപ്പറ്റിയും സ്രുപാർശ ചെയ്തിട്ടുണ്ടു്. ചുരുക്കത്തിൽ ഇന്ത്യൻ പാരമ്പര്യത്തിനും സംസ്കാരത്തിനും അനുയോജ്യമായിരിക്കണം യൂണിവേഴ്സിറ്റി വിദ്യാഭ്യാസമെന്നവർ റിപ്പോർട്ടുചെയ്തു.

അതിനു ശേഷവും ചില യൂണിവേഴ്സിറ്റി കമ്മീഷൻ സ്രുപാർശകളുണ്ടായിട്ടുണ്ടു്.

ഇന്നു് ഇന്ത്യയിൽ 31 യൂണിവേഴ്സിറ്റികളുണ്ടു്. ഇവയിലൊട്ടാകെ 819 കോളേജുകളാണുള്ളതു് — അവയുടെ വിവരണം താഴെ ചേർത്തിരിക്കുന്നു.

നമ്പർ	പേരു്.	സ്ഥലം	സ്ഥാപിച്ചവർഷം	കോളേജുകൾ.
1	മദ്രാസു് സർവ്വ:	മദ്രാസ്.	1857	89
2	കൽക്കത്ത ,,	കൽക്കത്ത	1857	104
3	ബോമ്പേ ,,	ബോംബെ	1857	26
4	അലഹബാദ് ,,	അലഹബാദ്	1886	3
5	S. N. D. T. Women's,	ബോംബേ	1916	6
6	മൈസൂർ സർവ്വ:	മൈസൂർ	1916	33
7	ബനാറീസു് ഹിന്ദു ,,	ബനാറീസു്	1916	19
8	പാറ്റ്നാ ,,	പാറ്റ്നാ	1917	10
9	ആന്ധ്ര ,,	വാൽട്ടെയർ	1920	34
10	വിശ്വഭാരതി ,,	ശാന്തിനികേതൻ	1921	6
11	ലക്നൌ ,,	ലക്നൌ	1921	6
12	അലിഗാർ മുസ്ലീം:	അലിഗാർ	1921	1
13	നാഗപൂർ ,,	നാഗപൂർ	1923	21
14	ഡൽഹി ,,	ഡൽഹി	1926	26
15	ആഗ്ര ,,	ആഗ്രാ	1927	63
16	അണ്ണാമലൈ ,,	അണ്ണാമലൈനഗർ	1929	
17	ട്രാവൻകൂർ ,,	തിരുവനന്തപുരം	1937	36
18	ഉട്കൽ ,,	കട്ടക്	1943	16
19	സൗഗാർ ,,	സൗഗാർ	1946	21
20	രാജപുത്താന ,,	ജയ്പൂർ	1947	44
21	പഞ്ചാബു്	സോളൻ (സിലോഹിൽസ്)	1947	76
22	ഒസ്മാനിയാ ,,	ഹൈദ്രബാദ്	1947	25
23	ഗുർകി ,,	ഗുർകി	1948	
24	പൂനാ ,,	പൂനാ	1948	26
25	ജമ്മു & കാശ്മീർ ,,	ശ്രീനഗർ	1948	13
26	ഗൗഹതി ,,	ഗൗഹതി	1948	22
27	ബറോഡാ ,,	ബറോഡാ	1949	13
28	കണ്ണാടക ,,	ധർവാർ	1950	14
29	ഗുജറാറ് ,,	അഹമ്മദ്ബാദ്	1950	26
30	ബീഹാർ ,,	പാറ്റ്നാ	1952	40
31	ശ്രീ വെങ്കിടേശ്വരാ സർവ്വ:	ആന്ധ്രാ	1954	

ഇതുപോലെ കാര്യങ്ങൾ പറഞ്ഞതു് വൈദേശിക ഭാഷകളുമായി ബന്ധപ്പെട്ടിരുന്ന വിദ്യാഭ്യാസ സ്ഥിതികളെക്കുറിച്ചാണു്. ഇനിയും നമുക്കു് ഇന്ത്യയുടേതു മാത്രമായ—ഇന്ത്യൻ സംസ്കാരം കൂട്ടുതലായി പുലർത്തിയിരുന്ന—വിദ്യാഭ്യാസസ്ഥാപനങ്ങളെക്കുറിച്ചുപഠിക്കാം.

വിശ്വഭാരതി

ഇവയിലേറ്റവും പ്രാധാന്യമർഹിക്കുന്നതു് പ്രസിദ്ധ സർവ്വകലാശാലയായ വിശ്വഭാരതിയാണു്. ഇന്ത്യൻ സംസ്കാര പുനരുദ്ധാരണത്തിനു വേണ്ടി ക്രിസ്തുമതാവലംബിയായ ബ്രഹ്മബാൻ ദേവു് ഉപാദ്ധ്യായ, അനിമാനന്ദയെന്നിവർ ഒരു സ്ത്രീയുടെ മാതൃകയിൽ തുടങ്ങിയതായിരുന്നു അതു്. അതിനുശേഷം അവർ രവീന്ദ്രനാഥ ടാഗോറുമായി ആലോചിച്ചു് അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചു് ബോൽപൂരിനടുത്തുള്ള 'ശാന്തിനികേത'നിൽ വിശ്വഭാരതി യൂണിവേഴ്സിറ്റി സ്ഥാപിച്ചു. ഇന്ത്യയുടെ പൂർവ്വമേയുമിതിന്റെ കീർത്തി വ്യാപിച്ചിരുന്നു. അവിടത്തെ വിദ്യാഭ്യാസം ഒരു പ്രത്യേക രീതിയിലായിരുന്നു. പുരാണേതിഹ്യയിലേ ആശ്രമങ്ങളുടെ മാതൃകയാണവയ്ക്കുണ്ടായിരുന്നതു്. അദ്ധ്യാപകരും അദ്ധ്യേതാക്കളും തമ്മിൽ അടുത്തബന്ധം പുലർത്തിയിരുന്നു. ചുരുക്കത്തിൽ ഇന്ത്യൻ സംസ്കാരത്തിനനുയോജ്യമാണു് വിശ്വഭാരതിയിൽ നടന്നിരുന്ന വിദ്യാഭ്യാസം.

'ബോയ്സ് ഓൺഹോം'

വിശ്വഭാരതികൂടാതെ 1904-ൽ രേഖാചന്ദ് അന്ദിമാനന്ദ Boy's own home എന്ന പേരിൽ പുതിയൊരു പദ്ധതി ആവിഷ്കരിച്ചു. ഇവിടെ 5മുതൽ 10വരെ വയസ്സു് പ്രായമുള്ള കുട്ടികളെ താമസിപ്പിച്ചു 16വയസ്സുവരെ വിദ്യ അഭ്യസിപ്പിച്ചിരുന്നു. അവർ സ്വയം ഗൃഹപ്രവൃത്തികൾ ചെയ്യുപോന്നു. അവരോടു് ചോദ്യം ചെയ്തു് ഉത്തരം പറയിക്കുക, ഓരോ വിഷയത്തിലും പരിശീലനം നൽകുക തുടങ്ങിയവ ചെയ്തിരുന്നു. കൂടുതൽ അറിവു നേടുന്നവനു് കാല വ്യത്യാസമെന്യേ പ്രമോഷൻ അനുവദിക്കപ്പെട്ടിരുന്നു. മുതിർന്നവർ താഴ്ന്നവരെ പഠിപ്പിച്ചിരുന്നതുകൊണ്ടു് സ്കൂളുകൾ വിട്ടുപോഴേക്കും അവനു പഠിപ്പിക്കുന്നതിനുള്ള പരിശീലനം ലഭിച്ചിരുന്നു. ഏതായാലും വിദ്യാർത്ഥികളിൽ ഔത്സുക്യമുളവാക്കുന്ന ഒരു പഠന രീതിയായിരുന്നു അതു്.

കാർവ്വ്സ് സർവ്വകലാശാല.

പൂനായിൽ സ്ഥാപിതമായ ഈ സർവ്വകലാശാല വിധവകളുടെ വിദ്യാഭ്യാസത്തിനുവേണ്ടിയാണു് സ്ഥാപിക്കപ്പെട്ടതു്. ഇതു് ഗവൺമെണ്ടിൽനിന്നു് യാതൊരു സൗജന്യവും സ്വീകരിച്ചിരുന്നില്ല. സ്ത്രീവിദ്യാഭ്യാസ പുരോഗമനാർത്ഥം ഇതു് ധാരാളം പ്രവർത്തിച്ചിട്ടുണ്ടു്.

ഇന്ത്യൻ വിദ്യാഭ്യാസചരിത്രത്തിലെ ഏറ്റവും നവീന പരീക്ഷണം വാർദ്ധാപദ്ധതിയനുസരിച്ചുള്ള ഗാന്ധിജിയുടെ അടിസ്ഥാന വിദ്യാഭ്യാസ സമ്പ്രദായമാണു്. അതേപ്പറ്റി ഈ ഗ്രന്ഥത്തിൽ വേറെ ലേഖനങ്ങളുള്ളതിനാൽ വിസ്തരിക്കുന്നില്ല.

ഇനിയും 1882 മുതൽ 1956വരെയുള്ള സെക്കൻഡറി വിദ്യാഭ്യാസത്തെക്കുറിച്ചു വിവരിക്കാം.

സെക്കണ്ടറി വിദ്യാഭ്യാസം.

S. S. L. C, E. S. L. C. എന്നിപേരിലറിയപ്പെടുന്ന സ്കൂൾ ഫൈനൽ പരീക്ഷകളേപ്പറ്റിത്തിക്കൊണ്ടു്, ഗവ: സെക്കൻഡറി വിദ്യാഭ്യാസ പദ്ധതി രൂപവൽക്കരിച്ചു. ഇതു കൂടാതെ മദ്രാസ് പരീക്ഷയുമുണ്ടായിരുന്നു. ഒരേ സ്റ്റാൻഡേർഡുള്ള ഈ പരീക്ഷകൾ പാസ്സായാൽ കോളേജിൽ ചേരാം.

1929-ലെ ഹാർട്ടോഗ് കമ്മിറ്റി സെക്കൻഡറി വിദ്യാഭ്യാസത്തിൽ ടെക്നിക്കൽ പരിശീലനങ്ങൾ നടത്തേണ്ടതാണെന്നു നിർദ്ദേശിച്ചു. 1934-ലെ സപ്രൂ കമ്മറ്റിയും പല നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്. 1936-ൽ മെസ്സേഴ്സ് ആബട്ട്–ഉഡ് (Abbot-wood) എന്നിവർ സാങ്കേതിക വിദ്യാഭ്യാസ പുരോഗമനാർത്ഥം പോളിടെക്നിക് ഇൻസ്റ്റിറ്റ്യൂഷൻ സ്ഥാപിച്ചു.

1944-ലെ സാർജന്റ് കമ്മീഷൻ സെക്കണ്ടറി വിദ്യാഭ്യാസത്തിൽ പല മാറ്റങ്ങളും വരുത്തിയിട്ടുണ്ടു്.

ഇന്നു് ഇന്ത്യയിൽ 30,000—ൽ അധികം സെക്കണ്ടറി സ്കൂളുകളിലായി 5,226,000 വിദ്യാർത്ഥികളുണ്ടു്.

പ്രൈമറി വിദ്യാഭ്യാസം

(1882—1956)

ഈ കാലഘട്ടത്തിൽ പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പല മാറ്റങ്ങളും വന്നിട്ടുണ്ടു്. ഇന്ത്യമുഴുവനും പ്രൈമറി വിദ്യാഭ്യാസം നിർബന്ധിതമാക്കി. ഗോപാലകൃഷ്ണ ഗോഖലേ തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കൾ ഇതിനുവേണ്ടി പ്രയത്നിച്ചിട്ടുണ്ടു്. പ്രൈമറി വിദ്യാഭ്യാസം ഏറ്റവും കൂടുതൽ നടപ്പിലായതു് തിരുകൊച്ചിയിലായിരുന്നു.

സാങ്കേതിക വിദ്യാഭ്യാസം, വയോജന വിദ്യാഭ്യാസം എന്നിവ ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ഏറ്റവുമടുത്ത കാലത്തെ നേട്ടങ്ങളാണു്.

മേൽ വിവരിച്ച വിധത്തിൽ ഇന്ത്യയുടെ വിദ്യാഭ്യാസ ചരിത്രത്തിൽ പല വിധമാറ്റങ്ങളുമുണ്ടായിട്ടുണ്ടു്. ഇനിയും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രശ്നവും പരിഹരിക്കേണ്ട മറ്റു സാമൂഹ്യ പരിതസ്ഥിതികളും എന്തെല്ലാം ഉപരിപ്ലവങ്ങൾ വരുത്തിക്കൂട്ടുമെന്നു പറയുക വയ്യ.

സിനിമ—വിദ്യാഭ്യാസ രംഗത്തിൽ

—സി. പി.

ജീവിതത്തിന്റെ എല്ലാതുറകളിലും സ്വാധീനം ചെലുത്തി വരുന്നുണ്ട് ഇന്ന് സിനിമ. വിജ്ഞാനവും വിനോദവും ഒരേ സമയം നൽകുന്ന സിനിമയുടെ കഴിവുകൾ, ഇന്ത്യയിൽ വേണ്ട വിധത്തിൽ, ഉപയോഗിക്കുന്നില്ലെന്നുവേണം പറയുക. ഇവിടെ പണമുണ്ടാക്കുന്ന വെറുമൊരുപാധി മാത്രമാണ് സിനിമ. കുറെ ശുദ്ധ സിനിമാ വ്യവസായത്തിന്നിരിക്കും. ഇറക്കുന്നതിലിരട്ടി, ലാഭത്തോടെ തിരിച്ചു കിട്ടുന്നമെന്ന മോഹമാണ് ഇന്ത്യയിലെ സിനിമാ നിർമ്മാണകന്നുള്ളത്. നിർമ്മാണകന്റെ ഈ ലാഭക്കൊതികാരണം നല്ല ചലച്ചിത്രങ്ങൾ വല്ലപ്പോഴും മാത്രമേ ഇവിടെ ശുഭം കൊള്ളുന്നുള്ളു.

നിർമ്മാണകന്റെ പ്രേരണകൾ പ്രതിഭാശാലികളായ സംവിധായകരെപ്പോലും കടിഞ്ഞാണിടുന്നു. തൻമൂലം ചിത്രങ്ങൾ 'ബോക്സ് ഓഫീസ് ഹിറ്റാ'വാൻ വേണ്ടി നൃത്തങ്ങളും പാട്ടുകളും തരംതാണ ഫലിതങ്ങളും മറ്റും കുത്തിച്ചെലുത്താൻ സംവിധായകൻ നിർബന്ധിതനാവുന്നു. നമ്മുടെ സിനിമാ വ്യവസായം ഇന്ന് ഒരു സ്തംഭനാവസ്ഥയെ അഭിമുഖീകരിക്കാൻ പ്രധാന കാരണമതാണ്.

പടിഞ്ഞാറൻ നാടുകൾ സിനിമാ രംഗത്ത് പുതിയ പുതിയ പരീക്ഷണങ്ങൾ നടത്തി, പ്രേക്ഷകർക്ക് പുത്തനനുഭവങ്ങളുളവാക്കാൻ യത്നിക്കുകയാണ്. അവിടങ്ങളിൽ പണത്തിനല്ല പ്രാധാന്യം; പടത്തിന്റെ സാംസ്കാരിക മൂല്യത്തിന്നാണ്. ഇന്ത്യയിലേപ്പോലെ ദോശ ചുടാൻ വേണ്ട നേരം കൊണ്ട് ചലച്ചിത്രം നിർമ്മിച്ചെടുക്കാൻ പാശ്ചാത്യ സിനിമാ നിർമ്മാണകർ വെമ്പുന്നില്ല.

കോടിക്കണക്കിൽ പവൻ ചിലവിറക്കി, നിരവധി കലാകാരന്മാരുടെ അദ്ധ്വാനവും, ഏറെ നാളത്തെ പ്രയത്നവുമെല്ലാം കൂട്ടിച്ചേർത്താണ് പടമിറക്കുന്നത്. ചരിത്രകഥകളാണ് നിർമ്മാണത്തിനു തിരഞ്ഞെടുക്കുന്നതെങ്കിൽ, അവരതിന്റെ പൂർത്തിക്കുവേണ്ടി ക്ഷമാപൂർവ്വം കൊല്ലങ്ങളോളം വിയർപ്പു ചിന്തുന്നു. മറ്റെന്തിലുമേറെ സിനിമയിലെ വിദ്യാഭ്യാസാംശത്തിനു തികച്ചും അവർ പരിഗണന നൽകുന്നു.

പാശ്ചാത്യ നാടുകളിൽ കുട്ടികൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി പ്രത്യേകം സിനിമ നിർമ്മിക്കപ്പെടുന്നുണ്ട്. വിദ്യാലയങ്ങളിൽ സിനിമാ പ്രദർശനത്തിനു വേണ്ട സൌകര്യങ്ങളുണ്ടായിരിക്കും. വെറും കെട്ടുകഥകളെ ആശ്രയിച്ചുള്ള താവില്ല ബാല സിനിമകൾ. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ അതിപ്രധാനമായ പങ്കുണ്ട് സിനിമയിലൂടെയുള്ള വിദ്യാഭ്യാസത്തിനു്. കാരണം, ദൃശ്യവിദ്യാഭ്യാസത്തിനാണ് കുട്ടികളെ കൂടുതൽ ആകർഷിക്കാൻ സാധിക്കുക. ചരിത്ര സംഭവങ്ങൾ കലാപൌഷ്ക്കല്യത്തോടെ വെള്ളിത്തിരയിലേക്കു പകർത്തപ്പെടുമ്പോൾ, അവ ദർശിക്കുന്ന വിദ്യാർത്ഥിക്ക് ചരിത്രം വായിച്ചു പഠിക്കുമ്പോളുള്ള മുഷിവു് ഒരിക്കലും അനുഭവപ്പെടുകയില്ല. വിദ്യാർത്ഥികൾക്കു മാത്രല്ല സിനിമയിലൂടെ വിദ്യാഭ്യാസം നല്കപ്പെടുന്നതു്. വൈദ്യ ലോകത്തിലെ ഏറ്റവും വലിയ അത്ഭുതങ്ങളായ ശസ്ത്രക്രിയകളും ഇന്നു ടെലിവിഷനിലൂടെ വിവിധനാടുകളിലുള്ള വൈദ്യവിദ്യാർത്ഥികൾ കണ്ടുപഠിക്കുന്നു. ഡോക്യുമെന്ററിച്ചിത്രങ്ങൾ വഴി വിവിധ നാടുകളിലുണ്ടാവുന്ന സംഭവവികാസങ്ങൾ സാധാരണ സിനിമ കാണുന്നവർക്കു് ഗ്രഹിക്കാൻ കഴിയുന്നു. അങ്ങിനെ ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ സിനിമ സ്വാധീനത ചെലുത്തുന്നു. ഇതെല്ലാം പടിഞ്ഞാറൻ നാടുകളിലെ കഥകളാണ്. ഇന്ത്യ, സിനിമാ നിർമ്മാണത്തിൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്നു മൂന്നാം സ്ഥാനമാണലങ്കരിക്കുന്നതു്. പക്ഷെ നിർഭാഗ്യമെന്നു പറയട്ടെ, വെറുമൊരു വിനോദോപാധിയായാണ് ഇവിടെ സിനിമ കൈകാര്യം ചെയ്യുന്നതു്. സാധാരണക്കാരന്റെ താണ വികാരങ്ങളെ കിക്കിളിപ്പെടുത്തി മുതലെടുക്കാനാണ് ഇവിടത്തെ ശ്രമം. വാൾ പയറും, പ്രേമസല്ലാപവും, യുഗ്മഗാനവും, ഇന്ദ്രജാലവുമെല്ലാം ഇന്ത്യൻ സിനിമയിൽ കടന്നുകൂടുന്നതു് മറ്റെന്തിനാണു്? കുട്ടികൾക്കുവേണ്ടി സിനിമാ നിർമ്മാണം നടത്താൻ ഇപ്പോഴിടെ മാത്രമാണ് കേന്ദ്രഗവണ്മെന്റ് മുൻകൈ എടുത്തു് ചിൽഡ്രൻ സ് ഫിലിം സൊസൈറ്റി സ്ഥാപിച്ചതു്. കേരളത്തിന്റെ നില ഓക്കാതിരിക്കയാണ് ഭേദം. അറുപതിലേറെമലയാള പടങ്ങളിതിനകം ഇറങ്ങിക്കഴിഞ്ഞു. അവയിൽ തരക്കേടില്ലാത്തവയെത്രയുണ്ടു്? രണ്ടോ മൂന്നോ മാത്രം! വിദ്യാർത്ഥികളെ ഉദ്ദേശിച്ചുള്ള സിനിമാ നിർമ്മാണം ഇവിടത്തിലാരംഭിച്ചിട്ടപോലുമില്ല. കുട്ടികൾക്കുവേണ്ടി ഒരു പ്രത്യേക സിനിമാ പടം നിർമ്മിക്കാൻ എറണാകുളം കേന്ദ്രമാക്കിക്കൊണ്ട് ഒരു ശ്രമം കുറച്ചു മാസങ്ങൾക്കു മുമ്പ് നടത്തിയിരുന്നുവെങ്കിലും, അതു അവസാനം ഫലശൂന്യമാവുകയാണുണ്ടായതു്. ശോചനീയമായ ഈ നില അവസാനിപ്പിക്കാൻ ഗവണ്മെന്റിന്റെ സഹകരണവും മാർഗ്ഗനിർദ്ദേശവും വേണം. അല്ലാതെ ഗത്യന്തരമില്ല.

1956 ലെ മെച്ചപ്പെട്ട ചലച്ചിത്രങ്ങൾക്കു് സമ്മാനം നൽകികൊണ്ട് ഇന്ത്യൻ രാഷ്ട്രപതി ബാബു രാജേന്ദ്രപ്രസാദ് ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം ഈ അവസരത്തിൽശ്രദ്ധേയമാണ്.

അദ്ദേഹം പറയുന്നു:

"ഇന്ത്യയിൽ ആളുകളെ രസിപ്പിക്കുന്ന കാര്യത്തിൽ ചലച്ചിത്ര വ്യവസായം വളരെയധികം പുരോഗമിച്ചിട്ടുണ്ട്. എന്നാൽ സാമൂഹ്യവും വിദ്യാഭ്യാസ പരവുമായ ഉപദേശങ്ങളോടുകൂടിയ ചിത്രങ്ങൾ ഇപ്പോഴും ആരംഭദശയിലാണ്. ചലച്ചിത്ര നിർമ്മാണത്തിന്റെ ഈ വശത്തെ പ്രോത്സാഹിപ്പിക്കേണ്ടതാവശ്യമാണ്."

പ്രോത്സാഹനം ആവശ്യമാണെന്നതു ശരിതന്നെ. വിദ്യാഭ്യാസ പ്രവിണരും ചലച്ചിത്ര നിർമ്മാണകരും സഹകരിച്ചു പ്രവർത്തിക്കാൻ തയാറുണ്ടെങ്കിൽ മാത്രമേ ഈ പ്രശ്നം എളുപ്പം പരിഹരിക്കപ്പെടുകയുള്ളു.

—◇◇—

ഇന്ത്യൻ സർവ്വകലാശാലകളെ അഭിമുഖീകരിയ്ക്കുന്ന പുതിയ പ്രശ്നങ്ങൾ

ഇന്ത്യയിലെ ഏറ്റവും പഴക്കംചെന്ന കല്ക്കത്ത, മദ്രാസ്, ബോമ്പെ എന്നീ സർവ്വകലാശാലകളുടെ ശതവാർഷിക സമാപ്തിയും സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ രണ്ടാംശതവാഷ്ികത്തിന്റെ ആരംഭവും സ്വാഭാവികമായി ഒരു ചോദ്യമുയർത്തുന്നു; ഭാവി എന്ത്? എതിരഭിപ്രായങ്ങളുണ്ടെങ്കിലും, വിദേശഗവർമ്മേണ്ടിന്ന് ക്ലാർക്കുമാരെസൃഷ്ടിക്കുവാനതുകുന്നതരത്തിലുള്ള സർവ്വകലാശാലാ വിദ്യാഭ്യാസമെന്ന് വിമർശിക്കപ്പെട്ടിരുന്നുവെങ്കിലും മനസ്സിന്ന് പരിശീലനം നൽകുവാനുള്ള സംരംഭത്തിലൂടെ, സർവ്വകലാശാലകൾ വഴി നല്ലപ്പെട്ട വിദ്യാഭ്യാസത്തിലൂടെ, ഏറ്റവും ഉയർന്നതരത്തിലുള്ള ദേശാഭിമാനപരമായ ഉദ്ദേശത്തോടും മഹത്തായ രാജ്യസ്നേഹത്തോടും കൂടിയ ഒരു കൂട്ടം—അല്ല ഒരു വലിയ വിഭാഗം—ആളുകൾ വളർന്നുവന്നുവെന്ന കാര്യം നിഷേധിക്കാനാവില്ല.

സർവ്വകലാശാലകളുടെ സംഭാവന

ഈ സർവ്വകലാശാലകളിൽ പരിശീലനം സിദ്ധിച്ചവരും അതിന്റെ കവാടങ്ങളിലൂടെ കടന്നുപോയവരും അവസരം വരുമ്പോഴെല്ലാം കഴിഞ്ഞ കാലത്തെ ദേശാഭിമാനികളുടെയും വിജ്ഞാനികളായ ചിന്തകന്മാരുടെയും മഹാന്മാരായ പണ്ഡിതന്മാരുടെയും വാക്കുകൾ അനുസ്മരിച്ചുകൊണ്ട് നിഷ്ക്രിയരായിരുന്നുകൊണ്ട് അധ്വാനത്തെക്കാളധികമായി മറ്റൊന്നുംതന്നെ, ഇന്ത്യയുടെ സ്വാതന്ത്ര്യപ്പിറവിയിലേക്ക് വഴി തെളിയിച്ച നിശ്ശബ്ദമായ വിപ്ലവത്തിന്റെ വിജയത്തിന്ന സംഭാവന നൽകിയിട്ടില്ല. ലോകത്തിലെ ഏറ്റവും മഹാന്മാരായ ചില എഴുത്തുകാരുടെ സിദ്ധാന്തങ്ങളിലാമഗ്നരായും ചരിത്രത്തിന്റെ താളുകളിൽ കുറിച്ചുവെയ്ക്കപ്പെട്ട ദേശാഭിമാനപരമായ കൃത്യങ്ങളിൽനിന്നുമുയർന്ന ആവേശത്താൽ പ്രചോദിതരായും സ്വന്തം രാജ്യത്തിന്റെ നില ഗ്രഹിക്കുന്നതിലും തങ്ങൾ ആഗ്രഹിച്ചുകൊണ്ടിരുന്ന സ്വന്തം രാജ്യവിമോചനത്തിന്നുവേണ്ടി, മികച്ച നിലയിൽപടപൊരുതുന്ന കാര്യത്തിലും ഈ കലാശാലകളിലെ പൂർവ്വവിദ്യർത്ഥികൾ ആരുടേയും പിന്നിലായിരുന്നില്ല.

ഈ നിലയിൽ ചിന്തിക്കുമ്പോൾ ഒരു നൂറാണ്ടുകാലത്തെ സർവ്വകലാശാലാവിദ്യാഭ്യാസം ഫലശൂന്യമായിരുന്നുവെന്നോ, ലാഭകരമായിരുന്നില്ലെന്നോ പറയാൻ തരമില്ല. ഇപ്പോഴാരംഭിക്കുന്ന രണ്ടാം ശതകം, സാധാരണക്കാരന്നും

ഡോക്ടർ ഏ. ലക്ഷ്മണസ്വാമി മുതലിയാർ

രാജ്യത്തിന്നും ലോകത്തിന്നു പൊതുവിലും എന്താണ് സംഭാവന ചെയ്യാൻ പോകുന്നത്? പതിനേഴും പതിനെട്ടും നൂറാണ്ടുകൾ ഇന്ത്യാചരിത്രത്തിലെ ഇരുണ്ടകാലമാണെന്ന് പറയാമെങ്കിൽ, ഇന്നത്തെ സംഭവങ്ങളെ അതിന്റേതായ മാർഗ്ഗത്തിലൂടെ തന്നെ മുന്നോട്ടുപോകാൻ അനുവദിക്കുകയാണെങ്കിൽ നാം അഭിമുഖീകരിക്കാൻ പോകുന്ന അടുത്ത നൂറാണ്ട്, കൂടുതൽ ഇരുണ്ടതാവുകയില്ലെന്ന് എങ്ങിനെ ഉറപ്പിച്ചു പറയാനാവും? അന്താരാഷ്ട്രൈക്യവും സമാധാനവുമെന്ന പ്രശ്നം, അതിന്ന് സമുദായത്തിന്റെ മേൽ പൊതുവെ ഉളവാക്കാനാവുന്ന പ്രതികരണങ്ങളെ ആസ്പദിച്ചു നോക്കുമ്പോൾ സർവ്വകലാശാലകൾക്കും താല്പര്യമുണ്ടായിരിക്കേണ്ടൊരു വിഷയമാണ്. രാജ്യത്തിന്റെ പുരോഗതിയും ജനങ്ങളുടെ പൊതുവെയുള്ള സംതൃപ്തിയും സമാധാനവും, സാധാരണക്കാരന്റെ ഗുണത്തിന്ന വേണ്ടിയുള്ള രാജ്യത്തിലെ വിഭവങ്ങളുടെ നിർബ്ബാധമായ വികസനവും ജനങ്ങളുടെതന്നെ ആത്മീയമായ ക്ഷേമം ഇവയുമെയെല്ലാം, നിർഭാഗ്യവശാൽ വിശാലമായ ഈ ലോകത്തിലെ ഗതിവിഗതികളുമായി അന്യോന്യം ബന്ധപ്പെട്ടതാണ്. ഒരു പക്ഷെ ഇനിയും ലോകത്തെ വിശാലമായ ലോകം എന്നതന്നെ വിളിച്ചുകൊണ്ടിരിക്കുന്നത് ശരിയല്ല. തന്മൂലം സർവ്വകലാശാലകൾ ഈ വലിയ പ്രശ്നത്തെ അഭിമുഖീകരിക്കുകയും തങ്ങളുടെ കഴിവ്കളിലൂടെയും സംസ്ക്കാരത്തിലൂടെയും അതിന്റെ സൃഷ്ടാക്കളായ മാനവലോകത്തോട്ട പൊതുവെയുള്ള ബഹുമാനത്തിലൂടെ, ജനങ്ങൾക്കു പൊതുവെ ഈ വിഷമതകളെ അതിജീവിക്കുന്നതിന്നുള്ള മാർഗ്ഗം കണ്ടുപിടിക്കാൻ ദീർഘകാല വീക്ഷണത്തോടെയും ദൃഢനിശ്ചയത്തോടെയും ശ്രമിക്കേണ്ടിയിരിക്കുന്നു.

മനുഷ്യവർഗ്ഗത്തിന്നു അപകടത്തെ അഭിമുഖീകരിക്കേണ്ടിവരിക അജ്ഞരും നിരക്ഷരരുമായ ആളുകളിൽ നിന്നല്ല, കൂടുതൽ ബുദ്ധിയുള്ളവരിൽനിന്നും കൂടുതൽ നല്ല വിദ്യാഭ്യാസം നേടിയവരിൽ നിന്നുമാണെന്നും, കൂടുതൽശാസ്ത്രീയമായ പരിശീലനവും ഉശിരും ഉണർവ്വും ലഭിച്ചിട്ടുള്ളതുമായ ആളുകളാണ് മനുഷ്യവർഗ്ഗത്തിന്നാകെ വലിയ ആപത്തുളവാക്കുന്നതിന്റെ കേന്ദ്രമായിരിക്കുന്നത് എന്ന ചിന്താഗതി ലോകത്തിൽ പൊതുവെ പരന്നിട്ടുള്ളത് നിരാശാജനകമായൊരു കാര്യമാണ്. വിദ്യാഭ്യാസം പരക്കുന്നതോടെ ഉന്നതവിദ്യാഭ്യാസത്തിന്ന കൂടുതൽ പ്രോത്സാഹനം ലഭിക്കുന്നു. എന്നാൽ ഇതു മനുഷ്യവർഗ്ഗത്തെ പൊതുവെ നന്നാക്കുവാനോ സദാചാരത്തിന്റെ നില ഉയർത്തുവാനോ, സമുദായത്തിലുള്ള എല്ലാതരം വഞ്ചനകൾക്കുമെതിരായി സ്വതന്ത്രവും ഹൃദയപൂർവ്വ

വും സംസാരിക്കാൻ മടിയില്ലാത്തവരെ രാഷ്ട്രത്തിനു സംഭാവനചെയ്യാനോ ഉദ്ദേശിച്ചുകൊണ്ടുള്ളതാണോ എന്ന പ്രശ്നം പൊങ്ങിവരുന്നു. തന്മൂലം ഇന്ത്യൻ സർവ്വകലാശാലകൾ, ലോകത്തിലെങ്ങുമുള്ള സർവ്വകലാശാലകൾ തന്നെയും, ഒരു പുതിയ പ്രശ്നം അഭിമുഖീകരിക്കുകയാണ്. അടുത്ത ശതവാഷികം ആചരിക്കുമ്പോഴും കുറച്ചെങ്കിലും നേട്ടമുണ്ടാകുമെന്നു നാം ആശിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന രീതിയിൽ കാലത്തിന്റെ ഈ വെല്ലുവിളിയെ നേരിടേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസം—എല്ലാവരുടേയും ജന്മാവകാശം

എന്നാൽ എപ്പോഴും ശ്രദ്ധിക്കപ്പെടേണ്ടതായ വിശാലമായ ഈ പരിഗണനയ്ക്കു പുറമെ, അടുത്ത 100 കൊല്ലങ്ങൾക്കുള്ളിൽ ഉന്നതവിദ്യാഭ്യാസത്തിനു എന്തെല്ലാം പ്രായോഗികമായ സാദ്ധ്യതകളുണ്ടെന്നു നമുക്കൊന്നു പരിശോധിക്കുക. എല്ലാ സ്ഥലത്തുള്ള ജനങ്ങളും വിദ്യാഭ്യാസം നേടാൻ തുടങ്ങിയിട്ടുണ്ടെന്നതും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെയും സ്വാധീനതയെയും ഗ്രഹിക്കാൻ തുടങ്ങിയിട്ടുണ്ടെന്നതും വാസ്തവമാണ്. ഇന്ത്യ വിദേശാധിപത്യകാലത്ത് ഒരു ദീർഘ നിദ്രയിലായിരുന്നു. ആ നിദ്രയുടെ അന്ത്യമെന്തായിരുന്നുവെന്നും വൈദേശികനുകം ഒരിക്കൽ മാറ്റപ്പെട്ടാൽ എത്രമേൽ വമ്പിച്ചൊരു ശക്തിയാണു വിമോചിക്കപ്പെടുകയെന്നും വളരെക്കുറച്ചുപേർക്കുമാത്രമേ അറിയാൻ കഴിഞ്ഞിരുന്നുള്ളു. സ്വാതന്ത്ര്യത്തിനുശേഷം ഒരു ദശകത്തിനുള്ളിൽ, വളരെക്കാലമായി നിയന്ത്രിക്കപ്പെട്ട ശക്തി തുറന്നുവിട്ടാൽ എന്താണു സംഭവിക്കുകയെന്നു്, നമ്മുടെ രാജ്യത്തിൽ ഇന്നുനടക്കുന്ന പല സംഭവങ്ങളിലൂടേയും നാം ഗ്രഹിക്കുകയാണു്. വിദ്യാഭ്യാസം പഴയപോലെ ചുരുക്കം ചിലരുടെ കുത്തകയല്ല. അതു് എല്ലാവരുടേയും ജന്മാവകാശമാണു്. ഈനാട്ടിലെ ഓരോ പൌരനും ചുരുങ്ങിയതു് ഒരുതിത്തിരിവരെ വിദ്യാഭ്യാസത്തിനു അർഹതയുണ്ടെന്നു ഭരണഘടന ഉറപ്പിച്ചിട്ടുള്ളതു് എന്തുകൊണ്ടും ഉചിതമാണു്. ദൗർഭാഗ്യവശാൽ പല വിധ കാരണങ്ങളെക്കൊണ്ടും, ഭരണഘടനയിൽ ഉദ്ദേശിച്ച കാലത്തിനുള്ളിൽ ഇതു് സാദ്ധ്യമായില്ലെന്നതൊരു വാസ്തവമാണെങ്കിലും, ആ തത്വംതന്നെ വിദ്യാഭ്യാസപ്രചരണത്തിനു് പ്രോത്സാഹകമായിട്ടുണ്ടെന്നതു് അംഗീകരിക്കാതെ തരമില്ല. ഇപ്പോൾ പാവപ്പെട്ടവനായാലുംശരി പണക്കാരനായാലുംശരി നാട്ടിൻപുറക്കാരനായാലുംശരി പട്ടണവാസിയായാലുംശരി, വിദ്യാഭ്യാസമുള്ളവനായാലുംശരി നിരക്ഷരനായാലുംശരി—അടുത്തതലമുറക്കു് വിദ്യാഭ്യാസം നേടാനുള്ള പ്രാഥമികാവകാശം നിഷേധിക്കരുതെന്നു് എല്ലാവക്കും ബോദ്ധ്യമായിട്ടുണ്ടു്.

അഭ്യസ്തവിദ്യരുടെ ഭാവി

ഇതുതന്നെ സർവ്വകലാശാലകൾക്കു് ഒരു പ്രശ്നമാണു്—ഒന്നിലധികം വശങ്ങളുള്ളൊരു പ്രശ്നം. എന്തുകൊണ്ടെന്നാൽ, വിദ്യാഭ്യാസ പ്രചരണത്തിനു വേണ്ട കാര്യങ്ങൾ, എല്ലാ ഘട്ടത്തിലും സംഭാവനചെയ്യേണ്ടതു് സർവ്വകലാശാലകളാണു്. വിദ്യാഭ്യാസം അതിന്റെ ശരിയായ അർത്ഥത്തിൽ നല്ലപ്പെടണമെങ്കിൽ, ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ഗുണം വർദ്ധിപ്പിക്കാൻ ശരിക്കുള്ള സംരഭം നടത്തപ്പെടേണമെങ്കിൽ, ആ നടപടി നിർവ്വഹിക്കേണ്ടതു് സർവ്വകലാശാലകളിൽ പരിശീലനം സിദ്ധിച്ച വ്യക്തികളിലൂടെയായിരിക്കണമെന്ന കാര്യത്തിൽ രണ്ടഭിപ്രായത്തിനു വകയില്ല. തന്മൂലം ഈ വിദ്യാഭ്യാസത്തിന്റെ ഗുണം വർദ്ധിപ്പിക്കേണമെങ്കിൽ കൂടുതൽ നന്നായി പരിശീലനം സിദ്ധിച്ചവരും സർവ്വകലാശാലയെക്കുറിച്ചുള്ളൊരാവേശമോ അതുപോലെ മറ്റു തരത്തിലുള്ള ആവേശമോ ഉള്ളവരും,കൂട്ടികളെ അവരിൽ കാര്യങ്ങൾ ഏറ്റവും നന്നായി പതിയുന്ന കാലഘട്ടത്തിൽ, പരിശീലിപ്പിച്ചിട്ടുണ്ടാൻ വേണ്ടതുമറിവും വിജ്ഞാനവുമുള്ളവരും ആയ ആളുകൾ പഠിപ്പിക്കുന്നതുകൊണ്ടേ സാദ്ധ്യമാവൂ.

സർവ്വകലാശാലകൾക്കു മറ്റൊരുത്തരവാദിത്വമുണ്ടു്. ഒരു കാലയളവിൽ എല്ലാവക്കും നിർബ്ബന്ധ വിദ്യാഭ്യാസം എന്നുവരുമ്പോൾ, അങ്ങിനെവിദ്യാഭ്യാസം നേടുന്ന എല്ലാവരുടേയും ഭാവി എന്തായിരിക്കുമെന്ന പ്രശ്നത്തെപ്പറ്റി വളരെയധികം ആലോചിക്കേണ്ടതാവശ്യമായി വരും. ഇവിടെയാണു് ഭരണഘടനയിൽ പറഞ്ഞ നിർബ്ബന്ധവിദ്യാഭ്യാസകാലാവധിക്കുശേഷം ഈ രാജ്യത്തെ ലക്ഷക്കണക്കിലുള്ള യുവാക്കൾക്കും രാജ്യത്തിനു പൊതുവെയും ഗുണകരമായ രീതിയിൽ വിദ്യാഭ്യാസം നടത്താൻ വിവിധ രംഗങ്ങളിൽ സൌകര്യം ലഭിക്കുന്നതിനുള്ള ശ്രമമാരംഭിച്ചിട്ടുള്ളതിന്റെപ്രാധാന്യം കിടക്കുന്നതു്.

സർവ്വകലാശാലകൾ ശ്രദ്ധേയമായ ഈ കാര്യങ്ങൾകൂടി പരിഗണിക്കുകയും നിർബ്ബന്ധ വിദ്യാഭ്യാസ കാലത്തിനുശേഷം തുടർന്നു പഠിക്കാനിടയുള്ള വളരെയധികം പേരുടെ ആവശ്യത്തെ തൃപ്തിപ്പെടുത്തുന്നതിനുതകുന്ന ഒരുക്രമം ആവിഷ്കരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അതായതു, പടിപടിയായി കുമ്പാരത്തിന്റെ രീതിയിലുള്ള ഒരു ഘടന ഉയർന്നുവരേണ്ടിയിരിക്കുന്നു. ഇതിനു സർവ്വകലാശാലകളിൽമാത്രമല്ല, ഏതൊക്കെ രംഗത്തിലും രൂപത്തിലും ഉന്നതവിദ്യാഭ്യാസംനടത്താമോ അതൊക്കെ ഏറ്റെടുക്കുകയും പ്രോത്സാഹിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

സർവ്വകലാശാലാവിദ്യാഭ്യാസകാര്യത്തിലെ മറ്റൊരു കാര്യവും ഗൌരവപൂർണ്ണമായപരിഗണന അർഹിക്കുന്നുണ്ടു് മറ്റുള്ള സ്ഥലങ്ങളിൽനിന്നു് കടംവാങ്ങിക്കുകയും, മറ്റുള്ളവർ ചെയ്യുകൊണ്ടിരുന്നതു് പകർത്തുകയും ചെയ്യുന്നതിനു പകരം ഈ രാജ്യത്തു ഉന്നതവിദ്യാഭ്യാസത്തിന്റെ എല്ലാരംഗങ്ങളിലും സ്വന്തമായുള്ള ചിന്തയെ വളർത്തേണ്ടുന്ന കാലവും സമാഗതമായിരിക്കുന്നു. രാഷ്ട്രീയരംഗത്തു ഇന്ത്യ നേടിയ സ്വാതന്ത്ര്യം, ബുദ്ധിയുടെ മണ്ഡലത്തിലും സമ്പൂർണ്ണമായി വീണ്ടും നേടാനാവുന്നില്ലെങ്കിൽ ഏറെക്കാലം നിലനില്ക്കയില്ല. ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ ലോകത്തിനു പൊതുവെയുള്ളതാണെന്ന കാര്യം വാസ്തവംതന്നെ. എന്നിരുന്നാലും ഒരു രാജ്യത്തിനും, പുറമേനിന്നുസ്വീക

മദിരാശി സർവ്വകലാശാലയുടെ

മലയാള ഗവേഷണം

—ഡോ. എസ്. കെ. നായർ,

(മദിരാശി സർവ്വകലാശാലയിലെ മലയാളം വകുപ്പദ്ധ്യക്ഷൻ)

മലയാളത്തിൽ ഭാഷാരംഗത്തിലും, സാംസ്കാരിക രംഗത്തിലും "ഒററക്കം തെററക്ക"മായി ചില ഗവേഷണ ശ്രമങ്ങൾ നടന്നിട്ടുണ്ട്. പക്ഷെ സുസംഘടിതമായ ഒരു ഗവേഷണ പരിപാടി ആവിഷ്കരിച്ചു നടപ്പിൽ വന്നതു്, തങ്ങളുടെ കീഴിലുള്ള പ്രാദേശികഭാഷകളുടെ പഠനം പ്രോത്സാഹിപ്പിക്കുന്നതിൽ മദിരാശി സർവ്വകലാശാലാദ്ധ്യാപകന്മാർ പ്രദർശിപ്പിച്ച താല്പര്യത്തിന്റെ ഫലമാണു്. വിവിധ ദ്രാവിഡഭാഷകൾക്കും 1947 ൽ മാത്രമേ ഗവേഷണ വിഭാഗങ്ങൾ ഏർപ്പെട്ടിരിക്കുന്നതു പോലെത്തന്നെ അങ്ങോട്ടു് കൊടുക്കാതെ ആത്മാഭിമാനവും നിലവാരവും പുലർത്താൻ കഴിയുകയില്ല. അങ്ങിനെ സ്വന്തമായുള്ള ചിന്തയുടെ മണ്ഡലത്തിലും അവയെ അംഗീകരിക്കാനും എല്ലാപ്രവർത്തന രംഗങ്ങളിലും ഗവേഷണത്തെ പ്രോത്സാഹിപ്പിക്കാനും സർവ്വകലാശാലകൾ സജീവമായ താല്പര്യം പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. ഇത്തരം ഗവേഷണത്തിന്റെ കാര്യം കൂടുതൽ കൂടുതൽ വ്യക്തമായി അംഗീകരിച്ചു വരികയാണെന്നതിൽ നമുക്കു് സംതൃപ്തി പ്രദർശിപ്പിക്കുക. കഴിഞ്ഞ കുറച്ചുകൊല്ലങ്ങൾക്കുള്ളിൽ നിർമ്മിക്കുകയും തുറക്കുകയും ചെയ്തിട്ടുള്ള ലാബറട്ടറികളുടെ എണ്ണംതന്നെ ഈ കാര്യം മനസ്സിലായിട്ടുണ്ടെന്നുള്ളതിന്റെ തെളിവാണു്. ശാസ്ത്രീയചിന്തയിൽ മാത്രമല്ല, സ്വന്തമായ ഗവേഷണം വേണ്ടതു്; മനുഷ്യസംരംഭങ്ങളുടെ മറെറല്ലാതുറകളിലും ഇതാവശ്യമാണു്—മനുഷ്യസേവനപരമായ കാര്യങ്ങളിൽ, ടെക്നോളജിയിൽ, വ്യാപാരത്തിൽ, കച്ചവടത്തിൽ,—അങ്ങിനെ മനുഷ്യന്റെ പ്രവർത്തനങ്ങളുമായി അടുത്ത ബന്ധമുള്ള എല്ലാ കാര്യങ്ങളിലുമിതാവശ്യമാണു്.

———

ത്തിയിട്ടുള്ളവെങ്കിലും പല പണ്ഡിതന്മാരെയും ഗവേഷണ പ്രവർത്തകന്മാരെയും തങ്ങളുടെ മേഖലയിലേക്കാകർഷിക്കുവാനും വിവിധ വിഷയങ്ങളെക്കുറിച്ചു വിലപ്പെട്ട പുസ്തകങ്ങളുണ്ടാവേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്താനും മദിരാശി സർവ്വകലാശാലക്കു കഴിഞ്ഞിട്ടുണ്ടു്. ഡിഗ്രിപരീക്ഷകൾക്കാവിഷ്കരിച്ച പഠനക്രമം പാരോ പഠനശാഖയിലും റഫറൻസ് പുസ്തകങ്ങൾ ഉണ്ടാകേണ്ടതു് ആവശ്യമാക്കിത്തീർത്തു. സ്വാഭാവികമായും സർവ്വകലാശാലാദ്ധ്യാപകന്മാർ തന്നെയാണു് അത്തരം പുസ്തകങ്ങൾ സംഭാവനചെയ്തിരുന്നതു്. വ്യാകരണം, ഗദ്യശാസ്ത്രം, കാവ്യശാസ്ത്രം എന്നിവയെ സംബന്ധിച്ച ഏറെറവും മികച്ച റഫറൻസ് പുസ്തകങ്ങൾ എഴുതിയതു് ഗവേഷണ വിദ്യാർത്ഥികൾക്കു് വഴി കാണിച്ചു കൊടുക്കേണ്ടിവന്ന പ്രൊഫസർ എ. ആർ. രാജരാജവർമ്മയാണു്. മദിരാശി സർവ്വകലാശാലാ പരീക്ഷകളുണ്ടായിരുന്നില്ലെങ്കിൽ ആ പണ്ഡിതവരേണ്യൻ അത്തരം വിലപ്പെട്ട പുസ്തകങ്ങൾ എഴുതുമായിരുന്നില്ല.

സർവ്വകലാശാല കൈക്കൊണ്ട മറെറാരു പരിപാടി പ്രമുഖരായ പണ്ഡിതരെ ക്ഷണിച്ചുവരുത്തി ഗവേഷണപ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ചു എക്സ്ടൻഷൻ ലച്ചറുകൾ ചെയ്യിക്കുകയാണു്. ഈ പ്രസംഗങ്ങൾ പിന്നീടു് പുസ്തകങ്ങളായി പ്രസിദ്ധപ്പെടുത്തി. ഇവയിൽ ചിലതു അതാതു ശാഖയിലെ മൌലികമായ പഠനത്തിന്റെ മികച്ച ദൃഷ്ടാന്തങ്ങളാണു്. ആറൂർ കൃഷ്ണപ്പിഷാരടിയുടെ 'മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വിമർശനാത്മകമായ ഒരു പര്യവീക്ഷണം', പരേതനായ പി. കെ. നാരായണപ്പിള്ള എഴുതിയ 'എഴുത്തച്ഛനും കുഞ്ചൻനമ്പ്യാരും' എന്നിവ ഈ ഇനത്തിൽപ്പെടുന്നു.

ഇതെല്ലാം മദിരാശി സർവ്വകലാശാലയുടെ പരോക്ഷമായ ആഭിമുഖ്യത്തിൽമാത്രം നടന്ന ഗവേഷണമാണു്. സർവ്വകലാശാലയുടെ നേരിട്ടുള്ള ആഭിമുഖ്യത്തിൽ എഴുതപ്പെട്ട കൃതികൾ വൈവിധ്യം കലർന്നവയാണു്. തികച്ചും ആസൂത്രണംചെയ്തു നടപ്പിലാക്കിയ ഒരു പരിപാടിക്കനുസരിച്ചുള്ള പഠനത്തിന്റേയും, ഗവേഷണത്തിന്റേയും ഫലങ്ങളായി അവയെ വീക്ഷിക്കേണ്ടതുണ്ടു്.

അടിസ്ഥാനലക്ഷ്യങ്ങൾ

ആരംഭം മുതല്ക്കേ മലയാളവിഭാഗം ചില അടിസ്ഥാന ലക്ഷ്യങ്ങൾ മുൻനിറുത്തിയാണു് പ്രവർത്തിച്ചിട്ടുള്ളതു്. അതു് ഇന്നേവരെ തുടർന്നു പോന്നിട്ടുണ്ടു്. ഭാഷയിലും സാഹിത്യത്തിലും പ്രതിഫലിക്കുന്ന കേരള സംസ്കാരത്തിന്റെ സവിശേഷതകളെക്കുറിച്ചു ഒരു സവിസ്തര പഠനം നടത്തുകയായിരുന്നു അവയിലൊന്നു്. മുമ്പു കാലത്തു ചേരം എന്നറിയപ്പെട്ട കേരളത്തിനു, ചരിത്രപരമായി നോക്കിയാൽ തമിഴ സംസ്കാരവുമായി അടുത്ത ബന്ധമുണ്ടെന്നതു പരക്കെ അറിവുള്ള കാര്യമാണു്. ചിലപ്പതികാരം പോലുള്ള തമിഴ ക്ലാസിക് കൃതികളുടെ ജനനം കേരളത്തിലാണു്. പഴയ ചോളരാജാക്കന്മാർ പാണ്ഡിത്യത്തിന്റെ രക്ഷാധികാരികളായിരുന്നു. അന്നത്തെ പല തമിഴ കവികളും അവരെപ്പററി പ്രശംസാ ഗീതങ്ങൾ രചിച്ചിട്ടുണ്ടു്. 'പതിററിപ്പത്തു' മുതലായ പഴയ തമിഴ കൃതികൾ ആ പ്രശസ്തരായ ചേരരാജാക്കന്മാരെപ്പററി മാത്രം എഴുതപ്പെട്ടവയാണു്. പിന്നീടുണ്ടായ ആര്യ–ദ്രാവിഡ സംസ്കാര സങ്കലനം കഥകളിയെപ്പോലുള്ള അനുപമമായ കലാരൂപങ്ങൾക്കും കളരിപ്പയററു പോലുള്ള യുദ്ധമുറകൾക്കും പിറവി നൽകി. ഇവയൊന്നും ഇന്ത്യയിൽ മറെറാരിടത്തും കണ്ടിട്ടില്ലാത്ത വിധത്തിലുള്ളവയാണു്.

ഈ സവിശേഷ സംസ്കാരവും യുഗാന്തരങ്ങളിലൂടെ അതിനു സംഭവിച്ച പരിവർത്തനങ്ങളും പണ്ഡിതന്മാ

ക്കു ഏറ്റവും ആകർഷകമായിതോന്നിയിട്ടുള്ള ഒരു പഠനവിഷയമാണ്. ആരംഭം മുതൽക്കുതന്നെ മദിരാശി സർവ്വകലാശാലയിലെ മലയാള വിഭാഗം കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രത്തെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്താൻ അങ്ങേയറ്റം ശ്രമിച്ചിട്ടുണ്ട്.

ഈ ഉദ്ദേശത്തോടെ മലയാള വിഭാഗം ഭക്തിഗാനങ്ങൾ ശേഖരിക്കുന്നതിൽ ഉത്സുകരായി. ജനങ്ങളുടെ സാംസ്ക്കാരിക ജീവിതം ആ ഗാനങ്ങളിൽ പ്രതിഫലിച്ചു കിടക്കുകയാണ്. കാളി ഭഗവതിയെ സംബന്ധിച്ച അപൂർവ്വമായ തോറ്റം പാട്ടുകൾ ശേഖരിച്ച് പരിശോധിച്ച് സമഗ്രവും സവിസ്തരവുമായ ഒരു അവതാരികയോടെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രേതനായ ഡോ. സി. അച്യുതമേനോന്റെ "കേരളത്തിലെ കാളിസേവ" (വാള്യം 1) ഈ വഴിയ്ക്കുണ്ടായ ആദ്യത്തെ മഹാപരിശ്രമമാണ്. ഈ വിഷയത്തെ സംബന്ധിച്ച് അതിനെ കവച്ചു വെക്കുന്ന മറ്റൊരു കൃതിയും ഉണ്ടായിട്ടില്ല. രണ്ടു ഭാഗമായിട്ടാണ് ഇതു പ്രസിദ്ധീകരിച്ചിട്ടുള്ളതു—ആദ്യത്തേത് അവതാരികയും രണ്ടാമത്തത് പാട്ടുകളും.

വീരഗാഥാ സാഹിത്യം

കേരളം പോരാളികളുടെ ഭൂമിയായിരുന്നു. അതിനു വിപുലമായ ഒരു വീരഗാഥാസാഹിത്യമുണ്ട്. 1935-ൽ മലയാള വിഭാഗം ഡോ. അച്യുതമേനോന്റെ അതി വിദഗ്ധമായ ഒരു അവതാരികയോടെ വടക്കൻ പാട്ടുകൾ (ഒന്നാംഭാഗം) പ്രസിദ്ധപ്പെടുത്തി. ഈ അവതാരിക, പുരുഷപ്രയത്നം. പണ്ഡിതന്മാരുടെ കണ്ണു തുറപ്പിച്ചു. ഒന്നാം ഭാഗത്തിൽ ഒതേനനെപ്പറ്റിയുള്ള വീര ഗാഥകളാണ്. 1955-ൽ വടക്കൻ പാട്ടുകളുടെ മറ്റൊരു വാള്യം കൂടി പ്രസിദ്ധപ്പെടുത്തി. ഈ പ്രസിദ്ധീകരണങ്ങൾ മധ്യകാലകേരളത്തിലെ നാട്ടുവാഴി സമ്പ്രദായത്തെക്കുറിച്ചും അന്നത്തെ ആചാരവിശേഷങ്ങളെക്കുറിച്ചും നമുക്കുള്ള അറിവു വർദ്ധിപ്പിച്ചിട്ടുണ്ട്.

മേല്പറഞ്ഞ വീരഗാഥകൾ പരിശോധിച്ചു പ്രസിദ്ധപ്പെടുത്തുമ്പോൾ മറ്റൊരു ലക്ഷ്യംകൂടി മുന്നിൽ കണ്ടിരുന്നു. ഉള്ളടക്കവും ഭാവിയുമൊരുപോലെ, ഉരുക്കുമിനുക്കാത്ത വിധത്തിൽ, തനി നാടൻ ശൈലിയിലാണ് ഈ ഗാഥകളെഴുതപ്പെട്ടിട്ടുള്ളതു്. മലയാളത്തിലെ ദേശ്യഭാഷകളെ സംബന്ധിച്ചുള്ള പഠനം തീരെ അവഗണിക്കപ്പെട്ടിരിക്കയാണ്. വടക്കൻപാട്ടുകളുടെ പ്രകാശനംവഴി, അതിരസകരമായ വടക്കൻ മലയാള ശൈലിയെക്കുറിച്ചുള്ള പഠനത്തിനു് വേണ്ടത്ര വിവരങ്ങൾ നല്ലാൻകഴിഞ്ഞിട്ടുണ്ട്. ഈ പഠനം മലയാളഭാഷാപരിണാമ പ്രശ്നത്തിലേക്കു വെളിച്ചം വീശും.

ആട്ടക്കഥ

കേരളം ഇന്നു് കഥകളിയുടെ നാടെന്നനിലയ്ക്കു് കേൾവിപ്പെട്ടിരിയ്ക്കുകയാണ്. കൂടിയാട്ടത്തിൽനിന്നും മറ്റും വികാസം പ്രാപിച്ച കഥകളി കേരളത്തിന്റെ സാംസ്കാരികജീവിതത്തിൽ ഒരു നവാഗതനാണു്. ഭരതന്റെ നാട്യശാസ്ത്രത്തിൽ വിവരിച്ച ആയ്ൻ കലാ സാങ്കേതിക സമ്പ്രദായങ്ങളുടെ മികച്ച ഗുണങ്ങൾ മുഴുവനതിൽക്കൊണ്ടിട്ടുണ്ട്. ദേശ്യപ്രതിഭ പ്രതിഫലിക്കുന്ന, അത്യന്തം വ്യക്തിത്വമുള്ള ഒരു കലാരൂപം, ആവിഷ്ക്കരിച്ചനൃനമാക്കി എടുക്കാനതിനു കഴിഞ്ഞിരിയ്ക്കുന്നു. ആട്ടക്കഥാ സാഹിത്യം വിശിഷ്ടമാണ്. സംഗീതവും നൃത്യവും കവിതയുമതിൽ സമ്മേളിച്ചിരിക്കുന്നു. അതാണതിനു് ഇത്ര വലിയ പ്രചാരം. കഥകളിയുടെയെല്ലാ സവിശേഷതകളും എടുത്തു കാണിയ്ക്കുന്നും അതിന്റെ സൂക്ഷ്മമായ സങ്കേതിക രീതികൾ വിശദീകരിക്കാനും ആട്ടക്കഥാസാഹിത്യത്തെ തികച്ചും വിലയിരുത്താനും മലയാളവിഭാഗം 1939-ൽ "ആട്ടക്കഥ" എന്ന ഒരു കൃതി പ്രസിദ്ധീകരിച്ചു. ഇതിനു പുറമേ ധാരാളം ഉപന്യാസങ്ങളും പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

പഴയ അപൂർവ്വമായ കൈയെഴുത്തു പ്രതികൾ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുകയാണ് മലയാള വിഭാഗമേറ്റെടുത്ത മറ്റൊരു കൃത്യം. ആദ്യമായി 1930-ൽ കുചേലവൃത്തവും കൃഷ്ണവിലാസവും പ്രസിദ്ധീകരിച്ചു. 1932-ൽ 'സുഭദ്രാഹരണ'വും പുറത്തു വന്നു. കേരളത്തിലെനാഗാരാധനയെപ്പറ്റിപ്രത്യേകം പറയുന്ന മഹാഭരതം പാട്ടു് 1944-ൽ ഒരു ബുള്ളറ്റിനായി പ്രസിദ്ധപ്പെടുത്തി. മഹാഭാരതം കഥയാണിതിൽ കൈകായ്യും ചെയ്തിരിക്കുന്നതെങ്കിലും രസകരമായ പല വ്യതിയാനങ്ങളും ഉണ്ട്. 'കേരളോല്പത്തി' നിരൂപണാത്മകമായ ഒരവതാരികയോടെ 1953-ൽ പ്രസിദ്ധപ്പെടുത്തി. 1942-ൽ ഡോ. സി. അച്യുതമേനോൻ ഈ വിഷയത്തെക്കുറിച്ചു് രണ്ടു പ്രസംഗങ്ങൾ ചെയ്തിരുന്നു. മറ്റൊരു നല്ല കാവ്യകൃതിയായ 'കേദാരമാഹാത്മ്യ'വും വിമർശനദൃഷ്ട്യാ പരിശോധിച്ചു് പ്രസിദ്ധപ്പെടുത്തുകയുണ്ടായി (1953).

"എഴുത്തച്ഛനും അദ്ദേഹത്തിന്റെ കാലവും" എന്ന ഡോ: അച്യുതമേനോന്റെ വിലപ്പെട്ട ഗവേഷണ പ്രസിദ്ധീകരണത്തെക്കുറിച്ചും ഇവിടെ എടുത്തു പറയേണ്ടതുണ്ട്. ആധുനിക മലയാളഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛനെ സംബന്ധിച്ചും അദ്ദേഹത്തിന്റെ കൃതികളെ സംബന്ധിച്ചും കിട്ടാവുന്ന എല്ലാ വിവരങ്ങളും ശേഖരിച്ചു് വിമർശനദൃഷ്ട്യാപരിശോധിക്കുന്നതിൽ ആദ്യത്തെ ശ്രമമാണു് അതു്. 1940-ൽ പ്രസിദ്ധീകരിച്ച ആ ഗ്രന്ഥം ഒന്നാംതരം ഒരു പാഠനമായി പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

കളരിപ്പയറ്റിനെ സംബന്ധിച്ച പഴയ ഗ്രന്ഥങ്ങൾ വെളിച്ചം കണ്ടതു് മലയാളവിഭാഗം മുൻകയ്യെടുത്തതു കൊണ്ടാണ്. അപൂർവ്വമായ ഒരു കയ്യെഴുത്തു് പ്രതി തേടിപ്പിടിച്ചു് "ആയുധാഭ്യാസം" എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏതാണ്ടു് 600 പയറ്റുമുറകൾ, കളരി ആശാന്മാർ ഉപയോഗിച്ചിരുന്ന വാക്കുകൾ ഉദ്ധരിച്ചതെന്നു ഇതിൽ വിവരിച്ചിരിക്കുന്നു.

കേരളീയ കലകൾ

കേരളീയകലകളെ സംബന്ധിച്ച പഠനത്തിനുനൽകിയിട്ടുള്ള ശ്രദ്ധ 1955-ലും അക്ഷയമായിത്തന്നെ തുടർന്നു: 'കേരളത്തിലെ നാടോടി നാടകങ്ങൾ' എന്ന ഈ ലേഖകൻ എഴുതിയ ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാ

നമപ്പെട്ട എല്ലാ നാടോടി നാടകസമ്പ്രദായങ്ങളെക്കുറിച്ചും ഇതിൽ എടുത്തു പറഞ്ഞിരിക്കുന്നു. ചരിത്ര പരമായും വിവരണാത്മകമായും അവയെ പരിശോധിക്കുകയും വിമർശനദൃഷ്ട്യാ വിലയിരുത്തുകയും ചെയ്തിരിക്കുന്നു. ശാസ്ത്രാവിനെപ്പറ്റിയും നാഗാരാധനയെപ്പറ്റിയുമുള്ള പഠനവും പുരോഗമിച്ചു വരുന്നു.

അലങ്കാര വിദ്യയെപ്പറ്റിയുള്ള പഠനമാണ് മലയാള വിഭാഗത്തിന്റെ മറ്റൊരു പ്രവർത്തനശാല. 1937-ൽ പ്രസിദ്ധപ്പെട്ടുത്തിയ 'കാവ്യജീവിതവൃത്തി'യും 1942ൽ പ്രസിദ്ധപ്പെട്ടുത്തിയ 'കാവ്യലോക'വും ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ള ഏറ്റവും അധികൃതമായ ഗ്രന്ഥങ്ങളാണ്. ഭാരതീയസാഹിത്യ വിമർശനത്തെക്കുറിച്ചാണ് മുഖ്യമായും അതിൽ പറയുന്നതെങ്കിലും പാശ്ചാത്യസിദ്ധാന്തങ്ങളേയും പരാമർശിക്കുന്നുണ്ട്.

പൌരാണികകാലത്തേയും മദ്ധ്യകാലത്തേയും മലയാളത്തെപ്പറ്റിയുള്ള ഒരു പഠനം ശ്രീ. കെ. എൻ. എഴുത്തച്ഛൻ നടത്തുന്നുണ്ട്. ഇതിനുവേണ്ടി അധികൃതവിവരങ്ങൾ ലഭിക്കാൻ ഭാഷാകൌടില്യവും (കൌടില്യത്തിന്റെ അർത്ഥശാസ്ത്രത്തെ സംബന്ധിച്ചു 12-ാം നൂറ്റാണ്ടിൽ ഉണ്ടായിട്ടുള്ള ഗദ്യവ്യാഖ്യാനം) രാമചരിതവും പരിശോധിക്കുന്നുണ്ട്. പഴയ മലയാളലിഖിതങ്ങളും ശ്രദ്ധാപൂർവ്വം പഠിച്ചുവരുന്നു.

ദ്രാവിഡ സജാതീയ ഭാഷകളെക്കുറിച്ചുള്ള പഠനം തയ്യാറാക്കുന്നതിനും ഈ വിഭാഗം മറ്റു ദ്രാവിഡഭാഷാ വിഭാഗങ്ങളുമായി സഹകരിച്ചുവരുന്നു.

ഇതുവരെയായി വിവിധഗവേഷണവിദ്യാർത്ഥികളും കൂടി ഇരുപതോളം വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. കലയും സാഹിത്യത്തിനും ഒരുപോലെ പരിഗണന ലഭിച്ചുവരുന്നു. രണ്ടുപേർക്ക് ഈ സർവ്വകലാശാല എം. ലിറ്റ് ബിരുദങ്ങൾ നല്കിയിട്ടുണ്ട്. കേരളത്തിലെ നാടോടിപ്പാട്ടുകളെപ്പറ്റിയുള്ള

വിശ്വചിന്തകന്മാർ

ഹോമർ

വിശ്വസാഹിത്യത്തിലെ വിലമതിക്കാനാവാത്ത രണ്ടു മഹാകാവ്യങ്ങൾ— 'ഇലിയഡും, 'ഒഡിസി'യും—രചിച്ചഹോമറുടെ ജന്മദേശമാണ് ഗ്രീക്ക്. യൂറോപ്യൻ സാഹിത്യത്തിലാകെ സ്വാധീനം ചെലുത്തിയിട്ടുണ്ട് ഹോമറുടെ കൃതികൾ. ഇതിഹാസത്രയത്തിലെഴുതപ്പെട്ട ആ രണ്ടു ഗ്രന്ഥങ്ങൾ നമ്മുടെ മഹാഭാരതത്തോടും രാമായണത്തോടും കിടനില്ക്കുന്നവയാണ്.

പ്രശസ്തനായ ആ പ്രതിഭാശാലിയെപ്പറ്റി ലോകത്തിന്നു അത്രയേറെ അറിവില്ല. ക്രിസ്തുവിന്നുമുമ്പ് 850 നിടയ്ക്കായിരിക്കണം അദ്ദേഹം ജീവിച്ചതെന്നു അനുമാനിക്കപ്പെട്ടുന്നു.

അരിസ്റ്റോഫാനീസ്

ക്രി. മു. അഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന നാടകകൃത്തും ഹാസ്യ സാഹിത്യകാരനുമാണ് അരിസ്റ്റോഫാനീസ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേർ ഫിലപ്പസ് എന്നാണ്. പൌരാണിക തത്തോട് വളരെയേറെ മമത പുലർത്തിയിരുന്നതു കാരണം, അരിസ്റ്റോഫാനീസിന്റെ അഭിപ്രായങ്ങളും ആദർശങ്ങളും സുദൃഢങ്ങളായിരുന്നു. കർഷകജനതയോടു് അതിരറ്റ സ്നേഹം കാണിച്ചുവന്നിരുന്ന, ഫലിതത്തിലൂടെ നർമ്മോപദേശം ചെയ്തിരുന്ന ഈ വിശ്വസാഹിത്യകാരൻ Listrata, Clouds, Wasps, The Birds തുടങ്ങിയവയത്രെ അരിസ്റ്റോഫാനീസിന്റെ പ്രധാന കൃതികൾ.

ഉപന്യാസത്തിന്നു പി. എച്ച്. ഡി.യും നൽകിയിരിയ്ക്കുന്നു. മേൽപറഞ്ഞ പുസ്തകങ്ങൾക്കു പുറമെ ഇംഗ്ലീഷിലും മലയാളത്തിലും ധാരാളം ലേഖനങ്ങളും പ്രസിദ്ധീകരിച്ചിരിക്കുന്നു.

◇◇◇◇

സോക്രട്ടീസ്

അദ്വിതീയനായ തത്വജ്ഞാനി, പ്രാമാണികനായ ചിന്തകൻ, അതുല്യനായ വാഗ്മി, എന്നീ നിലകളിൽ പ്രശസ്തനാണ് സോക്രട്ടീസ്. ഗ്രീസിലെ ഏതൻസു നഗരിയിൽ B. C. 469 ൽ സോക്രട്ടീസ് ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ഒരു ശില്പിയായിരുന്നു.

ആരുടെ മുന്നിലും ആ ശിരസ്സ് കുനിഞ്ഞിരുന്നില്ല. ഒരു സത്യാന്വേഷകനെന്ന നിലയിൽ അദ്ദേഹം നിർഭയം ജീവിച്ചു; പ്ലേറ്റോവിനേയും അതുപോലെ ലോകപ്രസിദ്ധരായ നിരവധി ശിഷ്യന്മാരേയും അദ്ദേഹം വളർത്തിയെടുത്തു. ആരേയും ക്ലേശകയില്ലെന്ന സോക്രട്ടീസിന്റെ ദൃഢവ്രതമാണ് അദ്ദേഹത്തിന്നു വിഘ്നങ്ങൾ വരുത്തിവെച്ചതു്.

സോക്രട്ടീസിന്റെ 'ധർമ്മ പ്രബോധനത്തിന്നു്, പിൽക്കാലത്തു് ഉരുവിച്ച ക്രിസ്തുമത തത്വങ്ങളുമായി വളരെയധികം സാധർമ്മ്യമുണ്ട്. നന്മ ജ്ഞാനത്തിന്റെയും തിന്മ അജ്ഞാനത്തിന്റെയും ഫലമാണെന്നും, ആത്മാവ് അനശ്വരമാണെന്നും സോക്രട്ടീസ് വിശ്വസിച്ചിരുന്നു. സോക്രട്ടീസിന്റെ ചോദ്യങ്ങൾ, അക്കാലത്തു നിലവിലുണ്ടായിരുന്ന പല അജ്ഞതകളേയും അബദ്ധങ്ങളേയും തിരുത്തിയിട്ടുണ്ട്. ചോദ്യോത്തര സമ്പ്രദായത്തിന്റെ ആവിഷ്കർത്താവു് സോക്രട്ടീസത്രെ.

എന്തും വെട്ടിത്തുറന്നു പറയുന്ന സ്വഭാവം സോക്രട്ടീസിന്നുണ്ടായിരുന്നു. അതു അദ്ദേഹത്തിന്നു നിരവധിശത്രുക്കളെ സമ്പാദിച്ചുകൊടുത്തു. അവരദ്ദേഹത്തെ സമുദായദ്രോഹിയും യുവാക്കളെ വഴിപിഴപ്പിക്കുന്നവനുമായി ചിത്രീകരിച്ചു.

—◇◇—

നാളത്തെ സാഹിത്യം

രാമചന്ദ്രൻ, വടക്കേടത്ത്

കഴിഞ്ഞ കാലങ്ങളിലെ സാഹിത്യകാരന്മാരും ഇന്നത്തെ സാഹിത്യകാരന്മാരും തമ്മിൽ വലിയ അന്തരം കാണാം. അന്ന് സാഹിത്യകാരന്മാർ ഒന്നുകിൽ രാജാക്കന്മാരുടെ ആശ്രിതന്മാരോ അല്ലെങ്കിൽ സമുദായത്തിന്റെ ഉപരിതലത്തിൽ പ്രതിഷ്ഠയാഗ്രഹിച്ചിട്ടുള്ളവരോ ആയിരുന്നു. അതിനു് പിപരീതമാണ് ഇന്നത്തെ നില. സാധാരണക്കാരും ഇടത്തരക്കാരുമാണ് സാഹിത്യ രംഗത്തേക്ക് വരുന്നത്. സമുദായം അംഗീകരിച്ചിട്ടില്ലാത്തവർ. ഈ വ്യത്യാസം അന്നത്തേയും ഇന്നത്തേയും സാഹിത്യം തമ്മിലും കാണാവുന്നതാണ്.

അന്നത്തെ സാഹിത്യം

അതീതകാലത്തെ സാഹിത്യം ശ്രുപ്രധാനമായിരുന്നു. അതിനു് ചില വ്യക്തമായ കാരണങ്ങളുണ്ട്. അന്ന് സാഹിത്യകാരൻ സമുദായം സ്വീകരിച്ച നീതികളും അനീതികളും ആചാരങ്ങളും ആദർശങ്ങളും നിരുപദ്രവമായി പ്രതിഫലിപ്പിക്കുകമാത്രമാണ് ചെയ്തത്. സമുദായത്തിന്റെ നിലവിലുള്ള പോരായ്മകൾ എന്തൊക്കെയാണെന്നു കണ്ടുപിടിക്കാനോ അവക്ക് പരിഹാരം കാണാനുള്ള നിർദ്ദേശങ്ങളോ അവരുടെ കൃതികളിൽ കാണുകയില്ല. ഒഴുക്കിനനുകൂലമായി നീന്തുകയാണവർ ചെയ്തത്. ഈ മനോഭാവം കാരണം, അവർ കൂട്ടത്തൽ ആഹ്ലാദപ്രദങ്ങളായ ഗ്രന്ഥങ്ങൾ നിർമ്മിക്കുവാൻ തുടങ്ങി. ഉള്ളടക്കത്തേക്കാൾ കൂട്ടത്തലായി ഭാഷയിലും അലങ്കാരപ്രയോഗങ്ങളിലും തങ്ങളുടെ കലാവിരുത് കാണിച്ചുവന്നു. ഏതെങ്കിലും വിധത്തിൽ ജനങ്ങളെ സന്തോഷിപ്പിക്കണമെന്നതായിരുന്നു അവരുടെ വിചാരം. പ്രതിപാദ്യം കേവലം പദരചനാപാടവവും അലങ്കാരപ്രയോഗനൈപുണ്യവും ആക്കീത്തിക്കാനുള്ളതായിരുന്നു. ചിലർ ഒരു പടികൂടികടന്ന് ശൃംഗാരത്തെ രസരാജനാക്കി വാഴിച്ചു. യുവാക്കളുടെ മലിനവികാരങ്ങളെ ഇളക്കിവിടാനുള്ള ഒരു നല്ല ഉപകരണമായിട്ടാണവർ അതിനെ കരുതിയിരുന്നത്. സംസ്കൃതത്തിലെ മാഘവും നൈഷധവും ശിശുപാലവധവുമൊക്കെ വായിച്ചിട്ടുള്ളവരോട് ഇതിനെപ്പറ്റി പ്രത്യേകം പറയേണ്ടതില്ല. വിരലിൽ എണ്ണാവുന്ന ചിലർ മാത്രമാണ് ഈ ഒഴുക്കിനനുകൂലമായി നീന്താതെ, സ്വന്തം മാർഗ്ഗത്തിലൂടെ സഞ്ചരിച്ചത്. അങ്ങിനെയുള്ളവർ, എവിടെയും എണ്ണത്തിൽ ചുരുങ്ങും. 'ദ്വിത്രാഏവ കവയഃദ്വിത്രാണ്യേവ കാവ്യാനി' എന്ന ചൊല്ല് ഇവരെ ഉദ്ദേശിച്ചാണെന്നുവേണം പറയുക.

ഇന്നത്തെ സാഹിത്യം

ഇന്നത്തെ സാഹിത്യകാരന്മാർ പാരമ്പര്യ വിരോധികളാണ്. കഴിഞ്ഞ കാലത്തെതെല്ലാം ത്യാജ്യമാണെന്നാണ് അവരുടെ വിശ്വാസം. എന്നിരുന്നാലും അവരിൽ ഒരു പ്രത്യേകത കാണാം. വർത്തമാനത്തിന്റെ പോരായ്മകളവർ കാണുന്നുണ്ട്. അതിനോടുള്ള എതിർപ്പ് പ്രകടിപ്പിക്കുന്നുണ്ട്. സമുദായം അംഗീകരിച്ച നീതികളെ അതേപടി പകർത്തുന്നതിൽ താല്പര്യം കുറഞ്ഞുവരുന്നു. ചുരുക്കിപ്പറഞ്ഞാൽ വ്യക്തിയുടെ അഭിലാഷങ്ങളും ആദർശങ്ങളുമാണ് ആധുനിക കൃതികളിൽ ചിത്രീകരിക്കപ്പെടുന്നത്. തന്മൂലം ആധുനിക സാഹിത്യം പ്രചരണമായിത്തീർന്നിരിക്കുന്നു. സമുന്നതമായ ഒരാദർശം അവയിൽ നിറഞ്ഞു കാണുമെങ്കിലും കലാപരമായ വശ്യത കുറഞ്ഞുകുറഞ്ഞു വരികയാണ്. പെണ്ണുകെട്ടാനുള്ള തിടുക്കത്തിൽ താലിയെടുക്കാൻ മറന്നു എന്നു പറഞ്ഞതുപോലെയാണ് ഈ ദോഷം. ഇതു് മലയാള സാഹിത്യത്തെകുറെയൊക്കെ വഴിതെറ്റിച്ചിട്ടുണ്ട്. യഥാർത്ഥ്യങ്ങളെ ചിത്രീകരിക്കുന്നതോടൊപ്പം പ്രവൃത്തിക്കാനുള്ള പ്രചോദനം നല്കുക കൂടിയാണ് ഒരു നല്ല സാഹിത്യകാരന്റെ ചുമതല. ജീവിതവും, കലയും ഒന്നല്ല; രണ്ടും രണ്ടാണ്. ജീവിതത്തിന്റെ ഭാവനാപരമായ പുനഃസൃഷ്ടിയാണ് സാഹിത്യം. അപ്പോൾ ഇന്നത്തെ സാഹിത്യകാരന്മാർ ആദർശത്തെ മുറുകെപ്പിടിച്ചു പർവ്വത പ്രസംഗം നടത്തുമ്പോൾ കല ഒളിച്ചുപോകുന്നതു കാണുന്നില്ല.

നാളത്തെ സാഹിത്യം

ഇന്നത്തെ സാഹിത്യകാരനു് ഒരു വലിയ ചുമതലയുണ്ട്. നല്ല ഒരു നാളയെ സൃഷ്ടിക്കാനുള്ള പ്രചോദനം നല്കുകയാണതു്. നിലവിലുള്ള സാമൂഹ്യനീതികളെ എതിർക്കുന്ന സാഹിത്യകാരൻ നിലവിലുള്ള സമുദായത്തിന്റെ എതിർപ്പിനും അവഹേളനത്തിനും പാത്രീഭൂതനാകും. അതു സ്വഭാവികമാണ്. മഹാകവി കുമാരനാശാന്റെ ചരിത്രം നമുക്കെല്ലാം നല്ലപോലെ അറിവുള്ളതാണല്ലൊ. എന്നാൽ അദ്ദേഹം പിന്നീടു് അംഗീകരിക്കപ്പെട്ടു. കാലത്തെ അതിജീവിപ്പിക്കുന്ന സാഹിത്യകാരന്റെ ലക്ഷണം അതാണ്. ഇത്തിനെ സത്യസന്ധമായി ചിത്രീകരിക്കുന്നു. നാളേക്ക് ഉത്തേജനം നൽകുന്നു. അതുകൊണ്ടു നാളത്തെ സാഹിത്യകാരന്മാരെയാണ് നമുക്കിന്നാവശ്യം.

നാളത്തെ സാഹിത്യം ഉള്ളടക്കത്തിലും പ്രതിപാദനത്തിലും ഒന്നുമെച്ചപ്പെട്ടതായിരിക്കണം. പരസ്യമായ പ്രചരണം സാഹിത്യമല്ല. ജീവിതവും കലയും ഒന്നല്ലല്ലോ. ഉത്തമമായ സാഹിത്യത്തിൽ പ്രചരണവും ഉണ്ടായിരിക്കും. പ്രകടനമായിരിക്കുകയില്ലെന്നുമാത്രം - ആദർശപ്രധാനമല്ലാത്ത സാഹിത്യം ആഹ്ലാദപ്രദമായിരിക്കാം. എന്നാൽ അതിനു് മാനസികമായ വിശപ്പ് മാറാൻ കഴിയുകയില്ല. മാനസികായ സുന്ദര ഭാവങ്ങളെ ഉണർത്തുവാനും ആഹ്ലാദം നൽകുവാനും കഴിയുന്നതാണ് നല്ല സാഹിത്യം—അതാണ് നാളത്തെ സാഹിത്യം.

—:o:—

(23–ാം പേജിൽനിന്നു തുടർച്ച)

മദിരാശി ക്രസ്ത്യൻ കോളേജ്, താംബരം

മദിരാശിയിലെ ജോർജ്ജ് ടൌണിൽ, ആർമീനിയൻ തെരുവിൽ, 1837 ഏപ്രിൽ 3–ാംനു സ്കോട്ട്ലണ്ടുകാരനായ റവ:ഡാർ ജോൺ അണ്ടേഴ്സൻ ഒരു സ്കൂൾ ആരംഭിക്കുകയുണ്ടായി. മദിരാശി ക്രസ്ത്യൻ കോളേജിന്റെ ബീജാവാപം നടന്നതങ്ങിനെയാണ്. ആസ്കൂളാകട്ടെ, അതിന്റെ നവീനമായ പാഠ്യ ക്രമംവഴി ജനങ്ങളുടെ ശ്രദ്ധയാകർഷിച്ചു. അടുത്തകൊല്ലം എരുമ്പാലുച്ചെട്ടിത്തെരുവിലേക്ക് സ്കൂൾ മാറി. 1865–ൽ സ്കൂൾ ഒരു രണ്ടാം ഗ്രേഡ് കോളേജായി പ്രവർത്തനം തുടങ്ങി. 1867–ൽ കോളേജ് ഒന്നാം ഗ്രേഡായുയർത്തപ്പെട്ടു. ക്രമത്തിൽ കോളേജ് മദിരാശിയിലെ സമുന്നതമായ വിദ്യാലയമെന്ന പേർ നേടി. ഡോ. മില്ലറുടെ സുദീർഘമായ സേവനം, കോളേജിനെ വളർത്തിയെടുക്കാൻ വളരെയേറെ സഹായിച്ചിട്ടുണ്ട്.

—.o.—

വ്യക്തിസ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും തകർക്കുന്ന മൂണ്ടശ്ശേരി പദ്ധതി

അതു് കേരളത്തിനു ചേർന്നതല്ല.

പ്രൈവറ്റു സ്കൂൾ അവകാശ സംരക്ഷണ സമിതി താഴെക്കാണുന്ന പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

1. കേരള കത്തോലിക്ക ബിഷപ്സ് കോൺഫ്രൻസ് സംഘടിപ്പിച്ചതാണു് പ്രൈവറ്റു സ്കൂൾ അവകാശ സംരക്ഷണ സമിതിയെങ്കിലും (Private School's Right Defence Commitee) ഈ സമിതി മതപരമോ വിഭാഗീയമോ ആയ വ്യത്യാസങ്ങൾക്കതീതമായി സ്റ്റേറ്റിലുള്ള എല്ലാ പ്രൈവറ്റു സ്കൂളുകളുടേയും അവകാശ സംരക്ഷണത്തിനായി നിലകൊള്ളുന്നു. ഈ വസ്തുത മെത്രാന്മാരുടെ വിദ്യാഭ്യാസക്കമ്മിറ്റി പാസ്സാക്കിയിട്ടുള്ള പ്രമേയത്തിൽ നിന്നും കാണാവുന്നതാണു്.

പൊതുവേ ഹാനികരം

2. പ്രൈവറ്റു് ഏജൻസികളാൽ നടത്തപ്പെടുന്ന സ്കൂളുകൾ ഗവർമ്മെൻറു് സ്കൂളുകളെക്കാൾ നന്നായും കാര്യക്ഷമമായും നടത്തപ്പെടുന്നുവെന്നതു് പരക്കെ അറിവുള്ളതാണു്. പ്രൈവറ്റു സ്കൂളുകളിൽ നിന്നു പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾ ഗവർമ്മെൻറു സ്കൂളിൽ നിന്നുള്ള വിദ്യാർത്ഥികളേക്കാൾ ശിക്ഷണ ബോധവും കാര്യപ്രാപ്തിയുമുള്ളവരാണു്. പ്രൈവറ്റുസ്കൂളുകളെ ഗവർമ്മെൻറു സ്കൂളുകളുടെ രീതിയിലും സ്ഥിതിയിലും ആക്കി രൂപാന്തരപ്പെടുത്തേണ്ട ആവശ്യമില്ലെന്നു മാത്രമല്ല ആ പ്രവർത്തി തികച്ചും വിദ്യാഭ്യാസത്തിനും രാജ്യത്തിൻറെ സദ്യശസ്സിനും ഹാനികരമാകുന്നു.

കരാർ ലംഘനമാണു്.

3. 1951–ൽ തിരുവിതാംകൂർകൊച്ചി ഗവർമ്മെൻറും പ്രൈവറ്റുസ്കൂൾമാനേജർമാരും കൂടി ചെയ്ത ഉടമ്പടി വ്യവസ്ഥകളുടെ നിഷ്കരണത്തിനും തുടർന്നുള്ള നിലനില്പിനുമാണു് കമ്മറ്റി നിലകൊള്ളുന്നതു്. 1951–ലെ ആ തീരുമാനമാകട്ടെ അന്നത്തെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പ്രസിഡണ്ടും പരേതനായ മുക്കർജിയും കൂടിനടത്തിയ വിപുലമായ അന്വേഷണത്തിൻറേയും തുടർന്നു സമർപ്പിച്ച റിപ്പോർട്ടിൻറേയും റിപ്പോർട്ടിനെ അടിസ്ഥാനമാക്കി കേന്ദ്രഗവർമ്മെൻറു പാസ്സാക്കിയ ഉത്തരവുകളുടേയും ഫലമായി ഉണ്ടായിട്ടുള്ളതാണു്. ഇന്നത്തെ തർക്കത്തിനു് വിഷയമാക്കുന്ന പ്രധാന കാര്യങ്ങൾ എല്ലാം തന്നെ അന്നത്തെ തീരുമാനത്തിനു വിധേയമായിട്ടുള്ളവയാണെന്നും അവ ഇന്നത്തെ ഗവർമ്മെൻറിനെയും ബാധിക്കുന്നതാണെന്നുമാണു് ഞങ്ങളുടെ വാദം. പ്രൈവറ്റു സ്കൂൾ മാനേജർമാരുടെ സമ്മതം കൂടാതെ ആ തീരുമാനത്തിനു ഭേദഗതി ചെയ്യാവുന്നതല്ല. അന്നത്തെ തീരുമാനത്തിനു സമൂല മാറ്റം വരുത്തുന്നതു് എന്തായാലും അനാശാസ്യവും അനീതിപരവുമാണു്.

ഭരണഘടനാ ലംഘനമുണ്ടു്

4. ഇപ്പോഴത്തെ ഗവർമ്മെൻറു പദ്ധതി നടപ്പിലാക്കുന്ന പക്ഷം അതു ഭരണഘടനാവ്യവസ്ഥകളെ ലംഘിക്കുകയും ന്യൂനപക്ഷ വിഭാഗങ്ങൾക്കു വിദ്യാലയങ്ങൾ സ്ഥാപിക്കുവാനും നടത്തുവാനുമുള്ള അവിതർക്കിതമായ അവകാശ സ്വാതന്ത്ര്യങ്ങളെ ഹനിക്കുകയും ചെയ്യുമെന്നു് ഞങ്ങൾക്കു് ബോദ്ധ്യമായിരിക്കുന്നു.

ഇതൊരടവു മാത്രമാണു്

5. കോട്ടയത്തുവെച്ചു് വിദ്യാഭ്യാസമന്ത്രി നടത്തിയ കോൺഫറൻസിൽ, ഇന്നത്തെ ഗവർമ്മെണ്ടിൻറെ ആശയഗതികൾക്കനുസരണമായി വിദ്യാഭ്യാസത്തിൻറെ ഉള്ളടക്കത്തിൽ മാറ്റം വരുത്തണമെന്നു് അദ്ദേഹം ചെയ്ത പ്രസ്താവന, മാതാപിതാക്കൾക്കു് അവരുടെ സന്താനങ്ങളെ പരിഷ്കൃത ലോകം അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കു ഭംഗം വരുത്താതെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള ജന്മസിദ്ധവും അടിസ്ഥാനപരവുമായ അവകാശത്തിൻറെ മൂലത്തെയാണു് തകർക്കുന്നതെന്നുള്ളതാണു് ഞങ്ങളുടെ ഖണ്ഡിതമായ അഭിപ്രായം. മതത്തിനേറെയും ഭാരതം സ്വീകരിച്ചിട്ടുള്ള സന്മാർഗ്ഗനിയമത്തിൻറെയും അഭേദ്യങ്ങളും പാവനവുമായ തത്വങ്ങളെ തകിടംമറിച്ചു് അവയുടെ സ്ഥാനത്തു് മാർക്സിയൻ കമ്മ്യൂണിസത്തിൻറെ വിധ്വംസകവും നിരീശ്വരപരവുമായ ആദർശങ്ങളെ ഗവർമ്മെൻറിൻറെ പുതിയ പരിപാടികൾ മൂലം പ്രതിഷ്ഠിക്കുകയെന്നതാണു് ഇന്നത്തെ ഗവർമ്മെൻറിൻറെ ലക്ഷ്യം എന്നു കാണപ്പെടുന്നു.

വ്യക്തി സ്വാതന്ത്ര്യങ്ങളും ജനാധിപത്യ തത്വങ്ങളും കേവലം സർവ്വാധിപത്യ രാഷ്ട്രമാകുന്ന ചതുരംഗക്കളത്തിലെ കരുക്കൾ മാത്രമാകുന്നു എന്നുള്ള സിദ്ധാന്തങ്ങൾ ബാല മനസ്സുകളിൽ കുത്തിവെച്ചു് ക്രമേണയാൽ വ്യക്തി സ്വാതന്ത്ര്യവും ജനാധിപത്യ തത്വങ്ങളും അപകടത്തിലായി നാശമടയുന്നതാണു്. കമ്മ്യൂണിസ്റ്റു് ഗവർമ്മെൻറിൻറെ ഈ തന്ത്രപരമായ നീക്കത്തെ ഞങ്ങൾ ശക്തിയായി എതിർക്കുകയും നിർദ്ദിഷ്ടമായ വിദ്യാഭ്യാസപരിഷ്കാരശ്രമം അവരുടെ ലക്ഷ്യപ്രാപ്തിക്കായുള്ള അടവുമാത്രമാണെന്നു് പ്രഖ്യാപിക്കുകയും ചെയ്യുന്നു. പുതിയ ഗവർമ്മെൻറു രംഗപ്രവേശനം ചെയ്ത

അവസരത്തിൽ തങ്ങൾ ഭരണഘടനാ പരിധിയ്ക്കുള്ളിൽ പ്രവർത്തനം നടത്തുമെങ്കിലും തങ്ങളുടെ (കമ്മ്യൂണിസ്റ്റ് സംഘടനയുടെ) ലക്ഷ്യത്തെ വിസ്മരിക്കുന്നതല്ല എന്നു് മുഖ്യമന്ത്രി പരസ്യമായി ചെയ്ത പ്രസ്താവന സ്മർത്തവ്യമാണു്.

റീജനൽ കൗൺസലിനെ എതിർക്കുന്നു

6. ഗവർമ്മെൻറു് സംഘടിപ്പിക്കുന്ന പ്രാദേശിക സമിതിതയാറാക്കുന്ന ലിസ്റ്റ് അദ്ധ്യാപക നിയമനത്തിനായി മാനേജർമാരുടെ മേൽ കെട്ടിയേല്പിക്കുന്നതിനുള്ള ശ്രമത്തെയും ഞങ്ങൾ എതിർക്കുന്നു. ഇന്നത്തെ ഗവർമ്മെൻറു അധികാരത്തിൽ പ്രവേശിച്ചതിനെ തുടർന്നുള്ള ചുരുങ്ങിയ രണ്ടു മാസക്കാലത്തെ അനുഭവം വെച്ചു നോക്കിയാൽ ഗവർമ്മെൻറു ഏർപ്പെടുത്തുന്ന പ്രാദേശിക സമിതികളിലും ഭരണസ്ഥാപനങ്ങളിലും കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ സുശിക്ഷിതരായ അംഗങ്ങൾക്കായിരിക്കും പ്രമുഖ സ്ഥാനമെന്നു ആർക്കും ബോദ്ധ്യപ്പെട്ട കഴിഞ്ഞിരിക്കുകയാണു്. പ്രൈവറു സ്കൂളുകളെ കമ്മ്യൂണിസ്റ്റനുഭാവികളായ അദ്ധ്യാപകന്മാരെക്കൊണ്ടു നിറയ്ക്കുവാനാണു് പ്ലാൻ എന്നു് സ്പഷ്ടമായിരിക്കുന്നു. ജനങ്ങൾക്കു് അഭിമുഖീഭവിക്കുന്ന പ്രശ്നത്തിൻെറ ഈ വശത്തേപ്പറ്റി ചിന്തിക്കുന്ന കേരളത്തിലെ ഏതൊരു പൗരനും ഗവർമ്മെൻറിൻെറ പ്രസ്തുത ഗതിയെ ശക്തിപൂർവ്വം എതിർക്കുമെന്നുള്ളതിൽ ഞങ്ങൾക്കു് സംശയം അശേഷമില്ല. മുകളിൽ വിശദമാക്കിയിട്ടുള്ള കാരണങ്ങളാൽ പ്രൈവറു സ്കൂളുകളെ പ്രാദേശിക സമിതികളുടെയും റീജിനൽ അധികാര സ്ഥാപനങ്ങളുടെയും സംസ്ഥാന വിദ്യാഭ്യാസ സമിതിയുടെയും നിയന്ത്രണത്തിലാക്കണമെന്നുള്ള ഗവർമ്മെൻറു നിർദ്ദേശത്തെ ഞങ്ങൾ എതിർക്കുന്നു.

ദേശവല്ക്കരണത്തിൻെറ പ്രാരംഭം

7. മാനേജ്മെൻറുകളാൽ മോശമായി നടത്തപ്പെടുന്ന സ്കൂളുകളെ ഗവർമ്മെൻറു് ഏറ്റെടുക്കണമെന്നുള്ള നിർദ്ദേശം നിയമമാകുന്ന പക്ഷം അതു ഭരണഘടനാനിയമപ്രകാരം ഗവർമ്മെൻറിനോ നിയമസഭക്കോ ചെയ്യുവാൻ അധികാരമില്ലാത്ത നടപടിക്കു പരോക്ഷമായി വഴിതെളിക്കുന്ന കരുവാണു്. കമ്മ്യൂണിസ്റ്റുകാരുടെ ദേശവല്ക്കരണ പദ്ധതി നടപ്പിലാക്കുവാൻ ആരംഭമാണു് ഇതിൽ നിശ്ചിതമായിരിക്കുന്നതു്. നിലവിലിരിക്കുന്ന കർശന നിയന്ത്രണത്തിൽ മോശമായ സ്കൂൾ മാനേജുമെൻറിനു് ഇടമില്ല. ഏതെങ്കിലും ഒരു മാനേജർ കുറക്കാരനാണെന്നു കണ്ടാൽ ആ മാനേജർക്കു് മതിയാവുന്ന ശിക്ഷ നൽകാവുന്നതാണു്. അങ്ങിനെയുള്ള ഒരു കേസിൽപ്പോലും ഒരു സ്ഥാപനത്തിനു് അതിൻെറ വക വിലമതിക്കപ്പെടേണ്ട ആസ്തി ഇല്ലാതാക്കുന്നതു് ന്യായീകരിക്കാവുന്നതല്ല.

ശമ്പള വിതരണ പ്രശ്നം

8. അദ്ധ്യാപകന്മാരുടെ വേതനം വർദ്ധിപ്പിക്കുകയും അവരുടെ സർവ്വീസ് കഴിയുന്നതും ഉറപ്പുള്ളതാക്കുകയും ചെയ്യുന്ന കാര്യത്തിൽ ഞങ്ങൾ ഗവർമ്മെൻറിൻെറ അഭിപ്രായത്തോടു യോജിക്കുന്നു. എന്നാൽ അദ്ധ്യാപകന്മാരുടെ ശമ്പളം ഗവർമ്മെൻറു നേരിട്ടു് അദ്ധ്യാപകന്മാർക്കു കൊടുക്കണമെന്നുള്ള ഗവർമ്മെൻറു നിർദ്ദേശം സ്വീകാര്യമല്ലെന്നു വ്യക്തമാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അദ്ധ്യാപക ശമ്പളം മാനേജർമാർ നൽകുമ്പോൾ അതിൽ നിന്നു് അപഹരിക്കുന്നുവെന്നതാണു്, ഈ വ്യവസ്ഥ പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പറയുന്ന കാരണം. അങ്ങനെ അപഹരണം നടത്തുന്ന പ്രൈവറു സ്കൂൾ മാനേജർമാർ ഉള്ളതായി ഞങ്ങൾക്കറിവില്ല. അഥവാ ഏതെങ്കിലുമൊരു മാനേജർ ഈ അപഹരണക്കുറ്റക്കാരനായി കണ്ടാൽ നിലവിലുള്ള ചട്ടങ്ങൾക്കു് വിധേയമായിത്തന്നെ ആ മാനേജരെ പിടികൂടി മാതൃകാപരമായി ശിക്ഷിക്കാവുന്നതാണു്. അതിനു പകരം എല്ലാ പ്രൈവറു് സ്കൂൾ മനേജർമാരിൽ നിന്നും അവരുടെ അദ്ധ്യാപകന്മാർക്കു് വേതനം നൽകുവാനുള്ള സ്വതസിദ്ധമായ അവകാശം എടുത്തുകളയുന്നതു്, നിയമനകർത്താക്കളും നിയമിതരും തമ്മിലുള്ള നല്ല ബന്ധത്തിൻെറ അടിസ്ഥാനതത്വത്തെ തന്നെ ഉന്മൂലനം ചെയ്യുന്ന പ്രവൃത്തിയാണു്. ഈ നിർദ്ദേശവും ദേശസൽക്കരണ മാർഗ്ഗത്തിലെ വേറൊരു കാൽവെപ്പാണെന്നുള്ള കാരണത്താൽ അസ്വീകാര്യമാണു്.

ജനാധിപത്യത്തെ തകർക്കും

9. നിർദ്ദിഷ്ടങ്ങളായ വ്യവസ്ഥകൾ ആകപ്പാടെ പരിശോധിച്ചാൽ ഹിറ്റ്ലർ ജർമ്മനിയിലും മുസോളിനി ഇറ്റലിയിലും കമ്മ്യൂണിസ്റ്റു ഗവർമ്മെൻറു അവർക്കു് ആധിപത്യമുള്ള എല്ലാ രാജ്യങ്ങളിലും ചെയ്തതുപോലെയും കേരളത്തിലെ കമ്മ്യൂണിസ്റ്റു ഗവർമ്മെൻറു വ്യക്തികളെക്കൊണ്ടു യാന്ത്രവല്ക്കരിക്കപ്പെട്ട ഒരു സാമൂഹ്യ വ്യവസ്ഥിതി സ്വീകരിച്ചും നമ്മുടെ പ്രിയപ്പെട്ട ഭാരതഭൂമിയിൽ ഒരു ജനാധിപത്യ വ്യവസ്ഥിതി നടപ്പിലാക്കണമെന്നുള്ള ഭരണഘടനാ ലക്ഷ്യത്തെ ശിഥിലമാക്കിയും ഇൻഡ്യൻ ദേശീയ ജീവിതത്തിൻെറ അടിസ്ഥാനം തന്നെ നശിപ്പിക്കാനാണു് ഉദ്യമിക്കുന്നതെന്നു് സംശയരഹിതമായി പറയാവുന്നതാണു്.

വേണ്ടതു ചെയ്യുക

അവസാനമായി, കേരളസംസ്ഥാനത്തിലെ ഓരോ പൗരനും ഒരുറച്ച നിലപാടു സ്വീകരിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസ പരിഷ്ക്കാര വ്യവസ്ഥകളിൽ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുവാനും അവർക്കു് സേവനസ്ഥിരത നൽകുവാനുമുള്ളവയൊഴിച്ചുള്ള വ്യവസ്ഥകൾ നമ്മുടെമേൽ കെട്ടിവെയ്ക്കാതിരിക്കുവാൻ വേണ്ടതു ചെയ്യണമെന്നും കേരളത്തിലെ എല്ലാ പൗരജനങ്ങളേയും ഞങ്ങൾ വിനീതമായി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

—:o:—

സ്ത്രീകളുടെ സൗന്ദര്യബോധം

(എം. പി. എച്ച്.)

സൗന്ദര്യം നിത്യനൂതനമാണെന്ന് ഭാരതീയ മഹാകവിയായ കാളിദാസനും, സൌന്ദര്യം തന്നെയാണ് സത്യമെന്നും, പാശ്ചാത്യമഹാകവിയായ കീറ്റ്സും പ്രഖ്യാപിച്ചപ്പോൾ ആന്തരമായ യാഥാർത്ഥ്യത്തെ ഭിന്നശൈലിയിൽ വിവരിക്കുകയാണ് അവർ ചെയ്തത്. അജ്ഞാതനായ സൃഷ്ടികർത്താവിന്റെ അദമ്യമായ ആനന്ദത്തിൽ നിന്നാണ് പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതെന്നും വ്യാഖ്യാനിക്കുന്നവരുമുണ്ട്. സൌന്ദര്യബോധത്തിൽനിന്നും മാത്രമെ സൃഷ്ടിക്കുള്ള പ്രചോദനം ലഭിക്കയുള്ളൂ. സൃഷ്ടി ആനന്ദദായകവുമാണ്. മനുഷ്യനും സൌന്ദര്യബോധവും അതിൽ നിന്നും ജനിക്കുന്ന ആനന്ദാനുഭൂതിയും ഉണ്ടായിരുന്നില്ലെങ്കിൽ ജീവിതം രൂക്ഷവും വിരസവുമായിത്തീരുമായിരുന്നു.

സൌന്ദര്യബോധം മനുഷ്യനുമാത്രമുള്ള ഒരു സിദ്ധിയല്ല. ഏല്ലാ ജന്തുക്കളിലും സൃഷ്ടിയുടെ ആ ഉൽകൃഷ്ടഭാവം കുടികൊള്ളുന്നുണ്ട്. അവക്ക് തരഭേദമനുസരിച്ച് ഏറ്റക്കുറച്ചിലുണ്ടെന്നേയുള്ളൂ. പുതുമഴയുടെ കോടക്കാർ നിറഞ്ഞ ആകാശത്തിൽ നിന്നും ആദ്യത്തെ ഇടിനാദം പ്രതിധ്വനിക്കുമ്പോൾ മത്തമയൂരം പീലിവിരിച്ച് നൃത്തമാടുന്നു. പുതുവസന്തത്തിന്റെ മാസ്മരികൾ ആദ്യമായി വിരിയുമ്പോൾ കോകിലത്തിന്റെ കളകണ്ഠം ഉറക്കുന്നു. ഓടക്കുഴലിലൂടെ നാദധാര ഒഴുകിവരുമ്പോൾ ഉഗ്രസർപ്പംപോലും ഫണം വിരിച്ചാടുന്നു. സൃഷ്ടികളിൽവെച്ച് ഔന്നത്യമേറിയ മനുഷ്യനിലാവട്ടെ, ഈ സൌന്ദര്യബോധത്തിനും ആഴവും പരപ്പും ഏറും. അതിപ്രാകൃതനായ ഗുഹാമനുഷ്യൻ തുടങ്ങി ആധുനിക യുഗത്തിലെ ശാസ്ത്രമനുഷ്യൻവരെ എല്ലാവരിലുമുണ്ട് ഈ സൌന്ദര്യബോധം. ഏതു പ്രവൃത്തിയും മനോഹരമാക്കണമെന്ന ആഗ്രഹം അവനിലുണ്ട്. നൃത്തം, നാട്യം, ഗാനം, വാദ്യം, ചിത്രം തുടങ്ങിയ പലരൂപത്തിലും തന്റെ കേവലമായ സൌന്ദര്യാനുഭൂതിയെ പ്രകടിപ്പിക്കുവാനുള്ള അഭിവാഞ്ഛ മനുഷ്യനിൽ എന്നും നിലനിന്നുപോന്നിട്ടുണ്ട്.

സ്ത്രീകളിൽ ഈ സൌന്ദര്യബോധം പുരുഷന്മാരേക്കാൾ അധികമാണെന്നവകാശപ്പെടാം. പരിണാമവാദസിദ്ധാന്തം സൃഷ്ടിയിൽ സ്ത്രീക്കു പുരുഷനെ അപേക്ഷിച്ച് മുൻഗണന നല്കുന്നു. പരിണാമത്തിന്റെ തേച്ചു മിനുക്കൽ കൊണ്ട് പൂണ്ണതയോട് കൂടുതൽ അടുത്തു നില്ക്കുന്നത് സ്ത്രീയാണത്രെ. ലോകസാഹിത്യങ്ങളിൽ സ്ത്രീകളെക്കുറിച്ചുള്ള വർണ്ണനകൾ ഈ അഭിപ്രായത്തിന്റെ പ്രതിഫലനങ്ങളാവണം. അവളുടെ പ്രത്യംഗങ്ങൾ പ്രകൃതി സൌന്ദര്യാവിഷ്കരണത്തിനു സോദ്ദേശം തിരഞ്ഞെടുത്തതാവണം. സാഹിത്യത്തിലെ സ്ത്രീകൾ കളവാണികളാണ്. മദജലം പൊടിയുന്ന മദിമാൻ മിഴികളാണ് അവരുടേത്. അവരുടെ പുഞ്ചിരിയിൽ ഒരു വസന്തത്തിന്റെ സൌകുമാര്യം മുഴുവൻ അടങ്ങിയിട്ടുണ്ടാവും. അങ്ങിനെ പോകുന്ന കവിതയിലെ സ്ത്രീ. ഈ പ്രശംസകളെല്ലാം നാം അവകാശപ്പെടുന്നില്ലെങ്കിലും പ്രകൃതി പുരുഷനെ അപേക്ഷിച്ച് കുറേക്കൂടെ ഉദാരമായാണ് സ്ത്രീരൂപം സൃഷ്ടിച്ചത് എന്നു നിർവ്വാദമത്രെ. ബാഹ്യരൂപത്തിൽ മാത്രമല്ല മനോഭാവത്തിലും ഈ വ്യത്യാസം കാണാം.

സ്ത്രീകളിൽ സൌന്ദര്യബോധം ജന്മസിദ്ധമായിത്തന്നെ കൂടുതലുണ്ടെന്നു തോന്നുന്നു. ശൈശവം തുടങ്ങി സുന്ദരവസ്തുക്കളിൽ ആൺകുട്ടികളേക്കാളധികം അവർ ആഗ്രഹം കാണിക്കുന്നു. സ്വയം അണിഞ്ഞൊരുങ്ങുകയെന്നതു ഒരു പെൺകുട്ടിക്കേറെയും താല്പര്യമുള്ള കാര്യമാണ്. നിറപ്പകിട്ടുള്ള വസ്തുക്കൾ അവക്ക് കൂടിയേതീരൂ. പലതരം പൂക്കളും ചിത്രവേലകളുംകൊണ്ട് അലംകൃതമായ ഉടുപ്പില്ലെങ്കിൽ പെൺകുട്ടികളുടെ മുഖം വീർക്കും. തലമുടി ഇടക്കിടെ കോതിമിനുക്കി മടഞ്ഞിട്ട് പട്ടനാടകൾകൊണ്ട് ചന്തത്തിൽ കെട്ടിനിർത്തിയശേഷം അതിന്മേൽ വീണ്ടും പൂമാലകൾകൊണ്ട് അലങ്കാരം ചാർത്തിയാൽ മാത്രമെ അവക്ക് തൃപ്തിയാവൂ. കണ്ണു വാലുവെച്ചെഴുതണം; നെറ്റിയിൽവട്ടമൊപ്പിച്ചു പൊട്ടുംവേണം; മിനുത്ത കവിളുകളിൽ പ്രതിഫലനങ്ങൾ ചാർത്തിക്കൊണ്ട് ഊഞ്ഞാലാട്ടുന്ന ലോലാക്കുകൾ കാതിലണിഞ്ഞിരിക്കണം; പലവലിപ്പത്തിലും രൂപത്തിലുമുള്ള മാലകൾ കഴുത്തിലും പല നിറത്തിലുള്ള വളകൾ കൈക്കും അവക്ക് കൂടിയേതീരൂ. അതേപ്രായത്തിലുള്ള ഒരാൺകുട്ടിയിൽ ഇത്തരം ഭ്രമങ്ങളൊന്നും കാണാനേയുണ്ടാവില്ല. എണ്ണയിട്ടുഴിഞ്ഞുകുളിക്കണമെന്നും എങ്ങിനെ മുടി ചീകണമെന്നും അവൻ ചിന്തിക്കാറില്ല. ഒരു കളിപ്പാട്ടം ഒരു കളിച്ചങ്ങാതിയുമുണ്ടെങ്കിൽ അവന്റെ ലോകം പൂർണ്ണമായി. ഈയൊരു സ്വഭാവവിശേഷം സ്ത്രീയുടെയും പുരുഷന്റേയും ജീവിതത്തിൽ അങ്ങോളമിങ്ങോളം കാണാം.

കുട്ടി വളർന്നു വീട്ടമ്മയാവുമ്പോൾ ഈ സൌന്ദര്യബോധം വീട്ടുകാര്യങ്ങൾ ശരിപ്പെടുത്തുന്നതിലും നിഴലിച്ചു കാണുന്നു. അങ്ങിനെ കാണേണ്ടതും ഒരാവശ്യവുമാണ്. ചെറുപ്പത്തിൽ പട്ടുകുപ്പായങ്ങൾ അട്ടക്കിവെക്കുന്നതിൽ കാണിച്ച താല്പര്യം ഒരു വീട്ടമ്മ വീട്ടുപാത്രങ്ങൾ ഒതുക്കിവെക്കുന്നതിൽ കാണിച്ചെന്നുവരും. ജാലകത്തിനു കർട്ടൻ തിരഞ്ഞെടുക്കുന്നതിലും കുഷ്യനു പൂവല്ലികൾ തുന്നിയുണ്ടാക്കുന്നതിലും കുട്ടിയിൽ കണ്ട മനോഭാവം, വളർന്നപ്പോഴും വീട്ടമ്മയിൽ സ്വാധീനം ചെലുത്തുന്നതായിക്കാണാം. അനുലംകൃതമായ വസ്ത്രധാരണം പ്രായേണ സ്ത്രീകൾക്ക് ഹൃദ്യമല്ല. ഒരു ഉണിഷാപ്പിൽ ചെന്നുനോക്കിയാൽ പുരുഷന്മാരുടെ വസ്ത്രത്തെ അപേക്ഷിച്ച് സ്ത്രീക

ളുടെ വസ്തുത്തിനും എന്തെല്ലാമെന്തല്ലാം വൈവിധ്യങ്ങളാണു് ഉള്ളതെന്നു് ബോധ്യമാകും.

സ്ത്രീയിലുള്ള സൌന്ദര്യാസക്തി വളത്തിക്കൊണ്ടുവരുന്നതിനു് നമ്മുടെ സാമൂഹ്യ ജീവിതം അവൾക്കു് പല രംഗങ്ങളും സൃഷ്ടിച്ചുകൊടുത്തിട്ടുണ്ടു്. പ്രഭാതത്തിലെ ഭദ്രദീപം കൊളുത്തുന്നതോടെ ഉമ്മറത്തു് ഒരു മംഗളകർമ്മമെന്ന നിലയിൽ സ്ത്രീകൾ കോലമിടുന്ന ഒരു ചടങ്ങുണ്ടു്. അതു് പരദേശവുമായുള്ള സമ്പർക്കത്തിൽനിന്നു് നാം നേടിയതാണെന്നു് പറയാം. എന്നാൽ ഓണക്കളിയും തിരുവാതിരപ്പാട്ടും കൈകൊട്ടിക്കളിയും തികച്ചും കേരളീയമാണു്. കുമ്മിയും കോലാട്ടവും അറിയാത്ത പെൺകുട്ടികൾ ചുരുങ്ങും. പ്രാചീന കേരളത്തിൽ ആയോധന വിദ്യപോലും ഒരു കലയെന്ന നിലയിൽ സ്ത്രീകളഭ്യസിച്ചുപോന്ന കാലമുണ്ടായിരുന്നു.

ഈശ്വരാരാധനയുടെ ഒരു ഭാഗമെന്ന നിലയിൽ ക്ഷേത്ര പരിസരങ്ങളിൽ കലാപ്രകടനങ്ങൾ നടത്തുക പണ്ടുപണ്ടേ നമ്മുടെ പാരമ്പര്യമായിരുന്നു. അതിനും സ്ത്രീകൾക്കു് ഒരു പ്രധാനപ്പെട്ട പങ്കും അനുവദിച്ചുപോന്നിരുന്നു. കൂടിയാട്ടത്തിലും ചാക്യാർകൂത്തിലും അവക്കു് സ്ഥാനം നൽകിപ്പോന്നു. ഇതിനെല്ലാം പുറമേ ദേവദാസി സമ്പ്രദായവും നിലവിലുണ്ടായിരുന്നു. ദാസിയാട്ടം ക്ഷേത്രത്തിലെ ഉത്സവ പരിപാടികളിലൊന്നായി അംഗീകരിക്കപ്പെട്ടുപോന്നു. പരമ്പരയാ ചില പ്രത്യേക കുടുംബങ്ങളെ അവകാശങ്ങളും പദവികളും കൊടുത്തും ഇതിനായി സംരക്ഷിക്കുകയും ചെയ്തിരുന്നു.

—◇◇—

ശില്പകലയും ആത്മീയതയും

പി. എം. രവീന്ദ്രൻ, ബി. എ.

ഭാരതീയശില്പകലയെ മതപരമായി വ്യവഹരിക്കുന്നതു ഇന്നൊരു സമ്പ്രദായമായിത്തീർന്നിട്ടുണ്ടു്. ഇപ്പോൾ അതിനെ ചോദ്യം ചെയ്യുകയെന്നതു് അസംബന്ധമായെന്നു തോന്നും വിധത്തിൽ പ്രസ്തുതസംഗതി പ്രചുരമായിരിക്കയാണു്.

പദങ്ങളുടെ അർത്ഥങ്ങൾക്കു് രൂപാന്തരം വന്നുകൊണ്ടിരിക്കുന്ന ഈ നവയുഗത്തിൽ, ഭാരതീയകലയും മതവുമായുള്ള ബന്ധത്തെപ്പറ്റി ചിന്തിക്കുന്നതു് യുക്തമാകുന്നു. നമ്മുടെ പൂർവ്വികന്മാർ 'മത' സംജ്ഞയിൽ ഒതുക്കിയിരുന്ന ആശയത്തിനു് ഇന്നു വ്യത്യാസം നേരിട്ടിട്ടുണ്ടു്. മതം മനുഷ്യനെ എങ്ങോട്ടു നയിക്കുന്നു? മതം മനുഷ്യന്റെ പുരോഗതിക്കുപയുക്തമാണോ? എന്നീ ചോദ്യങ്ങൾക്കു ഉത്തരം കണ്ടുപിടിക്കുവാൻ കഴിവില്ലാതെ പരീക്ഷണക്കൂടുകൾ ഉപകരണമായിട്ടുള്ള ശാസ്ത്രജ്ഞൻ കുഴങ്ങുന്നു. മതവും ജീവിതവും രണ്ടു വിഭിന്നഘടകങ്ങളാണെന്നു വിചാരിക്കുന്ന സാധാരണമനുഷ്യനു്, മതോന്മുഖമായ കലയെന്നതു പരലോക സംബന്ധിയായെ തോന്നുകയുള്ളു. അതുകൊണ്ടതന്നെ, അവനു് അതു അന്ധവിശ്വാസത്തിനു തുല്യവുമാകുന്നു. അങ്ങിനെയിരിക്കെ, ഭാരതീയകലയുടെ പ്രകൃതിയെക്കുറിച്ചു പര്യാലോചിക്കുന്നതു പ്രസക്തമാണല്ലൊ,

ഏതെങ്കിലും ഒരു പ്രത്യേകമതസിദ്ധാന്തത്തോടനുബന്ധിച്ചതാണു് ഭാരതീയശില്പകലയെന്ന വിചാരത്തെ വിപാടനം ചെയ്യേണ്ടതാവശ്യം. അതിന്റെ സ്വഭാവത്തെക്കുറിച്ചു വിചിന്തനം ചെയ്യുവാൻ. ഭാരതത്തിലെ ശില്പകല ബുദ്ധന്റേയും ദേവന്മാരുടേയും രൂപങ്ങളെ നിരന്തരമായും സാർവ്വത്രികമായും ആവിഷ്കരിച്ചതിൽനിന്നു്, അതു ബൌദ്ധമതാദിയായ സംഹിതകളുമായി ബന്ധപ്പെട്ടതാണെന്ന അബദ്ധപങ്കിലമായ ഒരനുമാനം യഥാർത്ഥത്തിൽ പൊങ്ങിവന്നിട്ടുണ്ടു്. ഈ കലാരൂപങ്ങളെ ഒഴിച്ചുനിർത്തിയാൽ, ഭാരതീയ ശില്പകലയുടെ സിംഹഭാഗവും പൂർണ്ണമായി മതാനുസാരിയോ ഉള്ളടക്കത്തിലും ഉദ്ദേശത്തിലും പാരത്രികമോ അല്ല. മധുരയിലും സാഞ്ചിയിലും കാണംവിധമുള്ള ശില്പകലയുടെ ആദിഘട്ടം ജീവിതത്തിലെ ആഹ്ലാദവും ഉല്ലാസവും അലയടിക്കുന്നൊരു ലോകത്തിലേക്കു നമ്മെ ആനയിക്കുന്നു. അവിടെ പ്രത്യക്ഷപ്പെടുന്ന ആണും പെണ്ണും ഒട്ടുംതന്നെ ആത്മോന്മുഖരല്ല; അവർ തങ്ങളുടെ ആത്മാവിനുനേരേക്കുകയോ പാരത്രികജീവിതത്തെ പ്രതീക്ഷിക്കുകയോ ചെയ്യുന്നില്ല. ജീവിതത്തിലെ ആനന്ദാഭിരുചിയെ അവർ നിഗ്രഹനം ചെയ്യുന്നുമില്ല. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ അവ ശൃംഗാരരസ പ്രധാനങ്ങളും കൂടിയാണു്. ദൈനംദിന സംഭവങ്ങളിൽ ജനങ്ങൾക്കുള്ള ആസക്തിയെ വ്യക്തമാക്കിക്കൊണ്ടു് ജീവിതത്തെ അവിടെ ചിത്രീകരിച്ചിരിക്കുന്നു. "ഇടുങ്ങിയരക്കെട്ടും ഉയർന്ന സ്തനഭാരവും ഉള്ള കുവലയാക്ഷിമാർ തങ്ങളുടെ വിശ്രവശ്യമായ കടാക്ഷങ്ങളാൽ മാനവന്മാരുടേയും ദാനവന്മാരുടേയും ഹൃദയങ്ങളെ അപഹരിക്കുന്നു" അവിടെ ചിത്രാങ്കിതമായി കാണാം. അവർ സന്തുഷ്ടരും ഉല്ലാസവതികളുമാണു്. ശീതളജലം വാരിയെറിഞ്ഞുകൊണ്ടു സച്ഛന്ദം സ്നാനം ചെയ്യുന്നു; പുഷ്പങ്ങൾ ശേഖരിച്ചും, കിടാങ്ങളും പറവകളുമായി കളിച്ചും, ശരീരത്തെ അലങ്കരിച്ചും കൊണ്ടു് സ്ത്രീസഹജമായ ഉല്ലാസഭാവത്തെ പൂർണ്ണമായും പ്രകാശിപ്പിക്കുന്നു. സംഗീതത്തിലും നാട്യത്തിലും വ്യാപരിക്കുന്ന സ്ത്രീപുരുഷസമൂഹങ്ങളും വിരളമല്ല.

മിക്ക കലാമന്ദിരങ്ങളും ജനങ്ങളുടെ ജീവിതത്തെ ചിത്രീകരിക്കുന്നു. ആർഭാടപൂർണ്ണമായ രാജകീയോദ്യാനങ്ങളും, സാധാരണ ഗൃഹാങ്കണങ്ങളും, നദികളും, തടാകങ്ങളും, വനങ്ങളും, തോണികളും,

രഥങ്ങളും, വാഹനങ്ങളും, യാത്രക്കാരും ഭാരം ചുമക്കുന്ന മൃഗങ്ങളും അവയിലെ സാധാരണ ദൃശ്യങ്ങളാണ്. നിറപ്പകിട്ടുള്ള പീലിയോടുകൂടിയ മൈലുകൾ, സദാ ചിലയ്ക്കുന്ന കുരങ്ങുകൾ ഒട്ടകങ്ങൾ, ആടുകൾ, ആനകൾ, വൃഷഭങ്ങൾ മുതലായവയും മനുഷ്യന്റെ മിത്രപരിധിയ്ക്കുള്ളിൽ വർത്തിയ്ക്കുന്നു.

ജീവിതമായിരുന്ന ശില്പികളുടെ പ്രധാന താല്പര്യം. ആ കാലത്തിലെ കലയുടെ ബന്ധസൂത്രമായ മാനുഷികമൂല്യം തുടർന്നുവന്ന കാലങ്ങളിൽ ഉടനീളം പ്രകാശിയ്ക്കുന്നു. ഇതു അമരാവതിയിലും, മഹാബലിപുരത്തിലും അജന്തയിലും പ്രത്യേകം പ്രത്യക്ഷമാണ്, അമരാവതിയിൽ രൂപംകൊണ്ടിട്ടുള്ള തെരുവുരംഗത്തേക്കാൾ നാടകീയവും മാനുഷികവുമായ മറെറാന്നു ഭാവനാതീതമത്രെ. മദമിളകിയോടുന്ന ഒരു വാരണവീരനെക്കണ്ട് പ്രാണരക്ഷാർത്ഥം പലായനം ചെയ്യുന്ന പാന്ഥരുടെ ഭയകമ്പിതവികാരങ്ങളിൽ ആലേഖ്യമായ ഭാവം സ്വഭാവികതയുടെ സ്വതന്ത്രാവിഷ്കരണമാകുന്നു. ജീവദായകവും ജീവസാദകവുമായ ജലം ലഭിക്കുമ്പോൾ ജനങ്ങളിലുളവാകുന്ന ആനന്ദത്തിന്റെ ബാഹ്യപ്രകടനത്തെ ചിത്രീകരിക്കുന്ന ഏറ്റവും ശ്രേഷ്ഠമായ കലാരൂപമാകുന്നു മഹാബലിപുരത്തെ ഗംഗാപതനം. ജനങ്ങളുടെ ജീവിതത്തിലെ അത്യന്തമായ, ഏതുകാലങ്ങളിലും സുസ്ഥിരമായ, ഒരു നിമിഷത്തെയാണ് ശില്പകല അവിടെ ഘനീഭവിപ്പിച്ചിട്ടുള്ളത്.

സംഗീതത്തിലൂടെയും നൃത്തത്തിലൂടെയും ഭാരതീയർ തങ്ങളുടെ ഭാവങ്ങളെ പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ സമുദായപ്രകൃതി ഭാരതീയരുടെ ശില്പകലയിലെന്നപോലെ മറെറങ്ങും പ്രതിഫലിച്ചിട്ടില്ല. മദ്ധ്യകാലത്തിലേയും പില്ക്കാലങ്ങളിലേയും കലാരൂപങ്ങൾ പൗരാണികഹിന്ദുമതത്തെ അവലംബിച്ചിരിക്കുന്നു. പുരാണങ്ങൾ രചിച്ചിട്ടുള്ള ഉപരിലോകം നമ്മുടെ ഈ ലോകത്തിന്റെ ശ്രേഷ്ഠമായ, ആദർശപരമായ, ഒരു രൂപംമാത്രമാകുന്നു. കട്ടും ബഹുപ്രകൃതിയോടുകൂടിയ ദേവന്മാരും അത്യുദാരമായ മാതൃകകളാണ്. സ്ത്രീപുരുഷന്മാരുടെ അവിഭാജ്യസത്രൂപം അർദ്ധനാരീശ്വരനിൽ ആവിഷ്കരിച്ചിരിയ്ക്കുന്നു. അവിടെ, ഭാരതീയകലാശില്പങ്ങളിൽ ലോകം പൂർണ്ണരൂപത്തിൽ ഉണ്ട്; പക്ഷെ നമുക്കതു ദർശിക്കുവാൻ കഴിയുന്നതു ഇതിഹാസത്തിന്റെ മായാദർപ്പണത്തിലാണെൻമാത്രം.

മനുഷ്യരൂപമാണ് ഭാരതീയശില്പിയുടെ താല്പര്യം. അനർഘങ്ങളായ സർഗ്ഗശക്തിയിൽ നിന്നുറയുന്ന ആനന്ദത്തിന്റെ ഉറവിടവും കേന്ദ്രവുമാണത്. ഭാരതീയശില്പവേദിയിൽ അണിനിരക്കുന്ന രൂപങ്ങൾ തമ്മെന്യെ, ഇഹലോകപ്രകീർത്തികളാകുന്നു.

സ്ത്രീപുരുഷരൂപങ്ങളെ സാദ്ധ്യമായ എല്ലാകോണുകളിൽനിന്നും ചിത്രീകരിച്ചിട്ടുണ്ട്. വാസനയുടേയും, അഭ്യാസത്തിന്റെയും, ഇച്ഛയുടേയും ലീലാസമ്മേളിതമായശക്തികളാൽ ഉല്പാദിപ്പെടുമ്പോൾ മനുഷ്യകളേബരം ചമയ്ക്കുന്ന മനോഹരവും വിവിധവുമായ മാതൃകാരൂപങ്ങൾ മറേറതെങ്കിലുമൊരു രാജ്യത്തിലെ കലാമണ്ഡലത്തിൽ കണ്ടെത്തുവാൻ കഴിയുമോ ?

കലയെ ഭൂമിയിലേയ്ക്കാനയിക്കുക എന്നു കാഹളമുഴക്കുന്ന കലാകാരന്മാർ, മനുഷ്യരൂപത്തിന്റെ ചലനപടുതയെക്കുറിച്ചു കൂലങ്കഷപഠനം നടത്തിയ ഭാരതീയശില്പിവര്യരെ ഒരിയ്ക്കലും അതിശയിച്ചിട്ടില്ല. കായത്തെ ജീവിതപ്രതിനിധിമദ്ഭാവമാക്കുന്നതിൽ വിശാലസ്വാതന്ത്ര്യമാണ് ഭാരതശില്പികൈക്കൊണ്ടിട്ടുള്ളതു. രൂപങ്ങളെ അലങ്കരിയ്ക്കുന്നതു സ്നേഹസ്നിഗ്ധമായ ശ്രദ്ധയോടുകൂടിയാകുന്നു. ദേഹത്തോടൊട്ടിപ്പിടിയ്ക്കുന്ന അലങ്കാരവസ്ത്രവിശേഷങ്ങൾ, ശരീരഭാഗങ്ങളെ ഒളിപ്പിക്കുന്നതിനേക്കാൾ കലാഭംഗിസൃഷ്ടിക്കുന്നതു അവയെവെളിപ്പെടുത്തുന്നതിലാണ്, അലങ്കാരശോഭയെ പരമകോടിയെന്നതു ഭാരതീയവിശ്വാസമാകുന്നു. അതു ജീവിതത്തിലും, സാഹിത്യത്തിലും, കലയിലും പൂർണ്ണമായി പ്രതിഫലിക്കുകയും ചെയ്യുന്നു. പാരത്രികത ഭാരതീയകലയെ നയിച്ചിരുന്നുവെങ്കിൽ, ലോകോത്തരമായവയിൽവെച്ചു ഒന്നായ ഭാരതത്തിലെ അലങ്കരണശാസ്ത്രത്തിന് ഈ വിധം മഹത്വവും വൈവിദ്ധ്യവും പ്രാപിക്കുവാൻ ഒരിയ്ക്കലും സാദ്ധ്യമായിരുന്നില്ല.

ചേതോഹരമായ ഈ രൂപങ്ങളുടെ ആകർഷിണിയതയ്ക്കു മാറുകൂട്ടുന്നതിൽ സമർത്ഥമായിചെയ്യപ്പെട്ട ഒരു ആഭരണവിധാനങ്ങളും പങ്കെടുക്കുന്നു. മാതൃകാവൈവിദ്ധ്യങ്ങൾ അത്രതന്നെ കാണാം, പ്രാമാണികരൂപങ്ങളുടെ ശിരസ്സാലങ്കരങ്ങളായ കിരീടങ്ങളിലും.

മതാനുസാരിയായൊരു കലാസംഘാതത്തെ ഒരിക്കലും യോജിക്കാനിടയില്ലാ

കേരളാ പ്രൊവിഷ്യൽ സ്റ്റോർസ്

പാവമണി റോഡ്, കോഴിക്കോട്-1.

അരി, പഞ്ചസാര, മൈദ, മറുധാന്യങ്ങൾ മുതലായവയ്ക്ക് ക്രമാതീതമായി വില വർദ്ധിച്ചിരിക്കുന്ന ഈ അവസരത്തിൽ, ഏറ്റവും ന്യായമായ വിലയ്ക്കു പ്രസ്തുത സാധനങ്ങൾ ഞങ്ങൾ വിറ്റുവരുന്നു. എല്ലാ പലചരക്കുകൾക്കും ഞങ്ങളെ സമീപിക്കുക.

കേരളാ പ്രൊവിഷ്യൽ സ്റ്റോർസ്

പാവമണി റോഡ്, കോഴിക്കോട്-1.

കേരള സർക്കസ്സിന്റെ ആദിഗുരു

കെ. എസ്സ്. മേനോൻ

നമ്മുടെ സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം പൊതുവിൽ എല്ലാ കലകൾക്കും പ്രാധാന്യം സിദ്ധിച്ചിട്ടുണ്ടല്ലൊ. ഗവണ്മെന്റു് കലാകാരന്മാരെയും കലകളെയും പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ ഒട്ടും ഉപേക്ഷ കാണിക്കുന്നില്ല. പക്ഷെ സക്സ്സിനെ സംബന്ധിച്ചിടത്തോളം മാത്രം ഗവണ്മെന്റു പ്രോത്സാഹനം ഒന്നുംതന്നെ ഇതുവരെ കിട്ടിയിട്ടില്ല. എങ്കിലും പൊതുജനങ്ങളുടെ ഇടയിൽ ഒരു 'സക്സ്'ബോധം' ഉണ്ടായിട്ടുണ്ടു്. ഒരു മലയാളിയെങ്കിലും കളിക്കാരനായിട്ടില്ലാത്ത സക്സ് ഇന്ത്യയിൽ ഇല്ലെന്നു് തീർത്തു പറയാം. മലയാളികൾ ഇങ്ങനെ സക്സ്സ് കലാകാരന്മാരുടെ മുൻ പന്തിയിൽ നിൽക്കാൻ എന്താണു കാരണമെന്നു് അധികപേരും അറിഞ്ഞു കാണുകയില്ല. എന്നാൽ ഏതൊരു സക്സ്സഭ്യാസിയും അഭിമാനപൂർവ്വം സ്മരിക്കുന്ന ഒരു നാമമുണ്ടു്. അതാണു് കീലേരി കുഞ്ഞിക്കണ്ണൻ ടീച്ചർ.

ടീച്ചറവർകൾ പലതരം അഭ്യാസങ്ങളിലും പ്രവീണനായിരുന്നെങ്കിലും അദ്ദേഹത്തിനു് അനശ്വരമായ കീർത്തി നേടിക്കൊടുത്തതു് സക്സ്സഭ്യാസമാണു്. സാധുക്കളായ വളരെപേർക്കു് ചിലവും കൊടുത്തു് അദ്ദേഹം സക്സ്സു് പരിശീലനം നല്കിയിട്ടുണ്ടു്. അവരെല്ലാമാണു് പിന്നെ ഇന്ത്യൻ സക്സ്സു് കലയുടെ വെന്നിക്കൊടി ഉയർത്തിപ്പിടിച്ചതു്.

മലയാള ഭാഷയുടെ ആദിഗുരുവായ തുഞ്ചത്തെഴുത്തച്ഛനെപ്പോലെ കേരളത്തിലെ സക്സ്സിന്റെ ആദിഗുരു മഹാനായ കുഞ്ഞിക്കണ്ണൻ ടീച്ചറായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യരും ശിഷ്യന്മാരുടെ ശിഷ്യരുമാണിന്നു് ഇന്ത്യൻ സക്സ്സിലെ പ്രധാന വ്യക്തികൾ.

ഏഴു സഹോദരിമാർക്കു് ഒരനുജനായി, കുഞ്ഞിക്കണ്ണൻ ടീച്ചർ, തലശ്ശേരിയിലെ ഒരുവിധം ഭേദപ്പെട്ടതറവാട്ടിൽ 1885 ആഗസ്സു് 12-ാംനു- ജനിച്ചു. ചെറുപ്പത്തിൽ തന്നെ കളരിപ്പയറ്റു്, ഗുസ്തി, മർമ്മാണി ചികിത്സ മുതലായവ അഭ്യസിക്കുകയും സ്വന്തം പരിശ്രമത്താൽ അവയെ അങ്ങേഅറ്റം വരെ വിപുലീകരിക്കുകയും ചെയ്തു. സുമുഖനും ദീർഘകായകനും, വടിവൊത്ത ശരീരത്തോടു കൂടിയ പരിപൂർണ്ണ ആരോഗ്യവാനുമായിരുന്ന അദ്ദേഹം നാല്പ വ്യായവട്ടക്കാലത്തോളം കുഞ്ഞിക്കണ്ണൻ ടീച്ചർ തലശ്ശേരി മിഷ്യൻ ഹൈസ്കൂളിൽ ജിമ്നാസ്റ്റിക്കു് ടീച്ചറായി ജോലി നോക്കിയിട്ടുണ്ടു്.

ഇരുപതാം നൂറാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യയിലെ പ്രഥമ സക്സ്സായ "പ്രഫസർ ചിത്രേ സക്സ്സു്" തലത്തൊരു പ്രധാനവസ്തുതയത്രെ. വാമംഗങ്ങളുടെ വശീകരണപടുതയെ വെളിപ്പെടുത്തുന്ന നാരീരൂപങ്ങളുടെ സൃഷ്ടി. ശൃംഗാരം വഴിയുന്ന ഭാവഹാവങ്ങളോടുകൂടിയ പ്രമദമാർ ശില്പകലയുടെ പ്രമേയമായതു ഇതരകലാവേദികളിൽ അത്ര സാധാരണമല്ല. മനംമയക്കുന്ന മങ്കയുടെ മനോഹാരിതയും നിഗൂഢപ്രകൃതിയും ഭാരതീയകലയിൽ എല്ലാ കാലത്തും സുവ്യക്തരൂപംകൊണ്ടിട്ടുണ്ടു്. ഇവയ്ക്കു മതമായൊ ആത്മീയമായൊ വല്ല ബന്ധവുമുണ്ടാവുക സാദ്ധ്യമാണോ? അവ മതത്തെയാണൊ അവലംബിക്കുന്നതു്? ഇവിടെ പ്രതിഫലിക്കുന്നവിധമുള്ള സ്ത്രീപുരുഷബന്ധം സ്വഭാവികമായുള്ള ഒന്നാണു്. പരസ്പരസംയോജനത്തിൽ അവരുടെ ആനന്ദം അനാദ്യന്തതയും കൃത്രിമഭാവരഹിതവും ആകുന്നു. കോണാരകത്തിലും കജുരാഹോവിലും ചിത്രീകരിച്ചിട്ടുള്ള പ്രേമലീലകളിൽ, കലാചരിത്രത്തിൽ ഇതഃപര്യന്തം അതുല്യവും ധീരവുമായ ഭാവനയോടെ ഭാരതീയശില്പി തന്റെ കലാവിഹാരത്തിനു വിഷയമാക്കിയിട്ടുള്ളതു സൃഷ്ടിപ്രേരണയേയും അതിന്റെ പരമാനന്ദപ്രകൃതിയേയുമാണു്. മനുഷ്യവംശത്തിന്റെ മേൽ അത്രയും അധീനശക്തിയുള്ള മൌലികമായ മറ്റൊന്നു് ഭാവനാതീതമാകുന്നു. "സൃഷ്ടിപ്രേരണകളുടെ അദമ്യശക്തിയിൽ പരസ്പരം ആകൃഷ്ടരാകുന്ന ഈ ദമ്പതിമാർ അതുല്യാനന്ദസരിത്തിൽ നീന്തിത്തുടിയ്ക്കുന്നു; അനന്തരം ജീവിതിനേറയും സാമുദായികബന്ധത്തിനേറയും ഇടയിൽപ്പെട്ട അവർ വലയുന്നില്ല, ഇവിടെ ജീവിതം കലയാണെന്ന പരബോധത്തിന്റെ പ്രാപ്യതയ്ക്കുവേണ്ടി നീതിനിയമങ്ങളുടെ വിലങ്ങുകൾ പൂർണ്ണമായും ഖണ്ഡിക്കപ്പെടുന്നു."

രജപുത്രകേന്ദ്രത്തിലെ ചിത്രവേലകളിൽ പ്രണയമാണു് പ്രധാനപ്രമേയം. മറ്റൊരുമില്ലാത്തവിധത്തിൽ, പ്രണയത്തിന്റെ രാജവീഥികളേയും ഊടുപാതകളേയും അധികരിച്ചു അവിടെ കലാപരമായ ഗാഢപഠനം നടത്തപ്പെടുന്നു. ഡോക്ടർ കുമാരസ്വാമി പ്രസ്താവിയ്ക്കുന്നു, "പ്രകൃതിദൃശ്യങ്ങളെ ചിത്രീകരിക്കുന്നതിൽ ചീനക്കലനേടിയ പ്രാവീണ്യം ഇവിടെ മാനവപ്രണയത്തെ ചിത്രണം ചെയ്യുന്നതിൽ ആജ്ഞിക്കപ്പെട്ടിട്ടുണ്ടു്."

കർഷകജീവിതത്തേയും, ആഘോഷങ്ങളേയും, രാജാങ്കണത്തിലെ ആഡംബരത്തേയും ആഭാടത്തേയും, നൃത്തസംഗീതങ്ങളേയും ഇതുക്കളുടെ പരമ്പരപ്രയാണത്തേയും അവയോടു മനുഷ്യനുള്ള പ്രതികരണത്തേയും വർണ്ണാങ്കിതമാക്കുന്നതിൽ രജപുത്രകലാകേന്ദ്രത്തിലെ അസംഖ്യം ചായച്ചിത്രങ്ങൾനിഷ്പ്രയാസമായി വ്യാപരിച്ചിട്ടുണ്ടു്. ഈ ചിത്രങ്ങളിൽ അധികമായി നാം കാണുന്ന നാടകീയ പാത്രമായ രാധാകൃഷ്ണന്മാരുടെ ശ്രുതങ്ങൾ നേരിയ തിരശ്ശീലകളാകുന്നു. അവയ്ക്കുപിന്നിൽ, ഭാരതീയജീവിതം അതിന്റെ സർവ്വമഹാത്മ്യങ്ങളോടും കൂടി, വിശ്വവ്യാപക ഖ്യാതിയാൽ പരിലാളിതമായി, പ്രശോഭിക്കുന്നു. ചുരുക്കത്തിൽ, ഭാരതത്തിലെ ശില്പകലയുടെ പ്രമേയം പ്രണേതാവിന്റെ പ്രതിഭയിൽനിന്നുറഞ്ഞ പാരത്രികമല്ല, മറിച്ചു, അതു മനുഷ്യലോകത്തിലെ പരിവർത്തനോന്മുഖമായ ജീവിതത്തിന്റെ പ്രതിബിംബമാകുന്നു.

(അവലംബം ഒരു ഇംഗ്ലീഷ് ലേഖനം)

———

ശ്രീരി പ്രദർശനത്തിനു വന്നപ്പോൾ കുഞ്ഞിക്കണ്ണൻ ടീച്ചറെ ക്ഷണിക്കുകയും സക്സ്സ് കണ്ടപ്പോൾ അദ്ദേഹത്തെ ആ കലാവിശേഷം അളവറ്റു് ആകർഷിക്കുകയും ചെയ്തു. തൽഫലമായായി സക്സ്സ് അഭ്യസനത്തിനായി അദ്ദേഹം തലശ്ശേരിയിൽ ഒരു കളരിസ്ഥാപിച്ചു. ഈകളരി സാധുക്കളായ ഒട്ടനവധി ബാലികാ ബാലന്മാർക്കു് ഒരാശാകേന്ദ്രമായിത്തീർന്നു. 'റോപ്പ് ഡെൻസ്' അതായതു് കമ്പികളി, സക്സ്സ് കലക്കു ശ്രീ. കുഞ്ഞിക്കണ്ണൻ ടീച്ചർ സംഭാവനചെയ്തതാണു്. ഭാവനാസമ്പന്നനായ അദ്ദേഹം അങ്ങനെ പല പുതുഇനങ്ങളും ഇന്ത്യൻ സക്സ്സിനു് സംഭാവന ചെയ്തിട്ടുണ്ടു്. അദ്ദേഹം 'കമ്പകളി' ആദ്യം പരീക്ഷണാർത്ഥം പഠിപ്പിച്ചതു് കണാരൻ എന്ന ഒരു ശിഷ്യനെയായിരുന്നു. ഈ ഒരൊറ്റ ഇനം കൊണ്ടാണു് പരേതനായ "കണ്ണൻ ബോമ്പായോ" യൂറോപ്പു്, അമേരിക്ക മുതലായ രാജ്യങ്ങളിൽ പ്രശസ്തിയാർജ്ജിച്ചതും 'മലക്കപ്പിശാച്" എന്ന പേർ നേടിയതും. മറുനാടുകളിൽ കമ്പകളിക്കു് ഇത്രയും പേരു് നേടാൻ കഴിഞ്ഞതുകൊണ്ടു തന്നെ ഇതിന്റെ മഹനീയത എത്രത്തോളമുണ്ടെന്നു തെളിയുന്നുണ്ടല്ലൊ.

ഇന്ത്യയിൽ ഒന്നാമതായി ബാർകളി (ഹൊറിസോണ്ടൽ ബാർ) യിൽ പരിശീലനം നേടിയ ഒരേ ഒരു വ്യക്തി റോമൻ മൂക്കർജിയെന്ന ഒരു ബങ്കാളി യുവാവാവു് ആയിരുന്നു. ഈ ബാർകളിയെ കുറേക്കൂടി പരിഷ്ക്കരിച്ചു് അഞ്ചു ബാർ, ഏഴു ബാർ, എന്നിനിലയിലാക്കിയതും ബാറിൽ വെച്ചു് ചില പുതിയ ഭയങ്കരങ്ങളായ അഭ്യാസങ്ങൾ കാണിക്കാൻ പഠിപ്പിച്ചതും കുഞ്ഞിക്കണ്ണൻ ടീച്ചറായിരുന്നു. ആദ്യമായി അഞ്ചു ബാറിലും ഏഴു ബാറിലും അഭ്യാസം പ്രദർശിപ്പിച്ചതു ശ്രീ. എം. കെ. രാമനായിരുന്നു. ശ്രീ. രാമൻ കുഞ്ഞിക്കണ്ണൻ ടീച്ചറുടെ നിർദ്ദേശത്തിനു് ശേഷം അദ്ദേഹം സ്ഥാപിച്ച കളരി ഏറ്റു നടത്തുവാൻ തുടങ്ങി.

ടീച്ചർക്കു് സന്താനങ്ങളായി ഒരു പുത്രനും ഒരു പുത്രിയും. മാത്രമെ ഉണ്ടായിരുന്നുള്ളു. ജീവിതദശയിൽ തന്റെ സമുദായത്തിന്റെ അതുത്തി വരുന്ന കളെ പല ഘട്ടത്തിലും അതിലംഘിക്കേണ്ടതായി ആ ധീരനു വന്നിട്ടുണ്ടു്. മിശ്രഭോജനവും മിശ്രവിവാഹവും പ്രോത്സാഹിപ്പിച്ചിരുന്നു എന്നു മാത്രമല്ല, അതിനു് മകുടം ചാർത്തുവാൻതന്നെ അന്യസമുദായത്തിൽ നിന്നു് വിവാഹം കഴിക്കുകയുമുണ്ടായതു്. ലോകപ്രസിദ്ധിയാർജ്ജിച്ച ടെന്നീസ് കളിക്കാരി ലോറാവുഡ് ബ്രിഡ്ജു് കുഞ്ഞിക്കണ്ണൻ ടീച്ചറുടെ ഭാഗിനേയ പുത്രിയാണു്. ടീച്ചറുടെ പൌത്രി മിസ്സു്. റോഡിൻ വില്യംസ് സ്പോർട്ട്സിൽ ഇന്ത്യൻ യൂണിവേഴ്സിറ്റിറിക്കാർഡു് നേടിയിട്ടുണ്ടു്. കഴിഞ്ഞ കൊല്ലം ഒളിമ്പിക്കിലേക്കു് ഈ ബാലികയെ സെലക്ടു് ചെയ്തു. മിശ്രവിവാഹം മൂലം തന്റെ പിൻഗാമികളുടെ ശ്രേയസ്സിനു് ഹാനി വരുത്തെന്നു കരുതിയായിരിക്കാം, വാർദ്ധക്യത്തിൽ അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചതു്.

ടീച്ചറവർകൾ വളരെ വയസ്സാകുന്നതുവരെ ജീവിച്ചിരുന്നു. എന്നുണ്ടെങ്കിലും മനോദുഃഖം എന്ന ഒരു ശല്യം അദ്ദേഹത്തെ ഒരിക്കലും ബാധിച്ചതായി അറിവില്ല. ടീച്ചറവർകളുടെ ശിഷ്യന്മാരും ശിഷ്യന്മാരുടെ ശിഷ്യന്മാരുമായി വളരെ പേർ ഇന്നു് സക്സ്സു് വ്യവസായത്തിലുണ്ടു്. ലോകത്തിലെ ഏറ്റവും വലിയ സക്സ്സുകളിൽ രണ്ടാമത്തേതെന്ന സ്ഥാനം അർഹിക്കുന്ന കമലാ സക്സ്സിന്റെ ഉടമസ്ഥൻ പ്രേ: കെ. ദാമോദരന്റെ വന്ദ്യ പിതാവായ കൃഷ്ണൻ ടീച്ചർ കുഞ്ഞിക്കണ്ണൻ ടീച്ചറുടെ ശിഷ്യഗണങ്ങളിൽ ഒരാളാണെന്നു് കേട്ടിട്ടുണ്ടു്. കൂടാതെ ഗ്രെയ്റ്റ് റെയ്മെൻ, ഗ്രെയ്റ്റ് ബോബെ, ജെമിനി, ജുബിലി, ഗ്രെയ്റ്റ് വെസ്റ്റേൺ, മുതലായ അനവധി സക്സ്സു ടമസ്ഥന്മാർ ടീച്ചറവർകളുടെ ശിഷ്യന്മാരൊ ശിഷ്യന്മാരുടെ ശിഷ്യന്മാരൊ ആണെന്നും പ്രസ്താവയോഗ്യമാണു്.

——

FOR

EVERYTHING IN PIECE GOODS

VISIT

CHALISSERY BROTHERS,

FANCY PIECE GOODS MERCHANTS

POST OFFICE ROAD, **TRICHUR.**

വ്യവന്ന പൂക്കൾ.

—മുരളീധരൻ ഈ. എൻ.

ചുവന്നപൂക്കൾക്ക് അസാമാന്യമായ ആകർഷണീയതയുണ്ട്; സൗരഭ്യമില്ലെങ്കിൽപോലും. നീലനിറംകലർന്ന ഇലകളുടെ ഇടയിൽനിന്നും എത്തിനോക്കുകയാണ് ആ ചെമ്പരുത്തിപ്പൂക്കൾ. ആ ചെമ്പരുത്തിയുടെ തടത്തിനും ചുറ്റും നിഴലാണ്. അവിടെയിരുന്ന് ലതിക കരയുകയാണ്. ചെമ്പരുത്തിയുടെ ചുവട്ടിലിരുന്നുള്ള ആ കരച്ചിലിനും അർത്ഥമുണ്ട്; സങ്കടസങ്കലിതമായ ഒരുകഥയുണ്ട്, അതിന്നുപിന്നിൽ. കണ്ണുനീരണ മുറിഞ്ഞൊഴുകിയപ്പോൾ അവളുടെ ഹൃദയം ചിന്തിക്കുകയായിരുന്നു.....

ആ ചെമ്പരുത്തിയുടെ ചുവട്ടിനെന്താണൊരു പ്രത്യേകത? അവിടെ തണലുള്ളതുകൊണ്ടാണോ? ഈ കൊച്ചു പൂന്തോട്ടത്തിൽ മറെറാരിടത്തും കാണൽ വീശിയിട്ടില്ലേ?.....

അവളുടെ അരുമമകൻ ശയിക്കുന്നതവിടെയാണ്. ആറുനോറിരുന്നുണ്ടായ് ഓമനക്കുഞ്ഞ്!—വേണ്ട. രണ്ടു വർഷം മുമ്പാണവൻ യാത്ര പറഞ്ഞത്. അവനൊരോമനമുഖവും മെലിഞ്ഞ ശരീരവുമാണുണ്ടായിരുന്നത്. പക്ഷെ കാലുകൾ അശക്തങ്ങളായിരുന്നു- അവനു നടക്കുവാൻസാദ്ധ്യമല്ലായിരുന്നു.....

അവന്റെ മൃതശരീരമാണ് ഇവിടെയടക്കംചെയ്തിരിക്കുന്നത്. അവനേറവും ഇഷ്ടപ്പെട്ടിരുന്ന, ചുവന്ന പൂക്കളും നിലിമയാർന്ന ഇലകളും ഉള്ള ഈ ചെമ്പരുത്തിയുടെ ചുവട്ടിൽ. അവൾ നട്ടിരുന്ന മുല്ല അതിൽപടർന്നുകിടക്കുന്നു. അതിലെ മുല്ലപ്പൂക്കൾ പുഞ്ചിരി പൊഴിക്കുകയാണ്. ആ പുഞ്ചിരിയിൽ അവളുടെ ജീവിതം പ്രതിഫലിച്ചിരുന്നു.

അന്ന് എന്ത് പ്രതാപത്തോടെയാണ് കുഞ്ഞൻ സതീശനുമായി ലതികയുടെ വിവാഹം നടന്നത്. എന്തെല്ലാം ആഘോഷങ്ങൾ! വാദ്യ അതുപോലൊരു ത്സവം പ്രതീക്ഷിച്ചിരുന്നതല്ല!

അവൾക്കന്ന സന്തോഷമായിരുന്നു. സമ്പത്തും, സൌന്ദര്യവും, അഭ്യസ്ത വിദ്യയായ അവൾക്കുണ്ട്. അതുപോലെ ഭർത്താവിനും. പോരെങ്കിൽ പട്ടാളം ക്യാപ്റ്റൻ ഉദ്യോഗം കൂടിയുണ്ട്. എന്തുകൊണ്ടുമവൾ ക്ക ഭിമാനിക്കാം. അന്ന് മധുരവും മാദകവുമായ മധുവിധുകാലത്തവർ എവിടെയൊക്കെപ്പോയി; എന്തൊക്കെക്കണ്ടു. എന്തും ഉല്ലാസപ്രദം! ജീവിതം ഒരു മലർവാടിയാണെന്നും തങ്ങൾ അതിൽ പറന്നുനടക്കുന്ന ചിത്രശലഭങ്ങളുമാണെന്നവൾ ധരിച്ചു. പക്ഷെ ജീവിതത്തിനു രണ്ടുവശമില്ലേ?.....

മനോഹരമായ മധുവിധുകാലം മാഞ്ഞുപോയി, ക്ഷണികമായ മാരിവില്ലുപോലെ. കാലത്തിന്റെ ഗതി മാറിക്കൊണ്ടിരുന്നപ്പോഴെല്ലാം ലതികയുടെ ഹൃദയം ദാഹിക്കുകയായിരുന്നു— ഒരോമനക്കുഞ്ഞിന്റെ മാതാവാകുവാൻ വേണ്ടി. ഒരു പിഞ്ചോമനയെ ഉമ്മവെയ്ക്കുവാൻ, താരാട്ടുപാടിയുറക്കുവാൻ, അതിന്റെ കൊഞ്ചൽകേട്ട് സായൂജ്യമടയുവാൻ, എല്ലായെല്ലാ ആഗ്രഹങ്ങളും സാധിച്ചുകൊടുക്കാൻ—അങ്ങിനെ വളരെയേറെ ആശകൾ അവൾക്കുണ്ടായിരുന്നു. അവളുടെ തങ്കക്കിനാവുകളിൽ കരളിനെകീറിപ്പൊളിക്കുന്നതായിരുന്നു ആ കുഞ്ഞിന്റെ വാക്കുകളായിരുന്നു, പ്രവൃത്തികളായിരുന്നു.

പക്ഷെ അവൾ ഭയന്നു. സാക്ഷാത്കരിക്കപ്പെടാത്ത സ്വപ്നങ്ങൾ മാത്രമാകുമോ അവ? കിനാവുകളൊരിക്കലും യാഥാർത്ഥ്യങ്ങളാകയില്ലേ? അങ്ങിനെയാണെങ്കിൽ?..... അതവളെഞെട്ടിപ്പിച്ചു.

പക്ഷെ, അവളുടെ തങ്കക്കിനാവുകൾ യാഥാർത്ഥ്യങ്ങളാകുവാൻ വേണ്ട ചുവടുകൾ വെച്ചുകഴിഞ്ഞു. ലതിക ഗർഭിണിയായി....

അത്ഭുതത്തോടെയാണു നാട്ടുകാർ വീക്ഷിച്ചതു്. ഇരുപത്തിമൂന്നാമത്തെ വയസ്സിൽ വിവാഹിതയായ ലതി മുപ്പത്തഞ്ചാമത്തെ വയസ്സിൽ ഗർഭവതിയായിരിക്കുന്നു! എന്തൊക്കെയാണിന്നു സംഭവിച്ചുകൊണ്ടിരിക്കുന്നതു്?

പഴയ ചൈതന്യം അവളുടെ മുഖത്തു വീണ്ടും അരുണിമപകർന്നു. കുണുകുളിൽ പുഞ്ചിരിയുമായേ ആരുമവളെയന്നു കണ്ടിരുന്നുള്ളൂ. ക്യാപ്റ്റൻ സതീശ് തനിക്കും ഭാഗ്യമുണ്ടെന്നു ധരിച്ചതക്കാലത്തായിരുന്നു. ആ കുടുംബത്തിൽ ആനന്ദമലതല്ലുകയായിരുന്നു, അക്കാലത്തു്.

പക്ഷെ അതേറെ നീണ്ടുനിന്നില്ല; നൈമിഷികം മാത്രമായിരുന്നു. സതീശനെ മറെറാരിടത്തേക്കു മാറ്റി. കുറെ നിവൃത്തിയുണ്ടായിരുന്നെങ്കിൽ ജോലിയുപേക്ഷിക്കുകയോ ലതിയെ കൂടെകൊണ്ടുപോകയോ ചെയ്യുമായിരുന്നു. പക്ഷേ രണ്ടും സാദ്ധ്യമല്ലാതെ വന്നതിനാൽ സതീശനു പോകേണ്ടതായിവന്നു. അയാൾ പോവുകയും ചെയ്തു.

ജീവിതാഭിലാഷങ്ങൾ— സാക്ഷാത്കരിക്കപ്പെടാത്ത സ്വപ്നങ്ങളെന്നു കരുതിയിരുന്ന അവളുടെ ആഗ്രഹങ്ങൾ— രൂപംപൂണ്ടതന്നാണ്. അവളൊരോമനക്കുട്ടനെ പ്രസവിച്ചു. അവനു് ചന്തമുള്ള ഒരു മുഖവും മെലിഞ്ഞ ശരീരവുമാണുണ്ടായിരുന്നതു്. പക്ഷെ തളർന്ന കാലുകളായിരുന്നു അവനേറ്റു്. ഏ

THE BOMBAY LUXURY MART
(ESTD. 1936)
S. M. STREET, KOZHIKODE-1
STOCKISTS OF :— ALL KINDS OF WATCHES, TIME PIECES, CLOCKS, ROLLED GOLD JEWELLERY, KREMENZ PRODUCTS, FANCY ARTICLES, FOUNTAIN PENS, STATIONERY, PERFUMERY, TINNED PROVISIONS, OPTICAL GOODS.

റെയേറെ നാളുകാത്തു കൊതിച്ചിരുന്നിട്ടുണ്ടായ സന്തതി! എങ്കിലും അവൾക്കു സന്തോഷമേയുണ്ടായിരുന്നുള്ളൂ.

അഞ്ചുവയസ്സു കഴിഞ്ഞിട്ടും വേണുവിന്നു് നടക്കാൻ ശേഷിയുണ്ടായില്ല. അവൻ ഒരു ഞൊണ്ടിയായിത്തന്നെയിരുന്നിരുന്നു.

അവളവനെ വാത്സല്യത്തോടെ ശുശ്രൂഷിച്ചു. അവനെ വാരിയെടുത്തുമ്മവെയ്ക്കും, കളിപ്പിയ്ക്കും, ചിരിപ്പിയ്ക്കും, ഇഷ്ടമുള്ള പൂക്കൾ പറിച്ചുകൊടുക്കും. അവനിഷ്ടമുള്ള പൂക്കൾ ആ ചെമ്പരത്തിപ്പൂക്കളാണു്. അവയ്ക്കു് മണമില്ലെങ്കിലും അഴകുണ്ടു്. അവനതുമതി. അവൾ നീലിമയാന്നയിലകളുടെ ഇടയിൽനിന്നും ആ ചുവന്ന പൂക്കൾ പൊട്ടിച്ചവന്നു നൽകും. അവനതുമായി ക്കളിച്ചിട്ടു് പിച്ചിച്ചീന്തിക്കളയും. അങ്ങനെ കാലം മുന്നോട്ടു് പോയി. പക്ഷെ ആ കാലുകൾ അശക്തങ്ങൾ തന്നെയായിരുന്നു, ഒരടി വെയ്ക്കുവാൻ. അങ്ങനെ ഏഴാംവയസ്സിലും അവൻ ഒരു ഞൊണ്ടിയായിത്തന്നെയിരുന്നു. ലതികക്കതിൽ സങ്കടമില്ലായിരുന്നു. പക്ഷെ സതീശനെഴുതി:

"...അവൻ ഞൊണ്ടിയാണു്. ഞൊണ്ടി എന്റെ മകനല്ല!...അവനെയെനിക്കാവശ്യമില്ല....."

ഇതിനിടയ്ക്കൊരിക്കലെങ്കിലും അയാൾക്കു നാട്ടിലെത്താൻ കഴിഞ്ഞില്ല, എല്ലാക്കത്തിലും അയാൾ സൂചിപ്പിച്ചിരുന്നു: 'അവനെന്റെ മകനല്ല...എന്റെ മകൻ ഞൊണ്ടിയല്ല..ഞൊണ്ടിയാവുകയില്ല!...'

ആ വരികൾ വായിയ്ക്കുമ്പോൾ അവളുടെ ഹൃദയത്തിൽ ആഗ്നേയാസ്ത്രങ്ങൾ തറയ്ക്കുകയായിരുന്നു പതിവു്. അവളവനെ കെട്ടിപ്പിടിച്ചിരുന്നു് വിങ്ങിവിങ്ങിക്കരയും. അവൻ ചോദിയ്ക്കും:'അമ്മേ,അച്ഛൻ എവിടെ?...' അവൾക്കു മറുപടിയുണ്ടു്. എന്നാൽ ആ കുട്ടിയുടെ ഹൃദയം അസംതൃപ്തമായിരുന്നു, ആ മറുപടികൊണ്ടു്.

അവന്റെ ഞൊണ്ടൽ മാറാനവൾ പലതും ചെയ്തു, ഒന്നും ഫലപ്പെട്ടില്ല. വീട്ടിലിരുന്നവൻ പഠിയ്ക്കും; മുറത്തിരുന്നു കളിയ്ക്കും, കയറിൽ പിടിച്ചുപിടിച്ചു് പയ്യെപ്പയ്യെ നടക്കും. വൃക്ഷങ്ങളിൽ ചുററി ബലഹീനങ്ങളായ ചെടികൾ വളരുന്നതുപോലെ കയറിൽ പിടിച്ചു്പിടിച്ചു് നടന്നു് അവൻ വളരുകയായിരുന്നു. എങ്കിലും ആ കാലുകൾക്കു ശക്തിവെച്ചില്ല.

അവന്റെ ഏഴാം പിറന്നാളിന്റെയന്നു് സതീശന്റെ കത്തുവന്നു. അടുത്ത പൌർണ്ണമിയ്ക്കു് നാട്ടിലെത്താൻ സാധിയ്ക്കുമെന്നു്. അവൾ ഹർഷപുളകിതയായി. എന്നാലടുത്ത വാചകം അവളെ ഞെട്ടിപ്പിച്ചു. '...അവനെയെനിയ്ക്കു്കാണേണ്ടാ, ഉപേക്ഷിച്ചുകളയൂ.... ഞൊണ്ടിയെന്റെ മകനല്ല....."

അവൾ ബോധഹീനയായി.

സതീശൻ വന്നു. പക്ഷെ വേണുവിനൊരു കളിപ്പാട്ടംപോലും കൊണ്ടുവന്നില്ല. ഒരാഴ്ച കഴിഞ്ഞിട്ടും അയാൾ കുട്ടിയെ ഒന്നെടുക്കുകപോലും ചെയ്തില്ല.

ഒരു ദിവസം സിഗററും പുകച്ചുകൊണ്ടയാൾ കസേരയിൽ ചാരിക്കിടക്കുകയായിരുന്നു. അമ്മയുടെ നിർദ്ദേശാനുസരണം കയറിൽ പിടിച്ചുപിടിച്ചു അവൻ കസേരയുടെ അടുത്തെത്തി.

"അച്ഛാ"—ഉരുക്കു വിളിച്ചുകൊണ്ടവനാ മടിയിലേയ്ക്കു ചാഞ്ഞു. അയാൾ പെട്ടെന്നവിടെനിന്നെഴുന്നേറ്റു പൊയ്ക്കളഞ്ഞു. ആ കുഞ്ഞു തറയിൽക്കടന്നുരുണ്ടുകരഞ്ഞു് ബഹളമുണ്ടാക്കി. അതു കേട്ടുകൊണ്ടു് പുറത്തു നിന്നിരുന്നു വിങ്ങിക്കരഞ്ഞുകൊണ്ടു് അകത്തേയ്ക്കു പോയി.

സതീശൻ മൂന്നാഴ്ചകൾക്കുശേഷം പോയപ്പോൾ വീണ്ടും ഉദ്യോഗസ്ഥനെത്തന്നെ പോയി.

അന്നു് അവൾ 'അയൽവീട്ടിലേയ്ക്കു പോയിരിക്കുകയായിരുന്നു. അവിടെയാണു് മടങ്ങിയതു്. വന്നപ്പോൾ ഉറയത്തിരുന്ന വേണുവിനെക്കണ്ടില്ല. അവളകത്തുനോക്കി. സതീശനപേക്ഷിച്ചിട്ടുപോയ കോട്ടം പുതച്ചു് വേണു മുങ്ങിക്കിടക്കുകയാണു്. ഊരിക്കഴിപ്പിക്കാൻ അവനെ അവൾ തോളിലെടുത്തു കിടത്തി. ഹൊ! പൊള്ളുന്നു. വേണുവിനെ ശോധനയായി പനിക്കുകയായിരുന്നു.

അതൊരു നീണ്ട പനിയാകുമെന്നു് താൻ നിനച്ചിരുന്നോ?...ലതി കണ്ണുതുടച്ചു.

അതിനുശേഷം ഒരാഴ്ചകൂടി കഴിഞ്ഞപ്പോഴവൻ മരിച്ചു.....

അവളുടെ ഹൃദയത്തിനു പററിയ കട്ടത്ത പ്രഹരമായിരുന്നു അതു്. അവന്റെ ഒട്ടക്കത്തെ വാക്കുകളായിരുന്നു അവളെ കൂടുതൽ വേദനിപ്പിച്ചതു്. അങ്ങനെ

PHONE: 356 ; 513 GRAM "LODGING"

സകലവിധ സുഖസൌകര്യങ്ങളോടുകൂടിയ മുറികൾക്കും രുചിയും ശുചിയുമുള്ള സസ്യഭക്ഷണത്തിനും മിതമായ നിരക്കിന്മേൽ

കൂടുതൽ നല്ല ഹോട്ടൽ ഏതു്?

ശാന്തഭവൻ

മൊയ്തീൻപള്ളി റോഡു്, കോഴിക്കോടു്.

സാഹിത്യത്തിൽ വ്യക്തിപ്രാഭവസിദ്ധാന്തം

സുകുമാർ അഴീക്കോട്

സാഹിത്യത്തിൽ ആശയവ്യഭിചാരം പരക്കെ നടക്കുന്നൊരു കാലമാണ് ഇന്നു. ചിന്തയുടെ നാണയങ്ങളായ പദങ്ങളുടെ അതിസൂക്ഷ്മമായ അർത്ഥവ്യത്യാസങ്ങളെപ്പറ്റി ഒരു നോട്ടവുമില്ലാത്ത എഴുത്തുകാർ വഷളിച്ചുകൊണ്ടേയിരിക്കുന്നു. ഈ ശാപം ശക്തിപ്പെട്ടവാനുള്ള ഒരു കാരണം, അവനവന്നു് ഉപസ്ഥിതിയില്ലാത്ത വിഷയങ്ങളിൽ മുൻപിൻ നോക്കാതെ എഴുത്തുകാരൻ ചാടിയിറങ്ങുന്നവെന്നതത്രേ. സാഹിത്യത്തെ സംബന്ധിച്ചേടത്തോളം, ആശയവ്യഭിചാരം തൊഴിലെന്നോണം നടത്തിക്കൊണ്ടിരിക്കുന്നവർ നമ്മുടെ ബഹുകത്തവ്യ വ്യഗ്രരായ രാഷ്ട്രീയ പ്രവർത്തകരാകുന്നു. ഉദാഹരണമായിപ്പറയാവുന്നതാണു്, ഒരു പ്രമുഖനായ മാർക്സിസ്റ്റു് ഇതിനിടെ ഇറക്കുമതി ചെയ്ത 'വ്യക്തിപ്രാഭവസിദ്ധാന്തം'— 'വ്യക്തിപ്രാഭവ സിദ്ധാന്തവും സാഹിത്യകാരനും' എന്ന സഞ്ചാവു് ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ ലഘുലേഖ നോക്കുക.

വ്യക്തിപ്രാഭവ സിദ്ധാന്തവും പ്രതിഭയും

ആ ലഘുലേഖ വായിച്ചാൽ അറിയാം, വ്യക്തിപ്രാഭവം എന്ന പ്രയോഗംകൊണ്ടു പ്രതിഭയെയാണു് അദ്ദേഹം ഉദ്ദേശിക്കുന്നതെന്നു. പ്രാചീനവും പ്രചുരപ്രചാരവും അതിപരിചിതവുമായ ഒരു പദം ഉപേക്ഷിച്ചു പുതിയതും അപരിചിതവുമായ വേറൊരു പദം ഉപയോഗിക്കുമ്പോൾ, രണ്ടാമത്തെ പദത്തിന്നു് എന്തെങ്കിലുമൊരു മെച്ചം വേണ്ടതുണ്ടു്. അതിവിടെയില്ല. നമ്പൂതിരിപ്പാടിന്റെ വ്യക്തി പ്രാഭവമല്ല മമ്മടാദികളുടെ പ്രതിഭ. ഇവ രണ്ടിനെയും സമീകരിച്ച ലേഖകൻ അക്ഷന്തവ്യമായ ഒരു ആശയ വ്യഭിചാരത്തെ അഴിച്ചുവിട്ടിരിക്കുകയാണു്. ഇതുകൊണ്ടു് ആക്കാണു പ്രയോജനം? വെള്ളം കലക്കിയാൽ മീൻ പിടിക്കാൻ സൌകര്യമാണുപോൽ!

മാർക്സിന്റെയും ലെനിന്റെയും, പൊതുവിൽ പ്പറഞ്ഞാൽ കമ്മ്യൂണിസത്തിന്റെ എഴുത്തുകളിൽനിന്നു എടുത്ത പദമാണു് വ്യക്തിപ്രാഭവസിദ്ധാന്തം. (Cult of the individual.) ഇതും പ്രതിഭയും (Genius) ഒന്നല്ല, ഒന്നിനെട്ടിൽ വിടർന്നവയുമല്ല. രാഷ്ട്രീയാധികാര പ്രാബല്യം നിമിത്തം ഒരു വ്യക്തി മറ്റുള്ളവരെ താഴ്ത്തുകയും സ്വേച്ഛാചാരിയായി മാറുകയും ചെയ്യുന്നതിനെയാണു വ്യക്തിപ്രാഭവസിദ്ധാന്തം സൂചിപ്പിക്കുന്നതു്. ജോസഫ് സ്റ്റാലിൻ ക്രുഷ്ചേവ് മുതലായ അനന്തരഗാമികളാൽ ആക്ഷേപിക്കപ്പെട്ടതു ഈ സ്വേച്ഛാധികാര പ്രചാരം മുൻനിർത്തിയാണല്ലോ. സ്റ്റാലിനു് ആന്തരമായ നേതൃവൈഭവം ഉണ്ടായിരുന്നതിനെയല്ല അവർ എതിർത്തതു. അതു എതിർക്കപ്പെടേണ്ടതല്ല, വാഴ്ത്തപ്പെടേണ്ടതാണു്. അവർ എതിർത്തതു സ്റ്റാലിന്റെ സ്വേച്ഛാപ്രഭുത്വത്തെ (Despotism) ആണു്. പഴയൊരു വാക്കായ സ്വേച്ഛാപ്രഭുത്വത്തിന്നു കമ്മ്യൂണിസ്റ്റും നേതാക്കൾ കൊടുത്ത പുതിയൊരു പേരുമാത്രമാണു വ്യക്തിപ്രാഭവം.

ആ പഴയ സ്വേച്ഛാപ്രഭുത്വമാണു് പ്രതിഭയെന്നു ആക്ഷേപമുയർത്തുകയല്ല സാമ്പ്രതം—അയാൾ എത്ര അജ്ഞനാവട്ടെ! എന്നാൽ അതിന്നു വ്യക്തിപ്രാഭവം എന്ന പുതിയ പേരും കല്പിച്ചുപ്പോൾ, പ്രതിഭയും അതും ഒന്നാണെന്നു സമർത്ഥിക്കാൻ വളരെ എളുപ്പമായി. ആശയവ്യഭിചാരത്തിന്റെ ശൃംഖല നീണ്ടുനീണ്ടു പോകുന്നതിന്റെ ചിത്രം നോക്കുക. "ഗ്രന്ഥം മൂന്നു പകർത്തുമ്പോൾ മൂഢത്തം മുക്തമായിട്ടും." എന്നു പറഞ്ഞമട്ടിൽ, രാഷ്ട്രീയരംഗത്തിലെ സ്വേച്ഛാപ്രഭുത്വം കലാലോകത്തിലെ പ്രതിഭയാണെന്നുവന്നിരിക്കുന്നു. ശാന്തം പാപം!

എന്താണു് പ്രതിഭ?

ആ മാർക്സിസ്റ്റു ലഘുലേഖയിൽ, 'ചീത്തപ്പേരു' കൊടുത്തതിനുശേഷം 'നായയെ തൂക്കിക്കൊല്ലുക' എന്ന നയം നിപുണമായി അനുവർത്തിച്ചിട്ടുണ്ടു്. പാവനമായ പ്രതിഭ മഹീമസമായ സ്വേച്ഛാചാരിത്വമാണെന്നു വരുത്തിത്തീർക്കുന്ന ഒരു ചീത്തപ്പേരു അതിനിട്ടശേഷം, ലഘുലേഖാകാരൻ തുനിയുന്നതു് പ്രതിഭയെ തൂക്കിലേറുവാനാണു്. പ്രാചീനസാഹിത്യവിമർശകന്മാർ വിവരിച്ച രീതിയിൽ പ്രതിഭയെന്നൊന്നില്ലെന്നും അതു—പ്രതിഭ അഥവാ വ്യക്തിപ്രാഭവം — ഭൌതികപദാർത്ഥങ്ങളുടെ പരസ്പരബന്ധത്തിൽനിന്നുളവാകുന്നതും സമുദായബന്ധങ്ങളാൽ നിർണ്ണയിക്കപ്പെടുന്നതും ആണെന്നും വാദിക്കപ്പെട്ടിരിക്കുന്നു.

അശാസ്ത്രീയവും കേട്ടകേട്ട ശ്രവണദുസ്സഹമായിത്തീർന്നതുമായ ഈ വാദത്തിന്നു് എത്രയോ പ്രാവശ്യം മറുപടി പറയുകയുണ്ടായി. ഇനിയും പറയേണ്ടിവരുമായിരിക്കും. അതിനുമുമ്പു് ഈ വാദത്തിന്റെ അടിസ്ഥാനം ഒന്നു പരിശോധിക്കുന്നതു നന്നായിരിക്കും. പ്രതിഭയെന്നതു് ഒരു പ്രത്യേകതരം നാഡീഘടനയാണെന്നു ചിലർ പറയുന്നു. ഇതു ശരിയാണെന്നു തന്നെ വെക്കുക. എന്നാൽ ഈ നാഡീഘടന ഒരു വ്യക്തിയിൽ ഉണ്ടാകുന്നതിനു് അയാളുടെ പൂർവ്വികന്മാരുടെ ജീവിതം കാരണമാണെന്നു പറയുന്നതു് ഒരു ശാസ്ത്രീയ സത്യമാണു്. ഈ പൂർവ്വികന്മാരുടെ ജീവിതത്തിന്റെ ഫലമായി ഒരു വ്യക്തിയിൽ ഉണ്ടാകുന്ന നാഡീഘടനയുടെ പ്രത്യേകത അയാളുടെ ജീവിതത്തിൽ പ്രകടമാകുന്നതിനു് അയാൾ ജീവിക്കുന്ന സമൂഹത്തിന്റെ ഘടന കാരണമാകുന്നു. ഈ സമൂഹഘടനയുടെ ഫലമായി ഒരു വ്യക്തിയിൽ ഉണ്ടാകുന്ന പ്രത്യേകതകൾ

ണ്ടായിട്ടുണ്ട്. ബുദ്ധിയും ബുദ്ധിയുടെ പ്രകാശഭേദങ്ങളായ പ്രതിഭയുടെങ്ങിയഉപപ്രശക്തികളും ഭൌതികാണ്മക്കളുടെ അന്യോന്യസംയോഗത്തിൽ നിന്നുണ്ടാവുന്നതാണോ? 'എലക്ട്രോണിക്സ് ബ്രെയിൻ' കണ്ടുപിടിക്കപ്പെട്ട ഈ കാലത്തുപോലും, മനുഷ്യബുദ്ധി ഭൌതികാണ സംയോഗം മൂലം ഉണ്ടാവുന്നതാണോ എന്നും ഉണ്ടാവുന്നുണ്ടെങ്കിൽ അതെങ്ങിനെയാണെന്നും ശാസ്ത്രജ്ഞന്മാർ തീരുമാനിച്ചിട്ടില്ല. ഡോ: അലെക്സിസ് കാറൽ, കെന്നത്ത് വാക്കർ തുടങ്ങിയവരുടെ ശാസ്ത്രീയോപന്യാസങ്ങളിൽനിന്നു് ഈ വസ്തുത വ്യക്തമായി ഗ്രഹിക്കാം, പത്തൊമ്പതാം നൂറ്റാണ്ടിൽ ഇതിനെപ്പറ്റി മാർക്സ് പറഞ്ഞിട്ടുണ്ടെന്നു കരുതുന്നവർ ഭ്രാന്തമായ ഏതോ ലോകത്തിൽ ജീവിക്കുകയാണു്. ഈ മാർക്സ്ന്റെ ലേഖനത്തിലും, ബുദ്ധി ഭൌതികാണസംയോഗഫലമാണെന്നു തിട്ടപ്പെടുത്തിപ്പറഞ്ഞു കാണുന്നു.

ഒന്നും തിട്ടപ്പെടുത്തിപ്പറയാനാവാത്ത കാലത്തോളം, പ്രതിഭ ദൈവദത്തമെന്നോ പ്രകൃതിസഹജമെന്നോ ശാസ്ത്രീയ ഗവേഷണനാതീതമായ ആദ്ധ്യാത്മിക ശക്തിയെന്നോ സങ്കല്പിക്കപ്പെട്ടുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. കോൾറിഡ്ജിനെപ്പോലുള്ള പാശ്ചാത്യ വിമർശകരും മമ്മടനെപ്പോലുള്ള ഭാരതീയാലങ്കാരികന്മാരും, പ്രതിഭയെ ഈ നിലക്കാണു് നോക്കിക്കണ്ടതു്. മാർക്സിസ്റ്റു–ലെനിസ്റ്റു – സ്റ്റാലിനിസ്റ്റു ഗ്രന്ഥമഹാപ്രപഞ്ചത്തിലെ എല്ലാ വാക്യങ്ങളും ഒത്തുചേർന്നതിരുന്നാലും, ഇന്നത്തെ നിലയ്ക്കു് അവരുടെ അഭിപ്രായങ്ങളെ തകർക്കുക ശക്യമല്ലെന്നു താല്പര്യം.

പ്രതിഭയും സമുദായവും

ഈ അജ്ഞാത പ്രഭമായ പ്രതിഭ തികച്ചും വ്യക്തിഗതമായ ഒരു കഴിവാണു്. സമൂഹത്തിനു് അതിന്റെ ഉല്പത്തിയിൽ ഒന്നും ചെയ്യാനില്ല: ഉണ്ടെന്നു് സ്ഥാപിക്കുവാൻ ലഘുലേഖാകർത്താവു വളരെ കഷ്ടപ്പെട്ടിട്ടുണ്ടു്–മാർക്സ് എത്ര കഷ്ടപ്പെട്ടുവോ അത്രതന്നെ എന്നു പറയാം. പ്രതിഭയുടെ സമുദായപ്രഭവവാദത്തിനു ഒട്ടും അടിത്തറയില്ല ഒരേ സമുദായ പരിതഃസ്ഥിതി ഉൾക്കൊള്ളുന്ന കലാകാരന്മാർ അതിവിഭിന്നമായ പ്രതിഭാശക്തിയുള്ളവരായിട്ടു് കാണപ്പെട്ടുന്നുണ്ടു്. മഹാകവി കുമാരനാശാന്റെ കാലത്തു തുല്യമായ സാമൂഹ്യാവസ്ഥയിൽനിന്നുകൊണ്ടു കവിതരചിച്ച എത്രയോ പേരുണ്ടായിരുന്നു. അവരാരുമെന്തേ ആശാനൊപ്പം ഉയരാഞ്ഞതു്? സമുദായ വലയമാണു് പ്രതിഭയ്ക്കു് നിഷ്കൃഷ്ടമായകമെങ്കിൽ ചുരുങ്ങിയതു് ഒരു ഡസൻ ആശാന്മാരെങ്കിലും അന്നു് നമുക്കുണ്ടാകണമായിരുന്നു. ഉണ്ടായില്ല. എന്തുകൊണ്ടു്? അവരുടെ നൈസർഗ്ഗികമായ ശക്തിയിലുള്ള ഊനാതിരേകവ്യത്യാസംകൊണ്ടുതന്നെ.

ഇതേപോലെ വള്ളത്തോളിന്റെയും ശങ്കരക്കുറുപ്പിന്റെയും ചങ്ങമ്പുഴയുടെയും സാഹിത്യ ജീവിതങ്ങളെ പഠിച്ചാൽ വ്യക്തിശക്തിയുടെ വ്യത്യാസം സമുദായപരിധിയെ അതിവർത്തിച്ചുകൊണ്ടു് സാഹിത്യകാരന്മാരിൽ പ്രവർത്തിക്കുന്നുവെന്നു് മനസ്സിലാക്കാം.

പ്രതിഭയുടെ ഉദ്ഭവത്തിന്റെ കാര്യത്തിൽ സമുദായാവസ്ഥയ്ക്കു് ഒട്ടും സ്ഥാന

സന്ദർശിക്കുക !!

കോറണേഷൻ ഹോട്ടൽ

PHONE NO: 751.

ബോർഡിംഗ് & ലോഡ്ജിംഗ്.

കോറണേഷൻ ലോഡ്ജിംഗ്

PHONE NO: 751 A.

മൊയ്തീൻപള്ളി റോഡ്, കോഴിക്കോട്.

പ്രൊപ്രൈറർ;

പി. ഗോപാലൻ.

മില്ലെന്നാണ് ഇത്രത്തോളം പറഞ്ഞു വന്നതു്. ഇതിനർത്ഥം, പ്രതിഭാശാലിയായ കലാകാരനെ സമുദായാവസ്ഥ ഒരു തരത്തിലും പ്രേരിപ്പിക്കുന്നില്ലെന്നല്ല. പക്ഷെ, ഈ പ്രേരണ പ്രതിഭയുടെ ഉത്ഭവത്തിനുശേഷമുണ്ടാവുന്ന പരിണാമമാണു്. അതിനാൽ സമുദായ പ്രേരണയെ ഔല്പത്തിക പ്രേരണയായി കണക്കാക്കുവാൻ പാടില്ല. പ്രസ്തുത ലഘുലേഖയിൽ ഈ തെറ്റു് വളരെയേറെ കടന്നുകൂടിയിട്ടുണ്ടു്.

കാറടിക്കുന്ന ഒരു പുൽമൈതാനത്തിൽവെച്ചു് നിങ്ങൾ ഒരമ്പു് എയ്യുവെന്നു് കരുതുക. കാറിന്റെ ഊക്കുകൊണ്ടു് അമ്പിന്റെ ഗതി മാറിയെന്നുവരാം. അതിനാൽ കാറാണു് അമ്പിനെ ചലിപ്പിക്കുന്നതെന്നു് ആരും വാദിക്കാറില്ല. അമ്പു് മുന്നോട്ടു പറക്കുന്നതു് വില്ലുകുലച്ച മനുഷ്യഹസ്തത്തിന്റെ ശക്തിമൂലമാണു്. മാറ്റു് മദ്ധ്യത്തിൽ അതു് കാറിന്റെ ശക്തിയുടെ അല്പം വിധേയമായെന്നു മാത്രം ഈ ദൃഷ്ടാന്തം കവിതാഹേതുവായ പ്രതിഭയെപ്പറ്റി ചർച്ചചെയ്യുമ്പോൾ ഓർക്കാം. ഒരു അദൃശ്യഹസ്തത്തിന്റെ പ്രക്ഷേപശക്തി നിമിത്തം ചില വ്യക്തികൾക്കു് അസാമാന്യമായ കാവ്യരചനാവൈഭവം ജന്മായത്തമായിത്തീരുന്നു. എങ്കിലും ചുറ്റുപാടുമുള്ള സമുദായത്തിന്റെ സമ്പർദ്ദംമൂലം അവരുടെ കവിതകൾ ചില സവിശേഷ സ്വഭാവം കൈക്കൊണ്ടുപോകുന്നു. ആശാനും വള്ളത്തോളും, ഉഞ്ചത്തെഴുത്തച്ഛന്റെ കാലത്തു ജനിച്ചാലും മഹാകവികളായിരിക്കും. അവരുടെ ഈ മഹാകവിതത്തെ നിലനിർത്തുന്ന അംശമാണു് അവരുടെ പ്രതിഭ. പക്ഷെ അക്കാലത്തു് ആശാൻ ഖണ്ഡകാവ്യങ്ങളോ വള്ളത്തോൾ ഭാവഗീതങ്ങളോ എഴുതുമെന്നു് കരുതിക്കൂടാ. വ്യത്യാസത്തെ ഉളവാക്കുന്ന അംശം അന്നത്തെ സാമൂഹ്യപരിതഃസ്ഥിതിയുടെ വ്യത്യാസവുമാണു്

സമുദായ പര്യന്താവസ്ഥകൾ പ്രതിഭയെ സൃഷ്ടിക്കുന്നു എന്നു് സമർത്ഥിക്കാനുള്ള വെമ്പലിൽ, നമ്മുടെ ലഘുലേഖയിൽ പല കുസൃതിച്ചോദ്യങ്ങളും ചോദിച്ചിട്ടുണ്ടു്—ഗാന്ധിജിയും നെഹറുവും ഇന്ത്യയിലും, ലെനിനും സ്റ്റാലിനും റഷ്യയിലും ജനിക്കുന്നതിനു പകരം മറിച്ചാണു നടന്നിരുന്നതെങ്കിൽ സോഷ്യലിസ്റ്റു് വിപ്ലവം ഇന്ത്യയിലും സത്യാഗ്രഹപ്രസ്ഥാനം റഷ്യയിലും നടക്കുമായിരുന്നുവോ എന്നാണു് ഒരു ചോദ്യം. നടക്കില്ലെന്നു ഉത്തരം പറയാൻ മടിക്കേണ്ടതില്ല. പക്ഷെ, റഷ്യയിൽ ഗാന്ധിജിയും നെഹറുവും ജനിച്ചിരുന്നുവെങ്കിൽ അതിമഹത്തായ എന്തെങ്കിലും സമുദായോദ്ധാരണ പ്രസ്ഥാനങ്ങളെ അവർ അവിടെ നയിക്കാതിരിക്കുമായിരുന്നില്ല എന്നു പറയാനും മടിക്കേണ്ടതില്ല. ലെനിനും സ്റ്റാലിനും ഇന്ത്യയിൽ ജനിച്ചിരുന്നുവെങ്കിലും അവർ വിപ്ലവപ്രസ്ഥാനങ്ങളിലേതിന്റെയെങ്കിലും നേതാക്കളാകുമായിരുന്നു. അവരുടെ ബാഹ്യപ്രവൃത്തികൾ മാറുവാൻ സമുദായ വിഭിന്നതകൾ കാരണമെങ്കിലും അവരുടെ ആന്തരസ്വഭാവത്തെ സ്ഥിരമായി നിർത്തുവാൻ അവരുടെ പ്രതിഭ കാരണമാകുന്നു.

സി. വി. രാമനെപ്പറ്റിയും ഒരുബാലിശമായ ചോദ്യമുണ്ടു്; അദ്ദേഹം അഞ്ചോ പത്തോ നൂറ്റാണ്ടുകൾക്കു മുമ്പു് ജനിച്ചിരുന്നുവെങ്കിൽ 'രാമൻ ഇഫക്ടു്' കണ്ടുപിടിക്കപ്പെട്ടതായിരുന്നോ എന്നു്. ഇല്ലെന്നതത്രെ ഉത്തരം. പക്ഷേ സി. വി. രാമന്റെ ബുദ്ധി വൈഭവവും ഗവേഷണ ചാതുര്യവും ഉള്ള ഒരു മഹാൻ ഏതു കാലത്തു പിറന്നാലും, മനുഷ്യസമുദായം എന്നും

Use finest quality goods only and never regret your choice

Remember

THE STANDARD TILE & CLAY WORKS PRIVATE LTD.

FEROKE ✕ S. MALABAR.

Manufacturers of POUND MARK Terracotta Goods such as: Roofing Tiles, Ridges, Ceilings, Terrace Ceilings. 9" × 9" Floorings, Skylights, Ventilators, Ornamental Goods, Busts, etc.

and who now offer for the first time their latest products: Superior 6" × 6" Floorings, Glazed Roofing Tiles and SURKI POWDER—a satisfactory substitute for cement at "give away" prices.

Apply now

സ്പരിക്കുന്ന എന്തെങ്കിലും അത്ഭുതതത്വം അയാൾ കണ്ടുപിടിക്കുകതന്നെ ചെയ്യും.

കലാകാരന്മാർ പ്രതിഭയെപ്പറ്റി

തങ്ങളുടെ പണിപ്പുരയിലേയ്ക്ക് പല പ്പോഴും അമ്പരപ്പോടെയും ആശ്ചര്യത്തോടേയും, നോക്കിയ ലോകത്തിലെ മഹാന്മാരായ കലാകാരന്മാർ, അവിടെ ആ വിദ്യ പദവിയാൻകൊണ്ടിരിക്കുന്ന പ്രതിഭയെക്കുറിച്ചു വർണ്ണിച്ചിട്ടുണ്ട്. കവികളും നോവലെഴുത്തുകാരും ഗായകന്മാരും ചിത്രകാരന്മാരും എല്ലാം അതിൽപ്പെട്ടും.

ഷെല്ലി പ്രതിഭയെ തന്റെ ഒരു ഗദ്യ ഗ്രന്ഥത്തിൽ സമുദ്ര തരംഗങ്ങളെ സഞ്ചലിപ്പിക്കുന്ന ഒരു സമീരണനോടും ഒരു പദ്യകൃതിയിൽ പെട്ടെന്നു ഭൂമിയിൽ നിപതിക്കുന്ന ഒരു നിഴലിനോടും ഉപമിച്ചിട്ടുണ്ട്. വിശ്വമഹാകവിയായ ഗെഥെ പ്രതിഭയുടെ അനിവാര്യമായ കവന പ്രചോദനത്തെപ്പറ്റി പാടിയിട്ടുണ്ട്. നോവലെഴുത്തുകാരായ ഫ്ളാബർട്ടും ഇതേരീതിയിൽ എഴുതിയ ആളാണ്. ബീത്തോവനും മൊസാർട്ടും ഗായകന്മാരുടെ പ്രതിഭാസ്വഭാവത്തെ വിവരിച്ചു തന്നിരിക്കുന്നു. കോൾറിഡ്ജ് പ്രതിഭയിൽ അന്തർഭവിച്ചിരിക്കുന്ന വിശ്വസിക്കുന്നുണ്ടെന്നു അദ്ദേഹത്തിന്റെ ജീവചരിത്രകൃതി (Biographia Literaria) തെളിവുതരുന്നുണ്ട്. ഭാരതീയാലങ്കാരികന്മാർക്ക് പ്രതിഭ 'നൈസർഗ്ഗികി'യും 'നവനവോന്മേഷശാലിനി'യുമാണ്.

ഇപ്രകാരം അന്തർദർശന ചതുരന്മാരായ കലാകാരന്മാർ മുഴുക്കെ ആരാധിച്ചുപോരുന്ന പ്രതിഭ വെറുമൊരു മൂഗതൃഷ്ണയാണെന്നു പറയുന്ന രാഷ്ട്രീയ സിദ്ധാന്തജന്യമായ ആന്ധ്യം ബാധിച്ച എഴുത്തുകാരുടെ ആശയങ്ങളെ, സാഹിത്യപ്രേമികൾ സൂക്ഷിച്ചെതിർക്കേണ്ടിയിരിക്കുന്നു. പക്ഷെ അവക്കുപോലും അനിഷേധ്യമാണു പ്രതിഭയുടെ പ്രഭാപ്രസരമെന്നു ചിലപ്പോൾ തെളിയാതെയുമില്ല. ഉദാഹരണത്തിനു, പ്രസ്തുത ലഘുലേഖാകർത്താവുതന്നെ പ്രതിഭയുടെ ഉണ്മയെപ്പറ്റി ഇത്രത്തോളം പറഞ്ഞുപോയിരിക്കുന്നു. 'ഓരോ വ്യക്തിക്കും അയാളുടേതായ സവിശേഷതകളുണ്ടെന്നകാര്യം മാർക്സിസം–ലെനിനിസം നിഷേധിക്കുന്നില്ല. ഈ സവിശേഷതകളാണ് കലാകാരന്മാരേയും ശാസ്ത്രകാരന്മാരേയും തത്വജ്ഞാനികളേയും രാജ്യതന്ത്രജ്ഞന്മാരേയും പടനായകന്മാരേയുമെല്ലാം മഹാന്മാരായ ചരിത്ര പുരുഷന്മാരാക്കുന്നതെന്ന കാര്യത്തിലും സംശയമില്ല. ഇത്തരം ചരിത്ര പുരുഷന്മാരുടെ ജീവിതവും പ്രവർത്തനവും ചരിത്രത്തിന്റെ ഗതിയെ ഒരുതിരിച്ചിവരെ ബാധിക്കുമെന്ന വാസ്തവവും അനിഷേധ്യമാണ്.'

എല്ലാം അനിഷേധ്യമാണ്! പക്ഷെ ഈ ഖണ്ഡികയുടെ മുമ്പിലും പിന്നിലുമുള്ള എല്ലാ ഖണ്ഡികകളെക്കാണ്ടും ലേഖകൻ ചെയ്തിരിക്കുന്നതു: ഈ അനിഷേധ്യവാസ്തവങ്ങളെ നിഷേധിക്കുക മാത്രമാണു. ഉള്ളൂർ പാടിയതുപോലെ.

"താരങ്ങൾപോലും വഴിമാറുവോര–
ച്ചണ്ഡാംശുവിൻ ഗോപ്രസരം മറയ്ക്കുവാൻ,
പരസ്സഹസ്രം സുഷിരം കലർന്ന
പടച്ചരം, ഹന്ത, ഭവാൻ പിടിപ്പൂ!"

WHILE AT KOZHIKODE *STAY AT*

PARAGON

For

Homely Comforts and Delicious Dishes—Biriyani, (Chicken&Mutton) Ghee Rice etc., etc.

We undertake Catering at Moderate rates.

Your Satisfaction our motto.

Managed by

PARAGON BAKING CO.,

CATERERS, CONFECTIONERS & RESTAURATEURS

KOZHIKODE-1.

അടിസ്ഥാന വിദ്യാഭ്യാസമോ?

കേരളത്തിന്റെ വിദ്യാഭ്യാസ പുനഃസംവിധാനത്തെക്കുറിച്ച് കമ്മ്യൂണിസ്റ്റ് ഗവമ്മേണ്ടു് അതിന്റെ നയ പ്രഖ്യാപനത്തിൽ സൂചന നൽകിയിരിക്കുന്നു. അടിസ്ഥാന വിദ്യാഭ്യാസരീതി നടപ്പിലാക്കുവാനാണു് ഉദ്ദേശിക്കുന്നതെന്നു് ആ പ്രഖ്യാപനത്തിൽ പറയുന്നു. അടിസ്ഥാനവിദ്യാഭ്യാസപ്രസ്ഥാനത്തിന്റെ ഒരു ആരാധകനായ ഈ ലേഖകൻ ആ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു, പക്ഷെ അതോടൊപ്പം പൊങ്ങിവരുന്ന ചില ആശങ്കകൾ കൂടി പൊതുജനങ്ങളുടെ മുമ്പിൽ സമർപ്പിക്കേണ്ടതു് ഒരു കർത്തവ്യമായി തോന്നുകയാലാണു് ഈ ചെറുകുറിപ്പെഴുതുന്നതു്.

ഇന്നത്തെ വിദ്യാഭ്യാസരീതി ഒരു സാമ്രാജ്യത്വ ഭരണത്തിന്റെ സൃഷ്ടിയാണു്. അതു് മാറിയേ തീരു എന്നു് ഏകകണ്ഠമായ അഭിപ്രായം ഇന്ത്യയിൽ മുഴങ്ങിക്കേട്ടിരുന്നു. മാറുന്നതു് ഏതു് രൂപത്തിലായിരിക്കണം എന്ന കാര്യത്തിലാവട്ടെ ഭിന്നവും അവ്യക്തവുമായ അഭിപ്രായങ്ങൾ മാത്രമെ പലർക്കുമുണ്ടായിരുന്നുള്ളു. പകരം എന്തുവേണമെന്നതിൽ പലർക്കും പിടിയുണ്ടായിരുന്നില്ല. ഇങ്ങനെയൊക്കെ അങ്ങു തുടർന്നാൽ മതി എന്നതന്നെ, വിമർശകരിൽ പലരും സമ്മതിച്ചു.

പക്ഷെ ഗാന്ധിജി മാത്രം ആ സമീപനം സ്വീകരിച്ചില്ല. ഒരു നവീന വിദ്യാഭ്യാസ പദ്ധതിയുടെ കരടുരൂപം അദ്ദേഹം രാഷ്ട്രത്തിനു സമർപ്പിക്കുകയും അതേക്കുറിച്ചു പഠനം നടത്തി ഒരു റിപ്പോർട്ടുണ്ടാക്കുവാൻ ഡോ. സക്കീർ ഹുസ്സയിനിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി നിശ്ചയിക്കുകയും അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ അടിത്തറയായിത്തീർന്ന ഒരു സുപ്രധാനമായ റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു.

അതിനു് ധാരാളം വിമർശകരുണ്ടായിരുന്നുവെന്നതു നേരുതന്നെ. പക്ഷെ ആ വിമർശനങ്ങളെല്ലാംതന്നെ ആ പദ്ധതിയുടെ അപര്യാപ്തതയെ വെളിപ്പെടുത്തുന്ന നിഷേധാത്മകമായ സമീപനങ്ങളായിരുന്നു. അവക്കൊന്നും കൂടുതൽ സ്വീകാര്യമായ മറെറാന്നു് രാഷ്ട്രത്തിനു് നൽകുവാനുണ്ടായിരുന്നില്ല.

നമ്മുടെ സാമൂഹ്യ ജീവിതവുമായി പൊരുത്തപ്പെടുന്ന വിദ്യാഭ്യാസ പദ്ധതിക്കുമാത്രമേ നാട്ടിന്റെ മണ്ണിൽ വേരോടിവളരുവാൻ സാധിക്കയുള്ളുവെന്നു് ആ റിപ്പോർട്ടു് വിളംബരം ചെയ്തു. പാശ്ചാത്യവിദ്യാഭ്യാസരീതി അതേപടി സ്വീകരിക്കാൻ ഭാരതത്തിനു വിഷമമുണ്ടു്. കാരണം അവിടത്തേതിൽ നിന്നു് ഭിന്നമാണു് കേരളം, നമ്മുടേതു് ഒരു ഗ്രാമീണകേരളമാണു്. നഗരങ്ങളും വൻകിടവ്യവസായങ്ങളും നമുക്കില്ല. അപ്പോൾ ഗ്രാമീണഭാരതത്തിന്റെ സാഹചര്യങ്ങൾക്കും പ്രവണതകൾക്കും ഗ്രാമത്തിലെ വിദ്യാഭ്യാസരീതിയിൽ കേന്ദ്രസ്ഥാനം ലഭിച്ചേതീരു.

തായാട്ടു് ശങ്കരൻ ബി. എ.

അതായതു്, നമ്മുടെ നാട്ടിൻപുറത്തുള്ള ബഹുഭൂരിപക്ഷവും കൃഷിയോ മറ്റേതെങ്കിലും കൈത്തൊഴിലൊ ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നവരാണു്. അവക്കു നൽകുന്ന ഇന്നത്തെ വിദ്യാഭ്യാസമാകട്ടെ ഭാവിജീവിതത്തിനു മുഴുവൻ കേന്ദ്രമായി നില്ക്കുന്ന ആ അടിസ്ഥാന ജോലിയെ വിഗണിക്കുന്നു. ഗ്രാമജീവിതത്തിൽ നിന്നു ഭിന്നവും കൃത്രിമവുമായ ഒരു സാഹചര്യമാണു് വിദ്യാലയത്തിനുള്ളതു്. ഒരു അഭ്യസ്തവിദ്യനു് ഗ്രാമജീവിതത്തിൽ തന്റെ പാഠിപ്പു് ഉപയോഗപ്പെടുത്താവുന്ന ഒരു രംഗമില്ല. പാഠിപ്പു് എത്ര മാത്രം അധികമാകുന്നുവോ ഗ്രാമജീവിതത്തിൽ നിന്നു് അത്രമാത്രം അദ്ദേഹം ബഹിഷ്കൃതനാകുന്നു. അതിനു് പരിഹാരമെന്ന നിലയിൽ, ഗാന്ധിജിയും അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ആസൂത്രകന്മാരും നിർദ്ദേശിച്ചതു്. വിദ്യാഭ്യാസത്തിന്റെ കേന്ദ്രമായി അതതു ഗ്രാമത്തിലെ എതെങ്കിലും കൈത്തൊഴിലിനെ സ്വീകരിക്കണമെന്നാണു്. മറ്റു വിഷയങ്ങൾ കേന്ദ്രത്തോടു് ഘടിപ്പിക്കാം. അങ്ങനെ, വിദ്യാലയത്തിൽ ഒരു പത്തോ പതിനേഴോ വർഷം ചിലവഴിച്ചു പുറത്തുവരുന്ന ഒരുവനു സ്വന്തമായി ഒരു ജോലിയിലേർപ്പെട്ടു സ്വന്തം നാട്ടിൽപുറത്തുതന്നെ കഴിയാൻ സാധിക്കുന്നു.

കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടു് അടിസ്ഥാനവിദ്യാഭ്യാസം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്നു പറയുമ്പോൾ ഈ ലക്ഷ്യം അവക്കു് സ്വീകാര്യമാണൊ എന്നു് വ്യക്തമാക്കേണ്ടതുണ്ടു്.

ഓരോ സാമൂഹ്യഘടനയ്ക്കും അതിന്റേതായ വിദ്യാഭ്യാസരീതിയുണ്ടാകും. ഒരു ഏകാധിപത്യ ഭരണകൂടത്തിന്റെ വിദ്യാഭ്യാസരീതി ജനാധിപത്യഭരണകൂടത്തിന്റെതിൽ നിന്നു് ഭിന്നമായിരിക്കും. ഒരു കോളനിയിലും അധീശരാജ്യത്തിലും ഒരേ വിദ്യാഭ്യാസരീതി നടപ്പിലാക്കുകയില്ല. അതുപോലെതന്നെ ഒരു വ്യാവസായികരാജ്യത്തിലും കാർഷികരാജ്യത്തിലും ഒരേവിദ്യാഭ്യാസതത്വങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കുന്നതു് വിഡ്ഢിത്തമായിരിക്കും.

ഗാന്ധിജിയുടെ പരിപാടികൾ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ഒരു പ്രധാനപ്പെട്ട വസ്തുത ഓർക്കേണ്ടതുണ്ടു്, ആ പരിപാടികൾ പരസ്പരം ബന്ധപ്പെട്ടവയാണു്. ഒന്നിന്റെ അഭാവത്തിൽ മറെറാന്നിനു് നിലനില്ക്കുക സാദ്ധ്യമല്ല. പലപുസ്തകത്തിന്റെ ഏടുകൾ അവിടെനിന്നും ഇവിടെനിന്നും പെറുക്കിയെടുത്തു് തുന്നിക്കൂട്ടിയാൽ ഒരു പുതിയ പുസ്തകമാവില്ല. വിഷയത്തിന്റെ തുടർച്ച അതിലുണ്ടാവില്ല. ഏതെങ്കിലും ഒരാശയത്തിന്റെ പൂർണ്ണമായ സംവേദനം അതിനു് സാദ്ധ്യമാവില്ല. പുസ്തകമെന്ന പേർ വഹിക്കുന്ന ഒരു വിലക്ഷ

ണ്സൃഷ്ടിയെന്നേ അതിനെപറഞ്ഞുകൂടൂ. ഗാന്ധിജി ഒരു പ്രത്യേകതരം സാമൂഹ്യ സംഘടനയെ സ്വപ്നം കണ്ടിട്ടുണ്ട്. ആ സ്വപ്നത്തിന്റെ സാക്ഷാല്ക്കാരത്തിനുള്ള വിവിധ ഘടകങ്ങളിലൊന്ന് മാത്രമാണ് അടിസ്ഥാനവിദ്യാഭ്യാസം. ഗ്രാമത്തെ കേന്ദ്രമാക്കിക്കൊണ്ടുള്ള ഒരു സാമ്പത്തികഘടനയാണ് മഹാത്മജിയുടെ ഭാവനയിലുണ്ടായിരുന്നത്. അവിടെ ഗ്രാമീണർ പ്രാദേശികമായ കഴിവുകളെ ഉപയോഗപ്പെടുത്തി ചെറുതരം ഗ്രാമവ്യവസായങ്ങൾ വളർത്തുകയും അവയെ ആശ്രയിച്ച് പുലരുകയും ചെയ്യും. അതിനുള്ള പരിശീലനം വിദ്യാലയത്തിൽ നിന്ന് ലഭിക്കണം. ഈ സാമൂഹ്യസങ്കല്പം സ്വീകാര്യമല്ലെങ്കിൽ അടിസ്ഥാനവിദ്യാഭ്യാസം പ്രായോഗികമല്ല. വലിയ നെയ്ത്തുമില്ലുകളും സ്പിന്നിങ്ങ് മില്ലുകളും സ്ഥാപിച്ചുകൊണ്ട് രാജ്യത്തിന്റെ വ്യവസായവല്ക്കരണം സാധിക്കുവാൻ ശ്രമിക്കുകയും ചക്രത്തെ കേന്ദ്രമാക്കി നൂൽക്കൊണ്ട് വിദ്യാഭ്യാസം നടപ്പിലാക്കുകയും ചെയ്യുന്നത് പരസ്പരവിരുദ്ധവും അപ്രായോഗികവുമാണ്. ഗ്രാമവ്യവസായങ്ങൾക്ക് സാമ്പത്തിക ജീവിതത്തിൽ ആധിപത്യം നല്കുന്നതിൽ കേരളാഗവണ്മെണ്ടിനു വിശ്വാസമുണ്ടെങ്കിൽ മാത്രമെ അവർ അടിസ്ഥാനവിദ്യാഭ്യാസം നടപ്പിലാക്കുന്നതിലർത്ഥമുള്ളൂ. ഗ്രാമത്തിൽ സ്ഥാനമില്ലാത്ത തൊഴിൽ ഗ്രാമവിദ്യാലയത്തിന്റെ പഠനകേന്ദ്രമാക്കി സ്വീകരിക്കുന്നത് വിദ്യാഭ്യാസത്തെ കൂടുതൽ കൃത്രിമവും അയഥാർത്ഥവുമാക്കിത്തീർക്കും. ഒരു കേന്ദ്രീകൃതഭരണവ്യവസ്ഥയിൽ അടിസ്ഥാനവിദ്യാഭ്യാസത്തിനു് സ്ഥാനമില്ല. അതുകൊണ്ട് കേരളഗവണ്മെണ്ട് ഈ പ്രശ്നത്തെ ആത്മാർത്ഥതയോടുകൂടെത്തന്നെ സമീപിക്കേണ്ടിയിരിക്കുന്നു. ഒന്നുകിലവരുടെ വ്യവസായനയം അടിസ്ഥാനവിദ്യാഭ്യാസത്തിനു് ഉതകുന്നവിധം വികേന്ദ്രീകരിക്കുക! അല്ലെങ്കിൽ വ്യവസായനയത്തിനുതകുന്ന വിധം വിദ്യാഭ്യാസരീതിയെ പുതുതായി രൂപവിഷ്കരിക്കുക. ഇവ പരസ്പരം ബന്ധമില്ലാത്ത താരണന ഇന്നത്തെ ഭാവം യാഥാർത്ഥ്യത്തിന്നിണങ്ങാത്തതും അസത്യവുമാണ്. അടിസ്ഥാനവിദ്യാഭ്യാസം നിർബ്ബന്ധമായി നടപ്പിലാക്കിക്കൊള്ളണമെന്നു ഈ ലേഖകനു് ശാഠ്യമില്ല. പക്ഷെ കുറെ നിർബ്ബന്ധമാണ്: സാമൂഹ്യജീവിതത്തിലെ രാഷ്ട്രീയ-സാമ്പത്തിക ഘടകങ്ങൾക്ക് പൊരുത്തപ്പെട്ടതാകണം നമ്മുടെ വിദ്യാഭ്യാസത്തിന്റെ ആസൂത്രണം.

—.o.—

ഗദ്യകവിത:

ഏകാന്തതയിൽ

—തോമസ് ചിറക്കടവ്

I

പശ്ചിമ ചക്രവാളം അരുണവർണ്ണമണിഞ്ഞു.
സായംകാലശ്രീയുടെ കവിൾത്തടത്തുടുപ്പ് അനുനിമിഷംവർദ്ധിച്ചുവന്നു.
നോക്കെത്താത്ത ആഴിപ്പരപ്പിൽ
തത്തിത്തുള്ളുന്ന ജലവാഹനങ്ങൾ!
ഗഗനതലത്തിന്റെ വിശാലതയിൽ
വട്ടമിട്ടുന്ന കടൽപ്പറവകൾ!
അഗാധമായ പാരാവാരത്തിന്റെ
അന്തരംഗത്തിൽ
തിങ്ങിവിങ്ങുന്ന ലോലരാഗങ്ങൾ
തരംഗമർമ്മരങ്ങളിലൂടെ കേൾക്കാം.
അനർഘരത്നങ്ങൾ സംവഹിക്കുന്ന
രത്നാകരം!
കൊച്ചോടങ്ങളെ താലോലമാട്ടുന്ന
കല്ലോലക്കൈകളിൽ തഴുകിത്തഴുകിത്തളരുന്നു, തൈത്തെന്നൽ!
അങ്ങനെ ചക്രവാളച്ചെരിവിൽ
സമുദ്രാധരത്തിൽ
ചുട്ടുചുമ്പനങ്ങളർപ്പിക്കുന്ന
ചെമ്മുകിലുകളുരുമ്മി
പകലോൻ ആഴിയുടെ അങ്കതലത്തിലേയ്ക്ക് ഊർന്നിറങ്ങി.
തരംഗപാണികൾ ആ വാത്സല്യത്തുടിപ്പിനെ താലോലിച്ചു.
അനന്തതയിലേയ്ക്ക് നിർന്നിമേഷനായി
നോക്കിയിരിയ്ക്കുന്ന കവി
എന്തൊക്കെയോ മധുര സ്വപ്നങ്ങൾ കണ്ടു.
തിങ്ങിനിറഞ്ഞ ആഹൃദയ ചഷകം തുളുമ്പിപ്പോയി.
ആ ചുണ്ടിണ മന്ത്രിച്ചു.
"അഗാധമായ രത്നാകരത്തിന്റെ ഹൃദയത്തിൽ അനർഘരത്നങ്ങൾ പതിയ്ക്കുന്ന വിശ്വശില്പി,
"അനന്തമായ ആഴിപ്പരപ്പിൽ ചെറുതരംഗങ്ങൾ വാരിനിരത്തുകയും,
"നോക്കെത്താത്ത ചക്രവാളത്തിനുമപ്പുറം,
കല്യാണമേഘങ്ങളിൽ പൊൻചായം പിടിപ്പിയ്ക്കുകയും ചെയ്യുന കലാകാരാ,
"അവിടുന്നു പാടിപ്പറിപ്പിച്ചവയല്ലെ, ചിറകുകളങ്ങൾ അഹോരാത്രം ഉരുവിടുന്ന പുന്നാരപ്പാട്ടുകളുടെയും?"

II

നിരുറം നിരാഴിയ്ക്കുമുകളിൽ തുങ്ങുന്ന ആകാശത്തിന്റെ മേൽക്കൂട്ടിയിൽ ആരോ കരിംചായം പൂശിക്കൊണ്ടിരുന്നു, ആ അപാരതയിൽ സന്ധ്യാശ്രീ പ്രകാശം പരത്തുന്ന പവിഴക്കല്ലുകൾ പതിച്ചു.
കണ്ണു ചിമ്മിച്ചിരിയ്ക്കുന്ന കാന്തിസ്ഫുരണങ്ങൾ!
വെൺതാരകങ്ങൾ!
കോടാനുകോടി അരുണാഭ്രമാലകളിലെ സൌന്ദര്യമെല്ലാംകൂടി കട്ടിപിടിച്ച മുഴുമതി വിശാലാകാശത്തിനു താഴികക്കുടമായി.
ആത്തിരമ്പിയ കല്ലോലജാലങ്ങൾ നുറുനിലാവുണ്ടുറങ്ങി.
അനശ്വരശാന്തി നിറഞ്ഞ ആ ഏകാന്തതയിൽ
പ്രകൃതിസൌന്ദര്യത്തിന്റെ മണിത്തൊട്ടിലിൽ ഇരുന്നു
സത്യോപാസകനായ കവി പാടി.
വിയന്മണ്ഡലത്തിന്റെ വിസ്തൃതിയിൽനിന്നും,
വെണ്മേഘങ്ങളെന്ന പോലെ;
പാരാവാരത്തിന്റെ വിശാലതയിൽ നിന്നും,
തരംഗജാലങ്ങളെന്ന പോലെ,
ഭാവനാവിലോലനായ കലാകാരന്റെ
ഹൃദയവേദിയിൽ നിന്നും കാവ്യതല്ലജങ്ങൾ
ഉടലെടുത്തു.
വികാര സാന്ദ്രീകരണത്തിൽ ഉയിരെടുത്ത മധുരസങ്കല്പങ്ങൾ കവിതയായി ശ്രു

പം പൂണ്ടപ്പോൾ അദ്ദേഹം ഒരു ദേവ
ദൂതനായി മാറി, വിശ്വസൌന്ദര്യത്തി
ന്റെ നിഴൽപ്പാടുകൾ ചൂഴ്ന്ന ഏകാന്ത
തയിൽ,
കാഹളനാദവുമായി വിണ്ണിൽനിന്നു മ
ണ്ണിലേക്കിറങ്ങിവന്ന ഒരു ദേവദൂതൻ!
ആ മൃദുല്സംഗീതത്തിന്റെ കുഞ്ഞല
കൾ അങ്ങങ്ങു ചക്രവാളത്തിനപ്പു
റം കേൾക്കാമായിരുന്നു:

"ഇരുൾ നിറഞ്ഞ രജനിയിൽ, എന്റെ
കൊച്ചുതോണിയേറി ചക്രവാള
ത്തിന്റെ നിശബ്ദതനിറഞ്ഞ
അനിശ്ചിതതപ്പത്തിലേയ്ക്കു
കുതിയ്ക്കുമ്പോൾ, എനിയ്ക്കു മാർഗ്ഗദർശിക
ളായി, നീലവാനത്തിൽ വെള്ളി
നക്ഷത്രങ്ങൾ തൂമിപ്പിടിപ്പിക്കുന്ന
ആശ്വാസദായകാ;

"ആർത്തിരമ്പുന്ന മഹാ സാഗരത്തിന്റെ
തിരമാലകളിൽ, എന്റെ കളിയോ
ടം പാടാടപ്പെട്ടപ്പോൾ, കയ്യുത്തി-
പ്പിടിയ്ക്കാനൊരു പൊങ്ങുതടിയിട്ടു
തരുന്ന, സംരക്ഷകാ;

"കടിഞ്ഞാണില്ലാത്ത സങ്കല്പങ്ങളുടെ
മദിരയാസ്വദിച്ചു് വെളിവില്ലാതെ
പാഞ്ഞുപോവുന്ന എന്നെ,
കൈപിടിച്ചു നേർവഴിയ്ക്കു തിരിയ്ക്കു
ന്ന, പുരോഹിതോത്തമാ,

"വികാരനിർഭരമായ നിമിഷങ്ങളിൽ
ഹൃദയത്തിൽനിന്നുതിരുന്ന ചിന്തകൾ
ക്കു് കവിതയുടെ കമനീയ രൂപമേ
കുന്ന മഹാഗുരോ;

"എന്റെ ദിവ്യസ്വപ്നങ്ങളുടെ കനകാ
കാരമെ;
അവിടത്തെ അപ്രമേയ പ്രഭാവത്തി
നു മുമ്പിൽ ഒരു മുകുളപാണി!

"അനിശ്ചിതതപ്പത്തിന്റെ നൂലാമാല
കളിൽ കുരുങ്ങിക്കിടക്കുന്ന എന്റെ
ഭാവിയുടെ വിധാതാവേ;

"സന്നിശ്ചതയുടെ മാറാലയിൽ കുടുങ്ങു
ന്ന എന്റെ പ്രതീക്ഷകൾക്കു രൂപം
നൽകുന്ന, ആശാകേന്ദ്രമേ;

"അവ്യക്തതയുടെ കനത്ത മൂടൽമഞ്ഞു
ചൂഴ്ന്ന എന്റെ ഹൃദയഭാഷണങ്ങളിൽ,
ചൈതന്യം പ്രസരിപ്പിക്കുന്ന മ
ഹാഭിഷഗ്വരാ;

"കരിംപാറക്കെട്ടുകളിൽ തട്ടിത്തകരുന്ന
എന്റെ ജീവിത നിർഝരിയെ വഴി
തിരിച്ചു് അനശ്വരം പ്രവഹിപ്പിക്കു
ന്ന ഭാവനയുടെ ആരാധനാപാത്രമേ;

"പ്രപഞ്ചമെങ്ങും നിറഞ്ഞുനിൽക്കുന്ന
അവിടത്തെ ചൈതന്യ പ്രകഷ്ടത്തി
ന്റെ ഒരംശമായ എന്റെ അഭിവാ
ദനങ്ങൾ!

"അവിടത്തെ മായാത്ത സുഭഗതയെ,

"അവിടത്തെ രത്നകോടീരങ്ങളുടെ മാ
ഹാത്മ്യത്തെ, അവിടത്തെ പുഞ്ചിരി
പൂനിലാവിന്റെ ശീതള ശാന്തിയെ,
വാഴ്ത്താൻകൊതിക്കുന്ന ഞാൻ, അ
ങ്ങയെ വന്ദിക്കുന്നു.

"മഹോന്നതനായ കലാകാരാ,
അവിടത്തെ ദർശനത്തെപ്പറ്റി ചി
ന്തിയ്ക്കുമ്പോൾതന്നെ എന്റെ ഹൃദയം
തരളതരമാവുന്നു.

"ഉൽക്കണ്ഠയുടെ പാഴ്പൊടിയണി
ഞ്ഞ എന്റെ പ്രതീക്ഷകൾ അവിട
ത്തെ ദർശനമാത്രയിൽ മധുരതരങ്ങളാ
യി മാറുന്നു.

"അവിടത്തെ കാലടിസ്പർശം ശ്രവിയ്ക്കു
മ്പോൾത്തന്നെ എന്റെ ഹൃദയം
വെൺ നിലാവുള്ളുന്ന ആഴിപ്പരപ്പു
പോലെ ആനന്ദം പൂണ്ടയരുകയായി.

"അവിടത്തെ കരവിരുതിന്റെ സാക്ഷ്യ
പത്രങ്ങൾ ഈ വിശ്വമണ്ഡലത്തിലു
ള്ളോളമിങ്ങോളം കാണുമ്പോൾ ഞാ
നറിയാതെ എന്റെ അധരങ്ങൾ അ
വിടത്തെ സ്തുതിയ്ക്കുകയായി.

"ആ അനശ്വര സൌന്ദര്യത്തിന്റെ സ്പു
രണങ്ങൾ ദൂരെ നിന്നുതന്നെ അറിയു
മ്പോൾ ഞാനറിയാതെ എന്റെ വി
ണാതന്ത്രികളിൽനിന്നു് മഞ്ജുള നാദ
ങ്ങൾ പുറപ്പെട്ടുകയാണു്.

"ആ സ്വർഗ്ഗീയ ചൈതന്യ പ്രസരത്തിൽ
ഹൃദയം ഉജ്ജ്വലിയ്ക്കുമ്പോൾ എന്റെ
മുരളീസുഷിരങ്ങളിൽ നിന്നു് മധുര
ഗാനങ്ങൾ ഉയിർക്കൊള്ളുന്നു."

III

"ഞാനൊരുക്കിയിരിക്കുന്നപൂമ്പന്തലിൽ
ബാഹ്യലോകത്തിന്റെ ധൂളീജാ
ലങ്ങൾ വന്നടയുന്നതിനുമുമ്പു് അവി
ടുന്നു് എഴുന്നള്ളുമോ?

"അവിടെ തൂങ്ങുന്ന മലർച്ചെണ്ടുകൾ
വാടിത്തളരുവാൻ അനുവദിയ്ക്കരുതേ.

"ആ രത്നസിംഹാസനത്തിന്റെ സജ്ജീ
കരണത്തിൽ എന്തെല്ലാം കുറവുകൾ
വേണമെങ്കിലും ചൂണ്ടിക്കാണിയ്ക്കുവാനു
ണ്ടാവും. എങ്കിലും എന്റെ ഭക്ത്യാദര
വുകളുടെ ആത്മാർത്ഥതയ്ക്കു മുമ്പിൽ
ചോദ്യചിഹ്നമിടുവാൻ ആരും ആ
വതല്ല.

"ആയിരമായിരം നാഴികകൾ ഞാൻ കു
ണ്ണിമയ്ക്കാതെ കാത്തിരുന്നു.

"എന്റെ പ്രതീക്ഷകളുടെ പുണ്യാകാര
മേ, അവിടുന്നു് ഇങ്ങെത്തുമ്പോഴേ
യ്ക്കും അവിടത്തെ നിസ്സീമമായ മാന
നീയതയുടെ സ്തുതിഗീതങ്ങൾ പൂർണ്ണ
മാക്കാൻ എനിക്കുകഴിയുമോ?"

"എന്റെ ഹൃദയത്തുടിപ്പുകളെങ്കിലും അ
വിടുന്നു് അറിഞ്ഞിരുന്നെങ്കിൽ!

"അവിടത്തെ സന്നിധാനത്തിൽ ഞാൻ
താലോലിയ്ക്കുന്ന ആശയങ്ങൾക്കു രൂ
പമേകാനാവാതെ കുഴങ്ങുമ്പോൾ,

"ഈ ആരാധകനു് ഒരു പിഞ്ചുകുഞ്ഞി
ന്റെ നിഷ്ക്കളങ്കതയോടെ ഒന്നു മ
ന്ദഹാസം തൂകുവാനെങ്കിലും കഴി
ഞ്ഞെങ്കിൽ!"

———

TELEPHONE: 443 TELEGRAMS: PARTHYONS

K. M. PARTHASARATHY & SONS,

HARDWARE MERCHANTS,

KOZHIKODE-1.

Authorised dealers for :—

SKF BALL & ROLLER BEARINGS,
DUNLOP BELTINGS & WATER HOUSES,
DOCKER BROS' PAINTS & ENAMELS.

Stockists of :—
"EVEREST"
ASBESTOS CEMENT SHEETS, RAINWATER PIPES AND FITTINGS.

Distributors for :—
PARRY'S
SANITARY—WARES & P. S. G. PUMPS, MOTORS AND AGRICULTURAL IMPLEMENTS ETC.

കവിതയുടെ രണ്ടു മൂലതത്വങ്ങൾ

അനുഭൂതിയുടെ സുന്ദരമായ ആവിഷ്ക്കരണമാണ് കവിത. വേഡ്സ്വത്തിന്റെ ഭാഷയിൽ പറഞ്ഞാൽ "ശക്തിമത്തായ അനുഭൂതികളുടെ നിർഗളപ്രവാഹമാണ് നല്ല കവിതകളെല്ലാം." (All "good poetry is the spontaneous overflow of powerful feeligs") മറ്റു മനുഷ്യർക്കെന്നപോലെ കവിയ്ക്കും പ്രതിദിനം അസംഖ്യം അനുഭൂതികളുണ്ടാകുന്നു. ഇവയിൽ ഒരു നല്ലവിഭാഗം സാധാരണ മനുഷ്യഹൃദയങ്ങളിൽ പ്രസ്താവയോഗ്യമായ വികാരങ്ങളുണ്ടാക്കാതെ കടന്നുപോവുകയാണ് ചെയ്യുന്നത്; ശേഷിച്ചവ ക്ഷണികങ്ങളും ത്യാജ്യങ്ങളുമായിത്തീരുന്നു. സാധാരണ മനുഷ്യഹൃദയങ്ങളിൽ പ്രതിദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ അനുഭൂതികളിലധികവും യാതൊരു മനോവികാരങ്ങൾക്കും വിഷ്ണുവിതമാകാതെ കടന്നുപോകുന്നതിനുള്ള കാരണം, ആ ഹൃദയങ്ങൾ സംഘർഷപൂർണ്ണമായിരിക്കുമെന്നതാണ്. അധികമധികം സംഘർഷജടിലവും കഷ്ടപൂർണ്ണവുമായിത്തീരുന്നതോടെ ആ ഹൃദയം കൂടുതൽ കൂടുതൽ കഠിനതരവും അനുഭൂതിഗ്രഹണത്തിനു് അശക്തവുമായിത്തീരുന്നു. ഒരു പൊതുപരിതഃസ്ഥിതിയിലെ വസ്തുക്കളിൽ സംതൃപ്തിക്കൊള്ളുന്നു. ഗ്രഹാങ്കണത്തിൽ പാറിനടക്കുന്ന പക്ഷിയും, സമീപത്തിലൂടെ ഓടിനടക്കുന്ന നായ്യും, കാർമേഘങ്ങൾക്കിടയിൽ ഒളിച്ചുകളിക്കുന്ന "അമ്പിളിയമ്മാമ"നും കോരിച്ചൊരിയുന്ന മഴയും ശിശുവിനെ ആകർഷിക്കാൻ പര്യാപ്തങ്ങളാണ്. വർണ്ണപ്പകിട്ടുള്ള കടലാസ്സുണ്ടകളും പുഷ്പങ്ങളുംകൈവശപ്പെടുത്താൻ അവൻ ഉത്സാഹം പ്രദർശിപ്പിക്കുന്നു. കളിക്കോപ്പുകളെ അവന്റെ സ്വന്തസ്വത്തുമായി അവൻ കരുതി സൂക്ഷിക്കുന്നു. അവനും അനുഭവശാലിയാണ്. അവയെ വേണ്ടും വണ്ണം പ്രകടിപ്പിക്കുവാൻ അവൻ സമർത്ഥനാണെങ്കിൽ അവനും ഒരു കവിതന്നെ. പക്ഷെ സ്വയം അനുഭൂതികളെ ഗ്രഹിക്കുന്നതിനൊ അവയെ ആസ്വദിച്ചിട്ടുണ്ടെന്നതോന്നുംവണ്ണം പ്രതിപാദിക്കുന്നതിനൊ അവൻ സമർത്ഥനല്ല.

കവിയും സാധാരണക്കാരനും തമ്മിലുള്ള വ്യത്യാസം

ശിശുവെപ്പോലെത്തന്നെ കവിയും ചുറ്റുപാടുമുള്ള വസ്തുക്കളെ ആവശ്യത്തെയൊ ഉപയോഗത്തെയൊ അനുസരിച്ചല്ല കാണുന്നതു്. അവൻ വെറും 'പ്രയോഗശാലി' മാത്രമല്ല. ജീവിതാവശ്യങ്ങളെപ്പറ്റി അവനും ചിന്തിക്കേണ്ടതുണ്ടെങ്കിലും, ജീവിതത്തിലെ ചില നിമിഷങ്ങൾ അവൻ അവനേറ്റതായിത്തന്നെ കാണുന്നു. ഈ നിമിഷങ്ങളിലാണ് അമ്പിളിയമ്മാവനെയും പക്ഷികളെയുമെ അവൻ നോക്കിക്കാണുന്നതും അനുഭൂതികളെ ഗ്രഹിക്കുന്നതും; ഈ നിമിഷങ്ങളിൽത്തന്നെയാണ് ഭാവനാരാമത്തിൽ വിഹരിക്കുന്ന അവന്റെ ചേതന കരയുന്നതും ചിരിക്കുന്നതും. കവിഹൃദയം അനുഭൂതിഗ്രഹണത്തിൽ ഉപേക്ഷ കാണിക്കുകയില്ല; ഇതിന്റെ ഫലമായിട്ടാണ് അവന്റെ അനുഭൂതി സംഭരണശീലം വളരുന്നതു്. കവിഹൃദയങ്ങൾ അനുഭൂതികളെ ഗ്രഹിക്കുന്നുണ്ടെങ്കിലും, അവയെ തങ്ങളുടെതായിത്തന്നെ സൂക്ഷിക്കുന്നതിനു ആ ഹൃദയങ്ങൾ അശക്തങ്ങളാണ്; അല്ലെങ്കിലെന്തിനു"? മനുഷ്യസ്വഭാവം തന്നെ സ്വാനുഭൂതികളെ അന്യരുമായി പങ്കിടുകയെന്നതല്ലെ! തീവ്രാനുഭൂതികളെപ്പറ്റി ചർച്ചചെയ്യുന്നതിനുതന്നെ മനുഷ്യൻ തയ്യാറാണ്. സ്വന്തം അനുഭൂതികളെ മാനദണ്ഡമാക്കി അവന്റെ അനുഭൂതികളെ ആസ്വദിക്കുന്നതിനു് മനുഷ്യമനസ്സിനു് സ്വാഭാവികമായിത്തന്നെ വാസനയുണ്ട്. അനുചിതമായ പരിവേഷത്തിൽ ആ അനുഭൂതിലക്ഷ്യങ്ങളെ ആവിഷ്കരിക്കുവാൻ സാമർത്ഥ്യമുള്ളവർ തന്നെ ചുരുക്കമാണ്. സാമാന്യ വർണ്ണനകൊണ്ടു മാത്രമെ സാധാരണക്കാർ അവയെ ആവിഷ്കരിയ്ക്കുന്നുള്ളൂ. ഈ ആവിഷ്കരണം ഒരിക്കലും കവിതയാകുന്നില്ല. റസ്കിൻ പറഞ്ഞതുപോലെ "കലാവിദ്യകൾ വെറും പകർപ്പുകൾ അല്ല." ആ അനുഭൂതികളെത്തന്നെ മറ്റൊരാൾ പ്രാവശ്യം അതേ ഉട്ടുപ്പിൽ ആവിഷ്കരിക്കുവാൻ അവയ്ക്കു സാദ്ധ്യമല്ല; എന്നാൽ കവിയ്ക്കതു സാദ്ധ്യമാണ്. സാധാരണക്കാരിൽ നിന്നും വിഭിന്നമായ മറ്റൊരു വിശേഷ സ്വഭാവമാണ് ഇതു്. അനുഭൂതികളെ ആവിഷ്കരിക്കയെന്നതു് മനുഷ്യ സ്വഭാവമാണ്. എന്നാൽ അനുഭൂതി ഗ്രഹണ ശീലവും സ്വാനുഭൂതികളുടെ പ്രകടനസാമർത്ഥ്യം ഹേതുവായി അന്യർക്കുള്ളിൽ ആസ്വാദ്യമാക്കിത്തീർക്കുന്നതും കവികളിലേതു മാത്രമായ വിശേഷ സ്വഭാവങ്ങളാണ്. കുട്ടികൃഷ്ണമാരാർ പറയുന്നതുപോലെ ("കന്നിക്കൊയ്ത്തു"-അവതാരിക) കവികൾ സാധാരണ മനുഷ്യന്റെ ജീവിതത്തിൽ വാക്കുകൾ കൊണ്ടു്, ഭാവനാത്മകമായ അനുഭൂതികൾ ഉണ്ടാക്കിക്കൊടുക്കുന്നു; അവയിൽ നിന്നു് അവൻ തന്റെ കഴിവിനൊത്ത പാഠം പഠിച്ചുപോരുന്നു." സാധാരണക്കാർ ചുറ്റുപാടുമുള്ള വസ്തുവിശേഷങ്ങളെ ഇന്ദ്രിയങ്ങൾ മുഖേന പ്രത്യക്ഷീകരിക്കുന്നുണ്ടെങ്കിലും വാസ്തവത്തിൽ അവയിൽ നിന്നും അനുഭൂതികളെ ഗ്രഹിക്കുന്നില്ല. ഒരുപക്ഷെ ഹൃദയസ്പന്ദശൂന്യരാണ് ആ വസ്തുവിശേഷങ്ങൾ എന്നിരിക്കിലും അവയെ ആവിഷ്കരിക്കാൻ സാധാരണക്കാർ അസമർത്ഥരാണ്. അനുഭൂതിഗ്രഹണപാടവമുള്ള കവിഹൃദയങ്ങളിൽ സാമാന്യവസ്തുക്കൾ കൂടി വെളിച്ചം വിശാൻ പര്യാപ്തങ്ങളാണ്. അതിപരിചയം കാരണം "അവജ്ഞ" ഒരിക്കലും ഉണ്ടാകുന്നില്ല. പരിചിതവസ്തുക്കളുടെ പോലും അനുഭൂതികൾ വിഭിന്നവും നവീനവുമായ രൂപങ്ങളിൽ കവിഹൃദയങ്ങളിൽ അഭയം തേടുന്നു. മാഘകവി പറയുകയുണ്ടായി, 'ക്ഷണേ, ക്ഷണേയെ

ഡി. നമ്പൂതിരിപ്പാട്.

ന്നവതാമുപൈതി തദേവരൂപ രമണീയതായാം'' എന്നു്. കവിയ്ക്കു് ഈ നവം നവങ്ങളായ സൌന്ദര്യ്യ രൂപങ്ങൾ പരിചിത വസ്തുക്കളിൽ പോലും കാക്കാൻ കഴിയും. തീവ്രാനുഭൂതി കവിയുടെ ജീവിതത്തിൽ വിരളമല്ല. അവയെ ആവിഷ്കരിക്കുന്നതിനനുസരിച്ചിരിക്കും അവയുടെ വിരളത കവിഗതമായ തീവ്രാനുഭൂതികളെ സാധാരണീകരിക്കുന്നതിലാണു് കവിയുടെ സാമർത്ഥ്യം. ഇപ്രകാരമുള്ള ആവിഷ്കരണ പാടവമാണു് അവന്റെ കലാതപസ്സിന്റെ മാനദണ്ഡം. ''പറയപ്പെട്ടതു സംഗതിയല്ല പറയപ്പെടാത്തതു രീതിയാണു് കവിത.'' എന്ന ഏ. ഇ ഹൌസ്മാന്റെ വചനവും, ''വചിക്കുന്നതിലല്ല വ്യഞ്ജിപ്പിക്കുന്നതിലാണു് കല'' എന്ന ഗോവിന്ദൻ കുട്ടിനായരുടെ അഭിപ്രായവും ഈ ആവിഷ്കരണ പാടവത്തിനു നേരെയല്ലെ കൈ ചൂണ്ടുന്നതു്.?

കവിയുടെ അനുഭൂതി

ക്ഷേത്രം

സംവേദനശീലനായ കവിയുടെ അനുഭൂതിസംഭരണശാല അത്രമാത്രം സങ്കുചിതമായിരിക്കയില്ല; ആ അനുഭൂതി ക്ഷേത്രം സ്വയം സിദ്ധമായിട്ടുള്ളതാണല്ലൊ. യൌവ്വനാരൂഢയായ രാജകുമാരിയുടെ സൌന്ദര്യ്യത്തിലും, ഇളകിക്കൊണ്ടിരിക്കുന്ന ദീപനാളത്തിനു് മുന്നിൽ ഭക്തിപുരസ്സരം കൈ കൂപ്പുന്ന വൃദ്ധകഷ്കന്റെ സ്വഭാവത്തിലും കവിഹൃദയം സമഭാവനയോടെയാണു് പങ്കു കൊള്ളുന്നതു്. സുമസുഖയങ്ങൾ പുഞ്ചിരിയ്ക്കുന്ന ഉദ്യാനഭംഗിയാൽ അവൻ ആകൃഷ്ടനാകുന്നുണ്ടെങ്കിൽ തരംഗപരമ്പരകളെക്കൊണ്ടു് കോലാഹലമുണ്ടാക്കുന്ന ഘോരസാഗരവും അതിന്റെ ശ്രദ്ധയെ ആകഷ്ടിക്കും. യുദ്ധഫലമായുണ്ടാകുന്ന നഗരങ്ങൾ അവനെ വ്യാകുലചിത്തനാക്കുന്നുണ്ടെങ്കിൽ, വിരഹാകുലയായ തോഴിയുടെ വേദന അവനെ തീച്ചൂയായും കരയിയ്ക്കും. ലോകം മുഴുവനും അതിലെ ചരാചരവസ്തുക്കളും അവന്റെ അനുഭൂതിക്ഷേത്രമാണു്. അവൻ ഒരിക്കലും ഒരേകാന്തജീവിയല്ല. പരിതഃസ്ഥിതിയുടെ നിയന്ത്രണ മനസരിച്ചു് വ്യത്യസ്ഥമായിരിക്കും. കവികൾക്കുണ്ടാകുന്ന അനുഭൂതികളും. ഒരു വ്യക്തിയുടെ പേരിൽ ഒരു കവിക്കു് പ്രേമസംബന്ധിയായ അനുഭൂതി ഉണ്ടാകാം; പക്ഷെ മറെറാരു കവിക്കുണ്ടാകുന്ന അനുഭൂതി കരുണാവിഷയമായാണെന്നു വരാം. ഒരുവൻ ആന്തരമായ സൌന്ദര്യ്യത്തിൽ ആകഷ്ടിതനായെന്നു വരാം; എന്നാൽ ഇതരൻ ബാഹ്യ സൌന്ദര്യ്യത്തിൽ ആനന്ദം കൊള്ളുന്നുണ്ടാകാം.

വിശ്വത്തിലെ ഏതു 'വസ്തു'വും കവിയുടെ അനുഭൂതിയ്ക്കു് ആധാരമായി നിൽപ്പു. (ഇവിടെ വസ്തുശബ്ദം വ്യാപകമായ അർത്ഥത്തിലാണു് ഉപയോഗിച്ചിട്ടുള്ളതു്.) മൂർത്തങ്ങളൊ അമൂർത്തങ്ങളൊ ആയ ഇന്ദ്രിയഗ്രഹങ്ങളല്ലാത്ത പദാർത്ഥങ്ങളിൽ നിന്നുകൂടി കേവലം മനസ്സു വഴി ഭാവനാമൂലമായ വിചാരങ്ങളും അനുഭൂതികളും സൃഷ്ടിക്കുവാനും അതു വഴി 'ദാർശനിക' കവിതകൾ രചിയ്ക്കുവാനും കഴിഞ്ഞിട്ടുണ്ടു്. 'പ്രകൃതി സൌന്ദര്യ്യത്തെ ആസ്വദിക്കുന്ന അന്തഃകരണം പ്രകൃതിയെ അനുകരിയ്ക്കുവാൻ തുടങ്ങുമ്പോഴാണു'' ല്ലൊ കലകൾ ഉത്ഭവിക്കുന്നതു്.


ഭാവന—വിശ്വവിജ്ഞയിയായ അശ്വം

കവിതാക്ഷേത്രത്തിൽ ഭാവനയ്ക്കു് ഒരു മിതമായ സ്ഥാനമുണ്ടു്. ജി. ശങ്കരക്കുറുപ്പ് ഒരിക്കൽ പറയുകയുണ്ടായി: ''ഓരോ കലാകാരനും അലക്സാണ്ടർ ചക്രവർത്തിയെപ്പോലെയാണു്. അയാൾക്കു് ലോകം വെല്ലുവാനുള്ള ഒരൊന്നാംതരം കുതിരയുണ്ടു്. —ഭാവന.'' ഹൃദയത്തിൽ നിന്നു് മുതലെടുക്കുന്ന ഭാവനകളും ഒരു പ്രകാരത്തിൽ അനുഭൂതികൾ തന്നെ: അവ യഥാർത്ഥത്തിൽ പരിചിത വസ്തുക്കളെ ആധാരമാക്കിയിട്ടല്ലെങ്കിലും പരോക്ഷമായോ പ്രത്യക്ഷമായോ ഇതിൽ നിന്നൊട്ടും തന്നെ അതീതമല്ലാത്ത അനുഭൂതിയെ അവലംബമാക്കിയിട്ടല്ലെ? ശൂന്യതയിൽ നിന്നു് ഒരിക്കലും ഭാവന ഒരഞ്ഞു പൊന്തുകയില്ല. മറൊരുവന്റെ ദുഃഖസ്ഥിതി എപ്പൊഴെങ്കിലും അറിഞ്ഞിട്ടായിരിയ്ക്കും മറെറാരു ദുഖിയുടെ ദുഃഖത്തെപ്പറ്റി കവി എഴുതുന്നതു്. രമണീയമായ ഏതെങ്കിലുമൊരുദ്യാനത്തെ കണ്ട കവി തന്നെയാണു് സ്വർഗ്ഗത്തിലെ നന്ദനോദ്യാനത്തെപ്പറ്റി ഭാവനയിൽ തൂലിക മുക്കി എഴുതുന്നതു്. ''വിചാരമാണു് വാക്കു്, വാക്കാണു് വിചാരം, വിചാരവും വാക്കുമാകുന്ന കാവ്യം'' എന്നു് ഹർബട്ട് റീഡ് പറഞ്ഞപ്പോൾ, അനുഭൂതിലക്ഷങ്ങളിൽ നിന്നുയിരെടുത്ത വൈചാരിക മണ്ഡലത്തെ ആശ്രയിച്ചിരിക്കും ഭാവന എന്ന വാസ്തവത്തെ സമർത്ഥിക്കുകയല്ലെ അദ്ദേഹം ചെയ്തതു്.

ശബ്ദവും അർത്ഥവും

അനുഭൂതിയെ ആവിഷ്കരിക്കുന്നതിനു് കവിയ്ക്കു് ഒരേ ഒരുപകരണമേയുള്ളു—ഭാഷ. ചിത്രകാരൻ തന്റെ അനുഭൂതികളെ മറ്റുള്ളവർക്കു് വിശദീകരിച്ചുകൊടുക്കുന്നതു് വർണ്ണങ്ങളെക്കൊണ്ടും, വരകളെക്കൊണ്ടുമാണു്. ശബ്ദവും അർത്ഥവും സമ്മേളിച്ചതാണു് കവിയുടെ കലാസൃഷ്ടി. ശബ്ദം വാക്യ

നവീന രീതിയിലും വിദഗ്ധമേൽനോട്ടത്തിലും



ഹാഫ്ടോൺ ലയിൻ
ബ്ലോക്കുകൾ

കൃത്യസമയത്തും മിതമായ ചാർജ്ജിലും
പ്രോസസ്സ് ചെയ്തു കിട്ടാൻ
ഞങ്ങളെ സമീപിക്കുക.

ടൈകളർ ബ്ലോക്കുകൾ
ഞങ്ങളുടെ പ്രത്യേകതയാണു്.

ഫോട്ടോ പ്രോസസ്സ്
മിഠായിത്തെരു, കോഴിക്കോടു്.

കലകളെപ്പറ്റി

ടി. എൻ. വി. നമ്പൂതിരി, എം. എ.

വാസ്തുശില്പത്തിലെ കല്ലും കട്ടയും തുടങ്ങി കവിതയിലെ പദപ്രതികങ്ങൾവരെ നീണ്ടുകിടക്കുന്ന ഒരു ഭൌതികാടിസ്ഥാനം വേണം കല പടുത്തുയർത്തപ്പെടുവാൻ എന്നുള്ളതാണ് ഒന്നാമതായി നാം മനസ്സിലാക്കുന്നത്. രണ്ടാമതായി പ്രധാനമായും രണ്ടു വഴികളിൽ കൂടിയാണ് കലകൾ മനസ്സിനെ സമീപിക്കുന്നത്—ദർശനേന്ദ്രിയം വഴിയും കൂടെ കൂടി കുറഞ്ഞ അളവിൽ ശ്രവണേന്ദ്രിയം മുഖേനയും. മൂന്നാമത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ വസ്തുത, മുകളിൽ പറഞ്ഞ ഭൌതികാടിസ്ഥാനവും, രണ്ടു് ഉപാധികളും, കലാകാരന്റെ മനസ്സു് കാഴ്ചക്കാരന്റെ അല്ലെങ്കിൽ അനുവാചകന്റെ മനസ്സുമായി സമ്പർക്കം പുലർത്തുന്ന മാർഗ്ഗങ്ങൾ മാത്രമാണെന്നുള്ളതാണു്. അതുകൊണ്ടു്, കലാസൃഷ്ടികളെല്ലാം-താജ്മഹലോ, റോമൻ കത്തീഡ്റലോ മുതൽ ലഘുഗീതങ്ങൾവരെ—പ്രതീകാത്മകങ്ങളാണു്, അതായതു് ഇന്ദ്രിയഗോചരങ്ങളായ ഗുണവിശേഷങ്ങൾക്കുപരി, മനസ്സിനെ അഭിസംബോധനചെയ്യുന്നതും മനോഗോചരമായതുമായ ഒരു പ്രത്യേകഗുണം അവയ്ക്കുണ്ടു്. ഒരു പക്ഷെ, ഇതുവരെയും പറഞ്ഞു വന്നതിൽനിന്നും, ഈ കാര്യങ്ങളെയെല്ലാം ഒരു പൊതു ആശയത്തിൽ ഉൾക്കൊള്ളിച്ചു് ഒരു കലാനിർവ്വചനം നടത്താൻ നമുക്കു് ധൈര്യപ്പെടാം. യാഥാർത്ഥ്യത്തെ കലാകാരന്റെ മാനസികവീക്ഷണകോണിൽകൂടി പ്രദർശിപ്പിക്കുന്നതാണു കല."

ഈ നിർവ്വചനത്തിന്റെ അർത്ഥം സ്പഷ്ടമാകുവാൻ, നമുക്കു് കലകളെ ഓരോന്നായെടുത്തു്, അതിന്റെ ഭൌതികാടിസ്ഥാനം, ഈ ഭൌതികാടിസ്ഥാനത്തെ ഇന്ദ്രിയങ്ങൾക്കു് വിഷയമാക്കുവാൻ അതുപയോഗിക്കുന്ന മാർഗ്ഗങ്ങൾ, അങ്ങിനെ നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കപ്പെടുന്ന ചിത്രീകരണത്തിൽ യാഥാർത്ഥ്യത്തിന്റെ മാനസികവീക്ഷണത്തിനു് കൊടുക്കുന്ന പ്രാധാന്യത്തിന്റെ കൂടുതൽ കുറവുകൾ, എന്നിവയെപ്പറ്റി അല്പം ആലോചിയ്ക്കാം.

വാസ്തുശില്പത്തിൽ ഭൌതികാടിസ്ഥാനം എറ്റവും അസംസ്കൃതമാണെന്നു് നാം കണ്ടു. കല്ലു്, ലോഹം, മരം തുടങ്ങിയവയാണല്ലൊ കെട്ടിടനിർമ്മാണത്തിനു് ഉപയോഗിക്കപ്പെടുന്നതു്. അങ്ങിനെ, ഈ മീഡിയം മുഴുവനും തന്നെ ഭൌതികമായതിനാൽ, മറ്റേതൊരു ബാഹ്യവസ്തുവികസനകായ്ത്തിലുമെന്നപോലെ തന്നെയാണു്, ശില്പിയുടെ ഈ സൃഷ്ടിയും നമ്മുടെ ദർശനേന്ദ്രിയങ്ങളെ ബാധിക്കുന്നതു്. ഇരുട്ടും വെളിച്ചവും, നിറം, അന്തരീക്ഷം, സ്ഥാനം, ചുറ്റുപാടുകൾ ഇവയെല്ലാം കലാകാരന്റെ നിയന്ത്രണത്തിനു് തികച്ചും വിധേയമാണു്, അതായതു് ചിത്രകലയിലെന്നതുപോലെ അവയുടെ ആവശ്യത്തിനു വേണ്ടി അയാൾക്കു് എന്തെങ്കിലും കൃത്രിമോപായങ്ങൾ ഉപയോഗിക്കേണ്ടതിനെത്രയെത്ര ഭാവനകളെയും വിചാരങ്ങളെയുമാണു് ഉദ്ദീപിപ്പിക്കുന്നതു്. വായനക്കാരുടെ ഹൃദയങ്ങളെ ആകർഷിയ്ക്കാൻ അവയ്ക്കുള്ള കഴിവു് ഒന്നുവേറെതന്നെയാണു്.

ഇങ്ങനെ കവിഹൃദയത്തിനു് രണ്ടു പക്ഷങ്ങളുണ്ടു്—അനുഭൂതിശീലവും, ആവിഷ്കരണപാടവവും; രണ്ടും ഒരുപോലെ മഹത്തരമാണു്. അനുഭൂതിശീലനായ വ്യക്തിയ്ക്കു് ആവിഷ്കരണപാടവമില്ലെങ്കിൽ അവനെ ഒരു കവിയായി എണ്ണാൻ വയ്യ. കൃതികൾക്കുപിന്നിൽ അനുഭൂതി തീവ്രത അനുഭവപ്പെട്ടന്നില്ലെങ്കിൽ അവ കവിതകളാണെന്നു് പറയാനൊക്കുമോ? കവിഹൃദയത്തിന്റെ സംവേദനശീലതയുടെ അളവുകോലാണു് അനുഭൂതി, ആവിഷ്കരണപാടവം കവിയുടെ സാമർത്ഥ്യത്തിന്റേയും.

—◇◇—

ത്തിന്റെ അർത്ഥത്തെ വിശദീകരിക്കുകയും സംഗീതമയമായ ഒരു മണ്ഡലം സൃഷ്ടിക്കുകയും ചെയ്യുന്നു. "സമീരൻ," (വഴിയാംവണ്ണം ഗമിക്കുന്നവൻ) 'വായു' എന്ന പദങ്ങളുടെ പ്രയോഗം ഇതിനുദാഹരണമാണു്. 'സമീര' ശബ്ദം വസന്തവായുവിനെയാണു് ഓർമ്മിപ്പിക്കുന്നതു്. സമർത്ഥരായ കവികൾ ചില പ്രത്യേകാവസരങ്ങളിൽ ചില പ്രത്യേക പദങ്ങൾ തിരഞ്ഞെടുത്തുപയോഗിക്കുന്നു. നാദതത്വത്തിനു് മറ്റൊരു വിശേഷത കൂടിയുണ്ടു്—പദങ്ങളുടെ സംഗീതഗുണം. ജയദേവന്റെ സുപരിചിതമായ "ലളിത ലവങ്ഗലതാപരിശീലന കോമള മലയ സമീരേ" എന്ന വരിയിലും, സ്വിൻബർൺ (Swinburn) കവിയുടെ. "That even the weariest river, winds somewhere safe to sea" എന്ന വരികളിലും സംഗീതഗുണം വ്യക്തമാണു്. അനുപ്രാസം, യമകം എന്നീ ശബ്ദാലങ്കാരങ്ങൾ സംഗീതഗുണത്തിന്റെ ഫലമാണു്. സംഗീതാത്മകങ്ങളായ വരികൾ ശ്രവണസുഖമാസ്വദിച്ചപോലും ഹൃദയംഗമങ്ങളായിത്തീരുന്നു. അതുകൊണ്ടല്ലേ വക്കം അബ്ദുൽകാദർ പറഞ്ഞതു്: 'കാവ്യത്തിൽ നിന്നു് നാം ശ്രവിക്കുന്നതു് ക്രാന്തദർശനങ്ങളുടെ ചേതോഹരവാചോവിലാസത്തിന്റെ മധുരസംഗീതമാകുന്നു. അനുരജ്ഞയുടേയും താളമേളങ്ങളുടെയും രഹസ്യമാണു് കാവ്യത്തിന്റെ രഹസ്യം" എന്നു്.

'ധ്വനി' മൂന്നാമതൊരു തത്വം

ശബ്ദത്തിൽ നാദത്തെയും, അർത്ഥത്തെയും അതിക്രമിച്ചു് മറ്റൊരു തത്വമുണ്ടു്. സംസ്കൃത സാഹിത്യമുഖേന നാം അറിയുന്ന 'ധ്വനി'യാണു് ആ മൂന്നാമത്തെ തത്വം. സഹൃദയന്റെ മനസ്സിൽ ചില വാക്യങ്ങൾ അപ്രതീക്ഷിതമായ ചില ഭാവനകളേയും വിചാരങ്ങളെയും ഇളക്കി വിടുന്നു. 'അളകയിലെവിരഹിണി' അല്ലെങ്കിൽ 'വിയോഗിനിയായ രാധ' തുടങ്ങിയ വാക്യങ്ങൾ സാമാന്യാർത്ഥങ്ങളെ കവിഞ്ഞു്

ല്ലെന്നർത്ഥം. അതിനു കാരണങ്ങൾ രണ്ടാണ്. ഒന്നാമതു്, അയാൾ ജീവിതത്തേയോ ചലനത്തേയോ ചിത്രീകരിക്കുന്നില്ല. രണ്ടു്, മറേറതൊരു അചേതനവസ്തുവിനുമെന്നതുപോലെ അയാളുടെ സൃഷ്ടിയ്ക്കും ഘനം, നിറം, രൂപം മുതലായ ഗുണങ്ങൾ ഉണ്ടു്. എങ്കിലും, അയാളുടെ കലാസൃഷ്ടികൾ ബാഹ്യവിഷയവും യാഥാർത്ഥ്യവുമായിരിയ്ക്കുന്നതിനെ അവ യാഥാർത്ഥ്യത്തിന്റെ മാനസിക വീക്ഷണങ്ങൾകൂടിയാണു്. മറെറാരു വിധത്തിൽ പറഞ്ഞാൽ, അവ കലാകാരന്റെ മനസ്സിലുള്ള ചില ആശയങ്ങളെ വെളിവാക്കുന്നുണ്ടെന്നർത്ഥം. നമ്മുടെ കലാസൌഭഗം തികഞ്ഞ ക്ഷേത്രങ്ങളെയെടുക്കുക: ആളുകൾ ആരാധന നടത്തുന്ന സ്ഥലങ്ങൾ മാത്രമല്ല അവ, ആരാധന നടത്തപ്പെടേണ്ട സ്ഥാനങ്ങൾ തന്നെയല്ലേ? അനശ്വരമായ ജീവിതത്തിനുവേണ്ടിയുള്ള മനുഷ്യന്റെ അടങ്ങാത്ത ആഗ്രഹാഭിലാഷങ്ങളെയല്ലേ, അവ ആ രൂപങ്ങളിലൂടേയും ചിത്രങ്ങളിലൂടേയും, പ്രത്യക്ഷപ്പെടുത്തുന്നതു്. റോമിലെ പഴയ ഗംഭീരൻ കത്തീഡ്റലുകളും പള്ളികളും മറും ഇതു തന്നെയാണു് ചെയ്യുന്നതു്. പക്ഷെ, ഇങ്ങിനെയാണെങ്കിൽ തന്നെയും, ഈ കത്തീഡ്റലുകളൊ ക്ഷേത്രങ്ങളൊ നിശ്ചിച്ചപ്പോൾ അതിന്റെ ശില്പികൾ, അതു് പ്രതിനിധീകരിയ്ക്കണമെന്നു് ഉദ്ദേശിച്ച ആശയങ്ങളെപ്പററി യാതൊരു ബോധവുമില്ലാതെതന്നെ, ഈ ശില്പചാതുര്യങ്ങളെ കണ്ടാനന്ദിക്കുവാൻ ഒരു കാഴ്ചക്കാരനു് കഴിയും. ഭൌതികമൊ ബാഹ്യേന്ദ്രിയവിഷയമൊ ആയ അടിസ്ഥാനത്തിന്റെ ആധിക്യമാണു് ഇതിനു കാരണം.

കൊത്തുപണിയിൽ കല്ലൊ, ലോഹമൊ ആണു് ഭൌതികാടിസ്ഥാനം. അതിനെ ചെത്തിമിനുക്കിയൊ, ഉരുക്കി വാർത്തൊ, സചേതനമൊ അചേതനമൊ ആയ വസ്തുക്കളുടെ രൂപത്തിലാക്കുന്നു. ചലനാത്മകതപോലെഴിച്ചു്; യാഥാർത്ഥ്യത്തിന്റെ മറെറല്ലാ ഗുണങ്ങളും ശില്പിയ്ക്കു് അധീനമാണു്. അയാൾ ചിത്രണം ചെയ്യാൻ ഉദ്ദേശിക്കുന്ന വ്യക്തിയുടെയോ വസ്തുവിന്റെയൊ കായ്ത്തിലെന്നപോലെ അയാളുടെ സൃഷ്ടികൾക്കുമുണ്ടു് ഘനരൂപങ്ങൾ—വേണമെങ്കിൽ വർണ്ണവും കൂടി കൊടുക്കാം. അതുകൊണ്ടു് ചലിച്ചുകൊണ്ടിരിക്കുന്ന വസ്തുക്കളെ അല്ലെങ്കിൽ മനുഷ്യരെ ചിത്രീകരിക്കേണ്ടിവരുമ്പോൾ മാത്രമാണു്, കാഴ്ചക്കാരന്റെ കണ്ണുകളെ കബളിപ്പിയ്ക്കുവാൻ എന്തെങ്കിലും ഉപായം അയാൾക്കുപയോഗിക്കേണ്ടിവരുന്നതു്. ഈ ചലനാത്മകതത്തിന്റെ അഭാവം അയാൾക്കു ചിത്രീകരിക്കാൻ കഴിയുന്ന ബാഹ്യയാഥാർത്ഥ്യലോകത്തിനു് ഒരു അതിർവരമ്പിടുന്നു. ഈ കാരണംകൊണ്ടു തന്നെ ശില്പകലയുടെ പ്രത്യേകവും അനുയോജ്യവുമായ വിഷയങ്ങൾ, വിശ്രമിക്കുന്ന പോസിലുള്ള രൂപങ്ങളും, ബസ്റ്റുകളും ചെറിയ ഗ്രൂപ്പുകളുമാണു് ഈ കലാരൂപങ്ങൾ; കഴിയുന്നിടത്തോളം ലളിതമായ രീതിയിലും, അനുബന്ധപ്പെട്ട വൈശദ്യങ്ങൾ ഏററവും കുറഞ്ഞ വിധത്തിലും ആണു് അയാൾ രൂപപ്പെടുത്തുന്നതു്. പ്രസ്തുത കാരണംകൊണ്ടു്, കല്ലിനേയോ, ലോഹത്തേയോ പോലെയുള്ള മീഡിയത്തിൽ വസ്തുക്കളുടെ ചുളിവുകളും മടക്കുകളും രേഖപ്പെടുത്തുന്നതു് അത്രക്ഷിപ്രസാദ്ധ്യമല്ലാത്തതിനാലും, ഏററവും സുന്ദരമായ മനുഷ്യരൂപങ്ങളുടെ ചിത്രീകരണം ഭാഗികമായൊ മുഴുവനായിത്തന്നെയൊ നഗ്നമായിട്ടാണു് കാണപ്പെടുന്നതു്. അതെങ്ങിനെയായാലും വാസ്തുശില്പിയുടേതിനെക്കാൾ യാഥാർത്ഥ്യത്തിന്റെ മാനസികവീക്ഷണത്തിനു്, ഈ കലാകാരനെ സംബന്ധിച്ചേടത്തോളം പ്രാമാണ്യം ഏറെക്കൂടുതലുണ്ടെന്നുള്ളതിനു് സന്ദേഹമില്ല. മാർബിളിനൊ ലോഹത്തിനൊ അയാൾ ജീവന്റെ പ്രതീതി കൊടുക്കുകയാണു് ചെയ്യുന്നതു്. അയാൾ ചിത്രീകരിക്കുന്ന വസ്തുവിന്റെ പൂർണ്ണഭാവസ്ഥയെ നമുക്കു് അയാളുടെ കലാസൃഷ്ടിയിൽ ദർശിയ്ക്കാം.

ചിത്രകലയിൽ, ക്യാൻവാസൊ, ബോർഡോ, മറേറതെങ്കിലും സമതലമൊ ആണല്ലൊ ഭൌതികാടിസ്ഥാനം. അവയിലാണു്, സ്റ്റെയിസിനെ കാണുന്ന രേഖകളും വസ്തുക്കളുടെ പ്രകൃത്യാ ഉള്ള നിറഞ്ഞ പ്രതിബിംബിപ്പിക്കുന്ന കൃത്രിമവർണ്ണങ്ങളും മറും പ്രയോഗിക്കപ്പെടുന്നതു്. പക്ഷെ, കൊത്തുവേലക്കാരനേറതിനെക്കാൾ, വളരെ ലഘുവായ ഒരടിസ്ഥാനമാണു് ചിത്രകാരനേറതു്. അതിനനുസരിച്ചു്, അയാൾ വരയ്ക്കുന്ന രേഖകളേയും കൊടുക്കുന്ന നിറങ്ങളേയും കണ്ണുകൾ യാഥാർത്ഥ്യമായി കാണുന്നതിനുവേണ്ടി, അയാൾക്കു് കൂടുതൽ ചെപ്പടിവിദ്യകൾ പ്രയോഗിക്കേണ്ടിവരുന്നു. നീളവും വീതിയും ഘനവുമുള്ള യഥാർത്ഥവസ്തുക്കളേയും അവയുടെ മറു ഗുണങ്ങളേയും ഒരു ക്യാൻവാസിലുള്ള വരകളും നിറങ്ങളും മുഖേനയാണു് പ്രതിഫലിപ്പിക്കേണ്ടതു്. യഥാർത്ഥവസ്തുക്കളെ രേഖകൾകൊണ്ടു് മാത്രം ചിത്രീകരിക്കുമ്പോൾ, ആ രേഖകൾ കാഴ്ചയുടെ നിയമങ്ങൾ അനുസരിച്ചുവേണം വരയ്ക്കുവാൻ. അതായതു് ഒരു സ്ഥാനത്തുനിന്നുനോക്കുമ്പോൾ അതു ഒരു കാഴ്ചക്കാരന്റെ ദൃഷ്ടിയ്ക്കു് എങ്ങിനെ വിഷയീഭവിക്കുമൊ ആ രീതിയിൽത്തന്നെയായിരിയ്ക്കണം അയാൾ ആ വസ്തുവിന്റെ ബാഹ്യരൂപം ക്യാൻവാസിൽ വരയ്ക്കുവാൻ. ഇതുപോലെതന്നെയാണു് വർണ്ണങ്ങളുടെ കാര്യവും. കാഴ്ചക്കാരന്റെ കണ്ണുകളിൽ നിന്നുള്ള ദൂരത്തിന്റെ കൂടുതൽ കുറവനുസരിച്ചു് ഓരോ ഭാഗത്തിന്റേയും നിറം കൂട്ടുകയോ കുറയ്ക്കുകയൊ ആയിരിയ്ക്കണം. ഇങ്ങിനെ, രേഖകൾക്കും വർണ്ണങ്ങൾക്കും ശരിയായ മൂല്യം നൽകി, ഒരു പരന്ന തലത്തിനു് യഥാർത്ഥവസ്തുവിന്റെ രൂപം കൊടുക്കാൻ ചിത്രകാരനു് കഴിയുന്നു. ചിത്രകലയിൽ' യാഥാർത്ഥ്യത്തിന്റെ മനോമയ ചിത്രത്തിനു്, ശില്പകലയിലുള്ളതിനേക്കാൾ പ്രാമാണ്യം അധികമാണെന്നുള്ളതു് വ്യക്തമാണു്—വാസ്തുശില്പവുമായി താരതമ്യപ്പെടുത്തേണ്ടതായ ആവശ്യമേയില്ല. വിഷയം ഒരു ചരിത്രസംഭവമായാലും, പ്രകൃതിദൃശ്യമായാലും, അതിനെപ്പററിയുള്ള ചിത്രകാരന്റെ ആശയമാണു്, വെറും ബാഹ്യമായ വിശദവിവരങ്ങളെ, പ്രകൃതിദൃശ്യത്തിന്റെ തനിപകർപ്പൊഅല്ല ചിത്രത്തിൽ പ്രതിബിംബിക്കുന്നതു്. ചുരുക്കി പറഞ്ഞാൽ, അയാളുടെ ചിത്രണം വഴി, ചിത്രകാരൻ യാഥാർത്ഥ്യത്തെ ഐഡിയലൈസു് ചെയ്യുകയാണു്. അയാൾ വെറുതെ കോപ്പി ചെയ്യുകയൊ പകർത്തുകയൊ മാത്രം ചെയ്യുകയല്ല, അനുയോജ്യമായതിനെ തിരഞ്ഞെടുക്കുകയും വ്യാച്യുനിക്കുകയും കൂടിയാണു് ചെയ്യുന്നതു്. എല്ലാ കലാകാരന്മാരേയുംപോലെ; അയാളും യാഥാർത്ഥ്യത്തിന്റെ

മനോവീക്ഷണത്തെയാണ് നൽകുന്നത്. അനുവാചകന്റെ പഞ്ചേന്ദ്രിയങ്ങളുമായിട്ട മാത്രമല്ല, മനസ്സും വിവേചനാബുദ്ധിയുമായിട്ടും കൂടിയാണ് അയാൾ സമ്പർക്കം പുലർത്തുന്നത്.

ദർശനേന്ദ്രിയ സംബന്ധികളായ കലകളെപ്പറ്റി നാം അല്പമൊന്നു ചർച്ച ചെയ്തു. ഇനിയുമുള്ളത് ശ്രവണേന്ദ്രിയവുമായി ബന്ധപ്പെട്ടവയാണ്. സംഗീതം കവിത മുതലായവ-ഇവ രണ്ടിലും ഭൌതികാടിസ്ഥാനം വളരെ മൃദുവാണ്. അതിനനുസരിച്ച്, യഥാർത്ഥ്യത്തിന്റെ മാനസികവീക്ഷണത്തിന് കൂടുതൽ പ്രാമുഖ്യം ഉണ്ടുതാനും.

ഗായകൻ ഉപയോഗിക്കുന്ന ഏകഭൌതികാടിസ്ഥാനം ശബ്ദം മാത്രമാണ്. മനുഷ്യശബ്ദമൊ, യുഗങ്ങളായി പരീക്ഷിച്ച് പൂർണ്ണതയിലേയ്ക്ക് നയിക്കപ്പെട്ടിരിക്കുന്ന സംഗീതോപകരണങ്ങൾ വഴി സൃഷ്ടിക്കപ്പെടുന്ന ശബ്ദമൊ സംഗീതം തന്റെ സഹോദരിയായ കവിതയുടെ സഹായത്തോടെയാണ് പ്രവർത്തിക്കുന്നതെങ്കിലും അതിന്റെ പ്രധാന ഉപാധി ശബ്ദം മാത്രമാണ്. ആശയപ്രകാശനത്തിനുള്ള ഉപകരണമെന്ന നിലയ്ക്ക് നാം പ്രത്യേകം പരിഗണിയ്ക്കേണ്ടതായ അതിന്റെ ഏറ്റവും സാധാരണമായ സ്വഭാവം അരൂപത്വവും അവ്യക്തതയുമാണ്. ഈ അവ്യക്തത തന്നെയാണ് സംഗീതത്തിന്റെ സ്വഭാവികമായ മൂല്യവും. ഒരു വിശാലമായ മാനസികവീഥിയിൽ പ്രവർത്തനം നടത്താനുള്ള കഴിവും മനുഷ്യത്മാവിന്റെ അടിത്തട്ടിൽ കിടക്കുന്ന സാർവ്വജനീനമായ ഗുണവിശേഷങ്ങളുമായി അനുരഞ്ജിയ്ക്കുവാനും സമ്പർക്കം പുലർത്താനും ഉള്ള യോഗ്യതയും ഈ മൂല്യത്തെ ആധാരമാക്കിയാണ് നിലക്കൊള്ളുന്നത്. കുട്ടികളേയും മുതിർന്നവരേയും; സംസ്കാരസമ്പന്നരേയും സംസ്കാരവിഹീനരേയും ഒരു പോലെ ആകർഷിച്ച് തന്നിൽ ലയിപ്പിക്കുവാൻ സംഗീതത്തിനു കഴിയുന്നതും ഇതുകൊണ്ടുതന്നെയാണ്. എന്നിരുന്നാലും, ഗായകൻ സംഗീതത്തിലെ ശാസ്ത്രീയവശങ്ങളേയും നിബന്ധനകളേയും, മാറ്റിനിർത്തിയാൽ തന്നെയും—മനസ്സിനെ സമീപിയ്ക്കുവാൻ ഒരു ഭൌതികോപാധി ഉപയോഗിയ്ക്കുന്നുണ്ടെന്ന വസ്തുത നമുക്ക് പരിഗണിയ്ക്കാതിരിയ്ക്കുവാൻ വയ്യ. യാഥാർത്ഥ്യപ്രതീതി അയാൾക്ക് സൃഷ്ടിയ്ക്കുവാൻ കഴിയും. പക്ഷെ, അയാളുടെ കലയുടെ പരിമിതിയ്ക്കുള്ളിൽ മാത്രം. ഈ അവസരത്തിൽ, വിക്ടർഹ്യൂഗോ എന്ന ഫ്രഞ്ച് വിമർശകന്റെ ഒരു ഉദാഹരണം, സംഗീതത്തിന്റെ പരിമിതികളേയും അതേ സമയം അതിന്റെ മാഹാത്മ്യത്തേയും മനസ്സിലാക്കാൻ സഹായിച്ചേക്കും. തന്റെ കലയുടെ പരിമിതികളെ മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്തതോടൊപ്പം തന്നെ, അതിന്റെ അപാരമായ കഴിവുകളെ ഹേഡൻ എന്ന സംഗീതജ്ഞൻ എപ്രകാരം പ്രയോഗിച്ചുവെന്നുള്ളതാണ് ആ ഉദാഹരണം. ഒരു കൊടുങ്കാറ്റിനേയും പേമാരിയേയും പോലുള്ള ക്രൂര ഭൌതിക സംഭവത്തെ നമ്മുടെ മുമ്പിൽ ചിത്രീകരിയ്ക്കുവാൻ ഒരു സംഗീതവിദ്വാനോട് പറയൂ. കാറ്റിന്റെ ചൂളംവിളിയേയും ഇടിനാദത്തേയും അയാൾ യാതൊരു വൈഷമ്യവും കൂടാതെ തന്നെ തന്റെ സംഗീതോപകരണങ്ങൾ വഴി നമ്മെ കേൾപ്പിച്ചു തന്നേക്കാം. പക്ഷെ, ഏറ്റവും ഗംഭീരവും ഭയാനകവുമായ ഭാവങ്ങളെ, ക്രൂരരൂപിണിയെ വെട്ടിയുറിക്കുന്ന പ്രകാശമാനമായ മിന്നലിനേയും, ഒരിയ്ക്കൽ ഹിമാലയത്തോളം ഉയർന്നുപൊങ്ങുകയും അടുത്തനിമിഷം പാതാളലോകത്തിലേയ്ക്ക് കുതിച്ചു മറിയുകയും ചെയ്യുന്ന തിരമാലകളുടെ മനോഹരത്തേയും ചിത്രീകരിയ്ക്കുവാൻ എങ്ങിനെയാണയാൾക്ക് കഴിയുക? വിഷയം ഇന്നതാണെന്ന് കേൾവിക്കാരോട് നേരത്തെ പറഞ്ഞില്ലെങ്കിൽ, സംഗീതോപകരണങ്ങളുടെ ശബ്ദകോലാഹലത്തിൽ അയാൾ മിഴിച്ചിരിക്കുകയേയുള്ളു. കൊടുങ്കാറ്റും യുദ്ധരംഗവും അയാൾക്ക് ഒന്നുപോലെയേ തോന്നുകയുള്ളു. ഇതിൽനിന്നും നാം മനസ്സിലാക്കുന്നതു്, ശാസ്ത്രീയോപാധികൾകൊണ്ടൊ, ബുദ്ധിശക്തിമൂലമോ, രൂപങ്ങളെ ചിത്രീകരിയ്ക്കുവാനുള്ള കഴിവ് ശബ്ദത്തിനുണ്ടാക്കികൊടുക്കാൻ സാധ്യമല്ലെന്നാണ്. ഈ കാര്യത്തിൽ തീർച്ചയായും തോൽവി നിശ്ചയമുള്ള ഒരു മത്സരത്തിൽ ഏർപ്പെടാൻ പോകുകയില്ല സംഗീതം. പക്ഷെ, ഹേഡനെപ്പോലെയുള്ള ഒരു സംഗീതജ്ഞനും, മറ്റൊരു ശ്രുപത്തിൽ ഒരു കൊടുങ്കാറ്റിനെ നമ്മുടെ ചക്ഷുസ്സിന്റെ മുമ്പിൽ പ്രദർശിപ്പിയ്ക്കുവാൻ കഴിയും. അതെങ്ങിനെയാണ്? ഒരു കൊടുങ്കാറ്റിന്റെ മുമ്പിൽ, തമ്മിലുണ്ടാക്കാവുന്ന വിക്ഷോഭങ്ങളേയും വികാരങ്ങളേയും ശബ്ദം വഴി നമ്മിൽ ഉൽഭൂതമാക്കി ഒരു യാഥാർത്ഥ കൊടുങ്കാറ്റിന്റെ പ്രതീതി നമ്മിൽ സൃഷ്ടിയ്ക്കുവാൻ അയാൾക്ക് സാധിയ്ക്കും. ഇതാണ് സംഗീതത്തിന്റെ പരിമിതിയും വലിപ്പവും.

അവസാനമായിട്ടുള്ളതു് കവിത അല്ലെങ്കിൽ സാഹിത്യമാണ്. അപ്പോൾ എല്ലാ കലകളിലും വെച്ച് ഭൌതികാടിസ്ഥാനം ഏറ്റവും ലഘ്വായിരിയ്ക്കുന്നതു്, കവിതയിലാണ്. വൃത്തമാത്ര നിബന്ധനകളിലുള്ള സംഗീതഭാഗത്തെ മാറ്റിനിർത്തിയാൽ, അതു് ദർശനശ്രുവണേന്ദ്രിയങ്ങളെ ആശ്രയിക്കുന്നതു്, അതിന്റെ പദപ്രതീകങ്ങളെ മനസ്സിലേയ്ക്ക് വിനിവേശിപ്പിക്കുവാൻ മാത്രമാണ്. ഈ പ്രതീകങ്ങളെ മനസ്സിലേയ്ക്ക് നയിക്കുവാൻ അതു് പ്രത്യേക ഉപാധികളുടെയൊന്നും സഹായം തേടുന്നില്ല. കാരണം ഈ പദങ്ങളെ കാണുകയൊ കേൾക്കുകയൊ ചെയ്യുന്നതു് കണ്ണിന്റേയും ചെവിയുടേയും സാധാരണ കഴിവുകളിൽപെട്ടവ മാത്രമാണ്. എന്നാൽ പ്രധാന്യമർഹിയ്ക്കുന്ന ഒന്നുണ്ട്. ഏതു് ആശയങ്ങളുടേയോ, ആശയസമൂഹങ്ങളുടേയോ പ്രതീകങ്ങളാണൊ ഈ പദങ്ങളും വാക്കുകളും; ആശയങ്ങളും ആശയസമൂഹങ്ങളും പ്രതിപാദിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങളുടേയും സംഭവങ്ങളുടേയും, പ്രകൃതിചിത്രങ്ങളുടേയും ദൃശ്യങ്ങളുടേയും മാനസികവീക്ഷണം, അതു് പ്രധാനം തന്നെയാണ്. കവിത മനസ്സുമായി നേരിട്ട് സംസാരിക്കുന്നു. ആശയങ്ങളും മനഃചിത്രീകരണങ്ങളും അതിന്റെ അസംസ്കൃത പണിസ്സാധനങ്ങൾ മാത്രമാണ്. ഭാവനയെ പ്രചോദിപ്പിയ്ക്കുവാൻ ഭാഷയെപ്പോലെ മറ്റൊന്നുമില്ല. യാഥാർത്ഥ്യത്തെ ചിത്രണം ചെയ്യുന്നതിൽ കവിയും അയാളുടെ കലയുടെ പരിമിതികൾക്കുള്ളിൽ ബന്ധിതനാണ്. എന്താണ് ആ ബന്ധനമെന്നു് ചോദിച്ചാൽ, അയാൾ ചിത്രീകരിയ്ക്കുദ്ദേശിക്കുന്ന ബാഹ്യലോകത്തിന്റെ മാനസികവീക്ഷണം മാത്രമാണയാൾക്കും നൽകാനെന്നുള്ളതാണതു്.

കലകളുടെ ലോകത്തിൽകൂടി ഒരു വിഹഗവീക്ഷണം നമ്മൾ നടത്തി. കലകളുടെ പൊതുവായ ചില സ്വഭാവങ്ങളേയും, അവയുടെ അന്യോന്യബന്ധങ്ങളേയും പറ്റി അല്പം ചിന്തിക്കാനല്ലാതെ, വളരെ ക്ഷണത്തിൽ അവയുടെ ഉള്ളിലേയ്ക്കിറങ്ങിച്ചെന്നു് ചുഴിഞ്ഞുനോക്കി പഠിക്കുവാനും ഗുണനീയരായ കലാചിന്തകന്മാരുടേയും വിമർശകന്മാരുടേയും അഭിപ്രായങ്ങളേയും തത്വങ്ങളേയും പറ്റി ചർച്ച ചെയ്യാനും ഇങ്ങനെയൊരു ലേഖനത്തിൽ സാധ്യമല്ലല്ലൊ. പക്ഷെ കലകളുടെ ചില പൊതുതത്വങ്ങളേയും അവ ഓരോന്നും മറ്റുള്ളവയിൽനിന്നും വ്യതിരിക്തമായി നിൽക്കുന്ന ചില പ്രത്യേക ഭാഗങ്ങളേയുംകുറിച്ച് ഒരു പൊതുധാരണയുണ്ടാകുവാൻ ഈ ചർച്ച സഹായകമാകുമെന്നു് കരുതുന്നു. അതുമാത്രമെ ഇവിടെ ഉദ്ദേശിക്കുന്നുള്ളുതാനും.

———

യൂറോപ്യൻ രാജ്യങ്ങളിലെ
ശിശുവിദ്യാഭ്യാസപ്രവർത്തനം

ജെ. ദാക്ഷായണിഅമ്മ, ബി. എ. ബി. റ്റി.

'ഒരു രാഷ്ട്രത്തിന്റെ പുരോഗതി അവിടത്തെ കൊച്ചു കുഞ്ഞുൾക്ക് കിട്ടുന്ന ആദരവിനെ ആശ്രയിച്ചിരിക്കുന്നു'. എന്നു സുപ്രസിദ്ധ ആധുനിക മനഃശാസ്ത്രജ്ഞനായ ആർനോൾഡ് ജെസ്സൽ (Arnold Gessel) പറയുന്നു. യൂറോപ്യൻ രാജ്യങ്ങളിലെ ശിശുക്ഷേമ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കാൻ ശ്രമിക്കുകയാണെങ്കിൽ ഇതു് വളരെ അനുചിതമാണെന്നു് മനസ്സിലാകും.

സ്കാണ്ടിനേവിയൻ രാജ്യങ്ങളിലെ ശിശുക്ഷേമ പ്രവർത്തനങ്ങൾ ഇംഗ്ലണ്ടിലേതിൽ നിന്നും വളരെ മെച്ചമായ രീതിയിലാണു്. ഓരോപട്ടണവും ഗ്രാമവും പല കമ്മൺസ് (Communes) ആയി ഭാഗിക്കപ്പെട്ടിരിക്കുന്നു. ഓരോ കമ്മൺനിലും ശിശുക്ഷേമ കേന്ദ്രങ്ങളും ശിശുക്ഷേമ സമിതിയും ഉണ്ടു്. ശിശുക്ഷേമ സമിതി ഈ പ്രവർത്തനങ്ങളുടെ നേരിട്ടുള്ള ഭരണം നടത്തുന്നു. പല കമ്മൺ ചേർന്നാൽ ഒരു കൗണ്ടി (County) ആയി. ഓരോകൗണ്ടിയിലും വെൽഫയർ ഡിറക്ടരും സഹായത്തിനു് വെൽഫയർ ഇൻസ്പെക്ടർമാരുംഉണ്ടു്. സാധാരണയുള്ള കാര്യങ്ങളെല്ലാം കമ്മൺനിലുള്ള ക്ഷേമ സമിതികളിൽ ആലോചിക്കുകയും തീരുമാനിക്കുകയും ചെയ്യുന്നു. കൗണ്ടിയിലെ കേന്ദ്ര സമിതിയാണു് കൂടുതൽ പ്രാധാന്യമുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതു്. ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിലാണു് നഴ്സറി സ്കൂളുകളും, ശിശുഭവനങ്ങളും, കിൻറർ ഗാർട്ടൻ സ്കൂളുകളും സ്കൂളുകൾ കഴിഞ്ഞു് കുട്ടികൾക്കു് കളിക്കാൻ പോകാനുള്ള സ്ഥാപനങ്ങളും എല്ലാം നടത്തുന്നതു്. ഔദ്യോഗിക സ്ഥാപനങ്ങളായിട്ടാണു് ഇവയിൽ പലതും ആരംഭിച്ചിട്ടുള്ളതു്. പക്ഷെ ഗവർമ്മേൺറു് മിക്ക സ്ഥാപനങ്ങൾക്കും ഏകദേശം അറുപതു ശതമാനം ധനസഹായം നൽകി വരുന്നു. ബാക്കിയുള്ള നാൽപ്പതു ശതമാനം ചെലവു് ശിശുക്ഷേമ സമിതികൾ നിർവ്വഹിക്കുന്നു.

ഇവിടെയുള്ള ശിശുസ്ഥാപനങ്ങൾ മൂന്നുതരത്തിലുള്ളവയാണു്. കളിവിദ്യാലയങ്ങൾ (Play schools) നഴ്സറിസ്കൂളുകൾ, സ്കൂളുകൾക്കു് ശേഷം കുട്ടികൾക്കു് കളിക്കാനുള്ള സ്ഥാപനങ്ങൾ (after school homes.)

കളിവിദ്യാലയങ്ങൾ

ഈ സ്കൂളുകളുടെ പേരുകൊണ്ടുതന്നെ അവകൊണ്ടുള്ള ഉദ്ദേശം എന്താണെന്നു് വ്യക്തമാണല്ലൊ. നാലു വയസ്സുമുതൽ ഏഴു് വയസ്സുവരെയുള്ള കുട്ടികൾക്കു് ദിവസേന കുറെ സമയം ഉല്ലാസമായി കളിക്കുന്നതിനു് ഉള്ള സ്ഥാപനങ്ങളാണിവ.

കളി, ശിശുവിനു് ഒഴിച്ചു കൂടാൻ വയ്യാത്ത ഒരാവശ്യമാണു്. കളികളിൽ കൂടിയാണു് ശിശു ഭാവിജീവിതത്തിന്റെ അടിത്തറ പണിയുന്നതു്. ഈ സ്കൂളുകളുടെ പ്രധാന ഉദ്ദേശം പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ കുട്ടികൾക്കു് സ്വതന്ത്രമായ ഒരന്തരീക്ഷത്തിൽ അവരുടെ പ്രവണതകൾക്കനുസരിച്ചുള്ള പല കളികൾക്കും ഉള്ള ഉപകരണവും അന്തരീക്ഷവും നൽകുക എന്നുള്ളതാണു്. മറ്റുള്ള കുട്ടികളോടു് ഇടപെട്ടും സഹകരിച്ചും ഭാവിജീവിതത്തിനാവശ്യമായ പല നല്ല സ്വഭാവങ്ങളും കുഞ്ഞു് കരസ്ഥമാക്കുന്നു. ഇവിടെയുള്ള കളികൾ ശിശുവിന്റെ ശരീരത്തിനാരോഗ്യവും മനസ്സിനു് ഉന്മേഷവും പ്രദാനം ചെയ്യുന്നു. കളിപ്പാട്ടങ്ങൾ സ്വയം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ശിശുവിനു് സാമർത്ഥ്യവും ആത്മവിശ്വാസവും സമചിത്തതയും ഉണ്ടാക്കുന്നു. കുട്ടികളിൽ സാമൂഹ്യബോധം ഉളവാക്കുന്നതിനു് ഇവിടെ പ്രത്യേകം ശ്രദ്ധിക്കുന്നു. അതു മാത്രമല്ല പല ബുദ്ധിപ്പാട്ടുകൾഉള്ള അമ്മമാർക്കു് കുട്ടികളെ ഇവിടെ അയയ്ക്കുന്നതുകൊണ്ടു് കുറച്ചു വിശ്രമവും ലഭിക്കുന്നു. അതു വീട്ടകാര്യങ്ങൾ കുറച്ചുകൂടി ഭംഗിയായി നിർവ്വഹിക്കുന്നതിനു് അവരെ സഹായിക്കുന്നു. ഈ സ്കൂളുകളിൽ മാതാപിതാക്കന്മാരുടെ വരവിനനുസരിച്ചു് ഒരു തുക ഫീസ്സായി കൊടുത്തുവരുന്നു.

നഴ്സറികൾ

ഈ സ്ഥാപനങ്ങൾ ദിവസത്തിൽ പതിനൊന്നു് മണിക്കൂർ നേരം പ്രവർത്തിക്കുന്നു. ഇവ ജോലിക്കു പോകുന്ന സ്ത്രീകളുടെ കുട്ടികൾക്കായിട്ടുള്ളവയാണു്. കാലത്തു ആറുമണിമുതൽ വൈകിട്ടു് ആറുമണിവരെ ഇവ തുറന്നിരിക്കും. മൂന്നുമാസം പ്രായമായ കുട്ടികൾ മുതൽ ഏഴുവയസ്സുവരെയുള്ള കുട്ടികളെ ഈ സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുന്നു. പക്ഷെ പ്രായത്തിനനുസരിച്ചു് പല ഗ്രൂപ്പുകളായിതിരിച്ചിരിക്കും. മൂന്നുമാസമായ കുട്ടികളെ നോക്കുവാൻ രണ്ടു കുട്ടികൾക്കു ഒരാൾ വീതം എന്ന നിലയിൽ ഉണ്ടു്. അവർക്കു് നല്ല ആഹാരം കൊടുക്കുന്നതിലും വേണ്ട രീതിയിൽ വളർത്തുന്നതിനും പരിശീലനം സിദ്ധിച്ച പ്രവർത്തകർ ശ്രദ്ധിക്കുന്നു. അല്പംകൂടി വലിയകുട്ടികൾക്കു എട്ടുകുട്ടികൾക്കു ഒരു അദ്ധ്യാപിക കാണും. ഈ വിദ്യാലയങ്ങൾ വീട്ടുകളുടെ ഉടച്ചുവാർപ്പായിട്ടു് കുട്ടികൾക്കു തോന്നത്തക്ക രീതിയിലാണു സജ്ജീകരിച്ചിട്ടുള്ളതു്. ചെറിയ ഗ്രൂപ്പുകളായിരിക്കുന്നതുകൊണ്ടു് അവർക്കു് പള്ളിക്കൂടം എന്നു് തോന്നുന്നില്ല. അവിടത്തെ കുഞ്ഞുങ്ങളെ ഏഴു വയസ്സു തികഞ്ഞതിനുശേഷമേ സാധാരണ സ്കൂളുകളിൽ അയ

യ്ക്കുന്നുള്ളൂ. ഏഴു വയസ്സുവരെ കുട്ടികളെ നിർബാധം കളിക്കാനനുവദിക്കുന്നു. നമ്മുടെ രാജ്യത്ത് അഞ്ചു വയസ്സായാൽ കുഞ്ഞുങ്ങളെ സ്കൂളുകളിൽ ചേർക്കുന്നുണ്ടല്ലൊ. അവിടെ ഏഴ് വയസ്സ് കഴിഞ്ഞാലും ബുദ്ധിപരീക്ഷണങ്ങൾ നടത്തി കുട്ടികൾക്ക് സ്കൂളിൽ പോകാനുള്ള വളർച്ച ലഭിച്ചിട്ടുണ്ടോ എന്നു് നോക്കിയതിനു ശേഷമാണു് സ്കൂളുകളിൽ ചേർക്കുന്നതു്. അതുവരെയുള്ള കാലഘട്ടം കുഞ്ഞു് കളിക്കുകതന്നെ വേണം എന്നവർ വിചാരിക്കുന്നു. നമ്മുടെ നാട്ടിൽ അഭ്യസ്തവിദ്യരായിട്ടുള്ളവർ പോലും മൂന്നരയും നാലും വയസ്സായ കുട്ടികൾക്ക് അഞ്ചു വയസ്സായി എന്നു് കള്ളം പറഞ്ഞു് അവരെ സ്കൂളുകളിൽ അയയ്ക്കുന്നു. നേരത്തെ പഠിപ്പിച്ചു തന്റെ കുട്ടിയെ മിടുക്കനാക്കാം എന്നുള്ള ആഗ്രഹമാണു് മാതാപിതാക്കന്മാരെ ഇതിനു് പ്രേരിപ്പിക്കുന്നതു്. പക്ഷെ വികസിച്ചിട്ടില്ലാത്ത കുഞ്ഞിന്റെ ബുദ്ധിയെ വിഷമിപ്പിക്കുകയാണു് ചെയ്യുന്നതെന്നു നാം അറിയുന്നില്ല. അഞ്ചു വയസ്സുവരെ കുഞ്ഞു കളിക്കുകതന്നെ വേണം. നമ്മുടെ നാട്ടിന്റെ ശീതോഷ്ണസ്ഥിതികൊണ്ടു് നമ്മുടെ കുട്ടികൾക്ക് അവരെക്കാൾ നേരത്തെ പ്രായപൂർത്തി ഉണ്ടാകുന്നു. എങ്കിലും അഞ്ചു വയസ്സിനുമുമ്പു പഠിക്കാൻ അവർ പ്രാപ്തരാകുന്നില്ല. ലോകത്തിൽ ഇംഗ്ലണ്ടിൽ മാത്രമെ അഞ്ചുവയസ്സിൽ കുട്ടികളെ സ്കൂളിൽ ചേർക്കുന്നുള്ളൂ. ഫ്രാൻസിലും, അമേരിക്കയിലും ആറുവയസ്സു കഴിഞ്ഞിട്ടും ജർമ്മനി, ഡന്മാർക്ക്, നോർവെ, സ്വീഡൻ ഈ രാജ്യങ്ങളിൽ ഏഴു് വയസ്സു് കഴിഞ്ഞിട്ടും ആണു് കുട്ടികളുടെ അദ്ധ്യയനകാലം ആരംഭിക്കുന്നതു്.

നഴ്സറി സ്കൂളിൽ കളികളിൽ ആമഗ്നരായി കഴിയുന്ന ഇണത്തെ ശിശുവാണു് നാളത്തെ പൌരൻ. അവരെ വേണ്ടവിധത്തിൽ സംരക്ഷിക്കേണ്ടതു് രാഷ്ട്രത്തിന്റെ കടമയാണു്. രാജ്യത്തിന്റെ ശക്തി കുട്ടികളുടെ ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു. ഇതു് മാതാപിതാക്കളുടെ മാത്രമല്ല, രാഷ്ട്രത്തിന്റെ മുമതലയും കൂടിയാണു്. ഈ രാജ്യത്തിൽ ഈ മുമതലാബോധം വളരെ പ്രകടമായി കാണുന്നു. ഒരു കുഞ്ഞിന്റെ ആരോഗ്യം ജനനം മുതൽ പരിശീലനം സിദ്ധിച്ച ഒരു നഴ്സിന്റെ മേൽനോട്ടത്തിലായിരിക്കും. വീട്ടുകൾ സന്ദർശിച്ചു് ഇവർ സൌജന്യമായി അമ്മമാർക്കു വേണ്ട ഉപദേശങ്ങൾ നല്കുന്നു. അതു കഴിഞ്ഞാൽ ശിശു സംരക്ഷണ കേന്ദ്രങ്ങളിൽ വിദഗ്ധരായ ഡാക്ടർമാർ സ്കൂളിൽ പോകുന്നതുവരെ ഇവരുടെ ആരോഗ്യം പരിശോധിക്കുന്നു. ശിശുസംരക്ഷണ കേന്ദ്രങ്ങൾ ഗവൺമെന്റു് സഹായത്തോടുകൂടി നടത്തുന്നു. ഓരോ ശിശുവിനും ഈ രാജ്യങ്ങളിലെല്ലാം മുൻപ് പറഞ്ഞിട്ടുള്ളതുപോലെ ഗവർമെന്റിൽ നിന്നും ലഭിക്കുന്ന സഹായധനം കൊണ്ടു് അവരുടെ പൂർണ്ണമായ വളർച്ചക്കുള്ള സൌകര്യങ്ങൾ ലഭിക്കുന്നു.

സ്വീഡനിൽ നഴ്സറിയിലും കിൻറർഗാർട്ടനിലുമുള്ള ഗ്രൂപ്പുകൾ വളരെ ചെറുതാണെന്നു് നേരത്തെ പറഞ്ഞല്ലൊ. എട്ടു കുട്ടികളാണു് സാധാരണ ഒരു ഗ്രൂപ്പിലുള്ളതു്. നോർവെയിലും, ഡന്മാർക്കിലും, ജർമ്മനിയിലും ഇരുപതു കുട്ടികൾവീതമുള്ള ഗ്രൂപ്പുകളാണുള്ളതു്. സ്വിറ്റ്സർലാണ്ടിൽ ഒരു ഗ്രൂപ്പിൽ മുപ്പതു കുട്ടികൾ വരെയുണ്ടാവും. ഇവമിക്കവാറും ഏകാദ്ധ്യാപിക (Single tcacher Schools) സ്കൂളുകളാണു്. മറ്റുള്ള സ്ഥലങ്ങളിൽ അനേകം കുട്ടികൾ ഒരു സ്ഥാപനത്തിൽ കാണും. പക്ഷെ പല ഗ്രൂപ്പുകളായി തിരിച്ചിരിക്കും സ്വീഡനിലേയും ജർമ്മനിയിലേയും മറ്റും സ്കൂളുകൾ വളരെ മനോഹരങ്ങളാണു്. അഞ്ചുവയസ്സുള്ള കുട്ടികൾക്കു് നീലമുറി, അടുത്ത ഗ്രൂപ്പുകാക്കു് മഞ്ഞമുറി, ഇങ്ങിനെ തിരിച്ചിരിക്കും. നീലമുറിയിൽ ചുമരു, കസേര, മറ്റുസാമാനങ്ങൾ, മച്ചു് മുതലായവ പോലും മനോഹരമായ നീലനിറമായിരിക്കും. ഈ സ്ഥാപനങ്ങൾ വളരെ ആകർഷകങ്ങളാണു്. കുട്ടികൾക്കു കൊടുക്കുന്ന കളിസാധനങ്ങൾ മിക്കവാറും ഹർബൽ മോൺടിസോറി പദ്ധതികളുടെ ഒരു കലർപ്പാണു്. അധികവും ഇരുന്നു് സ്വയം കളിക്കാനുള്ള സാധനങ്ങളാണു് കൊടുക്കുന്നതു്. കുടുകൾ, മുത്തു്, ചെറിയതരം യന്ത്രക്കളിപ്പാട്ടങ്ങൾ മുതലായവ. ഇവ കുട്ടികളെ ഏകാഗ്രമായി ഒരു സ്ഥലത്തിരുന്നു കളിക്കുന്നതിനും തനിയെ ശാന്തിയും സമാധാനവും ശീലിക്കുന്നതിനും സഹായിക്കുന്നു.

ശരീരത്തിനായാസം കൊടുക്കുന്ന സ്ലൈഡ്, സൈക്കിൾ, ജംഗിൾജിം (Climbing joy) മുതലായവയും കൊടുക്കുന്നുണ്ടു്.

പടം വരയ്ക്കുന്നതിനും, ചായമടിക്കുന്നതിനും, അഭിനയിക്കുന്നതിനും, പാട്ടുന്നതിനും മറ്റും ധാരാളം അവസരം കുട്ടികൾക്കു കിട്ടാറുണ്ടു്. കുഞ്ഞു് ഒരു പൂർണ്ണ മനുഷ്യനായി വളരുന്നതിനാവശ്യമായ സന്നാഹങ്ങളൊക്കെ ഇവിടെ കാണാം.

സ്വിറ്റ്സർലാണ്ടിലെ സ്കൂളുകൾ ഏകാദ്ധ്യാപക സ്കൂളുകളാണെന്നു പറഞ്ഞുവല്ലൊ. ഇവിടത്തെ അദ്ധ്യാപികമാർ അസാമാന്യ കഴിവുള്ളവരായി കാണപ്പെട്ടു. അവർ ധാരാളമായി ഉപയോഗിക്കുന്ന സംഗീതോപകരണം ഫ്ളൂട്ടാണു്. സംഗീതത്തിൽനല്ല വ്യുല്പത്തി, ചിത്രകലയിൽ നല്ല വാസന, ശിശുക്കളെപ്പറ്റിയുള്ള ശരിയായ അറിവു്, ഇതെല്ലാം ഈ അദ്ധ്യാപികമാരിൽ കണ്ടുവരുന്നു. മുപ്പതു കുട്ടികൾ വീതം ഓരോ അദ്ധ്യാപികയ്ക്കും ഉണ്ടു്. കാലത്തു് ഒമ്പതു മുതൽ വൈകിട്ടു് അഞ്ചുവരെയാണു് സമയം. ഈ സ്ഥാപനങ്ങളിൽ ഭക്ഷണം നല്കുന്നില്ല. പക്ഷെ സ്വീഡൻ മുതലായ സ്ഥലങ്ങളിൽ പോഷകാംശങ്ങളടങ്ങിയ ഭക്ഷണസാധനങ്ങൾ കുട്ടികൾക്കു കൊടുക്കുന്നു. കാലത്തുമുതൽ വൈകിട്ടുവരെയുള്ള സ്ഥാപനങ്ങളിൽ എല്ലാ നേരവും കുട്ടികൾക്കിടെത്തന്നെ ആഹാരം കൊടുക്കുന്നു. ഒന്നിച്ചിരുന്നു് കഴിക്കുമ്പോൾ കൂടയാതെയും ഞെരിയായും കഴിക്കാനവർ പഠിക്കുന്നു.

ഓരോ സ്കൂളിലും രോഗം വന്നാൽ മാറിക്കിടത്താൻ രോഗമുറിയുണ്ടു്. അതും വളരെ ആകർഷകമായി വച്ചിരിക്കും. ആ മുറി കണ്ടാൽതന്നെ രോഗം പമ്പ കടക്കും എന്നു തോന്നും.

സ്വീഡനിലേയും, ജർമ്മനിയിലേയും സ്കൂളുകളിലെ ഒരു ദിവസത്തെ പരിപാടികളിലേക്കു് ഞാൻ വായനക്കാരെ ഒന്നു ക്ഷണിച്ചുകൊള്ളട്ടെ. രാവിലെ കുട്ടികൾ വന്നുചേർന്നാൽ മിക്കദിവസവും അദ്ധ്യാപികമാർ അവരെ വെളിയിൽ ഒരു സവാരിക്കു കൊണ്ടുപോകും. ചിലപ്പോൾ ഒരു റയിൽവെ സ്റ്റേഷൻ, അല്ലെ

ങ്കിൽ ഒരു തടാകത്തിന്റെ സമീപം അല്ലെങ്കിൽ മനോഹരമായ ഒരു ഉദ്യാനം ഇങ്ങിനെ എവിടെയെങ്കിലുമായിരിക്കും പോകുന്നതു്. ഈ സവാരിയിൽ കുട്ടികൾക്കു് അദ്ധ്യാപിക പലതും പഠിപ്പിക്കും. റോഡിൽക്കൂടി നടക്കുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികൾ, പാലിക്കേണ്ട നിയമങ്ങൾ, തടാകത്തിലുള്ള താറാവു് മുതലായവയ്ക്കു് തീറ്റികൊടുക്കുന്നതിനു് അവയ്ക്കു് വെള്ളത്തിൽ ജീവിക്കുന്നതിനും അനുയോജ്യമായ ശരീരഘടന ഉണ്ടെന്നുള്ളതു്; ഇങ്ങിനെ പലേ കാര്യങ്ങൾ കാണുന്നതിനും സ്വാനുഭവത്തിൽ കൂടി പഠിക്കുന്നതിനും അവക്കു കഴിയുന്നു. ഒരു പതിനൊന്നു മണിയോടുകൂടി പ്രഭാതസവാരി കഴിഞ്ഞു വന്നാൽ വെളിയിൽ കൊണ്ടുപോകുന്ന പാദരക്ഷകൾ, കമ്പിളിവസ്ത്രങ്ങൾ ഇവ മാറ്റി നിർദ്ദിഷ്ടസ്ഥലങ്ങളിൽ വെച്ചിട്ടു കൈകാലുകൾ കഴുകുന്നു. കുട്ടികൾക്കു അനുയോജ്യമായ വലിപ്പത്തിലും പൊക്കത്തിലും കൈകളും മുഖവും കഴുകുന്നതിനുള്ള സജ്ജീകരണങ്ങളുണ്ടു്. പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനു ഓരോ ഗ്രൂപ്പിനും പ്രത്യേകം സ്ഥലങ്ങൾ ഉണ്ടു്. മുടി ചീകാൻ ചീപ്പു്, ടൂത്ത്ബ്രഷ് ടൌവ്വൽ–സോപ്പു് ഇവയെല്ലാം ഓരോകുട്ടിക്കും പ്രത്യേകം പ്രത്യേകം ഉണ്ടു്. വായിക്കാനറിഞ്ഞുകൂടാത്ത കുഞ്ഞു് ഇതു് തിരിച്ചറിയുന്നതു് ചില പ്രത്യേക ചിഹ്നങ്ങളുടെ സഹായം കൊണ്ടാണു്. ഓരോ കുട്ടിയുടേയും സാധനങ്ങളുടെ സമീപം ഓരോ ചിത്രമോ ഏതെങ്കിലും അടയാളമോ കാണും. ഇതു കഴിയുമ്പോൾ അവക്കു കാലത്തുള്ള ഭക്ഷണത്തിനു സമയമായി. വലിയ കുട്ടികൾ മേശതയാറാക്കുന്നതിലും മേശവിരിപ്പുകൾ ഇടുന്നതിലും മറ്റും അദ്ധ്യാപികമാരെ സഹായിക്കും. ഭക്ഷണം രുചിനോക്കിയല്ല കഴിക്കുന്നതും കൊടുക്കുന്നതും. കുട്ടികളുടെ വളർച്ചക്കാവശ്യമായ പോഷകാംശങ്ങൾ കണക്കാക്കി പാകപ്പെടുത്തിയ ആഹാരസാധനമാണു് നല്കുന്നതു്. ഭക്ഷണംപാകം ചെയ്യാൻ ഈ സ്ഥാപനങ്ങളിലൊക്കെ നല്ല അടുക്കളകൾ ഉണ്ടു്. ജർമ്മനിയിൽ ഒരു സ്കൂളിൽ ഗോതമ്പുമാവു് കൊടുക്കുന്ന രീതി എന്നെ അതിശയിപ്പിച്ചു. ഗോതമ്പുമാവും വെള്ളവും ഉപ്പും ചെർത്തു് കുഴച്ചു് ആവിയിൽ പുഴുങ്ങികൊടുക്കും; അതിനെ രുചിയുണ്ടാവുമെന്നു നമുക്കു ഊഹിച്ചാലറിയാമല്ലൊ. ഫോക്കും നെഫും ഉപയോഗിച്ചു് കുട്ടികൾ അതു് വിഷമിച്ചു മുറിച്ചു തിന്നുന്നതു് കാണേണ്ടതാണു്. മലക്കറിവർഗ്ഗങ്ങൾ ടൊമേറോ, കാബേജു് ഇവയെല്ലാം പച്ചയായിത്തന്നെയാണു് കൊടുക്കുന്നതു്. വേവിച്ചാൽ അതിലെ പോഷകാംശങ്ങൾ നശിച്ചുപോകുന്നതു കൊണ്ടാണു് ഇവയെല്ലാം പച്ചയായി കൊടുക്കുന്നതു്. പാലും പച്ചയായിട്ടുതന്നെയാണു് കൊടുക്കുന്നതു്. പക്ഷെ പാത്രങ്ങളെ നേരത്തെ പരിശോധിച്ചു ശേഷമാണു് അവയുടെ പാലു് ഉപയോഗിക്കുന്നതു്. ആഹാരം കഴിക്കുമ്പോൾ അദ്ധ്യാപികമാരും കുട്ടികളോടൊന്നിച്ചു് ഇരിക്കുന്നു.

ഭക്ഷണം കഴിക്കുമ്പോൾ ശരിയായി കഴിക്കുന്നതിനു് ഇവരിൽനിന്നും കുഞ്ഞു പഠിക്കുന്നു. ഭക്ഷണം കഴിഞ്ഞാൽ ഒരു രണ്ടു മണിക്കൂർ നേരം ഉച്ചവിശ്രമമായി. അതുകഴിഞ്ഞെഴുന്നേറ്റാൽ എന്തെങ്കിലും കരകൌശലവേലയൊ സംഗീതമൊ ആയിരിക്കും. കരകൌശലജോലികൾ അധികവും വ്യർത്ഥസാധനങ്ങൾ (Waste things) ഉപയോഗിച്ചാണു് ചെയ്യുന്നതു്. തൂവലുകൾ ചെസ്റ്റ്നട്ടു് (Chestnut) ഇവ ഉപയോഗിച്ചു് ഓരോന്നു ഉണ്ടാക്കിയിരിക്കുന്നതു് കണ്ടാൽ വളരെ മനോഹരങ്ങളായിരിക്കും. ക്രിസ്മസ്സു് മുതലായ ആഘോഷങ്ങളടുക്കുമ്പോൾ അവരുടെ മാതാപിതാക്കന്മാർക്കു കൊടുപ്പാൻ നല്ല സമ്മാനങ്ങൾ തനിയെ ഉണ്ടാക്കും. ആറും ഏഴും വയസ്സുള്ള കുട്ടികൾ നല്ല ഭംഗിയുള്ള ബാഗും മറ്റും ഉണ്ടാക്കും. ചിലപ്പോൾ ഉറക്കം കഴിഞ്ഞാൽ ഒരു കഥ പറയുന്ന സമയമായിരിക്കും. ഒടുവിൽ വൈകുന്നേരമാകുമ്പോൾ പാവകളി, അഭിനയം മുതലായ പരിപാടികളായിരിക്കും. ഇതു് കഴിഞ്ഞു വൈകിട്ടു പോകുന്നതിനുമുൻപ് ഒരു ലഘുഭക്ഷണം കുട്ടികൾക്കു കൊടുക്കുന്നു.

ഒരു ദിവസത്തെ പരിപാടിയിൽ എന്താണു, നടന്നതു്, അവർ എന്തു് പഠിച്ചു? ഉണ്ണാനും ഉറങ്ങാനും കളിക്കാനും മാത്രമല്ലേ നിങ്ങളുടെ സ്കൂളിൽ പഠിപ്പിക്കുന്നതു്, എന്നു് പലരും ചോദിക്കാറുണ്ടു്. അതേ നഴ്സറിവിദ്യാലയത്തിലും കിൻഡർ ഗാർട്ടനിലും നടക്കുന്നതാണു്. പക്ഷെ, അവർ ആ കളിയിൽകൂടിയും അവിടത്തെ ജീവിതത്തിൽ കൂടിയും ഭാവിയിൽ ഒരു ഉത്തമ പൌരനാകാൻ വേണ്ട പല കാര്യങ്ങളും അനുഭവത്തിൽനിന്നും മാതൃകയിൽ നിന്നും പഠിക്കുന്നു. അനുകരണവും അനുഭാവവും വിദ്യാഭ്യാസത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നവയാണല്ലൊ.

VISIT

BADSHA STORES

CALICUT

The best recognised shoping centre on West Coast

UP-TO-DATE LATEST ENGLISH & INDIAN FABRICS, DRESS MATERIALS. SAREES AND CHOLI PIECES. RAIN COATS & WOOLLEN GOODS ARE ALSO IN STOCK NOW.

Agents for: JAPAN SEWING MACHINES, LIBERTY SHIRTS, BIRLAS JUTE CARPETS.

Phone: 190 Recognised dealer for Binny & Mettur Goods.

SIGNS OF CHRIST

(Dedicated to a Painting by NICHOLAS ROERICH)

By FRANCES, R. GRANT, NEW YORK.

Like a fiery furnace was the breath of the desert
Hot with the heat of the night.
Windless air and soundless stillness
Hung over hills of sand
The sun was gone, yet another light
Lit the desert's darkness.
The radiant figures of Christ and His friend
Burnt the darkness of night.
And bending over the Signs of Christ
Which Christ drew in the sand
The two friends were deeply engrossed
in the thoughts
Which kindled the new dawn for men.
And the hand and the foot and the
pillar betwixt
Beaconed to those drowned in self-lore.
And they, who will find Salvation in service,
They will bear Signs of Christ.
And they will build the world anew
With human hands and feet
A world for all, equal and free
A world of peace and plenty
And the time's nigh when the Signs of Christ
Will be the signs of Communes
Where man will work for the general good
And find therein his joy.
And then will labour be valued more
Than priceless gems and gold
And then will men strive to attain
By human hands and feet.

സാഹിത്യം എന്തിന്?

കെ. ആർ. സി. ശേഖരപിള്ള

സാഹിത്യം എന്ന പദംതന്നെ സഹിതഭാവം അഥവാ യോഗം(ചേച്ച്) എന്ന അർത്ഥം കുറിക്കുന്നവയാണ്. ശബ്ദാർത്ഥങ്ങളെക്കുറിച്ചുള്ള യോഗവും ചേച്ച്യുമാണിവിടെ വിവക്ഷിക്കുന്നത് മലയാളഭാഷയുടെ പ്രാചീനാലങ്കാരഗ്രന്ഥമായ ലീലാതിലകത്തിൽ തത്ഗ്രന്ഥകാരൻ യോഗമെന്നതു് സഹൃദയന്മാക്കു രുചിക്കത്തക്കവണ്ണമുള്ള ചേച്ച്യെന്നു വ്യവഹരിക്കുന്നു: ഏതായാലും സത്യവും സാങ്കല്പികവുമായ എല്ലാ ജീവിതയാഥാർത്ഥ്യങ്ങളെയും മനുഷ്യചേതനയുടെ വൈഭവമനുസരിച്ച് തുലനം ചെയ്യാവിഷ്കരിക്കാനുള്ള ഭാഷയുടെ പന്ഥാവാണ് സാഹിത്യദികലകൾ. ജീവിതവിമർശനമാണ് കല എന്നു് ഒരു ആംഗ്ലേയപണ്ഡിതൻ അഭിപ്രായപ്പെട്ടു. കലയുടെ ഇതരവിഭാഗങ്ങളെ അപേക്ഷിച്ച് സാഹിത്യത്തിനു് അപ്രധാനപങ്കു് ജീവിതവിമർശനവിഷയത്തിൽ ഉണ്ടെന്നു് അനുമാനിക്കാം. അനുനിമിഷം ചാരിനും സ്പന്ദിക്കുന്ന നേരിയ ജീവിതപ്രകടനങ്ങൾ ഭൗതികവും അദ്ധ്യാത്മികവും ആയ എല്ലാ പ്രക്രിയകൾക്കും രൂപം നൽകാൻ കല ഒരുപാധിയായിരിക്കുന്നു. സഹൃദയനായ സാഹിത്യകാരൻ തന്റെ പ്രതിഭാവിലാസത്തിനും അന്തരാനുഭൂതിക്കും അനുപാതികമായി പരിസരത്തെ വീക്ഷിക്കുന്നു, വിമർശിക്കുന്നു. പ്രസ്തുത വിമർശനം സഹജീവികളെ സംബന്ധിച്ചിടത്തോളം നൂതനമായ്ത്തീർന്നുദ്ദേശവും ഗുണദോഷനിരൂപണവ്യമായി രൂപാന്തരപ്പെടുന്നുണ്ടാവാം. ജീവിതത്തെ സാരമായി ബാധിക്കുന്ന ഈ പ്രസ്ഥാനം സാമുദായികവും, സാമൂഹികവുമായ നിരവധി മാറ്റങ്ങൾ ഉളവാക്കാൻ പര്യാപ്തമാണ്. അതിലും ഏറെ ഇതിനടിസ്ഥാനമായ സാംസ്കാരിക നിലവാരത്തോടാണ് സാഹിത്യാദികലകൾ ബന്ധപ്പെട്ടുകാണുന്നതു്.

സാംസ്കരിക വ്യത്യസ്തതയാണെല്ലോ ജനതയുടെ, രാഷ്ട്രത്തിന്റെ തന്നെ പുരോഗതിക്കു് കാരണമായി വർത്തിക്കുന്നതു്. ഈ രംഗമാണു് സാഹിത്യത്തിന്റെ ശക്തി അതിയായി പ്രയോഗിക്കുന്ന പന്ഥാവു്. പുരാതനവും അധുനാതനവുമായ മൗലിക സാംസ്കാരിക മൂല്യങ്ങൾ പരിരക്ഷിക്കുന്നതിനും മനുഷ്യജീവിതത്തിൽ കലർത്തി പ്രചരിപ്പിക്കുന്നതിനും ഇതരമാർഗ്ഗങ്ങളെ അപേക്ഷിച്ചു് സാഹിത്യാദികലകൾക്കാണു് പ്രായോഗിക പ്രാഗത്ഭ്യം. ആയതിന്റെ പ്രചരണവും പ്രചാരവും മൂലം അനുനിമിഷം ജീവിതസംസ്കരണം സാധ്യമാക്കുകയാവണം കലയുടെ മുഖ്യോദ്ദേശം. ഇങ്ങനെ നോക്കുമ്പോൾ ജീവിതസൂക്ഷ്മീകരണമാണു് കലയുടെ (സാഹിത്യത്തിന്റെ) കടമയെന്നും വ്യക്തമാകുന്നു. ഒരു വ്യക്തിയെ തന്റെ കുടുംബത്തിനെന്നപോലെ സമുദായത്തിനും ഉപയോഗയോഗ്യമായി രൂപാന്തരപ്പെടാൻ ഉപകരിക്കയാണു് കലയുടെ കർത്തവ്യം. ഒരു വ്യഷ്ടിയുടെ (വ്യക്തിയുടെ) സാംസ്കാരിക വളർച്ച കുടുംബം, സമുദായം, രാഷ്ട്രം, ലോകം, എന്നീ മണ്ഡലങ്ങളിലേക്കു വികാസിക്കുകയും ചെയ്യുന്നു.

യഥാർത്ഥകല ആശാവലയത്തിൽ നിന്നു മനുഷ്യനെ മോചിപ്പിച്ചു സ്വതന്ത്രനാക്കിവിടുന്നു. ഒരു സാഹിത്യകാരന്റെ പ്രായോഗിക ചതുരത പ്രകടിതമാകുന്ന സന്ദർഭം ഇതുതന്നെയാണു്. ഓരോ കലാകാരനും തന്റെ വ്യക്തിത്വത്തിനും കലാപാടവത്തിനും അനുസരിച്ചു കലാസൃഷ്ടികൾക്കു രൂപംകൊടുക്കാൻ കഴിയുന്നു. മനുഷ്യർ അവരുടെ ഹൃദയത്തിന്റെ രൂപത്തിലാണു് ലോകത്തെ ദർശിക്കുന്നതു്. ഹൃദയത്തിനു രൂപംനൽകാനുള്ള കഴിവു് സാഹിത്യകാരന്റെ വ്യക്തിത്വത്തിനനുസരിച്ചു് സാഹിത്യാദികലകളിൽ പ്രയോഗിക്കപ്പെടാം. ഈ ഉദ്ദേശത്തോടെയാണു് യഥാർത്ഥകലാകാരൻ പ്രപഞ്ചതേജസ്സിന്റെയും, ആത്മീയലാവണ്യത്തിന്റെയും സത്യസംപുഷ്ടവും, അവർണ്ണനീയവും ചിന്താസുന്ദരവുമായ ആവിഷ്കരണം തന്റെ തൂലികാവിലാസത്തിൽ തുന്നിപ്പിടിപ്പിക്കുന്നതു്. ഏറ്റവും പ്രധാനമായി അദ്ദേഹത്തിന്റെ ധർമ്മം ആത്മാവും അനാത്മാവും തമ്മിലുള്ള സൂക്ഷ്മസംഘട്ടനത്തെ വർണ്ണിച്ചു വ്യാഖ്യാനിക്കുകയെന്നതാണു്.

അനുവാചകരായ സഹൃദയരിൽ നൂതനാനുഭൂതികൾ പ്രതിഫലിപ്പിക്കുന്നതിനു് ആ പ്രതിപാദനങ്ങൾക്കുള്ള പ്രഭാവം അവർണ്ണനീയംതന്നെ. സ്വാർത്ഥാഭിലാഷങ്ങളെ സർവ്വവും ത്യജിച്ചു സേവനോൽസുകതയോടെ ഭ്രാതാവിനെ പരിചരിക്കാൻ വെമ്പൽപ്പെടുന്ന ലക്ഷ്മണകുമാരനെ രാമായണകഥ ഒരു പ്രാവശ്യമെങ്കിലും കൈകായ്യും ചെയ്യുന്നവരുടെ ഹൃദയതലം എന്നെന്നും ഓർക്കാതിരിക്കാൻ നിർവാഹമില്ല. സേവകാഗ്രണിയായ ഹനുമാനെക്കുറിച്ചു് വിവരിക്കുന്ന ഘട്ടങ്ങളും അപ്രകാരം സൽക്കഥാപാത്രത്തിന്റെ ബഹുമുഖമായ വ്യക്തിപ്രഭാവവും അദരണീയവുമായ കലാചായയോടെ ആലേഖ്യം ചെയ്യപ്പെട്ടിരിക്കുന്നു. അജയ്യമായ കായികശക്തിയും, നിഷ്കളങ്കസ്വഭാവശുദ്ധി, അതിരറ്റ ആത്മപ്രഭാവം ഉറച്ചസ്വാമിഭക്തി, അനഹങ്കാരം, തികഞ്ഞ പാണ്ഡിത്യം, നിറഞ്ഞ സൗഹാർദ്ദവും സേവനസന്നദ്ധതയും അവർണനീയമായ വാഗൈഭവവും ഏതൊരു ജീവിതത്തിലും വ്യതിയാനം ഉളവാക്കാൻ പര്യാപ്തമായിട്ടുള്ളവതന്നെ.

സ്ത്രീപത്തെ ചിത്രീകരിക്കുന്ന സ്ഥാനത്തു് ഏറ്റവും ദുഷ്കഥാപാത്രമായ മന്ഥരയെ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. മനുഷ്യസ്വഭാവത്തിലെ ദൂഷിതവശങ്ങളുടെ നേരിയരൂപംപോലും പ്രസ്തുത കഥാപാത്രത്തെ ആധാരമാക്കി ചിത്രീകരിക്കാൻ വാല്മീകിക്കു കഴിഞ്ഞിട്ടുണ്ട്. രാവണനും വിഭീഷണനും വർണ്ണിക്കപ്പെട്ടതും തീരെ വിഭിന്നമായ സ്വാഭാവപ്രകൃതിയിലാണു്. പിതൃഹൃദയം, പുത്രഹൃദയം, സഹോദരചിത്തം ഇവയുടെ യഥാർത്ഥമായ സാക്ഷാൽക്കാരമാണു് ആ കഥാഘടനയിൽ ഉൾക്കൊള്ളുന്നതു് ഭാര്യ, മാതാവു്, പരിചാരിക, സേവകൻ, ബന്ധു, ശത്രു രാജാവു്, സചി

വൻ, പുരോഹിതൻ സേനാനികളും സൈന്യങ്ങളും, ദുഷ്ടാത്മാക്കളും, ശിഷ്ടാത്മാക്കളും ഗൃഹസ്ഥനും സന്യാസിയും അതതു സ്ഥാനങ്ങളിൽ അകപ്പെട്ടിരിക്കുന്നു. ഓരോ കഥാപാത്രങ്ങളും കഥയിൽക്കൂടി ജീവിക്കുന്നതായിട്ടാണ് നമുക്ക് മനസ്സിലാകുന്നത്. പ്രസ്തുത സ്വഭാവചിത്രീകരണങ്ങളോട്ടു കലർത്തിച്ചേർത്തിട്ടുള്ള രാജ്യതന്ത്രം, നീതിധർമ്മാനുഷ്ഠാനങ്ങൾ, ജ്ഞാനിയും ഗൃഹസ്ഥനും ആചരിക്കേണ്ട വ്യത്യസ്തമായ ജീവിതക്രമങ്ങൾ, ആയോധനമുറകൾ. ഉപദേശസാമർത്ഥ്യം, സാമൂഹികവും സാമുദായികവുമായ വ്യവസ്ഥിതികളുടെ ഗുണദോഷനിരൂപണം എന്നിവ അനുഭവൈകവേദ്യമാക്കിത്തീർക്കുന്നു.

ധർമ്മശാസ്ത്രങ്ങളും നീതിസംഹിതകളും സ്വന്തജീവിതാനുഷ്ഠാനത്തിൽ നൂനരഹിതമായി ആചരിച്ച കഥാപുരുഷന്മാരുടെ അനുഭവങ്ങൾ മനുഷ്യഹൃദയം സംസ്കാരോന്നതിയിലേക്കു തിരിച്ചുവിടാൻ എത്രയേറെ സഹായകമായിരിക്കുന്നു. നേരേമറിച്ച് ക്രിരാതപ്രകൃതികളായ രാക്ഷസപ്രരിഷ്കളുടെ പ്രവർത്തിയും ആയതിന്റെ ഭവിഷ്യത്തുക്കളും പൂരിച്ച പാപാത്മാക്കളുടെ പ്രതീകങ്ങളായി നിഴലിക്കുന്നു. ഈ ഭാഗങ്ങളിലെ ചിത്രീകരണങ്ങൾ ചിന്താശീലരിൽ പ്രവൃത്തിവൈഷ്യങ്ങളും സംസ്കാരശൂന്യതയും സംബന്ധിച്ച ഭയം, അതിൽനിന്ന് ഒഴിഞ്ഞുനില്ക്കാനുള്ള ശ്രദ്ധ എന്നിവ ഉണ്ടാക്കിത്തീർക്കുന്നു. ഇങ്ങനെ ജീവിത സംസ്കാരസംപുഷ്ടിയിലേക്ക് പ്രതിനിമിഷം ആത്മാവിനെ പരിപുഷ്ടമാക്കുവാനുപയോഗയോഗ്യമായ കലാസരണിയാണ് വാല്മീകിയുടേതു്. ഇതുപോലെ മഹാഭാരതം, ഭാഗവതം ആദിയായ സംസ്കാരഭണ്ഡാരങ്ങൾ ഭാരതീയ സംസ്കാരത്തിനു് ബലത്ത അടിക്കല്ലായുണ്ട്. നാമും നമ്മുടെ മാതൃഭൂമിയും ലോകാരാധ്യമായിത്തീരാനുള്ള കാരണവും ഇതാണു്. പശ്ചാശീലതത്വങ്ങളും സമാധാനസന്ദേശങ്ങളും ലോകവ്യാപകമായി അല വീശുന്നതും പ്രസ്തുത സംസ്കാരത്തെക്കുറിച്ച് അറിയാനുള്ള അവസരം ലോകത്തിനു നൽകുകയാണു്. ഈ സംസ്കാരം എന്നെന്നും നിലനില്ക്കാൻ ഒരു കൃഷ്ണനും ഗീതയും പോരെ?

ഇതുകൊണ്ടു് ഉത്തമസാഹിത്യത്തിന്റെ മൗലികലക്ഷ്യം നിർമ്മലജീവിതാചാരത്തിനു് മനുഷ്യരാശിയെ സഹായിക്കുകയായിരിക്കും എന്നു് നമുക്കു് മനസ്സിലാക്കാം. സാമൂഹിക ജീവിതത്തിൽ കെട്ടറപ്പുള്ള ഒരു ജീവിതനിലവാരം ആസൂത്രണം ചെയ്യുകയും അതു് സർവ്വസാഹോദര്യപ്രദവും സുഖസമൃദ്ധവുമായി പരിരക്ഷിക്കുക ജീവിതസംസ്കരണമെന്ന വിവക്ഷിക്കയും ചെയ്യാവുന്നതാണു്. മനുഷ്യജീവിതത്തിനു് ആയതു് പ്രധാന ലക്ഷ്യവുമായിരിക്കും. കലാസാദനംകൊണ്ടു് പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ ഏവർക്കും കഴിയില്ലെന്നു വരുമോ? ഒരു കലാകാരൻ തന്റെ ഉല്പന്നം ആ ഉദ്ദേശപ്രകാരം ചലിപ്പിച്ചാൽ സഹൃദയർ ആ ആശയത്തിനു് വിധേയരായിക്കൂടെന്നുണ്ടോ? ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കപ്പെടാം. തീക്ഷ്ണയും വ്യക്തിത്വമുള്ള കലാകാരന്റെ മർമ്മപ്രധാനമായ കലാപാടവവും ധിഷണാവൈഭവവും കലാചാതുരിയോടെ പ്രയോഗിക്കുമെങ്കിൽ അതിന്റെ പ്രതിഫലനം ഏതു സഹൃദയനിലും ഒട്ടൊക്കെ വ്യതിയാനം ഉളവാക്കാതെവരില്ല. ഇപ്രകാരം പുരോഗമനാത്മകമായ ജീവിതനിബന്ധനകളിലേക്കു് മനുഷ്യനെ ആനയിക്കാൻ പര്യാപ്തമായ വൈകാരികപ്രവണതകൾ ഉൾക്കൊള്ളിച്ചു് വിരചിക്കപ്പെടുന്ന ഗ്രന്ഥങ്ങളാണു് ചിരകാലപ്രതിഷ്ഠിതമായി കാലത്തെ അതിജീവിക്കുന്നതു്. വെറും കാലികപ്രാധാന്യമുള്ള തല്പാല ആവശ്യാനന്തരം അപ്രധാനങ്ങളായി അഗണ്യകോടിയിൽ തള്ളപ്പെടുന്നു. വിശ്വസാഹിത്യത്തിൽ ഈ തരത്തിൽപ്പെടുന്ന ഗ്രന്ഥങ്ങൾ അനവധിയാണു്.

മനുഷ്യത്വത്തെ വാർത്തെടുക്കാൻ കഴിയുന്നതുപോലെ ജീവിതം ദോഷരഹിതമാക്കിച്ചെയ്യാനും ഗ്രന്ഥങ്ങൾ സഹായിക്കുന്നു. ഒരു സദ്ഗ്രന്ഥത്തിന്റെ ഉപയോഗം ഹൃദയസ്വയംസംസ്കരണത്തിനു് സഹായകമാണു്. മറുതരംസാഹിത്യം കൈകാര്യം ചെയ്യുന്നതുമൂലം മനുഷ്യജീവിതം പരുഷവും പ്രാകൃതവു

CALICUT IRON STORES,

MOIDEEN PALLI ROAD,
KOZHIKODE-1.

CONTROLLED STOCKISTS OF IRON AND STEEL
SCRAP & CUTTING

Phone : 671

Grams : IRONSTORE

Dealers in & Stockists of

G. I. PIPE, & FITTING, A. C. GOODS & SANITARY WARES, BARBED WIRE, PAINTS OF ALL VARIETIES AND METAL SHEETS OF ALL ITEMS.

തലമുറകൾ

— ഏ. എം. ചന്ദ്രപാലൻ


പുൽക്കൊടിത്തുമ്പിൽ തങ്ങും
മഞ്ഞുതുള്ളിയെ രാഗ-
പുഷ്പ്പകലമാക്കിപ്പൂവ്-
ദിങ്മുഖം തുടത്തപ്പോൾ,
പുളകം വളത്തുന്ന
തെത്തെന്നൽ, പ്രകൃതിതൻ
കുളിർ വീർപ്പുപോൽ പുത്ത-
നന്മേഷം വിതറുമ്പോൾ.
ഇന്നലെയെൻ മുറ്റത്തെ
ചില്ല ജാലകത്തിലൂ-
ടുന്നിദ്ര കുതുകം ഞാൻ
ചുറ്റിലും സമീക്ഷിയ്ക്കെ,
കിതച്ചും, വിറയാർന്ന
തൻ കരങ്ങളാൽ തുമ്പാ-
കിളച്ചും നിൽപ്പു തെക്കേ
ക്കുരുതൻ മുറ്റത്തൊരാൾ!
പഴുതേയതും നോക്കി
പ്പിന്നെയും ഞാൻ നില്പ്പെയ-
ക്കിഴവൻ മന്ദംപേര-
ക്കുഞ്ഞിനോടാരാഞ്ഞേവം:

"ഈ മണ്ണിൽ ഞാൻ വെയ്ക്കുമീ
തൈമാവു കായ്ക്കുന്നേരം
നീ സ്മരിക്കുമോ മോനെ
നിന്നെറ യീമുത്തച്ഛനെ?"
നിഷ്ക്കളങ്കനാ ബാലൻ
ചിരിച്ചു; മുത്തച്ഛന്റെ-
യുൾക്കളം കുളുർക്കുവാൻ
വേണ്ടതെന്തതിലേറെ?

× × ×

പൂർവ്വർ നേടിത്തന്ന
സൗഭാഗ്യത്തണലിങ്കൽ
പൂരിതാമോദം മദി-
ച്ചുല്ലസിച്ചൊരെൻ കാതിൽ,
'ഇന്നി'ന്റെ നിറംകൂട്ടാൻ
വെമ്പിയ ഞാൻദർശിച്ച
സുന്ദര മിഥ്യാബോധ
ചക്രവാളത്തിൻ ഹൃത്തിൽ,
നാളേയ്ക്കുവിരൽചൂണ്ടി-
യാവൃദ്ധനയത്തിയ
നാദവീചികളിന്ന
മിപ്പൊഴും മുഴങ്ങുന്നു!

മായി കൂടായ്കയില്ല. ചീത്ത പുസ്തകങ്ങളുടെ നിരന്തരോപയോഗം ഒന്നു കൊണ്ട് സംയമശക്തിക്ക് നാശം സംഭവിച്ച് അങ്ങിനെ സമുദായത്തിനും സഹജീവികൾക്കും ഉപദ്രവകാരികളായിത്തീർന്നവരും കുറവല്ല. പൗരാണികഗ്രന്ഥസമുച്ചയങ്ങളിലും നീതിസംഹിതകളിലും നമ്മുടെ പൂർവ്വികാചാര്യന്മാർ ശക്തിയുക്തം പ്രതിപാദിച്ചിരിക്കുന്ന സാന്മാർഗികനിബന്ധനകളും ഗുണദോഷനിരൂപണങ്ങളും ഈ ലക്ഷ്യത്തെ മുൻനിറുത്തിയുള്ളവതന്നെ. വധം, മദ്യപാനം ചൂതുകളി, ആദിയായവ കഥാപാത്രങ്ങളോട് കലർത്തി ദൂഷിതനിരൂപണം ചെയ്തിട്ടുള്ളതും ഈ സാംസ്കാരികലോപത്തെ മനുഷ്യസ്വഭാവത്തിൽനിന്ന് അകറ്റി നിർത്താൻ വേണ്ടിത്തന്നെ. ജീവിതോപാസനോപാധികൾ ഉടനീളം ഉൾക്കൊള്ളിച്ച് ഭൗതികവും ആദ്ധ്യാത്മികവുമായ വസ്തുതകളെ തികഞ്ഞ ആത്മാർത്ഥതയോടെ ചിത്രീകരിച്ചിരിക്കുന്നവയാണ് നമ്മുടെ പുരാണേതിഹാസങ്ങൾ. ഈ അമൂല്യസ്വത്തുക്കൾ നമ്മുടെ ഭാഷയും സംസ്കാരത്തിനും ഒരനുഗ്രഹംതന്നെയാണ്. അനിതരസാധാരണമായ ആത്മീയദാർഢ്യത്തോടെ സംസ്കാരികോന്നമനത്തേയും അപകർഷത്തേയും അടിമുടി അവലോകനം ചെയ്യുന്ന ജീവിതവിമർശനമാണ് ഇവിടെ നാം കണ്ടെത്തുന്നതു്. ഈ കൃതികളെപ്പോലെതന്നെ അതിരസ്കർത്താക്കളായ പുണ്യാത്മാക്കളും സ്ഥലകാലദേശങ്ങൾക്കു് അതീതമായി എന്നെന്നും പരിശോഭിക്കുകതന്നെ ചെയ്യും.



ഇന്ത്യയിൽ ആദ്യം മദ്യ നിരോധം ഏർപ്പെടുത്തിയതു് ഏതു സംസ്ഥാനത്തിൽ? ആരു്?

പി. ജെ. കുര്യൻ, ആർപ്പുക്കര.

ശ്രീ. സി. രാജഗോപാലാചാരി മദിരാശി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ആദ്യം മദ്യനിരോധം ഏർപ്പെടുത്തി.

✠ ✠ ✠

റൌഡികളും റൌഡിസ്സവും നാട്ടിൽ വർദ്ധിക്കുന്നതെന്തുകൊണ്ടാണു്?

കെ. കരുണാകരൻ, ആത്തുലർ.

പോലീസുകാരും മറ്റുദ്യോഗസ്ഥന്മാരും റൌഡികൾക്കു് കൂട്ടുനില്ക്കുകയും റൌഡിസത്തിനു പ്രോത്സാഹനം നൽകുകയും ചെയ്യുന്നതുകൊണ്ടാണു് റൌഡിസം വർദ്ധിക്കുന്നതു്. നാട്ടിൽനടക്കുന്ന പല അനിഷ്ട സംഭവങ്ങളും അതിനുദാഹരണങ്ങളാണു്.

✠ ✠ ✠

ഇനിയത്തെ പൊതുതിരഞ്ഞെടുപ്പിൽ ഏതു പാർട്ടിക്കാണു വിജയസാദ്ധ്യതയെന്നു മലയാളിക്കൊന്നു പ്രവചിക്കാമോ?

പി. ലളിത, തലശ്ശേരി.

ഞാൻ പ്രവാചകനൊന്നുമല്ല. എങ്കിലും എന്റെ അഭിപ്രായത്തിൽ ടി പാർട്ടിക്കാണു് കൂടുതൽ വിജയസാദ്ധ്യത.

✠ ✠ ✠

കലാ സംസ്കാരിക സംഘടനകളെ പണംകൊടുത്തു പ്രീതിപ്പെടുത്തുകയും, അത്തരം സംഘടനകളെ തങ്ങളുടെ രാഷ്ട്രീയതലയ്ക്കുപിന്നിൽ കുരുവാക്കുകയും ചെയ്യുന്ന പാർട്ടികളെ എന്തിനോടുപമിക്കാം?

സി. രാഘവപ്പൊതുവാൾ, പയ്യന്നൂർ.

കമ്മ്യൂണിസ്റ്റ് പാർട്ടിയോടു്.

✠ ✠ ✠

ഒരു മൂന്നാം ലോകമഹായുദ്ധം ഉണ്ടാവുകയും, താങ്കളെ പട്ടാളത്തിലേക്കു വേണമെന്നു് നിർബ്ബന്ധമായി ആവശ്യപ്പെടുകയും ആണെങ്കിൽ താങ്കൾ എന്തു ചെയ്യും?

സി. പി. ഉമ്മർ, മലപ്പുറം.

ഞാൻ നെയ്ത് സേവിച്ചിരിക്കയാണെന്നും, തല്ക്കാലം ശരീരം ഇളക്കാൻ നിവൃത്തിയില്ലെന്നും അധികൃതന്മാരെ അറിയിക്കും.

✠ ✠ ✠

പാക്കിസ്ഥാനും ഇന്ത്യയും തമ്മിൽ കാഷ്മീർകാര്യത്തിൽ തർക്കംകൂടിക്കൊണ്ടിക്കൊണ്ടിരിക്കുന്നതിനിടയിൽ 'കാഷ്മീർ' അമേരിക്കയോ റഷ്യയോ കൈവശപ്പെടുത്തുമെന്നു് ഒരുമാന്യൻ തീർത്തു പറയുന്നതിനെപ്പറ്റി മലയാളി എന്തു പറയുന്നു?

കെ. എസ്. വാരിയർ, ദാദാർ, ബോമ്പെ.

ഒരു മാന്യൻ തീർത്തുപറയുമ്പോൾ അതിലെന്തെങ്കിലും കഴമ്പുണ്ടായിരിക്കണമല്ലോ. ഒന്നുകിൽ അദ്ദേഹം അമേരിക്കയുടെ അല്ലെങ്കിൽ റഷ്യയുടെ ചാരനായിരിക്കും. ഏതായാലും മണ്ണുചാരി നിന്നവൻ പെണ്ണുംകൊണ്ടുപോയെന്നു പറഞ്ഞതുപോലെ ഇന്ത്യയും പാക്കിസ്ഥാനും കടിപിടികൂടുകയും അവർ ഇരുവരുമറിയാതെ കാഷ്മീർ 'ആണുങ്ങൾ' കൈക്കലാക്കുകയും ചെയ്തുകൂടായ്കയില്ല.

✠ ✠ ✠

മുണ്ടശ്ശേരിപദ്ധതി കൊണ്ടുള്ളഗുണം അദ്ധ്യാപകക്കോ, ഗവ. മേണ്ടിനോ അദ്ധ്യേതാക്കൾക്കോ, എന്നു് നിഷ്പക്ഷമായിട്ട മലയാളിക്കൊന്നു പറയാമോ?

പി. ഐ. പൌലോസ്, ചാലക്കുടി.

നിങ്ങളുടെ ചോദ്യത്തിൽ നിന്നു് ഞാൻ 'പക്ഷം' പിടിച്ചു പറയുന്ന ആളായിട്ടാണല്ലോ മനസ്സിലാകുന്നതു്. നിങ്ങളുടെ ആഗ്രഹംപോലെ 'നിഷ്പക്ഷമായിട്ടതന്നെ പറഞ്ഞാൽ, മേല്പറഞ്ഞ ആക്ഷേപമല്ല ഗുണം, കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി മുഷ്ടിചുരുട്ടി നടക്കുന്ന ചില ഇലിയില്ലാപ്പട്ടാളങ്ങളുണ്ടല്ലോ, കേരള മക്രോണികൾ, അവക്കായിരിക്കും ഗുണം. കാരണം, പ്രാദേശിക സമിതി കമ്മിറ്റിയുണ്ടാക്കും. ആ കമ്മിറ്റിയാണല്ലോ വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്നതു്. അപ്പോൾ ആ കുഞ്ഞാടുകൾക്കാണു് തീറ്റിയും തന്മൂലം ഗുണവും കിട്ടുക. മറ്റവരൊക്കെ വത്തമാനത്തിലും കടലാസിലും ഉണ്ടായിരിക്കും.

✠ ✠ ✠

റഷ്യയിലെ പുതിയ സംഭവവികാസങ്ങളേപ്പറ്റി മലയാളിയുടെ അഭിപ്രായമെന്തു്?

കെ. രാജശേഖരൻ, കല്ലറ.

"സംഭവാമിയുഗേ, യുഗേ" എന്നു ഭഗവാൻ ശ്രീകൃഷ്ണൻ ഗീതയിൽ പറഞ്ഞിട്ടുണ്ടല്ലൊ അതിൽ കൂടുതൽ ഞാനെന്തു പറയാനാണു്?

✠ ✠ ✠

മുണ്ടശ്ശേരി പദ്ധതി പ്രസിദ്ധീകരിച്ചതിനു ശേഷം നൽകിയ വിശദീകരത്തിൽ "വിദ്യാഭ്യാസ ദേശവല്ക്കരണം ഗവമ്മെൻറു നയമല്ലെ"ന്നു് മി. മുണ്ടശ്ശേരി പ്രസ്താവിച്ചതായി പത്രറിപ്പോർട്ടു കണ്ടു. എങ്കിൽപ്പിന്നെ ഇതാരുടെ നയമാണെന്നു മലയാളിക്കു പറയാമോ?

സി. എം. ജോസഫ്, ഒല്ലൂർ.

മി. മുണ്ടശ്ശേരിയെ ഈ കാര്യത്തിൽ കുറ്റം പറഞ്ഞിട്ടാവശ്യമില്ലെന്ന വാദക്കാരനാണു് ഞാൻ. അദ്ദേഹം പാമ്പാട്ടിയുടെ കുഴൽവിളിക്കനുസരിച്ചു് ആട്ടുന്ന പാമ്പുമാത്രമാണു്. വയറു പിഴപ്പിനെച്ചൊല്ലിയും, മന്ത്രിക്കസേരയെ മോഹിച്ചും. വിദ്യാഭ്യാസനയം കമ്മ്യൂണിസ്റ്റും പാർട്ടിയുടേതാണു്. സാക്ഷാൽ എം. എൻ. ഗോവിന്ദൻ നായരുടെ വക്രീയത നിറഞ്ഞ ചൂണ്ട,മുണ്ടശ്ശേരിയെ കൊണ്ടു് വലിച്ചു് ഇട്ടുവിച്ചതാണു്. അതിനു കിട്ടേണ്ടതൊക്കെ എം. എൻ. ഗോവിന്ദൻ നായർക്കും അദ്ദേഹത്തിന്റെ പാർട്ടിക്കുമാണു്. പക്ഷെ പേറുന്നതൊക്കെ മുണ്ടശ്ശേരിയാണെന്നുമാത്രം.

✠ ✠ ✠

അധികാരത്തിനുവേണ്ടിയുള്ള വടം വലിയായിരുന്ന റഷ്യയിലുണ്ടായതെന്നും, അതിനെ തക്ക സമയത്തു് അമച്ചുചെയ്തെന്നും മറ്റും ചില കുഞ്ഞാടുകൾ പറയുന്നതിൽ വല്ല വാസ്തവമുണ്ടോ?

ഇ. ജെ. എൻ. തിരുവനന്തപുരം.

ഒരു കഴമ്പുമില്ലാത്ത വാദമാണതു്. റഷ്യയിൽ ഒരു വമ്പിച്ച പൊട്ടിത്തെറിയുണ്ടാകണ്ട നിലയുള്ള തുടക്കമാണു് പുതിയ സംഭവവികാസങ്ങൾ. അധികാരത്തിനു വേണ്ടിയുള്ള വടംവലികളെന്ന എല്ലില്ലാത്ത നാവുകൊണ്ടു വിളിച്ചുപറഞ്ഞിട്ടുകാര്യം. റഷ്യയുടെ മുഴുവൻ അധിപനായി എല്ലാ അധികാരങ്ങളോടെയും വാണിരുന്ന ആളല്ലെ മലങ്കോവു്. സ്വയം ആ സ്ഥാനം രാജിവെച്ചു് ഡെപ്യൂട്ടിമന്ത്രിയായ അദ്ദേഹത്തിനു് പിന്നെന്തിനു് അധികാരഭ്രമം? മെളോട്ടോവും ലോവും ലോക ബുദ്ധകേന്ദ്രവുമാണു്. അവർക്കു് ഇപ്പോഴുള്ളതിൽ കൂടുതലായി സ്ഥാനവും അധികാരവും ഒന്നും വേണമെന്നു തോന്നുന്നില്ല. അല്പമെങ്കിലും കുഴപ്പം 1918ലെപ്പോലെ റഷ്യയിൽ ഒന്നുകൂടി ഉണ്ടാകുവാനുള്ള ലക്ഷണങ്ങൾ കാണുന്നുണ്ടു്

✠ ✠ ✠

കേരളഗവൺമെന്റു പോലീസ് വകുപ്പിനെ നിഷ്ക്രിയമാക്കിയതെന്തിനാണു്?

സി. ആർ. കട്ടുത്തുരുത്തി.

കഴിഞ്ഞ കാലങ്ങളിലെല്ലാം പോലീസുകാർ കമ്മ്യൂണിസ്റ്റുകളെ തിരഞ്ഞു പിടിച്ചു മർദ്ദിക്കുകയായിരുന്നു. അങ്ങനെ മർദ്ദനമേറ്റു് ക്ഷീണിച്ചു കിടക്കുന്നവർക്കു കൂച്ചു് സുഖമനുഭവിക്കുവാനാണു് അവരെ നിഷ്ക്രിയരാക്കിയതു്.

✠ ✠ ✠

'മാതൃഭൂമി' പുതിയ വിദ്യാഭ്യാസബില്ലിനനുകൂലമായി മുഖപ്രസംഗമെഴുതിയിട്ടുണ്ടല്ലൊ. ഒരു കോൺഗ്രസ്സ് പത്രമായ മാതൃഭൂമിക്കങ്ങനെ എഴുതാമെങ്കിൽ പിന്നെ കോൺഗ്രസ്സുകാരെന്തിനു അതിനെ എതിർക്കുന്നു?

പി. സന്താനങ്കർ, മുവാറ്റുപുഴ.

'മാതൃഭൂമി' ആദർശവും ആത്മാർത്ഥതയുമില്ലാത്ത, വെറും വ്യവസായ മനസ്ഥിതിപുലർത്തുന്ന ഒരു പത്രമാണു്. നക്കാപ്പിച്ചക്കും, ബഹുമതിക്കും പ്രീതിക്കുംവേണ്ടി എന്തും എങ്ങിനെയും മറിച്ചുംതിരിച്ചും എഴുതാൻ മാതൃഭൂമിക്കു നല്ല തൊലിക്കട്ടിയുണ്ടു്. 'മാതൃഭൂമി' കോൺഗ്രസ് പത്രമാണെന്നാരു പറഞ്ഞു? അവസരത്തിനൊത്തു പറയുകയാണു് അതിന്റെ നയം. കോൺഗ്രസ്സ് ഭരണകാലത്തു് അവരെ വാനോളം പുകഴ്ത്തി. പി. എസ്. പി. വന്നപ്പോൾ അവരുടെ മൂട്ടം താങ്ങി. ഇന്നു് കമ്മ്യൂണിസ്റ്റുകൾ മാത്രമാണു് ലോകത്തിൽ വെച്ചു ഏറ്റവും നല്ലതെന്നു് മനുഷ്യരെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയാണു് കാണുന്നതു്. നാളെ മുസ്ലീംലീഗു വന്നാൽ അതിനെ താലോലിക്കുവാൻ മടിക്കുകയില്ല. ഇതൊരു നല്ല പത്രത്തിനു യോജിച്ച നയമാണെന്നു തോന്നുന്നില്ല. പ്രചരണത്തിനും പണസമ്പാദനത്തിനും മാത്രം ഉപകരിക്കും.

✠ ✠ ✠

കേരളത്തിൽ തലസ്ഥാനമാറ്റക്കാര്യത്തിൽ കമ്മ്യൂക്കൾ മൗനം ദീക്ഷിക്കുന്നതിന്റെ ഉദ്ദേശമെന്തു്?

കെ. ജെ. ഫ്രാൻസിസ്, അരനാട്ടുകര.

ഇപ്പോൾത്തന്നെ രണ്ടുപേരുടെ ഭരിപക്ഷമേയുള്ള അസംബ്ലിയിൽ. തലസ്ഥാനപ്രശ്നം ഇപ്പോഴുന്നയിച്ചാൽ ആ ഒരൊറ്റക്കാരണത്താൽ കമ്മ്യൂക്കളുടെ അണിയിൽ പിളർപ്പുണ്ടാകുകയും മന്ത്രിസഭ തകരുകയും ചെയ്യും. അതുപേടിച്ചു് ഒന്നും മിണ്ടാത്തതാണു്.

✠ ✠ ✠

മാർക്സിസം പ്രചരിപ്പിക്കാനാണോ ഹംഗറിയിലെ ജനലക്ഷങ്ങളെ വെടിവെച്ചുകൊന്നതു്.? ആ മാർക്സിസം കാറിൽക്കൂടെ വന്നു് കേരളത്തിലും പരക്കുമോ? ഹംഗറിയിലുണ്ടോ മക്രോണി?

പി. വി. ജോസഫ്, സുൽത്താൻപേട്ട പാലക്കാട്.

മാർക്സിസം വളരാൻ മനുഷ്യലക്ഷങ്ങളെ കുരുതികൊടുക്കേണ്ടതില്ല എന്നു് റഷ്യയിലെ അനുഭവം തന്നെ തെളിവാന്നല്ലൊ. അതു് ഹംഗറിയിലും ആവർത്തിച്ചു. ആ മാർക്സിസം വായുവിലൂടെ കേരളത്തിലും പരക്കുമെന്നാണു് ഇവിടത്തെ അന്തരീക്ഷം കണ്ടിട്ടു തോന്നുന്നതു്. ഹങ്കറിയിൽ മക്രോണിപോലും കിട്ടുന്നില്ലത്രെ. അതുപോദിച്ചവർക്കാണു് സൈദ്ധാന്തികൾ കൊട്ടുകൊടുക്കുന്നതു്.

✠ ✠ ✠

കേരളഭൂമി

എല്ലാ ഇംഗ്ലീഷുമാസം ഒന്നാംതീയതികളിലും കോഴിക്കോട്ടു നിന്നു പ്രസിദ്ധീകരിക്കുന്ന സാമൂഹ്യ സാംസ്കാരിക മാസിക.

പത്രാധിപർ: വി. പി. പുരുഷോത്തമൻ

ഏജൻസിവ്യവസ്ഥകൾക്കും മറ്റുകൂടുതൽ വിവരങ്ങൾക്കും എഴുതുക.

കേരളഭൂമി പബ്ലിക്കേഷൻസ്, കസ്റ്റംസ് റോഡ്,

കോഴിക്കോട്.1.

REGD. NO. M. 6860 EDUCATIONAL SPECIAL 75 NAYAPAISA.

THE CALICUT WYNAD MOTOR SERVICE PRIVATE LIMITED

HEAD OFFICE: KOZHIKODE.

Operates

Regular Bus Services between

Telephones:
131 - 3
231 - 3
&
623.

Ooty, Mysore, Manantoddy, Kozhikode, Kunnamangalam, Mukkom, Tamarasseri, Puduppadi, Vayithiri. Meppadi, Devala, Sultan's Battery, Panamaram, Vellamunda, Tholpatty, Bavali and Thengilakadavu etc.

&

Town Service between

Kozhikode, Beypore, Feroke Malaparamba and Velliyadkunnu.

Edited, Printed and Published by Fr. HORMICE, C. D. at Amala Printing Works, Amalapuri, KOZHIKODE-1.